
കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 2

# മോശയെപ്പോലെ

## ഒരു പ്രവാചകൻ

ഡോ. മൈക്കിൾ കാരിമറ്റം





# മോശയെപ്പോലെ
## ഒരു പ്രവാചകൻ

ഡോ. മൈക്കിൾ കാരിമറ്റം

"അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ 119,105). സ്വർഗ്ഗത്തെ ലക്ഷ്യംവച്ചുള്ള ജീവിതയാത്രയിൽ ദൈവത്തിന്റെ വചനമാണ് വെളിച്ചം പകർന്നു വഴി നയിക്കുന്നത്. എന്നാൽ ദൈവവചനം തന്നെ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും വഴിയിൽ പ്രകാശം ചൊരിയുന്നതിനുപകരം ഇരുട്ടു പരത്തുകയും, വഴി തെറ്റിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളും സംഭവങ്ങളും ചുരുക്കമല്ല.

ഏറെ സംശയങ്ങൾ ഉളവാക്കുന്നതും ചോദ്യം ചെയ്യപ്പെടുന്നതുമായ നാലു പ്രമേയങ്ങൾ ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നു. **മോശയെപ്പോലെ ഒരു പ്രവാചകൻ, അന്തിക്രിസ്തു - വ്യാജപ്രവാചകൻ, കത്തോലിക്കർ വിഗ്രാഹാരാധകരോ? മരണാനന്തരം എന്തു സംഭവിക്കുന്നു?**

ഈ ചോദ്യങ്ങൾക്കു ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ കഴിയുന്നത്ര ലളിതവും വ്യക്തവുമായി ഉത്തരം നൽകാൻ ഇവിടെ ശ്രമിക്കുന്നു.


atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-93-90790-53-1



₹ 130 Available at: amazon.in & atmabooks.com


Scripture

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 2

# മോശയെപ്പോലെ ഒരു പ്രവാചകൻ

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്

# മോശയെപ്പോലെ ഒരു പ്രവാചകൻ

ഡോ. മൈക്കിൾ കാരിമറ്റം

atmabooks@gmail.com

Malayalam
*Mosayeppole Oru Pravachakan*
(A Prophet like Mose)
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: April 2021

ISBN: 978-93-90790-53-1

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


ആമുഖം 07

1. **മോശയെപ്പോലെ ഒരു പ്രവാചകൻ** **09**

ചോദ്യം - ഉത്തരം

1. പ്രവചനം - നിയ 18,14-20. a. മോശയുടെ സാഹചര്യം. b. പ്രവാചകൻ - ദൈവത്തിന്റെ വക്താവ്. c. പ്രവാചകത്വത്തിന്റെ മാനദണ്ഡം. 2. യുഗാന്തപ്രവാചകൻ. 3. യേശു യുഗാന്തപ്രവാചകൻ. 4. മോശയെപ്പോലൊരു പ്രവാചകൻ മുഹമ്മദോ? ഉപസംഹാരം.

2. **അന്തിക്രിസ്തുവും വ്യാജപ്രവാചകനും** **35**

ചോദ്യം - ഉത്തരം

1. അന്തിക്രിസ്തു - അന്തിക്രിസ്തു ചരിത്രത്തിൽ - സത്യനിഷേധം. 2. കള്ളക്രിസ്തുമാർ - അവസാനമണിക്കൂർ - യേശുവിന്റെ താക്കീതുകൾ. 3. അരാജകത്വത്തിന്റെ മനുഷ്യൻ - വെളിപാടുപുസ്തകത്തിൽ: സർപ്പം, മൃഗങ്ങൾ. 4. വ്യാജപ്രവാചകൻ. 5. ചുരുക്കത്തിൽ. 6. അന്തിക്രിസ്തു ഇന്ന്: ദൈവനിഷേധം, മതവിദ്വേഷം - മതതീവ്രവാദങ്ങൾ - ജാതിവിവേചനം, പീഡനം - കയറുപൊട്ടിച്ച ലൈംഗികാസക്തി - മാധ്യമങ്ങൾ - തകരുന്ന വ്യക്തിബന്ധങ്ങൾ - വില ഇടിയുന്ന മനുഷ്യജീവൻ - മനുഷ്യക്കച്ചവടം - അവയവവ്യാപാരം - മാമ്മോൻസേവ - വ്യർത്ഥാഭിമാനം, ധൂർത്ത് - സാത്താൻ ആരാധന - ഉപസംഹാരം

3. **കത്തോലിക്കർ വിഗ്രഹാരാധകരോ?** **65**

ചോദ്യം - ഉത്തരം

1. പ്രമാണപ്പട്ടിക. 2. ആരാധന – ആരാധന, വണക്കം, ആദരവ്. 3. വിഗ്രഹാരാധനയും പ്രതിമാവണക്കവും. 4. പ്രതിമയും വിഗ്രഹവും. 5. മാമ്മോൻ എന്ന വിഗ്രഹം. 6. മുസ്ലീമുകളും വിഗ്രഹാരാധനയും – വിഗ്രഹാരാധന വിലക്കുന്നവർക്കു തിരുശേഷിപ്പുകളോ? 7. പച്ചാമാമായും സാംസ്കാരികസംവാദവും. 8. ഇതരമതാചാരങ്ങൾ ബൈബിളിൽ – ഉപസംഹാരം

**4. മരണാനന്തരം എന്ത്? 87**

ചോദ്യം – ഉത്തരം

1. മരണം. 2. തനതുവിധി. 3. സ്വർഗ്ഗം – ക്രമേണ ലഭ്യമാകുന്ന വ്യക്തത – സ്വർഗ്ഗം പ്രതീകങ്ങളിലൂടെ. 4. ശുദ്ധീകരണസ്ഥലം. 5. നരകം. 6. ശരീരങ്ങളുടെ ഉയിർപ്പ്. 7. അന്ത്യവിധി. 8. യുഗാന്തം. 9. സ്വർഗ്ഗം ഇസ്ലാമിക കാഴ്ചപ്പാടിൽ – ജാന്നാ – പറുദീസാ – നിറഞ്ഞൊഴുകുന്ന നദികൾ – ഹൂറികൾ – ആഗ്രഹങ്ങളുടെ പൂർത്തീകരണം – ചില ചോദ്യങ്ങൾ – ഒന്നല്ല – ഏഴുനിലകൾ – ചുരുക്കത്തിൽ – ഉപസംഹാരം

# ആമുഖം

*"അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്"* (സങ്കീ 119, 105). സ്വർഗ്ഗത്തെ ലക്ഷ്യംവച്ചുള്ള ജീവിതയാത്രയിൽ ദൈവത്തിന്റെ വചനമാണ് വെളിച്ചം പകർന്നു വഴി നയിക്കുന്നത്. എന്നാൽ ദൈവവചനം തന്നെ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും വഴിയിൽ പ്രകാശം ചൊരിയുന്നതിനുപകരം ഇരുട്ടു പരത്തുകയും, വഴി തെറ്റിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളും സംഭവങ്ങളും ചുരുക്കമല്ല. ദൈവവചനത്തിൽ അടിയുറച്ച കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെ ചോദ്യം ചെയ്യുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യപ്പെടുമ്പോൾ വ്യക്തമായ ഉത്തരം നല്കാൻ സഭയ്ക്കു കടമയുണ്ട്. ഇപ്രകാരം ഒരു ശ്രമത്തിന്റെ ഭാഗമാണ് കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും എന്ന പുസ്തക പരമ്പര.

ഈ പരമ്പരയിലെ രണ്ടാമത്തെ പുസ്തകമാണിത്. "ദൈവം ദൈവപുത്രൻ ദൈവമാതാവ്" എന്ന പേരിൽ ജനുവരി 2021-ൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പുസ്തകത്തിന് സഭാധികാരികളുടെയും വിശ്വാസികളുടെയും ഭാഗത്തുനിന്നു ലഭിച്ച ഹൃദ്യവും പ്രോത്സാഹജനകമായ സ്വീകരണവും ഈ ഉദ്യമത്തിന്റെ ആവശ്യകതയും ആനുകാലിക പ്രസക്തിയും വ്യക്തമാക്കുന്നു.

ഏറെ സംശയങ്ങൾ ഉളവാക്കുന്നതും ചോദ്യം ചെയ്യപ്പെടുന്നതുമായ നാലു പ്രമേയങ്ങളാണ് ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നത്.

**1. മോശയെപ്പോലൊരു പ്രവാചകൻ** (നിയ 18,15-18) മോശയിലൂടെ ദൈവം നല്കുന്ന ഒരു വാഗ്ദാനമാണിത്. ആരാണീ പ്രവാചകൻ? ലോകാവസാനത്തിൽ വരാനിരിക്കുന്നവൻ എന്ന അർത്ഥത്തിൽ യുഗാന്തപ്രവാചകൻ എന്നു വിശേഷിപ്പിക്കുന്നവരുണ്ട്. അല്ല ഇസ്ലാംമത സ്ഥാപകനായ മുഹമ്മദാണ് മോശയെപ്പോലെ ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകൻ എന്നു മുസ്ലീ

മുകൾ വാദിക്കുന്നു. എന്തുത്തരമാണിതിനു നല്കേണ്ടത് എന്ന് ആദ്യത്തെ ലേഖനം ചർച്ച ചെയ്യുന്നു.

**2. അന്തിക്രിസ്തു – വ്യാജപ്രവാചകൻ:** എന്നും ഏറെ പ്രസക്തമാണ് അന്തിക്രിസ്തു എന്ന പ്രമേയം. അവസാനത്തെ ക്രിസ്തുവോ അതോ എതിർക്രിസ്തുവോ? അതോടൊപ്പം വ്യാജ പ്രവാചകനെക്കുറിച്ചും ബൈബിളിൽ പരാമർശങ്ങളുണ്ട്. ആരാണിവർ? രണ്ടും ഒരാൾതന്നെയോ അതോ മറ്റെന്തെങ്കിലുമാണോ ബൈബിൾ സൂചിപ്പിക്കുന്നത്?

**3. കത്തോലിക്കർ വിഗ്രഹാരാധകരോ?** വിഗ്രഹം ഉണ്ടാക്കരുത് ആരാധിക്കരുത് എന്ന ബൈബിളിന്റെ, പ്രത്യേകിച്ചും പത്തു പ്രമാണങ്ങളിൽ രണ്ടാം പ്രമാണത്തിന്റെ വ്യക്തമായ ലംഘനമല്ലേ കത്തോലിക്കാസഭയിലെ പ്രതിമകൾ? വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കാൻ വേണ്ടിയല്ലേ പ്രമാണപ്പട്ടികയിൽനിന്ന് ഈ പ്രമാണം മനഃപൂർവം ഒഴിവാക്കിയിരിക്കുന്നത്?

**4. മരണാനന്തരം എന്തു സംഭവിക്കുന്നു?** കത്തോലിക്കർ വിശ്വസിക്കുന്ന സ്വർഗ്ഗവും മുസ്ലീമുകൾ വിശ്വസിക്കുന്ന സ്വർഗ്ഗവും ഒന്നുതന്നെയോ? ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തിന് ബൈബിളിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ?

ഈ ചോദ്യങ്ങൾക്കു ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ കഴിയുന്നത്ര ലളിതവും വ്യക്തമായി ഉത്തരം നല്കാൻ ഇവിടെ ശ്രമിക്കുന്നു. ചോദ്യങ്ങൾ പലതും ഇനിയും അവശേഷിക്കുന്നുണ്ട്. ഒന്നൊന്നായി സാവകാശം ചർച്ച ചെയ്യാൻ ശ്രമിക്കുന്നതാണ്. കത്തോലിക്കാവിശ്വാസത്തിന്റെ യുക്തിഭദ്രതയും പ്രസക്തിയും മനസിലാക്കാനും ഏറ്റുപറയുന്ന വിശ്വാസത്തിൽ അഭിമാനവും സന്തോഷവും കണ്ടെത്താനും ഈ എളിയശ്രമം അല്പമെങ്കിലും സഹായകമാകും എന്ന പ്രതീക്ഷയോടെ

**ഡോ. മൈക്കിൾ കാരിമറ്റം**

# 1

## മോശയെപ്പോലെ ഒരു പ്രവാചകൻ

### ചോദ്യം

മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം അയ്ക്കും എന്നു ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. *"നീ കീഴടക്കാൻ പോകുന്ന ജനതകൾ ജോത്സ്യന്മാരെയും പ്രാശ്നികരെയും ശ്രദ്ധിച്ചിരുന്നു. എന്നാൽ, നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും. അവന്റെ വാക്കാണു നീ ശ്രവിക്കേണ്ടത്... അവരുടെ സഹോദരൻമാരുടെ ഇടയിൽനിന്നു നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയയ്ക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും. എന്റെ നാമത്തിൽ അവൻ പറയുന്ന വാക്കുകൾ ശ്രവിക്കാത്തവരോടു ഞാൻതന്നെ പ്രതികാരം ചെയ്യും"* (നിയ 18, 14-18).

മോശയിലൂടെ ദൈവം വാഗ്ദാനം ചെയ്ത പ്രവാചകനാണ് മുഹമ്മദ് എന്ന് മുസ്ലീമുകൾ അവകാശപ്പെടുന്നു. ഇസ്രായേൽക്കാരുടെ സഹോദരരുടെ ഇടയിൽനിന്നായിരിക്കും ദൈവം ആ പ്രവാചകനെ അയയ്ക്കുക എന്ന വാഗ്ദാനമാണ് മുഹമ്മദിനെ ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമായി എടുത്തുകാട്ടുന്നതിന് ആധാരമായി അവതരിപ്പിക്കുന്ന മുഖ്യമായ തെളിവ്. ഇസഹാക്കിന്റെ മക്കൾ ഇസ്രായേൽക്കാർ; സഹോദരനായ ഇസ്മായീലിന്റെ മക്കളിൽ ഒരുവനാണ് മുഹമ്മദ്. അതോടൊപ്പം മോശയെപ്പോലെ മുഹമ്മദും വിവാഹിതനായിരുന്നു; ജനത്തിനു നിയമം നല്കി എന്നിങ്ങനെയുള്ള വിശദാംശങ്ങളും തെളിവുകളായി അവതരിപ്പിക്കാറുണ്ട്.

ബൈബിളിൽ വാഗ്ദാനം ചെയ്തിരിക്കുന്ന മോശയെപ്പോലൊരു പ്രവാചകൻ മുഹമ്മദാണോ? അതോ മറ്റാരെങ്കിലുമോ?

ബൈബിളും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധ നങ്ങളും എന്താണ് ഈ അവകാശവാദത്തെക്കുറിച്ചു പറയുന്നത്?

## ഉത്തരം

തികച്ചും ശ്രദ്ധേയവും വെല്ലുവിളി നിറഞ്ഞതുമാണ് ഈ അവകാശവാദം. ഇതു ശരിയാണെങ്കിൽ ബൈബിൾ ദൈവവച നവും വിശ്വാസത്തിനടിസ്ഥാനവുമായി സ്വീകരിക്കുന്നവരെല്ലാം മുഹമ്മദിനെ ദൈവം അയച്ച അവസാനത്തെ പ്രവാചകനായി സ്വീകരിച്ച് മുസ്ലീമുകളാകണം. അതിനാൽ വ്യക്തമായ ഒരു മറുപടി നല്കിയേ മതിയാകൂ!

വ്യക്തമായ മറുപടി ലഭിക്കണമെങ്കിൽ ആദ്യമേ അറി യേണ്ടത് ഇവിടെ അവകാശവാദത്തിനടിസ്ഥാനമായി അവതരി പ്പിക്കുന്ന പ്രവചനത്തിന്റെ സാഹചര്യം, അർത്ഥം, ലക്ഷ്യം എന്നി വയാണ്. അതോടൊപ്പം ഈ പ്രവചനം പൂർത്തിയായി എന്നു ബൈബിളിൽ എവിടെയെങ്കിലും പറയുന്നുണ്ടോ എന്നും അന്വേ ഷിക്കണം.

പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന അഭിപ്രായത്തിൽ മോശ ജീവിച്ചിരുന്നതു ബി.സി. 13-ാം നൂറ്റാണ്ടിലാണ്. മുഹമ്മ ദാകട്ടെ ഏകദേശം പത്തൊമ്പതു നൂറ്റാണ്ടുകൾക്കുശേഷമാണ് രംഗപ്രവേശം ചെയ്യുന്നത് (എ.ഡി. 570-632). സുദീർഘമായ ഈ കാലഘട്ടത്തിലൊന്നും മോശയെപ്പോലൊരു പ്രവാചകനെ ദൈവം അയച്ചില്ല; മുഹമ്മദാണ് വാഗ്ദാനം പൂർത്തിയാക്കാൻ ദൈവം അയച്ച പ്രവാചകൻ എന്ന് അവകാശവാദം തീർച്ചയായും പരിഗണിച്ചേ മതിയാകൂ. മുഹമ്മദാണ് ദൈവം അയച്ച അവ സാനത്തെ പ്രവാചകൻ എന്ന കാഴ്ചപ്പാടും പരിഗണിക്കണം; അവസാനത്തെ പ്രവാചകനെങ്കിൽ പിന്നീട് പ്രവാചകന്മാർ ഉണ്ടാ കില്ലല്ലോ.

## 1. പ്രവചനം (നിയ 18, 14-21)

ബൈബിളിലെ ഏതെങ്കിലും ഒരു വചനമോ സംഭവമോ മനസിലാക്കാൻ ശ്രമിക്കുമ്പോൾ ആദ്യമേ ശ്രദ്ധിക്കേണ്ടത് ആ വചനം അഥവാ സംഭവം രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യ മാണ്. സാഹചര്യങ്ങളിൽ നിന്ന് അടർത്തിയെടുത്ത് ഒറ്റപ്പെട്ട വാക്യ മായി വ്യാഖ്യാനിച്ചാൽ ബൈബിൾ ഉദ്ദേശിക്കുന്ന അർത്ഥം ലഭി ച്ചെന്നുവരില്ല. ബൈബിളിലെ സാഹചര്യം മാത്രമല്ല, ഈ സംഭവം

രേഖപ്പെടുത്തുന്ന ചരിത്രപരമായ സാഹചര്യവും കണക്കിലെടുക്കണം. ബൈബിൾ ദൈവവചനമാണ്, ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകരപദ്ധതിയും തിരുഹിതവും വെളിപ്പെടുത്തുന്ന വചനമാണ്. അതിനാൽ എന്താണ് ദൈവം ഈ വചനത്തിലൂടെ വെളിപ്പെടുത്തുന്നത് എന്നും അന്വേഷിക്കണം.

ഈ അന്വേഷണത്തിൽ മൂന്നു ഘട്ടങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. 1. ദൈവം പ്രവാചകനിലൂടെ സംസാരിക്കുന്ന സാഹചര്യം. 2. ഈ സംഭവം രേഖപ്പെടുത്തിയ ചരിത്ര സാഹചര്യം. 3. ഇന്നു നാം വായിക്കുമ്പോൾ എന്താണ് ഇതിലൂടെ ദൈവം നമ്മോടു പറയുന്നത്, അഥവാ വായനക്കാരന്റെ സാഹചര്യം. സുദീർഘമായ ഈ പ്രക്രിയയുടെ വിശദാംശങ്ങളിലേക്കു നീങ്ങാതെ ഏറ്റം പ്രസക്തമായ കാര്യങ്ങൾ ചുരുക്കമായി അവതരിപ്പിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

## a. മോശയുടെ സാഹചര്യം

വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കലെത്തി, മൊവാബു സമതലത്തിൽ പാളയമടിച്ചു കഴിയുന്ന ഇസ്രായേൽ ജനത്തിനു മോശ നല്കുന്ന അന്തിമ നിർദ്ദേശങ്ങളായിട്ടാണ് നിയമാവർത്തന പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുമ്പോൾ മോശ കൂടെ ഉണ്ടായിരിക്കുകയില്ല, പകരം ജോഷ്വാ ആയിരിക്കും അവരെ നയിക്കുക. അതിനാൽ മോശയുടെ ചാവരുൾ ആയി നിയമാവർത്തന പുസ്തകത്തെ പരിഗണിക്കണം.

ഇതുവരെ നടന്ന 40 വർഷത്തെ യാത്രയ്ക്കിടയിൽ ദൈവഹിതം ജനത്തെ അറിയിച്ചത് മോശ ആയിരുന്നു. എന്നാൽ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചു കഴിയുമ്പോൾ ആരായിരിക്കും അവരെ ദൈവഹിതം അറിയിക്കുക? തദ്ദേശവാസികളായ കാനാൻകാർ ദൈവഹിതം അറിയാൻ പല മാർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നു, മന്ത്രവാദികൾ, വെളിച്ചപ്പാടന്മാർ, മൃതസന്ദേശവാഹകർ എന്നിങ്ങനെ പല മാധ്യമങ്ങൾ. ഇവരെല്ലാം അടിസ്ഥാനപരമായി ബാൽ ആരാധകരായിരുന്നു, യഥാർത്ഥ ദൈവമായ യാഹ്വേയെ അറിയാത്തവർ. അവരുടെ ഉപദേശം തേടുന്നതും നിർദ്ദേശം സ്വീകരിക്കുന്നതും വിഗ്രഹാരാധനയ്ക്കു തുല്യമായിരിക്കും. ഇസ്രായേൽക്കാർ അതു ചെയ്യരുത്. പിന്നെ എങ്ങനെയാണവർ ദൈവഹിതം അറിയുക? അതിനാണു പ്രവാചകൻ.

## b. പ്രവാചകൻ, ദൈവത്തിന്റെ വക്താവ്

ദൈവം ആരെന്നും ജനത്തോട് എന്താവശ്യപ്പെടുന്നു, അവർക്ക് എന്തു വാഗ്ദാനം ചെയ്യുന്നു എന്നും അറിയിക്കാനായി ദൈവം തന്നെ തിരഞ്ഞെടുത്ത്, തന്റെ ആത്മാവിനാൽ ശക്തിപ്പെടുത്തി, വചനം നല്കി ജനത്തിന്റെ അടുക്കലേക്ക് അയയ്ക്കുന്ന വക്താവാണ് ബൈബിളിന്റെ കാഴ്ചപ്പാടിൽ പ്രവാചകൻ. മോശയുടെ മരണത്തിനുശേഷം, ജനത്തെ ദൈവഹിതം അറിയിക്കാനായി ദൈവം തന്നെ ഒരു പ്രവാചകനെ അയയ്ക്കും, അയാൾ മോശയെപ്പോലെ ജനത്തെ നയിക്കും. തങ്ങളുടെ സഹോദരങ്ങളിൽ ഒരുവനായിരിക്കും ആ പ്രവാചകൻ.

ഇസ്രായേൽ ജനത്തിന് സ്വന്തം സഹോദരങ്ങളിൽ നിന്ന് എന്നു പറയുന്നത് ഇസ്മായേലിന്റെ മക്കളിൽനിന്ന് എന്നു വാദിക്കുന്നത് സ്വീകാര്യമല്ല. രാജാവിനെക്കുറിച്ചു പറയുമ്പോഴും ഇതേ ശൈലിയാണുപയോഗിച്ചിരിക്കുന്നത്. *"നിന്റെ സഹോദരരിൽ നിന്നു മാത്രമേ രാജാവിനെ വാഴിക്കാവൂ. വിദേശിയെ ഒരിക്കലും രാജാവാക്കരുത്"* (നിയ 17, 15). ദൈവം അയയ്ക്കുന്ന പ്രവാചകൻ ഇസ്രായേൽക്കാരൻ തന്നെ ആയിരിക്കും. ഇതാണ് പ്രവചനത്തിന്റെ സാഹചര്യത്തിൽനിന്നു വ്യക്തമാകുന്ന അർത്ഥം. അത് ഏതെങ്കിലും ഒരു പ്രവാചകനെ മാത്രമല്ല ലക്ഷ്യംവയ്ക്കുന്നത്. ജനത്തെ തന്റെ ഹിതം അറിയിച്ചു നയിക്കാനായി ദൈവം പ്രവാചകരെ അയച്ചുകൊണ്ടിരിക്കും.

മോശ ചെയ്തതുപോലെ ജനത്തിനു നേതൃത്വം നല്കാൻ, ദൈവത്തിന്റെ വഴിയിലൂടെ നയിക്കാൻ, വഴി പിഴച്ചാൽ തിരുത്താൻ, തിരിയെ കൊണ്ടുവരാൻ ഇസ്രായേൽ ജനത്തിന്റെ അടുക്കലേക്ക് ദൈവം പ്രവാചകന്മാരെ അയയ്ക്കും. ഇതാണ് മോശയുടെ സാഹചര്യത്തിൽ നിന്ന് ഈ പ്രവചനത്തിനു ലഭിക്കുന്ന അർത്ഥം. നിരന്തരം ദൈവത്തിന്റെ വചനവുമായി ദൈവജനത്തിന്റെ അടുക്കലേക്ക് അയയ്ക്കപ്പെടുന്ന ഒരു പ്രവാചകനിരയാണ് ഇവിടെ വാഗ്ദാനം ചെയ്യപ്പെടുന്നത്.

ദൈവം ഈ വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ടിരുന്നു. ജനത്തെ തിരുഹിതം അറിയിച്ചു നയിക്കാൻ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു. എന്നാൽ, ദൈവനാമത്തിൽ പ്രസംഗിച്ചവരെല്ലാം യഥാർത്ഥ പ്രവാചകന്മാരായിരുന്നില്ല. പ്രവാചകവേഷം ധരിച്ച അനേകം വ്യാജപ്രവാചകന്മാർ കടന്നുവന്നത് ജനത്തിനിടയിൽ

സംശയമുളവാക്കി, പിളർപ്പിനു വഴി തെളിച്ചു. ഈ ഒരു സാധ്യത മുന്നിൽ കണ്ടുകൊണ്ട് മോശയിലൂടെ തന്നെ യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങൾ ദൈവം നല്കി, ഒന്നല്ല, പല മാനദണ്ഡങ്ങൾ.

## C. പ്രവാചകത്വത്തിന്റെ മാനദണ്ഡം – 1. പൂർത്തീകരണം

നിരന്തരമായൊരു പ്രവാചകനിരയെ വാഗ്ദാനം ചെയ്യുമ്പോൾത്തന്നെ യഥാർത്ഥ പ്രവാചകനെ വ്യാജപ്രവാചകരിൽ നിന്നു തിരിച്ചറിയാനുള്ള ഒരു മാനദണ്ഡവും ദൈവം തന്നെ നല്കിയിരുന്നു. അതാണ് പ്രവചനത്തിന്റെ പൂർത്തീകരണം.

*"കർത്താവ് അരുളിച്ചെയ്യാത്തതാണ് ഒരു പ്രവാചകന്റെ വാക്കെന്ന് ഞാൻ എങ്ങനെ അറിയും എന്നു നീ മനസാ ചോദിച്ചേക്കാം. ഒരു പ്രവാചകൻ കർത്താവിന്റെ നാമത്തിൽ സംസാരിച്ചിട്ട് അതു സംഭവിക്കാതിരിക്കുകയോ സഫലമാകാതിരിക്കുകയോ ചെയ്താൽ ആ വാക്ക് കർത്താവ് അരുളിച്ചെയ്തതല്ല. ആ പ്രവാചകൻ അവിവേകത്തോടെ സ്വയം സംസാരിച്ചതാണ്. നീ അവനെ ഭയപ്പെടേണ്ടാ"* (നിയ 18, 21-22).

ഇവിടെ അവതരിപ്പിക്കുന്ന മാനദണ്ഡം വളരെ വ്യക്തമാണ്. പറയുന്നത് നിറവേറുമ്പോൾ മാത്രമേ അതു പറയുന്ന ആളെ പ്രവാചകനായി അംഗീകരിക്കാൻ കഴിയൂ! എന്നാൽ ഈ മാനദണ്ഡം വലിയ പ്രശ്നങ്ങൾക്കു വഴി തെളിച്ചു. പ്രവചനത്തിന്റെ പൂർത്തീകരണംവരെ കാത്തിരിക്കണം എന്നത് തന്നെ ആദ്യത്തെ പ്രശ്നം. പലതും നൂറ്റാണ്ടുകൾക്കുശേഷം പൂർത്തിയാകുന്നവയാണ്. ചില പ്രവചനങ്ങൾ ഒരിക്കലും പൂർത്തിയായില്ല എന്നും വരും. യോനായെ ഉദാഹരണമായി കാണാം. നാല്പതു ദിവസം കഴിയുമ്പോൾ നിനവെ നശിപ്പിക്കപ്പെടും എന്നു യോനാ പ്രവചിച്ചു (യോനാ 3, 4). പക്ഷേ യോനാ പറഞ്ഞതുപോലെ നിനവേ നശിപ്പിക്കപ്പെട്ടില്ല. കാരണം അവിടത്തെ ജനങ്ങൾ മാനസാന്തരപ്പെട്ടു, പ്രായശ്ചിത്തം അനുഷ്ഠിച്ചു. അപ്പോൾ പ്രവചനത്തിന്റെ പൂർത്തീകരണം എപ്പോഴും സ്വീകാര്യമായൊരു മാനദണ്ഡമായി പരിഗണിക്കാനാവില്ല എന്നു വ്യക്തം.

## 2. പൂർത്തീകരണം വാഗ്ദാനങ്ങൾക്കുമാത്രം

പൂർത്തീകരണം എന്ന മാനദണ്ഡത്തിന്റെ അപര്യാപ്തത വളരെ വ്യക്തമായി എടുത്തുകാട്ടുന്ന ജറെമിയാ പ്രവാചകൻ

സ്വീകാര്യമായ മറ്റൊരു മാനദണ്ഡം അവതരിപ്പിക്കുന്നു. *"സമാധാനം പ്രവചിക്കുന്ന പ്രവാചകൻ യഥാർത്ഥത്തിൽ കർത്താവിനാൽ അയയ്ക്കപ്പെട്ടവനാണെന്നു തെളിയുന്നത് അവൻ പ്രവചിച്ച കാര്യം സംഭവിക്കുമ്പോഴാണ്"* (ജറെ 28, 9).

അനേകം വ്യാജ പ്രവാചകന്മാരെ ഒറ്റയ്ക്കുനിന്നു എതിർക്കേണ്ടിവന്ന യഥാർത്ഥ പ്രവാചകനാണ് ജറെമിയാ. വിളിക്കുമ്പോൾത്തന്നെ ദൈവം അയാൾക്ക് ഇക്കാര്യത്തെക്കുറിച്ചു സൂചന നല്കിയിരുന്നു (ജറെ 1, 18-19). ജറെമിയായുടെ ജീവിതത്തിൽ അതു യാഥാർത്ഥ്യമായി. ബി.സി. 598 ൽ ബാബിലോൺ സൈന്യം ജറുസലെം കീഴടക്കി. അനേകം പേരെ തടവുകാരാക്കി, നാടുകടത്തി, ഒരു വലിയ തുക കപ്പം കൊടുക്കാൻ കല്പിക്കുകയും ചെയ്തു. എന്നാൽ നാലുവർഷം കഴിഞ്ഞപ്പോൾ ബാബിലോണിൽ ആഭ്യന്തരകലാപം ഉണ്ടായി. ഇനി നബുക്കദ് നേസറിന്റെ സൈന്യം തിരിച്ചുവരില്ല, അതിനാൽ കപ്പം കൊടുക്കേണ്ടതില്ല; മാത്രമല്ല നാടുകടത്തപ്പെട്ടവരെല്ലാം താമസിയാതെ തിരിച്ചുവരും എന്ന് ഹനനിയായുടെ നേതൃത്വത്തിൽ അനേകം പ്രവാചകന്മാർ പ്രവചിച്ചു. അതിനെ എതിർക്കാൻ ശ്രമിച്ച ജറെമിയാ ഒറ്റയ്ക്കായി. ഈ സാഹചര്യത്തിലാണ് പ്രവാചകത്വത്തിനു പുതിയ മാനദണ്ഡം നിർദ്ദേശിക്കുന്നത്.

രാജാവും ജനവും ജറെമിയായുടെ നിർദ്ദേശം സ്വീകരിച്ചില്ല. കപ്പം കൊടുക്കൽ നിർത്തി. ഈജിപ്തുമായി സഖ്യം ചേർന്നു. ഹനാനിയുടെ പ്രവചനം നിറവേറിയില്ല. നബുക്കദ് നേസർ തിരിച്ചുവന്നു. ഈജിപ്തു സഹായിച്ചില്ല. ജറുസലെം നശിപ്പിക്കപ്പെട്ടു. ദേവാലയം അഗ്നിക്കിരയായി. പൂർത്തിയാകാത്ത പ്രവചനങ്ങൾ നടത്തിയവർ വ്യാജപ്രവാചകന്മാരായിരുന്നു എന്നു തെളിഞ്ഞു. മാനസാന്തരത്തിനു ക്ഷണിച്ച ജറെമിയാ യഥാർത്ഥ പ്രവാചകനാണെന്നു വ്യക്തമായി. എന്നാൽ ഇതുപോലും തികച്ചും തൃപ്തികരമായൊരു മാനദണ്ഡമായി കരുതാൻ പാടില്ല എന്ന് അനുഭവങ്ങൾ തെളിയിച്ചു. അതിനാലാണ് മൂന്നാമതൊരു മാനദണ്ഡം അവതരിപ്പിക്കുന്നത്.

### 3. വിശ്വാസത്തനിമ

നിയമാവർത്തന പുസ്തകത്തിൽത്തന്നെയാണ് കൂടുതൽ വിശ്വസനീയവും സ്വീകാര്യവുമായ മറ്റൊരു മാനദണ്ഡം അവതരിപ്പിക്കുന്നത്:

*"നിങ്ങടെ ഇടയിൽനിന്ന് ഒരു പ്രവാചകനോ സ്വപ്നവിശ കലനക്കാരനോ വന്ന് ഒരടയാളമോ, അത്ഭുതമോ നിങ്ങൾക്കു വാഗ്ദാനം ചെയ്യുകയും അവൻ പറഞ്ഞവിധം സംഭവിക്കുകയും ചെയ്താലും, നിങ്ങൾക്ക് അജ്ഞാതരായ അന്യദേവന്മാരെ നമുക്കു പിഞ്ചെല്ലാം, അവരെ സേവിക്കാം എന്ന് അവൻ പറയു കയാണെങ്കിൽ നിങ്ങൾ ആ പ്രവാചകന്റെയോ വിശകലനക്കാ രന്റെയോ വാക്കുകൾ കേൾക്കരുത്... അവൻ... വധിക്കപ്പെടണം"* (നിയ 13, 1-5).

പ്രവചനങ്ങളുടെ പൂർത്തീകരണംപോലും തികച്ചും തൃപ്തികരമായൊരു മാനദണ്ഡമല്ല എന്ന് അനുഭവത്തിൽനിന്നു പഠിച്ച ജനത്തിനാണ് ദൈവം കൂടുതൽ സ്വീകാര്യവും വിശ്വസനീയവുമായൊരു മാനദണ്ഡം നിർദ്ദേശിക്കുന്നത്, ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസത്തോടുള്ള വിശ്വസ്തത. ദൈവം ഒരുവൻ മാത്രം, ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച്, വഴി നടത്തി, സീനായ് മലയിൽവച്ച് ഉടമ്പടി ചെയ്ത്, വാഗ്ദത്തഭൂമി സ്വന്തമായി നല്കിയ യാഹ്‌വേ. ഉടമ്പടിയുടെ പ്രമാണങ്ങളിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തെയും തിരുഹിതത്തെയും അനുഗമിക്കാനും അനുസരിക്കാനും ജനത്തെ പ്രേരിപ്പിക്കുന്നവരായിരിക്കും യഥാർത്ഥ പ്രവാചകന്മാർ. അതിനു വിരുദ്ധമായി, അന്യദേവന്മാരെ ആരാധിക്കാൻ പ്രേരിപ്പിക്കുന്നവർ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അവരുടെ പ്രവചനങ്ങൾ പൂർത്തിയാവുകയും ചെയ്താലും അവർ വ്യാജപ്രവാചകരായിരിക്കും.

### 4. ജീവിതസാക്ഷ്യം

മേലുദ്ധരിച്ച മൂന്നു മാനദണ്ഡങ്ങളാണ് പഴയനിയമത്തിൽ യഥാർത്ഥ പ്രവാചകനും തിരിച്ചറിയാനായി നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇവ മൂന്നും പൂർണ്ണമായും തൃപ്തികരമല്ല എന്ന് യേശുവിന്റെ വാക്കുകളും അനുഭവവും പഠിപ്പിക്കുന്നു. നസ്രത്തിൽനിന്നുള്ള മരപ്പണിക്കാരനായി വന്ന യേശുവിനെ യഹൂദജനത്തിന്റെ നേതാക്കൾ വ്യാജപ്രവാചകനായാണ് കണ്ടത്. യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചു; പറഞ്ഞ കാര്യങ്ങൾ നിറവേറുകയും ചെയ്തു. എന്നാൽ അവർ മനഃപാഠമാക്കിയിരുന്ന വിശ്വാസത്തിനു വിരുദ്ധമായിരുന്നു യേശുവിന്റെ വാക്കും പ്രവൃത്തിയും വഴി ഉന്നയിച്ച ദൈവതുല്യത. മരണശിക്ഷ വിധിച്ച പ്രധാന പുരോഹിതൻ ഇക്കാര്യം വ്യക്തമായി പ്രഖ്യാപിച്ചു.

*"പ്രധാന പുരോഹിതൻ മേലങ്കി കീറിക്കൊണ്ടു പറഞ്ഞു. ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു"* (മത്താ 26, 65). ഇസ്രാ യേൽ ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസത്തിനു വിരുദ്ധ മാണ് യേശുവിന്റെ പ്രഖ്യാപനം എന്നു പ്രധാന പുരോഹിതൻ കരുതി; സാൻഹദ്രിൻ സംഘം അതംഗീകരിച്ചു. ദൈവദൂഷണം പറഞ്ഞ വ്യാജപ്രവാചകന് ബൈബിൾ നിശ്ചയിച്ചിരിക്കുന്ന ശിക്ഷ അവർ പ്രഖ്യാപിച്ചു: അവൻ മരിക്കണം! ദൈവപുത്രനെ ദൈവ ദൂഷകനെന്നു മുദ്രകുത്തി വധശിക്ഷ വിധിക്കാൻ പ്രേരിപ്പിച്ചത് യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള മാനദണ്ഡത്തെക്കു റിച്ച് തെറ്റായ ബോധ്യമായിരുന്നു. ഇനി എന്താണ് യഥാർത്ഥ മാനദണ്ഡം? യേശു തന്നെ എന്തെങ്കിലും മാനദണ്ഡം നല്കിയി ട്ടുണ്ടോ?

ഉണ്ട്. അതാണ് ജീവിതസാക്ഷ്യം. *"ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണ്... അവരുടെ ഫലങ്ങ ളിൽ നിന്ന് നിങ്ങൾ അവരെ തിരിച്ചറിയും"* (മത്താ 7, 11-20). ശക്തമായൊരു താക്കീതും മുന്നറിയിപ്പും അതേ സമയം വ്യക്തമാ യൊരു മാനദണ്ഡവും നല്കുന്നതാണ് ഈ ഗുരുമൊഴികൾ. ഫല മാണ് പ്രധാനം; ഓരോ വ്യക്തിയും തന്റെ ജീവിതത്തിലൂടെ നല് കുന്ന സാക്ഷ്യം. എന്താണ് ഫലങ്ങൾ? യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാൻ മാനദണ്ഡമായി കരുതേണ്ട ഫലങ്ങൾ ഏവ എന്ന് യേശുതന്നെ പറഞ്ഞു തന്നിട്ടുണ്ട്. ഇതര ബൈബിൾ ഭാഗങ്ങൾ ഈ നിർദ്ദേശങ്ങളെ സ്ഥിരീകരിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതു കാണാം.

മലയിലെ പ്രസംഗത്തിന്റെ സമാപനത്തിൽ യേശു നല്കുന്ന ശക്തമായ താക്കീതിൽ യഥാർത്ഥ പ്രവാചകന്റെ ഒരു മാനദണ്ഡം കാണാം. അന്തിമവിധിയെക്കുറിച്ചുള്ള ഒരു ചെറിയ വിശദീകര ണത്തിലാണ് ഈ മാനദണ്ഡം അവതരിപ്പിച്ചിരിക്കുന്നത്. *"അന്നു പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ അനേകം പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്നകന്നു പോകുവിൻ"* (മത്താ 7, 22-23). അത്ഭുതങ്ങളും അടയാളങ്ങളും

പ്രവർത്തിച്ചിട്ടും അവരെ വ്യാജപ്രവാചകരായി പരിഗണിച്ച് പുറന്തള്ളുന്നു. ഒരു കാരണമേയുള്ളൂ, അവർ അനീതി പ്രവർത്തിക്കുന്നു. ഇവിടെ ലഭിക്കുന്ന വ്യക്തമായൊരു ഉൾക്കാഴ്ച ഇതാണ്. ഒരാൾ യഥാർത്ഥ പ്രവാചകനോ അല്ലയോ എന്നു നിശ്ചയിക്കുന്നത് നീതിനിഷ്ഠമായ അയാളുടെ ജീവിതത്തിന്റെ വെളിച്ചത്തിലായിരിക്കണം.

ഒരു വ്യക്തിയുടെ ജീവിതം തന്നെയാണ് പ്രവാചകത്വത്തിന്റെ തെളിവോ നിഷേധമോ ആയി പരിഗണിക്കപ്പെടുക. ദൈവത്തോടും സഹജീവികളോടും സൃഷ്ടപ്രപഞ്ചത്തോടും തന്നോടുതന്നെയുമുള്ള ദൈവനിശ്ചിതമായ ഉത്തരവാദിത്വം അനുസരിച്ചു ജീവിക്കുന്നതിനെയാണ് നീതി എന്നു ബൈബിൾ വിശേഷിപ്പിക്കുന്നത്. ഇതിന്റെ ഫലമാണ് ശാലോം അഥവാ സമാധാനം: നിഷേധം അനീതിയും. നീതിയെക്കുറിച്ചു ബൈബിൾ അവതരിപ്പിക്കന്ന സമഗ്രമായൊരു വിവരണം 15-ാം സങ്കീർത്തനത്തിൽ കാണാം. നീതിനിഷ്ഠമായ ജീവിതം നയിക്കുകയും അതിനായി പ്രചോദിപ്പിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ പ്രവാചകൻ. എന്നാൽ ഇതു മാത്രമല്ല, വൃക്ഷത്തെ തിരിച്ചറിയാൻ സഹായിക്കുന്ന ഫലം.

യേശു ഒരു പടികൂടി കടന്ന് സ്നേഹം അഥവാ കരുണ എന്ന് ദൈവം ആഗ്രഹിക്കുന്ന ഫലത്തെ വിശേഷിപ്പിക്കുന്നതായി കാണാം. യേശുവിന്റെ വചനങ്ങൾ അനുസരിച്ച്, മുന്തിരിച്ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോട് എന്നതുപോലെ, യേശുവിനോടു ചേർന്നുനില്ക്കുന്നവരാണ് ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുക. ചേർന്നുനില്ക്കുക എന്നാൽ യേശുവിന്റെ വാക്കനുസരിച്ചു ജീവിക്കുക എന്നാണർത്ഥം. *"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും"* (യോഹ 15, 10). ആ ഫലത്തെ സ്നേഹം എന്നു വിശേഷിപ്പിക്കുന്നു. യേശു സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുന്നിടത്ത് (യോഹ 13, 34) ഈ ഫലം ദൃശ്യമാകുന്നു. അന്തിമവിധിയുടെ വിവരണത്തിൽ ഇതു കൂടുതൽ നാടകീയമായി അവതരിപ്പിക്കുന്നുണ്ട് (മത്താ 25, 31-46). ആവശ്യം അനുഭവിക്കുന്നവരിൽ യേശുവിനെകണ്ട് സഹായിക്കുന്നതാണ് ദൈവം ആഗ്രഹിക്കുന്ന ഫലം.

ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ച സ്നാപക യോഹന്നാൻ നീതിയുടെയും യഥാർത്ഥ പ്രവാചകത്വത്തിന്റെയും മാനദണ്ഡമായി അവതരിപ്പിച്ച ഒന്നാണ് പങ്കുവയ്ക്കുന്ന സ്നേഹം (ലൂക്കാ 3, 11-14). പ്രവാചകൻ പ്രഘോഷിക്കുന്നത് ദൈവത്തിന്റെ വചനമാണ്. പുതിയ നിയമത്തിൽ പ്രവാചക പ്രഘോഷണം ഒറ്റവാക്കിൽ ചുരുക്കിപ്പറയുന്നുണ്ട്. ***ദൈവരാജ്യം***. യഥാർത്ഥ പ്രവാചകൻ പ്രഘോഷിക്കുന്നതും ജീവിക്കുന്നതും ദൈവരാജ്യത്തിന്റെ സുവിശേഷമായിരിക്കും. അതെന്താണെന്ന് പൗലോസ് ഒരു നിർവ്വചനം പോലെ അവതരിപ്പിക്കുന്നു. *"ദൈവരാജ്യം എന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്"* (റോമാ 14, 17).

നീതി, കരുണ, വിനയം എന്ന് മിക്ക പ്രവാചകൻ (6, 8) ഇതിനെ നിർവ്വചിച്ചു. യേശു അതിനെ സ്ഥിരീകരിച്ചു; *"നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത"* (മത്താ 23, 23). ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിൽ ദൈവം പ്രതീക്ഷിക്കുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സംജാതമാകുന്നതുമായ ഫലങ്ങൾ ഏവയെന്ന് എണ്ണിപ്പറയുന്നുണ്ട്: *"സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം"* (5, 23-24). ഇതാണ് യഥാർത്ഥ പ്രവാചകത്വത്തിന്റെ മാനദണ്ഡങ്ങളായി യേശു സൂചിപ്പിച്ച ഫലങ്ങൾ. ഈ മാനദണ്ഡങ്ങൾ അനുസരിച്ചുവേണം ഒരാൾ യഥാർത്ഥ പ്രവാചകനോ വ്യാജ പ്രവാചകനോ എന്നു നിശ്ചയിക്കാൻ.

## 5. ചുരുക്കത്തിൽ

പ്രവാചകത്വത്തിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് ഇതുവരെ കണ്ടവ ഇപ്രകാരം ചുരുക്കി അവതരിപ്പിക്കാം. പ്രവചനങ്ങളുടെ പൂർത്തീകരണം എപ്പോഴും യഥാർത്ഥ പ്രവാചകന്റെ അടയാളം ആകണമെന്നില്ല. സമൃദ്ധമായ ഭാവിവാഗ്ദാനം ചെയ്യുന്നവരേക്കാൾ മാനസാന്തരത്തിനാഹ്വാനം ചെയ്യുന്നവരായിരിക്കും യഥാർത്ഥ പ്രവാചകരാകാൻ കൂടുതൽ സാധ്യതയുള്ളത്. സഭാസമൂഹത്തിന്റെ പരമ്പരാഗത വിശ്വാസത്തോട് വിശ്വസ്തത പുലർത്തുന്നവരായിരിക്കും ദൈവം അയച്ച പ്രവാചകന്മാർ. നീതി, കാരുണ്യം, വിനയം, വിശ്വസ്തത മുതലായ ഫലങ്ങൾ ജീവിത

ത്തിൽ കാണുന്നില്ലെങ്കിൽ അയാളെ വ്യാജപ്രവാചകനായി കരുതണം. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം. ദൈവഭക്തി ധനലാഭത്തിനുള്ള മാർഗ്ഗമായി കരുതി (1 തിമോ 6, 5) ദൈവവചനത്തിൽ മായംചേർക്കുന്നവരെ (2 കോറി 2, 17) വ്യാജപ്രവാചകന്മാരായി കരുതണം.

## 2. യുഗാന്തപ്രവാചകൻ

മോശയെപ്പോലൊരു പ്രവാചകൻ എന്നതുകൊണ്ട് ദൈവഹിതം അറിയിക്കാനായി ഇസ്രായേൽ ജനത്തിൽ നിന്നുതന്നെ ദൈവം തിരഞ്ഞെടുത്ത് വചനം നല്കി അയയ്ക്കുന്ന വ്യക്തിയെ ആണ് ഉദ്ദേശിക്കുന്നത് എന്നു കണ്ടു. അങ്ങനെ അനേകം പ്രവാചകന്മാർ മോശയ്ക്കുശേഷം അയയ്ക്കപ്പെട്ടു. സാമുവേൽ, നാഥാൻ, ഗാദ്, ആമോസ്, ഹോസിയാ, ഏശയ്യാ, മിക്കാ, ജറെമിയാ എന്നിങ്ങനെ നിരവധി പ്രവാചകന്മാർ ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണങ്ങളായിരുന്നു. എന്നാൽ ബാബിലോൺ പ്രവാസത്തിനുശേഷം പ്രാവചകന്മാർ കുറഞ്ഞു.

ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ വന്ന മലാക്കി അവസാനത്തെ പ്രവാചകനായി കരുതപ്പെടുന്നു. പിന്നീട് യഥാർത്ഥ പ്രവാചകന്മാർ ഉണ്ടായില്ല. എസ്രായുടെ നേതൃത്വത്തിൽ പുരോഹിതന്മാരും നിയമജ്ഞരും ജനത്തെ നയിച്ചു. അതോടെ പ്രവാചകന്മാർ തീർത്തും ഇല്ലാതായി. ആരെങ്കിലും പ്രവാചകനായി വന്നാൽത്തന്നെ അയാളെ വ്യാജപ്രവാചകനായി മാത്രമേ കരുതാൻ പാടുള്ളൂ എന്ന ഒരവസ്ഥാവിശേഷം സംജാതമായി. *"ഇനി ആരെങ്കിലും പ്രവാചകനായി പ്രത്യക്ഷപ്പെട്ടാൽ അവനു ജന്മം നല്കിയ മാതാപിതാക്കൾ അവനോട് കർത്താവിന്റെ നാമത്തിൽ വ്യാജം സംസാരിക്കുന്നതിനാൽ നീ ജീവിച്ചുകൂടാ എന്നുപറഞ്ഞ് അവൻ പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ ത്തന്നെ അവനെ കുത്തിപ്പിളർക്കും"* (സഖ 13, 5).

പുരോഹിതന്മാർ സർവ്വാധികാരം കയ്യാളുന്നിടത്ത് പ്രവാചകന്മാർക്കു സ്ഥാനമില്ലാതായി. എന്നാലും ഇനിയും ദൈവം ഒരു പ്രവാചകനെ അയയ്ക്കും എന്ന പ്രതീക്ഷ ജനമധ്യത്തിൽ നിലനിന്നു. ഈ സാഹചര്യത്തിൽ മോശയെപ്പോലൊരു പ്രവാചകനെക്കുറിച്ചുള്ള വാഗ്ദാനം പുതിയൊരർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടാൻ തുടങ്ങി. അതാണ് യുഗാന്ത പ്രവാചകൻ.

തിന്മയ്ക്കധീനമായ ഈ ലോകത്തിന്റെമേൽ ശിക്ഷാവിധി നടപ്പിലാക്കാൻ ദൈവം വരും. അതിനുമുമ്പേ ജനത്തെ വീണ്ടും ദൈവഹിതം അറിയിക്കാനും മാനസാന്തരത്തിലൂടെ ജീവിതം നവീകരിക്കാനും ക്ഷണിക്കാൻവേണ്ടി ദൈവം ഒരു പ്രവാചകനെ അയയ്ക്കും എന്ന പ്രതീക്ഷ സാവകാശം ശക്തിപ്പെട്ടു; പ്രവാസത്തോടെ രാജഭരണം അവസാനിച്ചപ്പോൾ ശക്തിപ്പെട്ട വരാനിരിക്കുന്ന ദാവീദിന്റെ പുത്രനായ രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷപോലെ.

ചുഴലിക്കാറ്റിൽ, അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാ (2 രാജാ 2, 11, പ്രഭാ 48, 9–10) മടങ്ങിവരും എന്നതായിരുന്നു യുഗാന്തപ്രവാചകനെക്കുറിച്ചുള്ള ഒരു പ്രതീക്ഷ. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം അയയ്ക്കും എന്ന പ്രതീക്ഷയും ജനത്തിനിടയിൽ നിലനിന്നു (1 മക്ക 4, 46). സ്നാപകയോഹന്നാനെ ചോദ്യം ചെയ്ത യഹൂദനേതാക്കൾ ഉന്നയിച്ച ചോദ്യങ്ങളിൽ ഈ പ്രതീക്ഷ പ്രകടമാകുന്നുണ്ട്. താൻ ക്രിസ്തു അല്ല എന്നു വ്യക്തമായി പ്രഖ്യാപിച്ച യോഹന്നാനോട് യഹൂദ നേതാക്കൾ ചോദിച്ചു: *"എങ്കിൽപ്പിന്നെ നീ ആരാണ് ഏലിയായോ? അല്ല എന്ന് അവൻ പ്രതിവചിച്ചു. എങ്കിൽ നീ പ്രവാചകനാണോ? അല്ല എന്ന് അവൻ മറുപടി നല്കി"* (യോഹ 1, 21).

ഏലിയായിൽ നിന്നു വ്യത്യസ്തനായ ഒരു പ്രവാചകനെ ജനം പ്രതീക്ഷിച്ചിരുന്നു എന്നു വ്യക്തമാക്കുന്നതാണ് "നീ പ്രവാചകനാണോ" എന്ന ചോദ്യം. ഇവിടെ ഗ്രീക്കു മൂലത്തിൽ *"ഹോ പ്രൊഫേത്തേസ്"* എന്ന വിശേഷണം ഒരു പ്രത്യേക പ്രവാചകനെ സൂചിപ്പിക്കുന്നു (the Prophet എന്ന് ഇംഗ്ലീഷിൽ). ഇപ്രകാരം യുഗാന്തത്തിൽ വരാനിരിക്കുന്ന പ്രവാചകൻ മോശയെപ്പോലെ ജനത്തിനു മോചനം നല്കും; ഉടമ്പടിയുടെ പ്രമാണങ്ങൾ ആധികാരികമായി വ്യാഖ്യാനിച്ച് ജനത്തെ പഠിപ്പിക്കുകയും വഴി നയിക്കുകയും ചെയ്യും എന്നും ജനം വിശ്വസിച്ചിരുന്നു. ഇതാണ് പുതിയ നിയമകാലമായപ്പോൾ മോശയെപ്പോലൊരു പ്രവാചകനെക്കുറിച്ചു നിലവിലിരുന്ന ചിത്രം.

### 3. യേശു യുഗാന്തപ്രവാചകൻ

(ഈ വിഷയത്തെക്കുറിച്ച് വിശദമായി പഠിക്കാൻ ആഗ്രഹിക്കുന്നവർ മൈക്കിൾ കാരിമറ്റത്തിന്റെ നസ്രത്തിൽനിന്നൊരു പ്രവാ

ചകൻ പുസ്തകം കാണുക.) ഇസ്രായേൽ ജനത്തിനിടയിൽ പ്രവാചകന്മാർ ഇല്ലാതായ സാഹചര്യത്തിൽ ശക്തിയാർജിച്ച യുഗാന്ത പ്രവാചകനെക്കുറിച്ചുള്ള പ്രതീക്ഷകൾ യേശുവിൽ നിറവേറിയതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജനത്തിന്റെ വിശ്വാസവും ശിഷ്യരുടെ ബോധ്യവും യേശുവിന്റെ വാക്കും പ്രവൃത്തിയും ഇതിനു സാക്ഷ്യം വഹിക്കുന്നു.

## a. യേശു മോശയെപ്പോലൊരു പ്രവാചകൻ

സുവിശേഷകന്മാർ, പ്രത്യേകിച്ചും മത്തായി, യേശുവിനെ മോശയെപ്പോലുള്ള പ്രവാചകനായി അവതരിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതു കാണാം. സുവിശേഷത്തിന്റെ ഘടനയിൽത്തന്നെ ഈ താരതമ്യം ശ്രദ്ധേയമാണ്. മോശയുടെ പുസ്തകങ്ങൾ എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥത്തിനു സമാന്തരമായി യേശുവിന്റെ അഞ്ചു പ്രഭാഷണങ്ങളും അവയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുമായാണ് മത്തായി യേശുവിന്റെ ജീവിതം അവതരിപ്പിക്കുന്നത്. മത്താ 5, 1-7, 45; 10, 1-42; 13, 1-52; 18, 1-35; 24, 3-25, 46 - പ്രഭാഷണങ്ങൾ. ഇതുതന്നെ മോശയോടുള്ള സാമ്യത്തിന്റെ വ്യക്തമായൊരു തെളിവാണ്. എന്നാൽ ഇതു മാത്രമല്ല. ഗിരിപ്രഭാഷണത്തിനു തൊട്ടുപിന്നാലെ വരുന്ന പത്തത്ഭുതങ്ങൾ (മത്താ 8-9) ഈജിപ്തിലെ പത്തത്ഭുതങ്ങളെ അനുസ്മരിപ്പിക്കുന്നു.

ശിശുവായ യേശുവിനെ വധിക്കാൻ ഹേറോദേസ് രാജാവു നടത്തിയ ശ്രമം, ഈജിപ്തിലേക്കുള്ള പലായനം, ഈജിപ്തിൽ നിന്നു തിരിച്ചുവരവ് ഇവയിലെല്ലാം ഈ സാമ്യം ദൃശ്യമാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോശ ഇസ്രായേൽ ജനത്തെ മോചിപ്പിച്ചതുപോലെ യേശു എല്ലാ മനുഷ്യർക്കും മോചനം നല്കും എന്ന സൂചന ഈ വിവരണങ്ങളിൽ കാണാം. സീനായ് മലയിൽവച്ച് ദൈവം മോശവഴി ഇസ്രായേൽ ജനവുമായി ഉടമ്പടി ചെയ്തു. ആ ഉടമ്പടിയുടെ നിയമങ്ങൾ ജനത്തെ പഠിപ്പിച്ചു. അതിനു സമാന്തരമായി നില്ക്കുന്നു മത്തായിയുടെ സുവിശേഷത്തിൽ യേശു പുതിയ നിയമം പ്രഘോഷിക്കുന്ന മല. “ഗിരിപ്രഭാഷണം” എന്ന വിശേഷണം തന്നെ സീനായ് മലയ്ക്കു സമാന്തരമാണ് യേശു പ്രസംഗിക്കാനായി കയറി ഇരുന്ന മല എന്നു വ്യക്തമാക്കുന്നു.

## b. ജനങ്ങളുടെ വീക്ഷണത്തിൽ

യേശുവിനെ പ്രവാചകനായാണ് സാമാന്യജനം കണ്ടതെന്ന് സുവിശേഷങ്ങൾ നാലും രേഖപ്പെടുത്തിയിട്ടുണ്ട്. പരസ്യജീവിതത്തിന്റെ പകുതിക്കാലമായപ്പോൾ യേശു ശിഷ്യന്മാരോടു ചോദിച്ചു, ജനങ്ങൾ തന്നെക്കുറിച്ച് എന്താണു പറയുന്നത്? താൻ ആരെന്നാണ് അവരുടെ അഭിപ്രായം? ആദ്യത്തെ മൂന്നു സുവിശേഷങ്ങളും ഏതാണ്ട് ഒരേ വിധത്തിലാണ് മറുപടി രേഖപ്പെടുത്തിയിരിക്കുന്നത്: *"അവർ പറഞ്ഞു. ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റുചിലർ ഏലിയാ എന്നും വേറെ ചിലർ പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു"* (മർക്കോ 8, 28; മത്താ 16, 14; ലൂക്കാ 9, 19).

മലാക്കിയോടെ അറ്റുപോയ പ്രവാചകപരമ്പര യേശുവിൽ വീണ്ടും ആരംഭിക്കുന്നു എന്ന് ജനം കരുതി. മാത്രമല്ല, ഒരു പടി കൂടി കടന്ന്, തങ്ങൾ കാത്തിരുന്ന പ്രവാചകനാണ് യേശു എന്നു കരുതിയവരും ഇക്കൂട്ടത്തിലുണ്ട്. നായീനിലെ വിധവയുടെ മകനെ ഉയിർപ്പിച്ചപ്പോൾ അത്ഭുതസ്തബ്ധരായ ജനം ഒന്നടങ്കം വിളിച്ചു പറഞ്ഞു: *"ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു"* (ലൂക്കാ 7, 16). സറേഫാത്തിലെ വിധവയുടെ മകനെ ഏലിയാ ഉയിർപ്പിച്ച സംഭവവുമായി ഇതിനുള്ള സാമ്യം വ്യക്തമാണ് (1 രാജാ 17, 8-24). ഏലിയായെപ്പോലെ വലിയൊരു പ്രവാചകനായി ജനം യേശുവിനെ കണ്ടു.

സിക്കാർ എന്ന പട്ടണത്തിൽ യാക്കോബിന്റെ കിണറ്റുകരയിൽ വച്ചു കണ്ടുമുട്ടിയ സമറിയാക്കാരി ഏറ്റു പറഞ്ഞ ബോധ്യമാണിത്. *"പ്രഭോ അങ്ങൊരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു"* (യോഹ 4, 19). കാഴ്ച ലഭിച്ച ജറുസലെമിലെ കുരുടന്റെയും ബോധ്യം ഇതുതന്നെ *"അവൻ ഒരു പ്രവാചകനാണ്"* (യോഹ 9, 17). ഹോസാന വിളികൾക്കു മധ്യേ നഗരത്തിലേക്കു വരുന്ന ഇവൻ ആര് എന്ന ചോദ്യത്തിന് ജനക്കൂട്ടം മറുപടി പറഞ്ഞു: *"ഇവൻ ഗലീലിയിലെ നസ്രത്തിൽനിന്നുള്ള പ്രവാചകനാണ്"* (മത്താ 21, 11). മുന്തിരിത്തോട്ടത്തിന്റെ പാട്ടക്കാരുടെ ഉപമ തങ്ങൾക്കെതിരേ ആയിരുന്നു എന്നു മനസിലാക്കിയ യഹൂദനേതാക്കൾ യേശുവിനെ പിടികൂടാൻ ശ്രമിച്ചെങ്കിലും *"ജനക്കൂട്ടത്തെ ഭയപ്പെട്ടു. കാരണം ജനങ്ങൾ അവനെ പ്രവാചകനായി പരിഗണിച്ചിരുന്നു"* (മത്താ 21, 46).

## C. ശിഷ്യന്മാരുടെ അഭിപ്രായത്തിൽ

ശിഷ്യന്മാരുടെ വക്താവ് എന്ന നിലയിൽ പത്രോസ് യേശുവിനെ ക്രിസ്തുവായി ഏറ്റുപറഞ്ഞെങ്കിലും പ്രവാചകൻ എന്ന കാഴ്ചപ്പാടാണ് അവരിൽ രൂഢമൂലമായിരുന്നത്. യേശുവിന്റെ കുരിശുമരണത്തോടെ ചിതറിപ്പോയ ശിഷ്യരുടെ സംഭാഷണത്തിൽ നിന്ന് ഈ വിശ്വാസം വ്യക്തമാകുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് ജറുസലെമിൽനിന്ന് എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർ. വിഷാദമഗ്നരായി, പരസ്പരം തർക്കിച്ചും വാദിച്ചും നടന്ന അവരുടെ അടുത്ത് എത്തിയ അപരിചിതനോട്, അയാൾ യേശു ആണെന്നറിയാതെ, അവർ തങ്ങളുടെ നൈരാശ്യത്തിന്റെ കാരണം തുറന്നുപറഞ്ഞു: *"അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രവൃത്തിയിലും വാക്കിലും ശക്തനായ പ്രവാചകനായിരുന്നു... ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്ന് ഞങ്ങൾ വിശ്വസിച്ചിരുന്നു"* (ലൂക്കാ 24, 19). പ്രവൃത്തിയിലും വാക്കിലും ശക്തനായ പ്രവാചകൻ, ഇസ്രായേലിനെ മോചിപ്പിക്കാനിരുന്നവൻ. ഈ രണ്ടു വിശേഷണങ്ങളും യേശുവിനെ മോശയോടു താരതമ്യം ചെയ്യുന്നു എന്നു കാണാൻ കഴിയും.

പന്തക്കുസ്താ ദിവസം പരിശുദ്ധാത്മാഭിഷേകത്താൽ ശക്തിയാർജ്ജിച്ച ശിഷ്യന്മാർ യേശുവിനെ സധൈര്യം പ്രഘോഷിച്ചു. മുടന്തനെ സുഖപ്പെടുത്തിയതുകണ്ട് ആശ്ചര്യപ്പെട്ടുനിന്ന ജനത്തിന്റെ മുമ്പിൽ നടത്തിയ സുവിശേഷപ്രഘോഷണത്തിൽ, പഠനവിഷയമായ പ്രവചനം ഉദ്ധരിച്ചുകൊണ്ട് പത്രോസ് പറഞ്ഞു: *"മോശ ഇപ്രകാരം പറഞ്ഞു. ദൈവമായ കർത്താവ് നിങ്ങൾക്കായി, നിങ്ങളുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും. അവൻ നിങ്ങളോടു പറയുന്നതെല്ലാം നിങ്ങൾ കേൾക്കണം. ആ പ്രവാചകന്റെ വാക്കു കേൾക്കാത്തവരെല്ലാം ജനത്തിന്റെ ഇടയിൽനിന്നു പൂർണ്ണമായി വിച്ഛേദിക്കപ്പെടും"* (അപ്പ 3, 22-23). പത്രോസിന്റെ ഈ സുവിശേഷ പ്രഘോഷണം സംശയത്തിനു പഴുതിടുന്നില്ല. മോശയിലൂടെ ദൈവം വാഗ്ദാനം ചെയ്ത യുഗാന്തപ്രവാചകൻ യേശുവാണ്. സുഖം പ്രാപിച്ച മുടന്തൻ അനിഷേധ്യസാക്ഷ്യമായി മുൻപിൽ നില്ക്കുന്നു.

റോമൻ ശതാധിപനായ കൊർണേലിയൂസിന്റെ വീട്ടിൽ സുവി

ശേഷം പ്രസംഗിക്കുമ്പോഴും ശിഷ്യപ്രധാനനായ പത്രോസ് യേശുവിനെ യുഗാന്തപ്രവാചകനായി അവതരിപ്പിക്കുന്നു. *"നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നന്മ പ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റിസഞ്ചരിച്ചുവെന്നും നിങ്ങൾക്കറിയാം"* (അപ്പ 10, 38). ആത്മാവിനാൽ അഭിഷിക്തനായ പ്രവാചകൻ, അത്ഭുതപ്രവർത്തനങ്ങളിലൂടെ തന്റെ സ്വത്വവും ദൗത്യവും വ്യക്തമാക്കിയവൻ. ഈ വിശേഷണങ്ങളിൽ വീണ്ടും യുഗാന്ത പ്രവാചകന്റെ ചിത്രം തെളിയുന്നതു കാണാം.

## d. യേശുവിന്റെ തന്നെ സാക്ഷ്യം

സാധാരണക്കാരായ ജനവും ശിഷ്യന്മാരും യേശുവിനെ പ്രവാചകനായി, ഈ ലോകത്തിലേക്കു വരാനിരുന്ന വിലയ പ്രവാചകനായി കണ്ടു. എന്നാൽ ഈ വിശ്വാസത്തോട് യേശു എപ്രകാരമാണ് പ്രതികരിച്ചത്? യേശു സ്വയം ഒരു പ്രവാചകനായും സ്വന്തം ദൗത്യത്തെ പ്രവാചകദൗത്യമായും കണ്ടോ? അതിന് എന്തെങ്കിലും തെളിവുകൾ സുവിശേഷങ്ങൾ നല്കുന്നുണ്ടോ?

ദാവീദിന്റെ പുത്രനായ ക്രിസ്തുവും ദാനിയേൽ ദർശനത്തിൽ കണ്ട മനുഷ്യപുത്രനും (ദാനി 7, 13-14; മത്താ 26, 64) ഏശയ്യാ പ്രവചിച്ച സഹനദാസനും (ഏശ 52, 13-53, 12; മത്താ 12, 17-21; 16, 21) സർവ്വോപരി ദൈവപുത്രനും (മർക്കോ 16, 62) ആയി യേശു സ്വയം വെളിപ്പെടുത്തി. എന്നാൽ അതോടൊപ്പം തന്റെ അഭിഷേകം, ദൗത്യം, ലക്ഷ്യം, പ്രവർത്തനശൈലി മരണം എന്നിവയെല്ലാം പഴയനിയമത്തിൽ മുൻകൂട്ടി അറിയിച്ചിട്ടുള്ള യുഗാന്തപ്രവാചകനെക്കുറിച്ചുള്ള പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശു തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

### i. പ്രവാചക ജീവിതം

"നസ്രത്ത് നയപ്രഖ്യാപനം" (Nazareth Manifesto) എന്നു ബൈബിൾ പഠിതാക്കൾ സാധാരണ വിശേഷിപ്പിക്കാറുള്ള സംഭവത്തിലാണ് യേശു തന്റെ പ്രവാചകത്വവും ദൗത്യവും ആദ്യമായി വെളിപ്പെടുത്തിയത്. ലൂക്കാ 4, 16-30 ൽ ഈ സംഭവം വളരെ വ്യക്തമായും വിശദമായും പ്രതിപാദിക്കുന്നുണ്ട്. ജോർദ്ദാനിൽവച്ച് പരിശുദ്ധാത്മാഭിഷേകം ലഭിച്ച യേശു മരുഭൂമിയിലെ

സംഘട്ടനത്തിൽ പിശാചിനെ പരാജയപ്പെടുത്തിയതിനുശേഷം സ്വന്തം പട്ടണമായ നസ്രത്തിൽ വന്നു. സാബത്തു ദിവസം സിനഗോഗിൽ ദൈവവചനം വായിക്കാനായി എണീറ്റുനിന്നു. ബൈബിൾ തുറന്നു വായിച്ച ഭാഗം തന്നെ ഏറ്റം ശ്രദ്ധേയം.

*"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു"* (ലൂക്കാ 4, 18-19).

പ്രവാസത്തിൽ നിന്നു മടങ്ങിവന്ന ജനം പ്രതീക്ഷയ്ക്കു വിരുദ്ധമായി ദാരിദ്ര്യവും പട്ടിണിയും അടിമത്തവും നേരിട്ടപ്പോൾ അവർക്ക് ആശ്വാസവും പ്രത്യാശയും പകരാനായി അയയ്ക്കപ്പെട്ട, മൂന്നാം ഏശയ്യാ എന്നു ബൈബിൾ വ്യാഖ്യാതാക്കൾ വിളിക്കുന്ന, പ്രവാചകന്റെ വചനങ്ങളാണ് യേശു വായിച്ചത് (ഏശ 61, 1-2). പ്രവാചകൻ പറഞ്ഞത് അന്നു നിറവേറിയില്ല. അത് പ്രത്യാശയുടെ ഒരു ഉറവിടമായി കിടന്നു. ഇനി യുഗാന്തത്തിൽ, മോശയെപ്പോലെ ഒരു പ്രവാചകൻ വരുമ്പോഴേ ഈ പ്രവചനം നിറവേറുകയുള്ളൂ എന്നു ജനം കരുതി. അതിനാൽ യേശുവിന്റെ തുടർന്നുള്ള വാക്കുകൾ അവരിൽ ആശ്ചര്യവും അത്ഭുതവും ഉളവാക്കി: *"നിങ്ങൾ കേട്ടിരിക്കെത്തന്നെ, ഇന്ന്, ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു"* (ലൂക്കാ 4, 21). അർത്ഥശങ്കയ്ക്കിടയില്ലാത്തൊരു പ്രഖ്യാപനമാണിത്. പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിച്ചതും ജനം നൂറ്റാണ്ടുകളായി കാത്തിരിക്കുന്നതുമായ യുഗാന്ത പ്രവാചകനാണ് താൻ എന്ന യേശുവിന്റെ പ്രഖ്യാപനം സ്വീകരിച്ചേ മതിയാകൂ.

എന്തായിരിക്കും ഈ പ്രവാചകന്റെ സവിശേഷതകൾ എന്ന് വായിച്ചുകേട്ട പ്രവചനത്തിൽ വ്യക്തമാക്കുന്നുണ്ട്. ദൈവാത്മാവിനാൽ അഭിഷിക്തനായ പ്രവാചകൻ; ദരിദ്രരെ സുവിശേഷം അറിയിക്കാനായി അയയ്ക്കപ്പെട്ടിരിക്കുന്നവൻ, സകലവിധ ബന്ധനങ്ങളിൽ നിന്നും മോചനം നല്കുന്നവൻ, എല്ലാറ്റിനെയും പുതിയൊരു കാഴ്ചപ്പാടിൽ അഥവാ, ദൈവം കാണുന്നതുപോലെ കാണാൻ കാഴ്ച നല്കുന്നവൻ. ഇതെല്ലാം കൂടി *ദൈവത്തിന്റെ കൃപാവത്സരം പ്രഖ്യാപിക്കാൻ* എന്നു സംഗ്രഹിക്കാം. ഇതാണ്

യേശു നസ്രത്തിലെ സിനഗോഗിൽ വച്ചു നടത്തിയ നയപ്രഖ്യാപനം. മോശയെപ്പോലുള്ള പ്രവാചകൻ, അതേസമയം മോശയെ മറികടക്കുന്ന, ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്ന യുഗാന്ത പ്രവാചകൻ. അതാണ് യേശു. ഈ പ്രവചനം തന്നിൽ പൂർത്തിയായിരിക്കുന്നു എന്ന യേശുവിന്റെ പ്രഖ്യാപനം തുടർന്നുള്ള വാക്കും പ്രവൃത്തിയും വഴി യേശുതന്നെ എടുത്തുകാട്ടുന്നുണ്ട്.

വരാനിരിക്കുന്നവൻ നീ തന്നെയോ അതോ മറ്റൊരാളെ കാത്തിരിക്കണമോ എന്ന സ്നാപക ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള മറുപടിയിൽ ഈ സ്ഥിരീകരണം കാണാം. *"നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനോടു പറയുവിൻ. കുരുടന്മാർ കാണുന്നു; മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു"* (ലൂക്കാ 7, 22).

ആർക്കും നിഷേധിക്കാനാവാത്തവിധം വ്യക്തവും പരസ്യവുമായ തെളിവുകൾ നിരത്തി യേശു തന്റെ പ്രവാചകത്വം തെളിയിക്കുകയാണിവിടെ. പ്രവചനങ്ങളെ അടിസ്ഥാനമാക്കി ജനം കാത്തിരുന്ന മോശയെപ്പോലുള്ള പ്രവാചകൻ താൻതന്നെ. ഇവിടെ രാജകീയ പ്രൗഢിയല്ല, പ്രവാചകന്റെ വാക്കും പ്രവൃത്തിയുമാണ് അടയാളങ്ങൾ. ദരിദ്രരോടു നടത്തുന്ന സുവിശേഷ പ്രഘോഷണവും ദൈവരാജ്യത്തിന്റെ സാന്നിധ്യം വിളിച്ചറിയിക്കുന്ന അത്ഭുത പ്രവൃത്തികളും യേശുവിനെ മോശയെപ്പോലൊരു പ്രവാചകനായി, യുഗാന്ത പ്രവാചകനായി അവതരിപ്പിക്കുന്നു. എന്നാൽ ഇതു മാത്രമല്ല, തന്റെ മരണവും പ്രവാചകത്വത്തിന്റെ തെളിവായി യേശു തന്നെ എടുത്തു കാട്ടിയിട്ടുണ്ട്.

### ii. രക്തസാക്ഷിയായ പ്രവാചകൻ

സ്നാപകനെ വധിച്ചതിലുള്ള കുറ്റബോധവും അതുമൂലമുണ്ടായ ജനകീയ പ്രക്ഷോഭണം ഉയർത്തിയ ഭയവും നിരന്തരം വേട്ടയാടിക്കൊണ്ടിരുന്ന ഹേറോദേസ് അന്തിപ്പാസ് നസ്രത്തിലെ തച്ചന്റെ വാക്കും പ്രവൃത്തികളും അതുണർത്തുന്ന ജനകീയ മുന്നേറ്റവും പുതിയൊരു ഭീഷണിയായി കണ്ടു. സ്നാപകനെ എന്നതുപോലെ യേശുവിനെയും വധിക്കാൻ ഹേറോദേസ് പദ്ധതിയിടുന്നു, അതിനാൽ ഗലീലി വിട്ടുപോകണം എന്നു നിർദ്ദേശിച്ച

ഫരിസേയർക്കു യേശു നല്കുന്ന മറുപടി തന്റെ പ്രവാചകത്വ ത്തിന്റെ അന്ത്യം സൂചിപ്പിക്കുന്നു. *“നിങ്ങൾ പോയി ആ കുറുക്ക നോടു പറയുവിൻ... മൂന്നാം ദിവസം എന്റെ ദൗത്യം പൂർത്തി യാക്കും... ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെ ന്നാൽ ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല”* (ലൂക്കാ 13, 31-33).

വാക്കിലും പ്രവൃത്തിയിലും മാത്രമല്ല, മരണത്തിലും താൻ പ്രവാചകനായിരിക്കും എന്ന യേശുവിന്റെ ബോധ്യമാണിവിടെ വെളിപ്പെടുന്നത്. തന്റെ വഴി നിശ്ചയിക്കുന്നത് ഹേറോദേസോ മറ്റേതെങ്കിലും രാഷ്ട്രീയ അധികാരിയോ അല്ല, പിതാവായ ദൈവം മാത്രമായിരിക്കും. അതിനാൽ യേശു നിർഭയം തന്റെ പ്രവർത്ത നങ്ങൾ തുടരും. അതിന്റെ അവസാനം ജറുസലെമിലായിരിക്കും. *“പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്ക പ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ”* (ലൂക്കാ 13, 34) എന്ന് ജറുസലെമിനെ വിശേഷിപ്പിച്ചുകൊണ്ട്, തന്റെ അന്ത്യവും മുൻ പ്രവാചകന്മാരുടേതുതന്നെ ആയിരിക്കും എന്ന് യേശു അറി യിക്കുന്നു.

സ്വന്തം ജനത്താൽ വധിക്കപ്പെട്ട പ്രവാചകന്മാരുടെ മരണ മാണ് തന്നെയും കാത്തിരിക്കുന്നത് എന്ന വ്യക്തമായ അവ ബോധം യേശുവിനുണ്ടായിരുന്നു. നിർഭയം, വ്യക്തമായി, അക്കാര്യം യേശു ഉച്ചത്തിൽ പ്രഘോഷിക്കുകയും ചെയ്തു. ഫരി സേയരും നിയമജ്ഞരുമായ യഹൂദനേതാക്കൾക്കെതിരേ, കപ ടഭക്തരേ എന്നു വിളിച്ചുകൊണ്ട്, നടത്തുന്ന അതിശക്തമായ കുറ്റാരോപണങ്ങൾക്കു മധ്യേ, തനിക്കു ലഭിക്കാൻ പോകുന്ന പ്രവാചകരുടെ അന്ത്യം, രക്തസാക്ഷിത്വം, യേശു വ്യക്തമായി പ്രവചിക്കുന്നുണ്ട്. *“കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേ യരേ, നിങ്ങൾക്കു ദുരിതം. നിങ്ങൾ പ്രവാചകന്മാർക്കു ശവകുടീ രങ്ങൾ പണിയുകയും... നിങ്ങൾ പ്രവാചകന്മാരെ വധിച്ചവരുടെ സന്താനങ്ങളാണെന്ന് നിങ്ങൾക്കുതന്നെ എതിരായി സാക്ഷ്യം നല്കുന്നു. പിതാക്കന്മാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാ ക്കുവിൻ”* (മത്താ 23, 29-32).

### ചുരുക്കത്തിൽ

ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവത്തിന്റെ ശക്തമായ കരത്താൽ മോചിപ്പിക്കുകയും അവരെ

ആധികാരികമായി ദൈവഹിതം അറിയിക്കുകയും ചെയ്യാൻ വേണ്ടി ദൈവം തിരഞ്ഞെടുത്ത് അയച്ച പ്രവാചകനാണ് മോശ. മോശയുടെ മരണത്തിനുശേഷം ജനത്തെ ദൈവത്തിന്റെ വഴി പഠിപ്പിച്ച് നയിക്കാനായി ദൈവം മോശയെപ്പോലുള്ള പ്രവാചകന്മാരെ അയച്ചുകൊണ്ടിരിക്കും എന്നതാണ് വാഗ്ദാനത്തിന്റെ ആദ്യപടി. ബാബിലോൺ പ്രവാസകാലംവരെ ഈ പ്രവചനത്തിന്റെ പൂർത്തീകരണമായി ദൈവം പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു.

പ്രവാസത്തിനുശേഷം ഇസ്രായേൽ ജനത്തെ നയിച്ചത് പുരോഹിതന്മാരായിരുന്നു. പ്രവാചകന്മാർ ഇല്ലാതായി. എന്നാലും യുഗാന്തത്തിൽ വിധിക്കാനായി കർത്താവു വരുന്നതിനുമുമ്പ് ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാൻ ഒരു പ്രവാകൻ വരും എന്ന പ്രതീക്ഷ സാവകാശം ശക്തിപ്പെട്ടു. യുഗാന്തപ്രവാചകൻ എന്നു വിശേഷിപ്പിക്കാവുന്ന ഈ വ്യക്തിയെക്കുറിച്ചായിരുന്നു നിയ 18, 15-18ൽ മോശയിലൂടെ ദൈവം വെളിപ്പെടുത്തിയത് എന്ന വിശ്വാസം ശക്തിപ്പെട്ടു. മോശയെപ്പോലൊരു പ്രവാചകൻ എന്നത് യുഗാന്തപ്രവാചകൻ എന്നു വ്യാഖ്യാനിക്കപ്പെട്ടു.

ദൈവം അയയ്ക്കാതെതന്നെ ദൈവത്തിന്റെ നാമത്തിൽ പ്രവചിച്ചുകൊണ്ട് അനേകർ കടന്നുവന്നപ്പോൾ ആരാണ് യഥാർത്ഥ പ്രവാചകൻ, എന്താണ് തിരിച്ചറിയാനുള്ള മാനദണ്ഡം എന്ന ചോദ്യം ഉയർന്നു. പ്രവചനങ്ങളുടെ പൂർത്തീകരണം, മാനസാന്തരത്തിനുള്ള ആഹ്വാനം, ജനത്തിന്റെ പരമ്പരാഗത വിശ്വാസത്തോടുള്ള വിശ്വസ്തത, ജീവിതസാക്ഷ്യം എന്നിങ്ങനെ നാലു മാനദണ്ഡങ്ങൾ കാലക്രമത്തിൽ രൂപപ്പെട്ടു.

ഈ മാനദണ്ഡങ്ങൾ നാലും യേശുവിൽ പൂർത്തിയായി എന്ന് പുതിയ നിയമം വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. പൊതുജനവും ശിഷ്യഗണവും യേശു തന്നെയും ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷ പ്രഘോഷണം, മോശയിലൂടെ നല്കപ്പെട്ട നിയമങ്ങളുടെ ആധികാരികമായ വ്യാഖ്യാനവും പൂർത്തീകരണവും (മത്താ 5, 11); അത്ഭുതങ്ങളും അടയാളങ്ങളും വഴി നല്കിയ സ്ഥിരീകരണം, സർവ്വോപരി ജറുസലെമിൽവച്ച്, മുൻ പ്രവാചകന്മാരെപ്പോലെ നേരിട്ട മരണം, ഇതെല്ലാം യേശുവാണ് മോശയെപ്പോലുള്ള പ്രവാചകൻ എന്ന് അസന്ദിഗ്ധമാം വിധം തെളിയിക്കുന്നു. യേശുവിന്റെ

കാലത്തെ സാധാരണ ജനങ്ങളും ശിഷ്യന്മാരും യേശു തന്നെയും ഈ സത്യം വ്യക്തമായി ഏറ്റു പറഞ്ഞിട്ടുണ്ട്. അതിനാൽ നിയ 18, 15-18ൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മോശയെപ്പോലൊരു പ്രവാചകൻ ആര് എന്ന് ഇനി വേറെങ്ങും അന്വേഷിച്ചുപോകേണ്ടതില്ല. അതു നസ്രത്തുകാരനായ യേശു തന്നെയാണ്.

യുഗാന്ത പ്രവാചകനാണ് എന്നു പറയുമ്പോഴും യേശു അതുമാത്രമല്ല എന്ന കാര്യം മറക്കരുത്. യേശുവിന്റെ വ്യക്തിത്വവും ദൗത്യവും വ്യക്തമാക്കാൻ ഉപയോഗിക്കുന്ന അനേകം വിശേഷണങ്ങളിൽ ഒന്നുമാത്രമാണ് മോശയെപ്പോലുള്ള പ്രവാചകൻ. യേശു അതേസമയം ഇസ്രായേൽ പ്രതീക്ഷിച്ച ദാവീദിന്റെ പുത്രനായ ക്രിസ്തുരാജാവാണ്, ദാനിയേൽ കണ്ട മനുഷ്യപുത്രനും ഏശയ്യാ പ്രവചിച്ച സഹനദാസനുമാണ്. മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പ്രധാന പുരോഹിതനാണ്; തന്റെ ആത്മബലിയിലൂടെ സകല ബലികളും പൂർത്തിയാക്കിയ ഏകരക്ഷകനാണ്; സർവ്വോപരി ദൈവത്തോടു തുല്യനായ, ദൈവം തന്നെ ആയ ദൈവവചനവും ദൈവപുത്രനുമാണ്. അതിനാൽ ഏതെങ്കിലും ഒരു വിശേഷണം മാത്രമെടുത്ത് ഇതാണ് യേശു എന്നു പറയുമ്പോൾ ഈ സാകല്യത അവഗണിക്കാൻ ഇടയാകരുത്.

## 4. മോശയെപ്പോലൊരു പ്രവാചകൻ - മുഹമ്മദോ?

ബൈബിളിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മോശെപ്പോലൊരു പ്രവാചകൻ ഇസ്ലാം മതസ്ഥാപകനായ മുഹമ്മദാണെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന മുസ്ലീമുകളുണ്ട്. ഈ വിശ്വാസത്തിന് അടിസ്ഥാനമായി എടുത്തുകാട്ടുന്ന ഏറ്റം പ്രധാനപ്പെട്ട തെളിവ് "നിന്റെ സഹോദരങ്ങളുടെ ഇടയിൽ നിന്ന്" എന്ന വിശേഷണമാണ്. ഇസ്രായേൽ ജനത്തിന്റെ സഹോദരങ്ങൾ ഇസ്മായേലിന്റെ മക്കളാണെന്നും ആ ജനതയിൽ ഒരുവനാണ് മുഹമ്മദ് എന്നും അവർ വാദിക്കുന്നു. എന്നാൽ തികച്ചും അസ്വീകാര്യമാണ് ഈ വാദം എന്ന് നിയമാവർത്തനപുസ്തകത്തിൽ നിന്നുതന്നെ തെളിയുന്നു.

രാജാവിനെക്കുറിച്ചു നല്കുന്ന നിർദ്ദേശങ്ങളിൽ എടുത്തുപറയുന്ന ഒന്നുണ്ട്. *"നിന്റെ സഹോദരരിൽ നിന്നു മാത്രമേ രാജാവിനെ വാഴിക്കാവൂ. പരദേശിയെ ഒരിക്കലും രാജാവാക്കരുത്"* (നിയ 17, 15). ബൈബിളിന്റെ വിവരണം അനുസരിച്ച് അബ്രാഹത്തിന് ഹാഗാർ എന്ന ദാസിയിൽ ജനിച്ച പുത്രനാണ് ഇസ്മാ

യേൽ; സാറാ എന്ന ഭാര്യയിൽ ജനിച്ചത് ഇസഹാക്കും. ഇസഹാക്കിന്റെ മക്കളാണ് ഇസ്രായേൽക്കാർ. ഇസ്മായേലിന്റെ മക്കളാണ് ഇവിടെ വിവക്ഷിക്കുന്ന സഹോദരന്മാർ എന്നു കരുതാൻ കാരണമില്ല.

ഹാഗാറിന്റെ മകനായ ഇസ്മായേലിനെക്കുറിച്ച് ഉൽപത്തി പുസ്തകത്തിൽ മൂന്നുതവണ പരാമർശിക്കുന്നുണ്ട്. ഗർഭിണി ആയിരിക്കെ മരുഭൂമിയിലേക്ക് ഒളിച്ചോടിയ ഹാഗാറിനു ദൈവം നല്കുന്ന വാഗ്ദാനമാണ് ആദ്യത്തേത്. *"എണ്ണിയാൽ തീരാത്ത വണ്ണം അത്ര അധികമായി നിന്റെ സന്തതിയെ ഞാൻ വർദ്ധിപ്പിക്കും. നീ ഗർഭിണിയാണല്ലോ. നീ ഒരു ആൺകുട്ടിയെ പ്രസവിക്കും. അവനു നീ ഇസ്മായേൽ എന്നു പേരിടണം. കാരണം കർത്താവ് നിന്റെ രോദനം ചെവിക്കൊണ്ടിരിക്കുന്നു. അവൻ കാട്ടുകഴുതയ്ക്കൊത്ത മനുഷ്യനായിരിക്കും. അവന്റെ കൈ എല്ലാവർക്കും എതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. അവൻ തന്റെ സഹോദരങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യും"* (ഉൽപ 16, 10-12).

അബ്രാഹത്തിനു നല്കിയതിനു സമാനമായൊരു വാഗ്ദാനമാണിത്. അസംഖ്യം മക്കൾ. എന്നാൽ കാട്ടുകഴുതയുടെ സ്വഭാവവും എല്ലാവരോടും ശത്രുതയും എന്ന വിശേഷണങ്ങൾ പിൻതലമുറകളുടെ സ്വഭാവവിശേഷങ്ങളെ ചിത്രീകരിക്കുന്നു. ഇപ്രകാരം ഒരു ജനതയിൽനിന്നാണ് ഇസ്രായേൽക്കാർ രാജാവിനെ തിരഞ്ഞെടുക്കേണ്ടത്, പ്രവാചകനെ പ്രതീക്ഷിക്കേണ്ടത് എന്നൊക്കെ വ്യാഖ്യാനിക്കുന്നത് കാടുകയറിയ ഭാവന എന്നേ വിശേഷിപ്പിക്കാനാവൂ.

ഇസഹാക്കിന്റെ ജനനത്തിനുശേഷം ഹാഗാറിനെയും മകൻ ഇസ്മായേലിനെയും അബ്രാഹം തന്നെ, സാറായുടെ നിർബ്ബന്ധത്തിനു വഴങ്ങി മരുഭൂമിയിലേക്കു പറഞ്ഞയച്ചതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളം കിട്ടാതെ, ദാഹിച്ചു വലഞ്ഞ ഹാഗാറിനു ലഭിക്കുന്ന ദൈവിക അരുളപ്പാടിൽ ഇസ്മായേലിന്റെ സന്തതികൾ വീണ്ടും പരാമർശവിഷയമാകുന്നുണ്ട്: *"ഹാഗാർ നീ വിഷമിക്കേണ്ട, ഭയപ്പെടുകയും വേണ്ടാ. കുട്ടിയുടെ കരച്ചിൽ ദൈവം കേട്ടിരിക്കുന്നു. എഴുന്നേറ്റ് കുട്ടിയെ കയ്യിൽ എടുക്കുക. അവനിൽനിന്ന് ഞാൻ വലിയൊരു ജനതയെ പുറപ്പെടുവിക്കും"* (ഉൽപ 21, 17-18). ഈ വാഗ്ദാനങ്ങൾ ദൈവം

നിറവേറ്റിയെന്ന് ഉൽപ 25, 12-18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. യാക്കോബിന്റെ മക്കളായ 12 ഇസ്രായേൽ ഗോത്രങ്ങളെപ്പോലെ ഇസ്മായേലിന്റെ മക്കളും 12 ഗോത്രങ്ങളുണ്ടായിരുന്നു.

ഇതിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യം ഇസ്രായേൽ ക്കാരും ഇസ്മായേലിന്റെ മക്കളായി കരുതപ്പെടുന്ന അറബി വംശ ജരും സഹോദരങ്ങളാണ്. സഹോദരങ്ങളെപ്പോലെ നല്ല അയ ല്ക്കാരായി ജീവിക്കണം എന്നല്ലാതെ ഇസ്രായേലിനെ ഭരിക്കാൻ രാജാവും ദൈവഹിതം അറിയിക്കാൻ പ്രവാചകനും വരുന്നത് ഇസ്മായേലിന്റെ മക്കളിൽ നിന്നായിരിക്കും എന്ന നിഗമനത്തിനു സാധുതയില്ല.

## മുഹമ്മദ് പ്രവാചകനോ?

ബൈബിളിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മോശയെപ്പോ ലൊരു പ്രവാചകനാണ് മുഹമ്മദ് എന്നു വാദിക്കുമ്പോൾ ആദ്യമേ ചോദിക്കേണ്ട ചോദ്യം മുഹമ്മദ് ഒരു പ്രവാചകനാണോ എന്ന തുതന്നെ. ബൈബിളിന്റെ കാഴ്ചപ്പാടിൽ ദൈവഹിതം അറിയി ക്കാൻ അയയ്ക്കപ്പെടുന്ന പ്രവാചകനെ തിരിച്ചറിയാൻ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ഈ മാനദണ്ഡങ്ങൾവച്ചു പരിശോധിച്ചാൽ മുഹമ്മദ് പ്രവാചകനാണോ അല്ലയോ എന്നു പറയാൻ കഴിയും. നാലു മാനദണ്ഡങ്ങളാണ് യഥാർത്ഥ പ്രവാചകരെയും വ്യാജപ്ര വാചകരെയും വേർതിരിച്ചറിയാനായി ബൈബിൾ നല്കിയിരി ക്കുന്നത്.

ഈ മാനദണ്ഡങ്ങൾ നാം വിശദമായി കണ്ടുകഴിഞ്ഞു (pp 13-19). ഇതിന്റെ വെളിച്ചത്തിൽ മുഹമ്മദിനെ പ്രവാചകനായി അംഗീകരിക്കാൻ കഴിയില്ല. മുഹമ്മദ് തന്റെ പ്രവാചകത്വം തെളി യിക്കാൻ എന്തെങ്കിലും അടയാളം നല്കുകയോ അത്ഭുതം പ്രവർ ത്തിക്കുകയോ, പ്രവചനങ്ങൾ നടത്തി, അതിന്റെ പൂർത്തീകരണം എടുത്തുകാട്ടുകയോ ചെയ്തിട്ടില്ല. ഇസ്രായേൽ ജനത്തിന്റെ പര മ്പരാഗതമായ വിശ്വാസത്തിന് അനുയോജ്യമായിരുന്നില്ല മുഹമ്മദ് നല്കിയ പ്രബോധനങ്ങൾ. സർവ്വോപരി, യേശു തന്നെ എടു ത്തുകാട്ടിയ ജീവിതസാക്ഷ്യം എന്ന അടയാളവും മുഹമ്മദിൽ കാണാനാവില്ല.

ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ വേർപെ ടാത്ത ബന്ധമാണ് ബൈബിളിന്റെ പരമ്പരാഗത കാഴ്ചപ്പാടിൽ വിവാഹം. എന്നാൽ ഇഷ്ടംപോലെ സ്ത്രീകളെ പരിഗ്രഹിക്കു

കയും ഉപേക്ഷിക്കുകയും ചെയ്ത് മുഹമ്മദിന്റെ ജീവിതം നല്കുന്നത് എതിർസാക്ഷ്യമാണ്. ഒരേസമയം പതിനൊന്നു സ്ത്രീകളെ ഭാര്യമാരാക്കി വച്ചുകൊണ്ടിരുന്ന ആളാണ് മുഹമ്മദ്. അതിൽ 6 വയസ് മാത്രം പ്രായമുള്ള ഒരു ബാലികയും ഉണ്ടായിരുന്നു. ഇപ്രകാരം ഒരു ജീവിതം നയിച്ച വ്യക്തിയെ ബൈബിളിന്റെ കാഴ്ചപ്പാടിൽ പ്രവാചകൻ എന്നല്ല, വ്യാജപ്രവാചകൻ എന്നേ വിളിക്കാനാകൂ! മുഹമ്മദിന്റെ വ്യക്തിജീവിതത്തിലെ പല ഘടകങ്ങളും ബൈബിളിന്റെ കാഴ്ചപ്പാടിൽ ഒരു പ്രവാചകനു യോജിച്ചതല്ല.

മുഹമ്മദിന്റെ പ്രബോധനങ്ങളിൽ പലതും ബൈബിളിൽ പൊതുവേ നല്കപ്പെടുന്ന പ്രബോധനങ്ങളിൽ നിന്നു വ്യത്യസ്തവും പലപ്പോഴും ആ പ്രബോധനങ്ങൾക്കു വിരുദ്ധവുമാണ്. ദൈവത്തിന്റെ സ്വഭാവം, പ്രത്യേകിച്ചും ത്രിത്വം, യേശുക്രിസ്തുവിന്റെ ദൈവപുത്രസ്ഥാനം മുതലായവ ഉദാഹരണങ്ങൾ. ധാർമ്മികജീവിതത്തെ സംബന്ധിച്ച പ്രബോധനങ്ങളിലും, പ്രത്യേകിച്ചും ലൈംഗിക ധാർമ്മികത, ഈ വ്യത്യാസങ്ങൾ ദൃശ്യമാണ്. അതിനാൽ ദൈവം വാഗ്ദാനം ചെയ്ത മോശയെപ്പോലൊരു പ്രവാചകൻ മുഹമ്മദാണ് എന്ന വാദം ബൈബിളിന്റെ വെളിച്ചത്തിൽ സ്വീകരിക്കാനാവില്ല.

മുഹമ്മദിനെക്കുറിച്ചു പറയുന്ന മറ്റുകാര്യങ്ങളൊന്നും ചർച്ചാവിഷയമായ പ്രവചനത്തിന്റെ പൂർത്തീകരണമായി കരുതാനാവില്ല. അതിനാൽ ബൈബിളിൽ വാഗ്ദാനം ചെയ്തിരിക്കുന്ന മോശയെപ്പോലൊരു പ്രവാചകൻ മുഹമ്മദാണെന്ന വാദം, യാഥാർത്ഥ്യത്തിന്റെ പിൻബലമില്ലാത്ത, വെറും ഭാവനാസൃഷ്ടി എന്നേ കരുതാനാവൂ.

## ഉപസംഹാരം

ദൈവത്തിന്റെ വചനം ജനങ്ങൾക്കു വിശ്വസ്തതയോടെ കൈമാറുന്നവനാണ് പ്രവാചകൻ. ദൈവം പ്രത്യേകം വിളിച്ച്, വിശുദ്ധീകരിച്ച്, പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തി, വചനം നല്കി അയയ്ക്കുന്നവരെയാണ് പ്രവാചകന്മാർ എന്നു ബൈബിൾ വിശേഷിപ്പിക്കുന്നത്. രക്ഷകന്റെ വരവിനുവേണ്ടിയുള്ള ഒരുക്കത്തിന്റെ കാലഘട്ടമായ പഴയനിയമത്തിൽ അഗ്രഗണ്യനായ പ്രവാചകനാണ് മോശ. മോശയുടെ മരണത്തിനുശേഷം ആധികാരികമായി ദൈവവചനം പ്രഘോഷിക്കാൻ മോശയെപ്പോലുള്ള

പ്രവാചകന്മാരെ ദൈവം ജനത്തിന്റെ അടുക്കലേക്ക് അയച്ചുകൊണ്ടിരിക്കും. അവർ മോശയെപ്പോലെ ഇസ്രായേൽക്കാർ തന്നെ ആയിരിക്കും. നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്ന് എന്നതിന് നിന്റെ ജനത്തിൽനിന്നുതന്നെ എന്നാണർത്ഥം.

ഇസ്രായേൽ ചരിത്രത്തിൽ പ്രവാചകന്മാർ ആരും ഇല്ലാത്ത ഒരു കാലഘട്ടമുണ്ടായി. അപ്പോൾ മോശയെപ്പോലുള്ള ഒരു പ്രവാചകനെക്കുറിച്ചുള്ള പ്രവചനം ഒരു യുഗാന്ത പ്രവാചകനെക്കുറിച്ചുള്ള വാഗ്ദാനമായി പരിഗണിക്കപ്പെടാൻ തുടങ്ങി. ആ പ്രവാചകൻ മോശ നല്കിയ നിയമങ്ങളെ ആധികാരികമായി വ്യാഖ്യാനിക്കും, ജനങ്ങളെ പഠിപ്പിക്കും, എല്ലാ അടിമത്തങ്ങളിൽ നിന്നും മോചിപ്പിക്കും. പ്രവചനങ്ങളുടെ പൂർത്തീകരണം, മാനസാന്തരത്തിനാഹ്വാനം, ശിക്ഷയുടെ മുന്നറിയിപ്പ്, രക്ഷയുടെ വാഗ്ദാനം, സർവ്വോപരി വാക്കും പ്രവൃത്തിയും, ജീവിതവും മരണവും വഴി തന്റെ പ്രവാചകത്വത്തിനു സാക്ഷ്യം നല്കും. ഇതായിരുന്നു യേശുവിന്റെ കാലത്ത് മോശയെപ്പോലുള്ള പ്രവാചകനെക്കുറിച്ച് ജനമനസിൽ രൂഢമൂലമായ ചിത്രം.

ഈ പ്രതീക്ഷകളെല്ലാം യേശുവിൽ നിറവേറി. ജനക്കൂട്ടം അവനെ പ്രവാചകനായി തിരിച്ചറിഞ്ഞു അംഗീകരിച്ചു; നേതാക്കന്മാർ ഭയന്നു തിരസ്കരിച്ചു. ശിഷ്യന്മാർ സ്വീകരിച്ച് അനുഗമിച്ചു. പ്രവചനങ്ങളിൽ അടിയുറപ്പിച്ച് ജനം പ്രതീക്ഷയോടെ കാത്തിരുന്ന യുഗാന്ത പ്രവാചകൻ താൻതന്നെ എന്ന് യേശു വാക്കും പ്രവൃത്തിയും, ജീവിതവും മരണവും വഴി തെളിയിച്ചു, സ്ഥിരീകരിച്ചു. അതിനാൽ മോശയെപ്പോലെ ഒരു പ്രവാചകൻ താനാണ് എന്ന അവകാശവാദവുമായി ആരെങ്കിലും പിന്നീടുവന്നാൽ ആ വാദത്തിന് ബൈബിളിന്റെ പിൻബലം ഉണ്ടയാരിക്കുകയില്ല.

യേശുവിന്റെ പ്രബോധനങ്ങൾ തന്നെയാണ് ഏറ്റം വലിയ തെളിവ്. മോശവഴി നല്കപ്പെട്ട നിയമങ്ങളെ പുനർവ്യാഖ്യാനിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ മോശയുമായുള്ള സാമ്യം മാത്രമല്ല, മോശയെ മറികടക്കുന്ന ആധികാരികതയും പ്രകടമാകുന്നു. *“കർത്താവരുളിച്ചെയ്യുന്നു”* എന്ന മുഖവുരയോടെയാണ് പ്രവാചകന്മാർ ദൈവവചനം പ്രഘോഷിക്കുക. എന്നാൽ യേശുവാകട്ടെ *“ഞാൻ നിങ്ങളോടു പറയുന്നു”* എന്ന മുഖവുരയോടെയാണ് പഠനങ്ങൾ നല്കുന്നത്. ഇവിടെ ദൈവത്തിന്റെ

വക്താവല്ല, ദൈവം തന്നെയാണ് സംസാരിക്കുന്നത് എന്ന ധ്വനി മുഴങ്ങുന്നു. മോശയെപ്പോലെയുള്ള പ്രവാചകനാണ് യേശു; പോരാ, മോശയെക്കാൾ വലിയവനാണവൻ. പ്രവാചകൻ, ഏറ്റം വലിയ പ്രവാചകൻ, യുഗാന്തപ്രവാചകൻ എന്നിങ്ങനെയുള്ള വിശേഷണങ്ങളെല്ലാം അംഗീകരിക്കുമ്പോഴും യേശു ഇവയ്ക്കെല്ലാം അതീതനാണെന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു; അനുയായികൾ വിശ്വസിക്കുന്നു.

യേശുവിന്റെ വരവോടെ പ്രവാചകദൗത്യം അവസാനിച്ചിട്ടില്ല, ഒരു പുതിയ രീതിയിൽ തുടരുകയാണ്. യേശുവിലൂടെ വെളിപ്പെടുകയും പൂർത്തിയാവുകയും ചെയ്ത ദൈവവചനം, അഥവാ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനായി യേശു തന്റെ ശിഷ്യരെ പ്രവാചകരായി അയച്ചു; ഇന്നും അയച്ചുകൊണ്ടിരിക്കുന്നു. വരാനിരിക്കുന്ന രക്ഷകനെയും രക്ഷയെയും കുറിച്ചല്ല, യേശുവിൽ യാഥാർത്ഥ്യമായ രക്ഷയുടെ സുവിശേഷമാണ് അവർ പ്രഘോഷിക്കുന്നത്. ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾ തിരിച്ചറിയാനും അതിലൂടെ വെളിപ്പെടുന്ന ദൈവഹിതം അറിയിക്കാനും വേണ്ടി യേശുവിന്റെ അധികാരത്തോടെ അയയ്ക്കപ്പെടുന്നവരാണ് ഈ പ്രവാചകന്മാർ.

*"ഇതാ, ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും നിയമജ്ഞരെയും നിങ്ങളുടെ അടുത്തേക്ക് ഞാൻ അയയ്ക്കുന്നു"* (മത്താ 23, 34). യേശുവിന്റെ വാഗ്ദാനമാണിത്, ഇന്നും നിറവേറിക്കൊണ്ടിരിക്കുന്ന വാഗ്ദാനം. പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ സഭയ്ക്കു നല്കുന്ന സവിശേഷ ദാനമാണ് പ്രവാചകന്മാർ എന്ന് പൗലോസ് തന്റെ ലേഖനങ്ങളിൽ ഉദ്ബോധിപ്പിക്കുന്നുണ്ട് (1 കോറി 12, 27-28; എഫേ 4, 12). അതിനാൽ യേശുവിൽ പൂർത്തിയായതുകൊണ്ട് പ്രവാചകദൗത്യം അവസാനിച്ചിട്ടില്ല. ഇന്നും തുടരുന്നു, യേശുവിലൂടെ പൂർത്തിയായ ദൈവിക പദ്ധതിലോകത്തിന്റെ അതിർത്തികൾവരെ അറിയിക്കാൻ ക്രിസ്തു ശിഷ്യർ പ്രവാചകരായി അയയ്ക്കപ്പെട്ടുകൊണ്ടേയിരിക്കും. അതേസമയം യഥാർത്ഥ പ്രവാചകരെ വ്യാജപ്രവാചകരിൽനിന്നു തിരിച്ചറിയാൻ സഭാസമൂഹവും സഭാധികാരികളും ജാഗ്രത പാലിക്കുകയും വേണം. യേശു നല്കിയ മാനദണ്ഡമാണ് ഏറ്റം പ്രധാനം. "ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയണം."

# 2

## അന്തിക്രിസ്തുവും വ്യാജപ്രവാചകനും

### ചോദ്യം

വരാനിരിക്കുന്ന ഒരു അന്തിക്രിസ്തുവിനെക്കുറിച്ച് ബൈബിളിൽ പരാമർശിക്കുന്നുണ്ട്. അതുപോലെ തന്നെ വ്യാജപ്രവാചകന്മാരെക്കുറിച്ചും; ചിലപ്പോൾ കള്ളക്രിസ്തുമാർ എന്നും പറയുന്നു. ഇതിനും പുറമേ വരാനിരിക്കുന്ന അരാജകത്വത്തിന്റെ മനുഷ്യനെക്കുറിച്ചും താക്കീതുകൾ കാണാം. ഇതെല്ലാം ഒരാളെക്കുറിച്ചുതന്നെയാണോ പറയുന്നത് അതോ പലരെക്കുറിച്ചോ? ആരാണിയാൾ അഥവാ ഇവർ? വന്നുകഴിഞ്ഞോ അതോ ഇനിയും വരാനിരിക്കുന്നതേ ഉള്ളോ? എങ്കിൽ എപ്പോഴായിരിക്കും വരുക? ഈ വിഷയത്തെക്കുറിച്ച് എന്താണ് കത്തോലിക്കാസഭയുടെ പ്രബോധനം?

### ഉത്തരം

മനസ്സിലാക്കാൻ ഏറെ വിഷമമുള്ളതും അതിനാൽത്തന്നെ ഏറെ തെറ്റായ വ്യാഖ്യാനങ്ങൾക്കു വിഷയമായിട്ടുള്ളതുമായ ഒരു പ്രമേയമാണ് ഇവിടെ ചർച്ചയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്. ചോദ്യവിഷയം നാലു കാര്യങ്ങളെക്കുറിച്ചു പരാമർശിക്കുന്നു. 1. അന്തിക്രിസ്തു. 2. കള്ളക്രിസ്തുമാർ. 3. വ്യാജപ്രവാചകന്മാർ. 4. അരാജകത്വത്തിന്റെ മനുഷ്യൻ. ഇവയിൽ ഒന്നും നാലും വിഷയങ്ങൾ ഏകവചനത്തിലും രണ്ടും മൂന്നും വിഷയങ്ങൾ ബഹുവചനത്തിലും അവതരിപ്പിച്ചിരിക്കുന്നു എന്ന കാര്യം ശ്രദ്ധിക്കണം. അന്തിക്രിസ്തു – അരാജകത്വത്തിന്റെ മനുഷ്യൻ; കള്ളക്രിസ്തുമാർ – വ്യാജപ്രവാചകന്മാർ. ഏകവചനവും ബഹുവചനവും ഒരാളെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്നു പ്രഥമദൃഷ്ട്യാ കരുതാനാവില്ല. ഓരോന്നും വേർതിരിച്ച് അപഗ്രഥിച്ചുകൊണ്ട് പൊതുവായ ചില നിഗമനങ്ങളിലേക്ക് എത്താൻ കഴിയും.

## 1. അന്തിക്രിസ്തു

അന്തിക്രിസ്തു എന്ന വിഷയത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ അധികാരികപ്രബോധനം താഴെ ചേർക്കുന്നു.

*"ക്രിസ്തുവിന്റെ രണ്ടാംവരവിനുമുമ്പ് സഭ ഒരന്തിമ പരീക്ഷയിലൂടെ കടന്നുപോകേണ്ടതുണ്ട്. അതു പല വിശ്വാസികളുടെയും വിശ്വാസത്തെ പിടിച്ചുകുലുക്കും. ഭൂമിയിലുള്ള അവളുടെ തീർത്ഥാടനത്തോടൊത്തുപോകുന്ന പീഡനം "തിന്മയുടെ രഹസ്യത്തെ" വെളിവാക്കും. മനുഷ്യരുടെ പ്രശ്നങ്ങൾക്കു പ്രത്യക്ഷമായ ഒരു പരിഹാരമാർഗ്ഗം മനുഷ്യർക്കു വാഗ്ദാനം ചെയ്യുന്ന ഒരു വഞ്ചനയുടെ രൂപത്തിലായിരിക്കും അത്. സത്യത്തെ പരിത്യജിക്കുക എന്ന വില അവർ അതിനു കൊടുക്കേണ്ടിവരും. മതപരമായ പരമവഞ്ചന അന്തിക്രിസ്തുവിന്റേതായിരിക്കും. മനുഷ്യൻ ദൈവത്തിന്റെയും മാംസം ധരിച്ചുവന്ന അവിടുത്തെ മിശിഹായുടെയും സ്ഥാനത്ത് തന്നെത്തന്നെ മഹത്വപ്പെടുത്തുന്ന മിഥ്യയായ മിശിഹാവാദമാണത്.*

*"യുഗാന്തപരമായ വിധിയിലൂടെ ചരിത്രത്തിനതീതമായി മാത്രം സാക്ഷാൽകരിക്കപ്പെടാൻ കഴിയുന്ന മെസ്സയാനിക പ്രത്യാശയെ ചരിത്രത്തിൽത്തന്നെ സാക്ഷാത്കരിക്കാമെന്ന് അവകാശപ്പെടുന്ന ഓരോ പ്രാവശ്യവും അന്തിക്രിസ്തുവിന്റെ വഞ്ചനയുടെ നിഴൽ ലോകത്തിൽ പടർന്നുതുടങ്ങുന്നു. വരാനുള്ള രാജ്യത്തെ സംബന്ധിച്ചു സഹസ്രാബ്ദ വാഴ്ചവാദം (millenarianism) എന്ന പേരിലുള്ള വ്യാജസങ്കല്പത്തിന്റെ പരിഷ്കൃതരൂപങ്ങളെ പ്രത്യേകിച്ച് ഒരു ലോകമിശിഹാത്വത്തിന്റെ, "പ്രകൃത്യാ തലതിരിഞ്ഞ" രാഷ്ട്രീയ രൂപത്തെ സഭ തള്ളിക്കളഞ്ഞിട്ടുണ്ട്" (CCC 675 -76).*

അന്തിക്രിസ്തു എന്ന പദം രണ്ടുതവണ ഈ വിശദീകരണത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതോടൊപ്പം യുഗാന്തവുമായി ബന്ധപ്പെട്ടു പ്രത്യക്ഷപ്പെടുന്ന തിന്മയുടെ ശക്തിയെക്കുറിച്ചും രേഖ സൂചിപ്പിക്കുന്നു. ഈ സൂചനകൾ കൂടുതൽ വിശദമായ പഠനം ആവശ്യപ്പെടുന്നു.

*ആന്റി ക്രിസ്തോസ്* (Antichristos) എന്ന ഗ്രീക്കുവാക്കാണ് അന്തിക്രിസ്തു എന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നത്. നാലുതവണ മാത്രമേ ഈ വാക്ക് ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ; നാലും യോഹന്നാൻ എഴുതിയ ലേഖനങ്ങളിൽ:

1 യോഹ 2, 18.22; 4,3; 2 യോഹ 1, 7. "അന്തിക്രിസ്തു" എന്ന വിവർത്തനം തന്നെ തെറ്റിധാരണാജനകമാണ്. "അന്തി" എന്ന വിശേഷണം അവസാനത്തേത് എന്നാണല്ലോ സൂചിപ്പിക്കുക. അതിനാൽ അവസാനത്തെ ക്രിസ്തു എന്ന ഒരു ധ്വനി ഈ പദത്തിനുണ്ടാവും. എന്നാൽ "ആന്റി" എന്ന ഗ്രീക്കുവാക്കിന് അതല്ല അർത്ഥം. എതിരായി നില്ക്കുന്നത് അഥവാ ഒരാളുടെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുന്ന മറ്റൊരാൾ എന്ന അർത്ഥമാണ് ഈ വാക്കിനുള്ളത്.

"അന്തിക്രിസ്തു"വിനെക്കുറിച്ചും ഇതുതന്നെ പറയണം. ക്രിസ്തുവിന്റെ എതിരാളി അല്ലെങ്കിൽ ക്രിസ്തുവെന്ന് സ്വയം പ്രഖ്യാപിക്കുന്ന വ്യാജൻ. ആളിന്റെ സ്വഭാവം, പ്രവർത്തനങ്ങൾ, പ്രബോധനങ്ങൾ മുതലായവയാണ് ശ്രദ്ധാകേന്ദ്രം. ക്രിസ്തുവിശ്വാസികളെ വഴിതെറ്റിക്കുന്ന വ്യാജൻ എന്ന നിലയിലാണ് യോഹന്നാൻ അന്തിക്രിസ്തുവിനെക്കുറിച്ചു പ്രതിപാദിക്കുന്നത്: *"കുഞ്ഞുങ്ങളേ, ഇത് അവസാനമണിക്കൂറാണ്. അന്തിക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾത്തന്നെ അനേകം വ്യാജക്രിസ്തുമാർ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇത് അവസാനമണിക്കൂർ ആണെന്ന് അതിൽനിന്നു നമുക്കറിയാം"* (1 യോഹ 2, 18). ഇവിടെ അന്തിക്രിസ്തുവും കള്ളക്രിസ്തുമാരും ഒരേ അർത്ഥത്തിൽത്തന്നെ പരിഗണിക്കപ്പെടുന്നതായി തോന്നും.

ബൈബിൾ അവതരിപ്പിക്കുന്ന ക്രിസ്തുവിനു ഘടകവിരുദ്ധമാണ് അന്തിക്രിസ്തു. ബൈബിളിലെ ക്രിസ്തു നന്മയുടെ അവതാരമാണ്. ദൈവത്തെ വെളിപ്പെടുത്തുകയും ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുകയും ചെയ്യുന്ന, ദൈവവചനം മനുഷ്യനായി അവതരിച്ചതാണ് ബൈബിളിൽ, പ്രത്യേകിച്ചും പുതിയ നിയമത്തിൽ, പ്രത്യക്ഷപ്പെടുന്ന ക്രിസ്തു. ഇതിന്റെ വിപരീതമായി നില്ക്കുന്നു അന്തിക്രിസ്തു; ദൈവത്തിനു വിരുദ്ധമായ, തിന്മയുടെ മൂർത്തീഭാവം, അഥവാ പിശാചിന്റെ മനുഷ്യവതാരം.

നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തിന്റെ ചിത്രീകരണത്തിനു മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുണ്ട്. മിക്കവാറും എല്ലാ പുരാതനമതങ്ങളിലും മിത്തുകളിലൂടെയും പുരാണകഥകളിലൂടെയും ഈ സംഘട്ടനം ചിത്രീകരിക്കപ്പെടുന്നുണ്ട്. ദൈവവും പിശാചും തമ്മിൽ, ജീവനും മരണവും തമ്മിൽ, നേരും നുണയും തമ്മിലുള്ള ഈ സമരം പല രീതികളിൽ പ്രത്യക്ഷ

പ്പെടുന്നതു കാണാം. ബി.സി. മൂന്നാം സഹസ്രാബ്ദത്തിന്റെ ആദ്യ പകുതിയിൽ രൂപം കൊണ്ട "*എനുമാ എലിഷ്*" എന്ന മെസൊപ്പൊട്ടാമിയൻ ഇതിഹാസത്തിൽ ഈ സംഘട്ടനം ദൃശ്യമാണ്. തിന്മയുടെ മൂർത്തിമദ്ഭാവമായി പരിഗണിക്കപ്പെടുന്ന "*തിയാമത്ത്*" എന്ന പ്രളയജലത്തെ രണ്ടായി പിളർന്ന് സൃഷ്ടികർമ്മം നടത്തുന്ന *മർദുക്കിന്റെ* ചിത്രത്തിൽ എല്ലാം നശിപ്പിക്കാൻ ശ്രമിക്കുന്ന ശക്തിയെ പരാജയപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവർത്തനം കാണാം. നന്മയായതിനെ എല്ലാം വിഴുങ്ങുന്ന ഒരു ഭീകര വ്യാളമായി (dragon) ഈ ശക്തി പല പുരാണങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. പഴയനിയമത്തിലും ഇതിനെക്കുറിച്ച് പരാമർശങ്ങളുണ്ട്.

പറുദീസായിൽവച്ച് ആദിമനുഷ്യനെ പാപത്തിനു പ്രേരിപ്പിച്ച സർപ്പത്തിന്റെ രൂപത്തിലാണ് ബൈബിളിൽ തിന്മയുടെ ശക്തി രംഗപ്രവേശം ചെയ്യുന്നത് (ഉൽപ 3,1-15). *"റാഹാബിനെ വെട്ടി നുറുക്കിയതും മഹാസർപ്പത്തെ കുത്തിപ്പിളർന്നതും അങ്ങല്ലേ? അത്യഗാധത്തിലെ ജലത്തെ വറ്റിച്ചത് അങ്ങല്ലേ?"* (ഏശ 51, 9). ജലത്തെ വിഭജിച്ചുകൊണ്ടു നടത്തിയ സൃഷ്ടികർമ്മത്തെക്കുറിച്ചുള്ള ഒരു സൂചനയാണിത്. *"അന്നു കർത്താവ് തന്റെ വലുതും അതിശക്തവുമായ കഠിനഖഡ്ഗം കൊണ്ട് ലെവിയാഥാനെ, പുളഞ്ഞുപായുന്ന ലെവിയാഥാനെ ശിക്ഷിക്കും. സമുദ്രവ്യാളത്തെ അവിടുന്ന് കൊന്നുകളയും"* (ഏശയ്യ 27, 1). യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന തിന്മയുടെ സമ്പൂർണ്ണനാശത്തിലേക്ക് ഈ പ്രവചനം വിരൽചൂണ്ടുന്നു. *"അവിടുന്ന് തന്റെ ശക്തിയാൽ സമുദ്രത്തെ നിശ്ചലമാക്കി. തന്റെ ജ്ഞാനത്താൽ റാഹാബിനെ തകർത്തുകളഞ്ഞു... പായുന്ന സർപ്പത്തെ അവിടുത്തെ കരം പിളർന്നു"* (ജോബ് 26, 12-13) എന്ന ജോബിന്റെ വിവരണം സൃഷ്ടികർമ്മത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. *"അങ്ങ് റാഹാബിനെ ശവശരീരമെന്നപോലെ തകർത്തു"* (സങ്കീ 89, 10) എന്ന സങ്കീർത്തനവാക്യവും ഇതേ ആശയം അവതരിപ്പിക്കുന്നു.

റാഹാബ്, ലെവിയാഥാൻ, പായുന്ന സർപ്പം എന്നിങ്ങനെ വിവിധങ്ങളായ പ്രതീകങ്ങളിലൂടെ തിന്മയുടെ ശക്തിയെ അവതരിപ്പിക്കുന്ന ബൈബിൾ വാക്യങ്ങളും, നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തെയും നന്മയുടെ ആത്യന്തികമായ വിജയത്തെയും പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു.

കാലക്രമത്തിൽ ഈ തിന്മയുടെ ശക്തി വ്യക്തിരൂപം പ്രാപി

ക്കുന്നതു കാണാം. ദൈവത്തിനും ദൈവജനത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന ശക്തരായ ചില വ്യക്തികളിൽ തിന്മയുടെ ശക്തി ഒരു വ്യക്തിയായി പ്രത്യക്ഷപ്പെടുന്നു. ദൈവജനത്തെ വിഗ്രഹാരാധനയിലൂടെ ദൈവത്തിൽ നിന്നകറ്റി നശിപ്പിക്കാൻ ശ്രമിക്കുന്ന ചില രാജാക്കന്മാരിൽ ഇപ്രകാരം തിന്മയുടെ മനുഷ്യവതാരം കാണാം.

## അന്തിക്രിസ്തു ചരിത്രത്തിൽ

സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ (ബി. 175–164) "*എപ്പിഫാനസ്*" എന്ന പേരു സ്വീകരിച്ചുകൊണ്ട് സ്വയം ദൈവമായി പ്രഖ്യാപിച്ചു. "പ്രത്യക്ഷപ്പെടുക" എന്നർത്ഥമുള്ള "*എപ്പിഫനെയിൻ*" എന്ന ഗ്രീക്കു വാക്കിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. "*പ്രത്യക്ഷനായ ദൈവം*" എന്നാണു സൂചന. അന്ന് ഇസ്രായേൽ ജനം സിറിയായുടെ ആധിപത്യത്തിലായിരുന്നു. പ്രജകളെല്ലാം തന്നെ ദൈവമായി ആരാധിക്കണം എന്ന് രാജാവു കല്പനയിറക്കി.

ഇസ്രായേൽക്കാരെയാണ് രാജാവിന്റെ പുതിയ നീക്കങ്ങൾ ഏറ്റം അധികം ബാധിച്ചത്. ഛേദനാചാരം, സാബത്താചരണം, ശുദ്ധാശുദ്ധവിവേചനം മുതലായ എല്ലാ നിയമങ്ങളും റദ്ദാക്കി. ജറുസലെം ദേവാലയത്തിൽ സീയൂസ് (Zeus) ദേവനു ബലിപീഠം ഒരുക്കി, വിഗ്രഹം പ്രതിഷ്ഠിച്ചു. പന്നിമാംസം ബലിയർപ്പിച്ചു. രാജകല്പന ലംഘിച്ചവർ കഠിനപീഡനത്തിനിരയായി. അനേകർ വധിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് ജീവൻ ത്യജിച്ചും നിയമം പാലിക്കും എന്ന ദൃഢപ്രതിജ്ഞയോടെ ഫരിസേയർ എന്ന പേരിൽ ഒരു മുന്നേറ്റം ആരംഭിച്ചത്.

ദാനിയേലിന്റെ പുസ്തകം രചിക്കപ്പെട്ടതും ഈ കാലഘട്ടത്തിൽത്തന്നെ. ജറുസലെം ആക്രമിച്ചു കീഴടക്കുകയും അനേകരെ നാടുകടത്തുകയും വധിക്കുകയും ചെയ്ത അന്തിയോക്കസ് നാലാമനെക്കുറിച്ച് പ്രവചനരൂപത്തിൽ ദാനിയേൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാകുന്നു. "*അവന്റെ സൈന്യം ദേവാലയവും കോട്ടയും അശുദ്ധമാക്കുകയും നിരന്തര ദഹനബലി നിരോധിക്കുകയും ചെയ്യും. അവർ വിനാശത്തിന്റെ മ്ലേച്ഛവിഗ്രഹം അവിടെ സ്ഥാപിക്കും*" (ദാനി 11, 31). ദാനി 12, 11ൽ "*വിനാശകരമായ മ്ലേച്ഛത*" എന്നു വീണ്ടും എടുത്തു പറയുന്നു. സ്വയം ദൈവമായി പ്രഖ്യാപിച്ച അന്തിയോക്കസ് സ്ഥാപിച്ച വിഗ്രഹമാണ്

ഇവിടെ വിവക്ഷിക്കപ്പെടുന്നത്, തിന്മയുടെ അവതാരമായ രാജാവും രാജവിഗ്രഹവും.

ഇതേ ആശയം യേശുവിന്റെ വാക്കുകളിൽ സുവിശേഷങ്ങൾ അവതരിപ്പിക്കുന്നുണ്ട്. "വിനാശത്തിന്റെ അശുദ്ധലക്ഷണം" (മത്താ 24, 15; മർക്കോ 13, 14) എന്ന് അതിനെ വിശേഷിപ്പിക്കുന്നു. പി.ഒ.സി. ബൈബിളിലെ വിവർത്തനം ശരിയല്ല. "ലക്ഷണം" എന്നപദം മൂലത്തിലില്ല. ദാനിയേലിന്റെ പുസ്തകത്തിൽനിന്നുള്ള ഉദ്ധരണിയാണിത്. അതിനാൽ "വിനാശത്തിന്റെ മ്ലേഛത" എന്നു പുതിയ വിവർത്തനത്തിൽ തിരുത്തിയിട്ടുണ്ട്. എഡി 37 – 41 വർഷങ്ങളിൽ റോമാ ഭരിച്ച അതിക്രൂരനും വ്യർത്ഥാഭിമാനിയുമായ കലിഗുള തന്റെ ഒരു വലിയ പ്രതിമ ജറുസലെം ദേവാലയത്തിൽ അതി വിശുദ്ധസ്ഥലത്ത് പ്രതിഷ്ഠിക്കാൻ തീരുമാനിച്ചു; കല്പനയിറക്കി. ശക്തമായ പ്രതിഷേധത്തെ തുടർന്നു കല്പന പിൻവലിച്ചെങ്കിലും വീണ്ടും പുതിയ കല്പനയിറക്കി വിഗ്രഹ പ്രതിഷ്ഠയ്ക്കു മുതിർന്നു. ഇതായിരിക്കാം മത്തായി – മർക്കോസ് സുവിശേഷകന്മാർ സൂചിപ്പിക്കുന്ന "വിനാശത്തിന്റെ മ്ലേഛത" എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. എന്നാൽ പ്രതിമ പ്രതിഷ്ഠിക്കുന്നതിനുമുമ്പേ കലിഗുള കൊല്ലപ്പെട്ടു. അങ്ങനെ ശ്രമം പരാജയപ്പെട്ടു.

## സത്യനിഷേധം

ചരിത്രത്തിൽ പല വ്യക്തികളും ഇപ്രകാരം അന്തിക്രിസ്തു ആയി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യാനി ആയിരിക്കുന്നതുതന്നെ മരണശിക്ഷ അർഹിക്കുന്ന കുറ്റമായി പ്രഖ്യാപിച്ച്, ക്രിസ്ത്യാനികൾക്കെതിരേ കഠിനമായ മതമർദ്ദനം അഴിച്ചുവിട്ട നീറോയും, സ്വയം ദൈവമായി പ്രഖ്യാപിച്ച മതമർദ്ദകൻ ഡൊമീഷ്യൻ ചക്രവർത്തിയും ഇക്കൂട്ടത്തിൽപ്പെടും. എന്നാൽ വ്യക്തികൾ മാത്രമല്ല, അതിലുപരി ദൈവനിഷേധം പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഭരണകൂടങ്ങളും അന്തിക്രിസ്തുവായി പരിഗണിക്കപ്പെടാറുണ്ട്. പാഷണ്ഡതകളും മതതീവ്രവാദങ്ങളും നിരീശ്വരപ്രസ്ഥാനങ്ങളും പ്രത്യയശാസ്ത്രങ്ങളും ഇപ്രകാരം അന്തിക്രിസ്തുവിന്റെ അവതാരങ്ങളായി പ്രത്യക്ഷപ്പെടുന്നു. യേശുവിന്റെ ദൈവത്വവും പരിശുദ്ധത്രിത്വവും നിഷേധിക്കുക തന്റെ വിശ്വാസത്തിന്റെ അടിസ്ഥാനമായി അവതരിപ്പിച്ച ഇസ്ലാം മതസ്ഥാപകൻ മുഹമ്മദിനെ അന്തിക്രിസ്തുവിന്റെ അവതാരമായി

കാണുന്നവരുണ്ട്. 1 യോഹ 2, 23 "പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനാരോ അവനാണ് അന്തിക്രിസ്തു" ഇതിനു പിൻബലമായി നില്ക്കുന്നു. ഈ പരമ്പരയിൽ അവസാനത്തേ താണ്, ഉത്തരാധുനിക സംസ്കാരത്തിന്റെ സവിശേഷതയായ സത്യാനന്തരത. സത്യത്തിന്റെ കാലം കഴിഞ്ഞു; സത്യം എന്നൊ ന്നില്ല എന്നു പറയാതെ പറയുന്ന ഈ സമകാലീന ചിന്താഗതി യിൽ അന്തിക്രിസ്തു പുനരവതരിക്കുന്നതു കാണാം.

## 2. കള്ള ക്രിസ്തുമാർ

അന്തിക്രിസ്തുവിനെക്കുറിച്ചു മുന്നറിയിപ്പു നല്കുന്ന യോഹ ന്നാൻ തന്നെ വ്യാജക്രിസ്തുമാരെക്കുറിച്ചും താക്കീതു നല്കു ന്നുണ്ട്. *"ഇപ്പോൾത്തന്നെ അനേകം വ്യാജ ക്രിസ്തുമാർ പ്രത്യ ക്ഷപ്പെട്ടിട്ടുണ്ട്. ഇത് അവസാനമണിക്കൂറാണെന്ന് അതിൽനിന്നു നമുക്കറിയാം"* (1 യോഹ 2, 18). ലോകാവസാനത്തിൽ വരാനി രിക്കുന്ന ഒരു പ്രത്യേക വ്യക്തി എന്നതിലുപരി, ഇപ്പോൾ തന്നെ ഈ ലോകത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ ദൂത ന്മാരും സേവകരുമായി പ്രത്യക്ഷപ്പെടുന്നവരെക്കുറിച്ചാണ് ഇവിടെ യോഹന്നാൻ താക്കീതു നല്കുന്നത്. അവർ *"നമ്മുടെ കൂട്ടത്തിൽ നിന്നാണു പുറത്തുപോയത്"* എന്നു തുടർന്നു വിവരിക്കുമ്പോൾ ക്രിസ്തുവിന്റെ സഭയിൽത്തന്നെ ഉണ്ടായ ചില പിളർപ്പുകളിലേക്ക് വിരൽചൂണ്ടുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, അപ്പസ്തോലന്മാരുടെ കാലം അവസാനിക്കുന്നതിനു മുമ്പുതന്നെ, കടന്നുവന്ന തെറ്റായ പ്രബോധനങ്ങൾ ഇവിടെ ശ്രദ്ധാവിഷയ മാകുന്നു. *"ഗ്നോസ്റ്റിനിസം"* അഥവാ *"ജ്ഞാനവാദം"* എന്നറി യപ്പെടുന്ന വഴിതെറ്റിയ ചിന്താഗതിയാണ് ഇതിൽ ഏറ്റം പ്രധാനം.

പ്രപഞ്ചത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടാണ് ജ്ഞാനവാദം. അതനുസരിച്ച് പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും രണ്ടു മേഖലകളുണ്ട്. പ്രകാശത്തിൽ വസിക്കുന്ന ദൈവം; ദൈവത്തിനു ചുറ്റും അകമ്പടി സേവിക്കുന്ന പ്രകാശജീവികൾ. അവയിൽ ഒന്ന് വഴിപിഴച്ച് അന്ധകാരത്തിൽ പതിച്ചു; ദൈവവിരുദ്ധനായി, സൃഷ്ടി കർമ്മം നടത്തി. ഈ ജീവിയെ ഡെമിയുർഗ് എന്നു വിളിക്കുന്നു; അയാൾ പ്രകാശകിരണങ്ങളായ മനുഷ്യാത്മാക്കളെ ശരീരമാകുന്ന തടവറയിൽ അടച്ച് അടിമകളാക്കി വച്ചിരിക്കുന്നു. ഇവരെ മോചി പ്പിക്കാനായി ദൈവിക സന്നിധിയിൽ നിന്നു പുറപ്പെട്ടുവന്ന പ്രകാ ശകിരണമാണ് യേശുക്രിസ്തു. തങ്ങൾ പ്രകാശകിരണങ്ങളാ

ണെന്ന അവബോധം സകല മനുഷ്യർക്കും നല്കി ശരീരമാകുന്ന തടവറയിൽനിന്നു അവരെ മോചിപ്പിക്കുകയാണ് യേശുവാകുന്ന പ്രകാശത്തിന്റെ ലക്ഷ്യം. യേശുവിന്റെ മനുഷ്യത്വം യാഥാർത്ഥ്യമായിരുന്നില്ല; വെറും ഒരു തോന്നൽ മാത്രമായിരുന്നു. മനുഷ്യന് തന്റെ സ്വത്വത്തെക്കുറിച്ചുള്ള ജ്ഞാനം നല്കിയതിനുശേഷം യേശു തിരിച്ചുപോയി. അവന്റെ മനുഷ്യവതാരം, പീഡാസഹനം, കുരിശുമരണം എല്ലാം ഒരു തോന്നൽ മാത്രമായിരുന്നു.

വ്യാജക്രിസ്തുമാരെക്കുറിച്ച് യോഹന്നാൻ നടത്തുന്ന പരാമർശങ്ങൾ ഈ പാശ്ചാത്തലത്തിൽ മനസിലാക്കാനാവും. ക്രിസ്ത്യാനികളുടെ ഇടയിൽത്തന്നെ പിളർപ്പുണ്ടാക്കുന്ന ഒരു തെറ്റായ ചിന്താഗതിയാണത്. യേശുവിലൂടെ വെളിവാക്കപ്പെട്ട ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെയും പ്രബോധനങ്ങളെയും നിഷേധിക്കുന്ന ഈ ചിന്താഗതി പ്രചരിപ്പിക്കുന്നവരാണ് വ്യാജക്രിസ്തുമാർ. അവരെ തിരിച്ചറിയാനുള്ള മാർഗ്ഗവും യോഹന്നാൻ പറഞ്ഞുതരുന്നുണ്ട്: *"ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം. യേശുക്രിസ്തു ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്. യേശുവിനെ ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽ നിന്നല്ല; വരാനിരിക്കുന്നു എന്നു നിങ്ങൾ കേട്ടിട്ടുള്ള അന്തിക്രിസ്തുവിന്റെ ആത്മാവാണത്"* (1 യോഹ 4, 2-3). ദൈവപുത്രന്റെ മനുഷ്യവതാരവും കുരിശുമരണവും ഉത്ഥാനവും നിഷേധിക്കുന്ന ചിന്താഗതിയും പ്രബോധനവും അന്തിക്രിസ്തുവിന്റേതാണ്; അല്ല, അതുതന്നെയാണ് അന്തിക്രിസ്തു എന്ന നിഗമനത്തിലേക്കാണ് ഈ വിവരണങ്ങൾ നയിക്കുക.

## അവസാന മണിക്കൂർ

യുഗാന്തം, ലോകാവസാനം എന്നൊക്കെയാണ് അവസാന മണിക്കൂർ എന്ന പദപ്രയോഗം മനസിലുണർത്തുന്ന ചിന്ത. എന്നാൽ യോഹന്നാന്റെ അവതരണശൈലിയിൽ "മണിക്കൂർ" എന്ന പ്രയോഗത്തിനു രണ്ടർത്ഥതലങ്ങളുണ്ട്. *"എന്റെ സമയം (മണിക്കൂർ എന്നു ഗ്രീക്കിൽ) ഇനിയും ആയിട്ടില്ല"* (യോഹ 2, 5); *"മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയ(മണിക്കൂർ)മായി"* (യോഹ 12, 23). ഇതുപോലുള്ള പ്രയോഗങ്ങളിൽ "മണിക്കൂർ" മരണവും ഉത്ഥാനവും വഴി സംഭവിക്കുന്ന യേശുവിന്റെ മഹത്വീകരണത്തെയാണു സൂചിപ്പിക്കുന്നത്.

രണ്ടാമത്തെ അർത്ഥമാണ് താഴെകൊടുക്കുന്ന പ്രഖ്യാപനത്തിലുള്ളത്. *"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു, അല്ല വന്നു കഴിഞ്ഞു..... കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു"* (യോഹ 5, 25-28). മണിക്കൂർ എന്നാണ് മൂലത്തിൽ. യേശുവിലൂടെ ലഭ്യമായ നവജീവനിലും ദൈവപുത്രസ്ഥാനത്തിലും മനുഷ്യർ പങ്കുചേരുന്ന രക്ഷയുടെ സമയത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. യേശുവിന്റെ മഹത്വീകരണം മുതൽ രണ്ടാം വരവുവരെയുള്ള സുദീർഘമായ കാലഘട്ടമാണത്. അതാണ് നാം ജീവിക്കുന്ന സമയം അഥവാ മണിക്കൂർ. ഇതിന്റെ അവസാനം എപ്പോഴായിരിക്കും എന്ന് ആർക്കും അറിയില്ല, പിതാവിനല്ലാതെ. അതിനാൽ അന്തിക്രിസ്തുവും വ്യാജക്രിസ്തുമാരും ലോകാവസാനത്തിൽ പ്രത്യക്ഷപ്പെടാനിരിക്കുന്ന വ്യക്തി എന്നതിലുപരി ജനത്തെ വഴി തെറ്റിക്കുന്ന തെറ്റായ പ്രബോധനങ്ങളുടെ പ്രചാരകരും പ്രയോക്താക്കളും ആണെന്ന നിഗമനത്തിലേക്കാണ് ഈ വിചിന്തനങ്ങൾ നയിക്കുന്നത്.

## യേശുവിന്റെ താക്കീതുകൾ

*"ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. പലരും എന്റെ നാമത്തിൽവന്ന് ഞാൻ ക്രിസ്തുവാണ് എന്ന് പറയുകയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യും"* (മത്താ 24, 4-5). അനേകം പ്രവചനങ്ങളിൽ അടിസ്ഥാനമുറപ്പിച്ച് ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന വിമോചകനും രക്ഷകനുമാണ് ക്രിസ്തു. ദാവീദിന്റെ പുത്രനായ രാജാവായി ക്രിസ്തുവിനെ അവർ കണ്ടു. യേശുവിനെ ദാവീദിന്റെ പുത്രൻ എന്ന് ഉദ്ഘോഷിച്ച് ഹോസാനാവിളികൾക്കു മധ്യേ ജറുസലേമിലേക്ക് അകമ്പടി സേവിച്ച ജനം പക്ഷേ നാലുനാൾ കഴിഞ്ഞപ്പോൾ നിരാശരായി; അവരുടെ പ്രതീക്ഷകൾക്കു വിരുദ്ധമായിരുന്നു കുരിശുമരണം. എന്നാൽ വൈകാതെ വീണ്ടും പലരും താനാണ് ക്രിസ്തു എന്ന അവകാശവാദവുമായി രംഗപ്രവേശം ചെയ്തതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ചരിത്രത്തിലുടനീളം ഇപ്രകാരമുള്ള കള്ളക്രിസ്തുമാർ പ്രത്യക്ഷപ്പെടും എന്ന യേശുവിന്റെ താക്കീത് എന്നും പ്രസക്തമാണ്. ഇവിടെ കള്ളക്രിസ്തുമാരുടെ കൂടെ വ്യാജപ്രവാചകന്മാരെക്കു

റിച്ചും യേശു മുന്നറിയിപ്പ് നല്കുന്നുണ്ട്. അവർ ജനത്തെ വഴി തെറ്റിക്കും, അനേകരുടെ വിശ്വാസത്യാഗത്തിനു കാരണമാവുകയും ചെയ്യും (മത്താ 24:10-24). ഇവരുടെ പ്രവർത്തനം മനുഷ്യരുടെ ബോധമണ്ഡലത്തിലായിരിക്കും. തെറ്റായ ചിന്താഗതികൾ പ്രചരിപ്പിക്കുക, നേരിന്റെ തുണിയുടുപ്പിച്ച് നുണയെ അവതരിപ്പിക്കുക. ഇതാണ് വ്യാജപ്രബോധകരും വ്യാജക്രിസ്തുമാരും വ്യാജപ്രവാചകരും ചെയ്യുന്നത്. അതിനാൽ നേരും നുണയും തിരിച്ചറിയാൻ പ്രയാസം നേരിടും. അടയാളങ്ങളും അത്ഭുതങ്ങളും പോലും പ്രവർത്തിക്കുന്ന വ്യാജന്മാരെക്കുറിച്ചുള്ള നാഥന്റെ താക്കീത് മനസിൽ സൂക്ഷിക്കണം.

## 3. അരാജകത്വത്തിന്റെ മനുഷ്യൻ

മതപീഡനത്താൽ മനം തളരുകയും കർത്താവിന്റെ മടങ്ങിവരവിനായി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്ന തെസലോണിക്കായിലെ വിശ്വാസികൾക്ക് എഴുതുന്ന രണ്ടാം ലേഖനത്തിൽ വി. പൗലോസ് വരാനിരിക്കുന്ന ഒരജ്ഞാതശക്തിയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ആദ്യത്തെ ലേഖനം തെറ്റിധരിക്കപ്പെട്ടു; കർത്താവ് ഉടനെ വരും, അല്ല വന്നു കഴിഞ്ഞു എന്നു പലരും ആ ലേഖനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിലാണ് കർത്താവു മടങ്ങിവരുന്നതിനുമുമ്പു സംഭവിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ചു പരാമർശിക്കുന്നത്. അതിൽ ഒന്നാണ് അരാജകത്വത്തിന്റെ മനുഷ്യൻ.

*"ആരും നിങ്ങളെ ഒരുവിധത്തിലും വഞ്ചിക്കാതിരിക്കട്ടെ. എന്തെന്നാൽ ആ ദിവസത്തിനുമുമ്പ് വിശ്വാസത്യാഗം ഉണ്ടാവുകയും നാശത്തിന്റെ സന്താനമായ അരാജകത്വത്തിന്റെ മനുഷ്യൻ പ്രത്യക്ഷപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ദൈവമെന്നു വിളിക്കപ്പെടുന്നതോ ആരാധനവിഷയമായിരിക്കുന്നതോ ആയ എല്ലാറ്റിനെയും അവൻ എതിർക്കുകയും അവയ്ക്കുപരി തന്നെത്തന്നെ പ്രതിഷ്ഠിക്കുകയും ചെയ്യും. അതുവഴി താൻ ദൈവമാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തിന്റെ ആലയത്തിൽ സ്ഥാനം പിടിക്കും"* (2 തെസ 2, 3-4).

ആരാണ് ഈ ആൾ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. ദേവാലയത്തിൽ വിഗ്രഹം സ്ഥാപിച്ച അന്തിയോക്കസ് നാലാമന്റെയും സ്വന്തം വെങ്കലപ്രതിമ ജറുസലെം ദേവാലയത്തിൽ സ്ഥാപിക്കാൻ ശ്രമിച്ച റോമൻ ചക്രവർത്തി കലി

ഗുളയുടെയും പ്രതീകങ്ങൾ ഉപയോഗിച്ച് ഇനിയും വരാനിരിക്കുന്ന ദൈവനിഷേധിയായ ഒരു രാജാവിനെക്കുറിച്ചാണ് സൂചന എന്നു കരുതുന്നവരുണ്ട്. എന്നാൽ ചരിത്രപുരുഷനായ ഏതെങ്കിലും ഒരു വ്യക്തിയെക്കാൾ ദൈവനിഷേധം നിയമമാക്കി ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിക്കുന്ന തിന്മയുടെ ശക്തിയെക്കുറിച്ചാണ് അപ്പസ്തോലൻ താക്കീതു നല്കുന്നത് എന്നു കരുതാൻ ന്യായമുണ്ട്. തുടർന്നുള്ള വിവരണങ്ങൾ ഇപ്രകാരം ഒരു വ്യാഖ്യാനത്തിന് കൂടുതൽ സാധുത നല്കുന്നു.

*"അരാജകത്വത്തിന്റെ അജ്ഞാതശക്തി ഇപ്പോഴേ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്"* (2 തെസ 2, 7) എന്ന വിവരണം ഏതെങ്കിലും ഒറ്റപ്പെട്ട വ്യക്തിയെ എന്നതിനേക്കാൾ ഒരു മനോഭാവത്തെയും പ്രവർത്തനശൈലിയെയും ആത്യന്തികമായി തിന്മയുടെ ശക്തിയെത്തന്നെയും സൂചിപ്പിക്കുന്നു എന്ന നിഗമനത്തിനു സാധുത നല്കുന്നു. ഇതുതന്നെയാണ് കൂടുതൽ വ്യക്തമായി തുടർന്നു വിവരിക്കുന്നത്.

*"സാത്താന്റെ പ്രവർത്തനത്താൽ നിയമനിഷേധിയുടെ ആഗമനം എല്ലാ ശക്തികളോടും വ്യാജമായ അടയാളങ്ങളോടും അത്ഭുതങ്ങളോടും, സത്യത്തെ സ്നേഹിക്കാനും അങ്ങനെ രക്ഷ പ്രാപിക്കാനും വിമുഖത കാണിക്കുകയാൽ നശിച്ചുപോകുന്നവരെ വഞ്ചിക്കുന്ന അനീതികളോടും കൂടെ ആയിരിക്കും. അതിനാൽ വ്യാജമായതിനെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഒരു മിഥ്യാബോധം ദൈവം അവരിൽ ഉണർത്തും. തദ്ഫലമായി സത്യത്തിൽ വിശ്വസിക്കാതെ അനീതിയിൽ ആഹ്ലാദിച്ചവരെല്ലാം ശിക്ഷയ്ക്കു വിധിക്കപ്പെടും"* (2 തെസ 2, 9-11).

നാശത്തിന്റെ സന്തതി, അരാജകത്വത്തിന്റെ മനുഷ്യൻ, നിയമനിഷേധി എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സെമിറ്റിക് ഭാഷാശൈലിയുടെ ഭാഗമാണ്. ഇത് ഒരു വ്യക്തിയെ എന്നതിലുപരി ഒരു സ്വഭാവത്തെയാണ് സൂചിപ്പിക്കുക. അതിനാൽ ഇവിടെപ്പറയുന്ന നിയമനിഷേധി ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടതോ, ഇനിയും പ്രത്യക്ഷപ്പെടാനിരിക്കുന്നതോ ആയ ഏതെങ്കിലും ഒരു വ്യക്തിയാകണമെന്നില്ല. മറിച്ച് ദൈവനിഷേധം സ്വഭാവമായി മാറ്റിയിരിക്കുന്ന തിന്മയുടെ ശക്തിപ്രകടമാകുന്ന വിവിധ സാഹചര്യങ്ങളും പ്രബോധനങ്ങളും, നിയമങ്ങളും പ്രവർത്തനങ്ങളുമാകാം. സാത്താനാണ് ഇതിലൂടെ എല്ലാം പ്രവർത്തിക്കുന്നത് എന്നു

പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വിശ്വാസത്തിൽ ഉറപ്പില്ലാത്തവരെ വശീകരിക്കാൻ പര്യാപ്തമായ അത്ഭുതങ്ങളും അടയാളങ്ങളും ആയിരിക്കും.

അസത്യത്തെ സത്യമായി കരുതി സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന ഒരു മിഥ്യാബോധം ജനത്തെ തിന്മയിലേക്കു നയിക്കും എന്നു തുടർന്നു പറയുന്നു. ദൈവമാണ് ഈ മിഥ്യാബോധം ജനിപ്പിക്കുന്നത് എന്നു പറയുമ്പോഴും ദൈവം ആരെയെങ്കിലും മനഃപൂർവ്വം തിന്മയിലേക്കു നയിക്കും എന്നു കരുതാനാവില്ല. മറിച്ച്, സത്യത്തിനുനേരേ കാതടയ്ക്കുകയും മനഃപൂർവ്വം ദൈവത്തിനു പുറംതിരിയുകയും ചെയ്യുന്നവർക്ക് സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയാൻ കഴിയാതെ വരും; ദൈവകല്പന ലംഘിക്കുമ്പോൾ ഹവ്വായ്ക്കു സംഭവിച്ചതുപോലെ.

ഇവിടെയാണ് നിയമനിഷേധിയെക്കുറിച്ചുള്ള പ്രബോധനത്തിന്റെ കാതൽ. സത്യം സ്വീകരിക്കാൻ മടിക്കുന്നവർ അസത്യത്തെ സത്യമായി സ്വീകരിക്കും. അതാണ് സാത്താന്റെ പദ്ധതി, പ്രവർത്തനശൈലി. അവൻ *"നുണയനും നുണയുടെ പിതാവുമാണ്"* (യോഹ 8, 44) എന്ന് യേശു തന്നെ താക്കീതു നല്കിയിട്ടുണ്ട്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇതിനെക്കുറിച്ച് പൗലോസ് വിശദമായി പ്രതിപാദിക്കുന്നുണ്ട്. *"അവർ തങ്ങളുടെ അനീതിയിൽ സത്യത്തെ തളച്ചിടുന്നു"* എന്ന ആരോപണത്തോടെ തുടങ്ങുന്ന പ്രബോധനം എപ്രകാരമാണ് ദൈവത്തിനു മനഃപൂർവ്വം പുറംതിരിയുന്ന മനുഷ്യൻ തിന്മയുടെ ആധിപത്യത്തിലാണ്ടുപോകുന്നത് എന്നു വ്യക്തമാക്കുന്നു (റോമാ 1, 20–32). ദൈവം മനുഷ്യനെ അന്ധനാക്കിയതുകൊണ്ടല്ല, മനുഷ്യൻ പ്രകാശത്തിനുനേരെ കണ്ണടച്ചതുകൊണ്ടാണ് അന്ധനാകുന്നത്. അതിനു പ്രേരിപ്പിക്കുന്നതാണ് തിന്മയുടെ ശക്തി എന്നു വിശേഷിപ്പിക്കുന്ന സാത്താൻ.

## വെളിപാടുപുസ്തകത്തിൽ: സർപ്പം, മൃഗങ്ങൾ

ചരിത്രത്തിലുടനീളം ഈ തിന്മയുടെ ശക്തിയുടെ പ്രവർത്തനങ്ങൾ കാണാം. ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടു പുസ്തകത്തിൽ നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന ഈ പോരാട്ടത്തെ അനേകം പ്രതീകങ്ങളിലൂടെ, വെളിപാടു സാഹിത്യത്തിന്റെ തനതായ ശൈലിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ ചിത്രങ്ങൾ നിയ

മനിഷേധി, അരാജകത്വത്തിന്റെ മനുഷ്യൻ, വിനാശത്തിന്റെ പുത്രൻ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന യാഥാർത്ഥ്യത്തിലേക്കു കൂടുതൽ വെളിച്ചംവീശും.

വെളിപാടുപുസ്തകത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നു നന്മയും തിന്മയും തമ്മിലുള്ള ഈ പോരാട്ടത്തിന്റെ ദൃശ്യങ്ങൾ (വെളി 12-13). രക്ഷകന്റെ മാതാവായ സ്ത്രീയും രക്ഷകശിശുവിനെ വിഴുങ്ങാൻ കാത്തുനില്ക്കുന്ന സർപ്പവും എന്ന രണ്ടു പ്രതീകങ്ങളിലൂടെയാണ് സംഘട്ടനത്തിന്റെ തുടക്കം കുറിക്കുന്നത്. പ്രസവക്ലേശത്താൽ ഞെരുങ്ങി നിലവിളിക്കുന്ന ഗർഭിണി, രക്ഷകനുവേണ്ടി ആകാംക്ഷയോടെ, കണ്ണീരോടെ കാത്തിരിക്കുന്ന ദൈവജനത്തിന്റെ പ്രതീകമാണ്. രക്ഷകന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സർപ്പത്തിന്റെ നിരന്തരപീഡനത്തിനിരയായി, മരുഭൂമിയിൽ, ദൈവത്തിന്റെ തുണയാൽ സുരക്ഷിതയായി കഴിയുന്ന സ്ത്രീയാകട്ടെ, ക്രിസ്തുവിന്റെ മണവാട്ടി എന്നു വിശേഷിപ്പിക്കുന്ന പുതിയ ദൈവജനം, അഥവാ ക്രിസ്തുവിന്റെ സഭ. ഈ സ്ത്രീയുടെ ചിത്രത്തിനു പിന്നിൽ യേശുവിന്റെ അമ്മയും അമലോത്ഭവയും സ്വർഗ്ഗാരോപിതയുമായ പരിശുദ്ധ കന്യകാമറിയത്തെയും കാണാൻ കഴിയും. എന്നാലും ദൈവജനം എന്നു പൊതുവായ കാഴ്ചപ്പാടാണ് ബൈബിൾ വ്യാഖ്യാതാക്കൾ കൂടുതൽ സ്വീകാര്യമായി കരുതുന്നത്.

ജനത്തിന്റെ ശത്രുവായി നില്ക്കുന്ന ഭീകര സർപ്പം തിന്മയുടെ മൂർത്തരൂപമാണ്. ദൈവനിഷേധിയും ദൈവവിരോധിയുമായ ഈ സത്വം ക്രിസ്തുവിന്റെ പ്രതിയോഗിയായി പ്രത്യക്ഷപ്പെടുന്നു. ക്രിസ്തുവിന്റെ പ്രതീകമായ കുഞ്ഞാടിനെപ്പോലെ (വെളി 5, 6; 14, 1; 19, 12) ഇതും രാജകീയ പ്രഭാവം പ്രകടമാക്കുന്നു. ഏഴുതലയും പത്തുകൊമ്പും തലകളിൽ ഏഴുകിരീടങ്ങളുമുള്ള സർപ്പം അതിശക്തനായ രാജാവായി പ്രത്യക്ഷപ്പെടുന്നു. മൂന്നിലൊരു ഭാഗം നക്ഷത്രങ്ങളെ വാലുകൊണ്ടു വാരിക്കൂട്ടി ഭൂമിയിലേക്കെറിയുന്നത് അതിന്റെ ഭയാനകമായ ശക്തി വെളിപ്പെടുത്തുന്നു. അതോടൊപ്പം ദൈവദൂതൻ പിശാചായി മാറി, മറ്റനേകം ദൂതന്മാരെയും തന്റെ കൂടെ കൂട്ടി, ഭൂമിയിൽ തിന്മയുടെ രാജ്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതിന്റെ പ്രതീകാത്മകമായ ഒരു ചിത്രീകരണവുമാകാം.

തുടർന്നുള്ള വിവരണങ്ങൾ മുഖാഭിമുഖം നില്ക്കുന്ന രണ്ടു

സമൂഹങ്ങളെ അവതരിപ്പിക്കുന്നു. ദൈവം, കുഞ്ഞാട്, സ്ത്രീ (ദൈവജനം) ഒരുവശത്ത്. സർപ്പം, സർപ്പത്തിന്റെ ഉപകരണങ്ങളായ രണ്ടു മൃഗങ്ങൾ മറുവശത്ത് (വെളി 13). ദൈവജനത്തിന്റെ പ്രതീകമായ, മരുഭൂമിയിൽ കഴിയുന്ന സ്ത്രീയ്ക്കെതിരേ യുദ്ധം ചെയ്യാൻ പുറപ്പെട്ട സർപ്പം സമുദ്രത്തിന്റെ മണൽത്തിട്ടയിൽ നിലയുറപ്പിച്ചു (12, 18) എന്ന പ്രതീകം തിന്മയുടെ ദൗർബല്യത്തിലേക്ക് വിരൽചൂണ്ടുന്നു; മണലിൽ നില ഉറയ്ക്കുകയില്ലല്ലോ.

സർപ്പത്തിന്റെ ഉപകരണങ്ങളാണ് രണ്ടു മൃഗങ്ങൾ. ആദ്യത്തേത് കടലിൽനിന്നു കയറിവരുന്നു. സർപ്പത്തെപ്പോലെ അതിനും ഏഴുതലയും പത്തുകൊമ്പും പത്തു കിരീടങ്ങളുമുണ്ട്. സർപ്പത്തിന്റെ പ്രതിനിധിയും പുനരവതാരവുമായി ഇതിനെ കാണാം. ഗ്രന്ഥകർത്താവായ യോഹന്നാന്റെ കാലത്ത് കടലിൽ ആധിപത്യം സ്ഥാപിക്കുകയും, അന്നറിയപ്പെട്ടിരുന്ന പാശ്ചാത്യലോകത്തെ അനിഷേധ്യ അധിപതിയായി വാഴുകയും ചെയ്തിരുന്ന റോമാസാമ്രാജ്യത്തിന്റെ പ്രതീകമാണ് ഈ മൃഗം. ദൈവദൂഷണം പറയുന്ന അതിന്റെ നാവ് (13, 1) സ്വയം ദൈവമായി പ്രഖ്യാപിച്ചതിലൂടെ ദൈവനിഷേധിയായി മാറിയ ഡൊമീഷ്യന്റെ പ്രതീകമായി കാണാം. റോമാസാമ്രാജ്യം ഇവിടെ സാത്താന്റെ പ്രതീകവും ഉപകരണവുമായിത്തീരുന്നു. തുടർന്നുള്ള വിവരണത്തിൽ (13, 2-9) ദൈവത്തെ നിഷേധിക്കുകയും ദൈവജനത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന ആ മൃഗത്തിന് 42 മാസം അധികാരം നല്കപ്പെട്ടു എന്നു പറയുന്നത് രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

42 മാസം, 3 1/2 വർഷം, 1260 ദിവസം, ഇവയെല്ലാം സുദീർഘവും അതേസമയം പരിമിതവുമായ ഒരു കാലത്തെ സൂചിപ്പിക്കുന്നു. ഏലിയായുടെ കാലത്തുണ്ടായ മൂന്നരവർഷത്തെ ക്ഷാമവും (1 രാജാ 18, 1; ലൂക്കാ 4, 25) അന്തിയോക്കസ് നാലാമന്റെ മൂന്നരവർഷത്തെ മതപീഡനവും (ബി.സി. 167-64) ഇപ്രകാരമൊരു സംഖ്യയ്ക്കു പിന്നിലുണ്ട്. നീറോയുടെ മതപീഡനവും മൂന്നരവർഷം ദീർഘിച്ചു (എഡി 64-67). പീഡനത്തിന്റെ കാലമായ ഈ മൂന്നരവർഷം യേശുവിന്റെ മഹത്വീകരണം മുതൽ രണ്ടാം വരവുവരെയുള്ള സുദീർഘമായ കാലത്തെയും സൂചിപ്പിക്കുന്നു. മരുഭൂമിയിലേക്ക് ഓടിയ സ്ത്രീക്ക് *"1260 ദിവസം അവളെ പോറ്റുന്നതിന് ദൈവം സജ്ജമാക്കിയ ഒരു സ്ഥലമുണ്ടായിരുന്നു"* (വെളി

12, 6) എന്ന പ്രസ്താവന ഇതു വ്യക്തമാക്കുന്നു. ദൈവജനത്തെ ആയുധമുപയോഗിച്ചു കീഴടക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ മൂർത്തരൂപമാണ് ഈ മൃഗം. അത് സാത്താന്റെ ഉപകരണവുമാണ്. ദീർഘകാലത്തേക്ക് ഈ സംഘട്ടനം നിലനില്ക്കും; എന്നാൽ മൃഗം വിജയിക്കുകയില്ല.

ഭൂമിക്കടിയിൽനിന്നു കയറി വരുന്ന രണ്ടാമത്തെ മൃഗം (വെളി 13, 11-18) റോമാസാമ്രാജ്യത്തിന്റെ പ്രവിശ്യകളെയാണ് പ്രഥമദൃഷ്ട്യാസൂചിപ്പിക്കുന്നത്. ആദ്യമൃഗത്തെ ദൈവമായി ആരാധിക്കാൻ പ്രേരിപ്പിക്കുകയും വലിയ അത്ഭുതങ്ങളും അടയാളങ്ങളും വഴി ജനത്തെ വഴിതെറ്റിക്കുകയും ചെയ്യുന്ന ഈ മൃഗത്തെ വ്യാജപ്രവാചകൻ എന്നും വിശേഷിപ്പിക്കുന്നുണ്ട് (വെളി 16, 13; 19, 20). ഇരുവരുടെയും വായിൽനിന്നു പുറപ്പെടുന്ന തവളകളെപ്പോലുള്ള അശുദ്ധാത്മാക്കൾ നുണപ്രചരണതന്ത്രങ്ങളെയാണ് സൂചിപ്പിക്കുക. ഇവിടെ തിന്മയുടെ ത്രിമൂർത്തികൾ പ്രത്യക്ഷപ്പെടുന്നു, സർപ്പം, മൃഗം, വ്യാജപ്രവാചകൻ. മനുഷ്യന്റെ സകല വ്യാപാര മേഖലകളിലും ആധിപത്യം ഉറപ്പിക്കുന്ന മൃഗം സാത്താന്റെ തന്നെ പ്രതീകമാണ്. അതിന്റെ നാമസംഖ്യ 666 തന്നെ ഇതു സൂചിപ്പിക്കുന്നു. പൂർണ്ണസംഖ്യയായ ഏഴിൽനിന്നു ഒന്നു കുറഞ്ഞ അപൂർണ്ണ സംഖ്യയായ ആറ് മൂന്നുതവണ ആവർത്തിക്കുന്നതിലൂടെ ഇതിനെ അപൂർണ്ണതയുടെ പൂർണ്ണത അഥവാ തിന്മയുടെ മൂർത്തരൂപം ആയി ചിത്രീകരിക്കുന്നു.

വെളിപാടുപുസ്തകത്തിന്റെ കാഴ്ചപ്പാടിൽ ചരിത്രത്തിന്റെ ഏതെങ്കിലും ഒരു ദശാസന്ധിയിൽ വന്നുപോയ വ്യക്തിയോ, ശക്തിയോ, പ്രതിഭാസമോ മാത്രമല്ല ഇത്. മറിച്ച്, മാനവചരിത്രത്തിൽ ഉടനീളം വ്യത്യസ്ഥരൂപങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെടുന്ന തിന്മയുടെ ശക്തിതന്നെയാണ്. ഓരോ കാലഘട്ടത്തിലും ഓരോ പേരിൽ അറിയപ്പെടുന്ന രാജാക്കന്മാരോ നേതാക്കന്മാരോ ആകാം; അഥവാ പ്രസ്ഥാനങ്ങളും ചിന്താധാരകളും പ്രത്യയശാസ്ത്രങ്ങളുമാകാം. എന്നാൽ എല്ലാറ്റിന്റെയും അടിസ്ഥാനഭാവം ഒന്നുതന്നെ: തിന്മയെ നന്മയായി വേഷമണിയിക്കുന്ന നുണ.

## 4. വ്യാജപ്രവാചകൻ (മാർ)

ജനത്തെ വഴിതെറ്റിച്ച് നാശത്തിലേക്കു നയിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നവരാണ് വ്യാജപ്രവാചകന്മാർ. വെളി

പാടുപുസ്തകത്തിൽ കണ്ട സർപ്പത്തിന്റെ ഉപകരണമായ വ്യാജ പ്രവാചകൻ എന്ന പ്രതീകം ഇതരബൈബിൾ ഗ്രന്ഥങ്ങളിൽ വ്യാജപ്രവാചകന്മാർ എന്ന ബഹുവചനത്തിലാണ് അധികപങ്കും പരാമർശവിഷയമാകുന്നത്. യുഗാന്തത്തിൽ വരുന്നവർ എന്നതിനേക്കാൾ ചരിത്രത്തിൽ ഉടനീളം മനുഷ്യനെ നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ വക്താക്കളായിട്ടാണ് വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ അവരെ യഥാർത്ഥപ്രവാചകരിൽ നിന്നു തിരിച്ചറിയുക എളുപ്പമായിരിക്കുകയില്ല.

ദൈവജനം നിരന്തരം നേരിടുന്ന ഒരു ശാപം പോലെയാണ് വ്യാജപ്രവാചകന്മാർ. പഴയനിയമത്തിലും പുതിയ നിയമത്തിലും ഇവരെക്കുറിച്ചുള്ള മുന്നറിയിപ്പുകളും താക്കീതുകളും കാണാം. യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങൾ, “മോശയെപ്പോലെ ഒരു പ്രവാചകൻ” എന്ന ആദ്യ അധ്യായത്തിൽ വിശദമായി ചർച്ച ചെയ്തതിനാൽ മാനദണ്ഡങ്ങൾ എടുത്തുകാട്ടുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. മുഖ്യമായും നാലു മാനദണ്ഡങ്ങളാണ് യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാൻ നിർദ്ദേശിച്ചിരിക്കുന്നത്. 1. പ്രവചനങ്ങളുടെ പൂർത്തീകരണം (നിയ 18, 21-22). 2. പൂർത്തീകരണം വാഗ്ദാനങ്ങൾക്കു മാത്രം; മാനസാന്തരത്തിനാഹ്വാനം ചെയ്യുന്നവർ മുൻകൂട്ടി അറിയിക്കുന്ന ശിക്ഷകൾ നിറവേറിയില്ലെങ്കിലും യഥാർത്ഥ പ്രവാചകരായിരിക്കും (ജറെ 28, 8-9). 3. പരമ്പരാഗതമായ വിശ്വാസത്തോടുള്ള വിശ്വസ്തത (നിയ 13,1-5). 4. ജീവിതസാക്ഷ്യം (മത്താ 7, 15-20). ഇവയിൽ നാലാമത്തേതാണ് ഏറ്റം പ്രധാന മാനദണ്ഡം. യേശുതന്നെ എടുത്തുകാട്ടിയതും ഈ മാനദണ്ഡംതന്നെ.

*“ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണ്. ഫലങ്ങളിൽനിന്ന് അവരെ മനസ്സിലാക്കാം... അവരുടെ ഫലങ്ങളിൽ നിന്ന് നിങ്ങൾ അവരെ അറിയും”* (മത്താ 7, 15-20). പുതിയ ഉടമ്പടിയുടെ സ്വഭാവം വിശദീകരിക്കുന്ന, ദൈവരാജ്യത്തിന്റെ മൂല്യങ്ങളും നിബന്ധനകളും വ്യക്തമാക്കുന്ന മലയിലെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് യേശു നല്കുന്ന ഈ മുന്നറിയിപ്പും താക്കീതും ദൈവജനം എക്കാലവും നേരിടുന്ന ഒരു പ്രലോഭനത്തിലേക്കു വിരൽചൂണ്ടുന്നു, വ്യാജപ്രവാചകന്മാർ.

ദൈവഹിതമാണ് തങ്ങൾ അറിയിക്കുന്നത് എന്ന് അവകാ

ശപ്പെടുകയും തെളിവുകളായി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്താലും അവരുടെ ജീവിതവും വാക്കുകളും തമ്മിൽ പൊരുത്തമില്ലെങ്കിൽ, അഥവാ അവരുടെ പ്രബോധനങ്ങൾ യേശുവിന്റെ സഭയുടെ ആധികാരികപ്രബോധനങ്ങൾക്ക് അനുയോജ്യമല്ലെങ്കിൽ, അവരെ വ്യാജപ്രവാചകന്മാരായി കരുതണം. *"കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ"* (മത്താ 7, 22-23).

ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നവർ മാത്രമല്ല, വ്യാജപ്രവാചകന്മാർ. അതിലുപരി, അറിഞ്ഞോ അറിയാതെയോ ജനങ്ങളെ വഴിതെറ്റിച്ച് തിന്മയുടെ പാതയിലൂടെ നയിക്കുന്നവരാണ് വ്യാജപ്രവാചകന്മാർ. മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്നവനെയാണ് പ്രവാചകൻ എന്നു വിശേഷിപ്പിക്കുന്നത്. മറ്റാർക്കെങ്കിലും വേണ്ടിയല്ല, ദൈവത്തിനുവേണ്ടി, ദൈവം നല്കുന്ന വാക്കുകൾ വിശ്വസ്തതയോടെ പ്രഘോഷിക്കുന്നവരാണ് യഥാർത്ഥ പ്രവാചകർ. എന്നാൽ ദൈവവചനം എന്ന ഭാവത്തിൽ സ്വന്തം താൽപര്യങ്ങളും പദ്ധതികളും അവതരിപ്പിക്കുന്നവർ വ്യാജപ്രവാചകരായിത്തീരുന്നു.

മനുഷ്യരുടെ ബോധമണ്ഡലത്തിലാണ് മുഖ്യമായും പ്രവാചകന്മാർ പ്രവർത്തിക്കുന്നത്. അത് ഏതെങ്കിലും ഒറ്റപ്പെട്ട ഒരു വ്യക്തിയുടെയോ ഏതാനും ചില വ്യക്തികളുടെയോ പ്രവർത്തനം മാത്രം ആകണമെന്നില്ല. സമൂഹത്തെ മുഴുവൻ സ്വാധീനിക്കുന്ന ചിന്താധാരകളും ലോകവീക്ഷണങ്ങളും ജീവിതശൈലികളുമാകാം. ബൈബിളിന്റെ ഭാഷയിൽ അതിനെ ദൈവനിഷേധം, ദൈവത്തിന്റെ മനുഷ്യാവതാരം നിഷേധിക്കൽ, യേശുവിനെ വെറും ഒരു മനുഷ്യൻ മാത്രമായി അവതരിപ്പിക്കൽ, തെറ്റായ യുഗാന്തവീക്ഷണം എന്നിങ്ങനെ വിവിധ രീതികളിൽ പ്രത്യക്ഷപ്പെടാം. ബോധമണ്ഡലത്തിൽ സ്വീകരിക്കുന്ന തെറ്റായ ബോധ്യങ്ങൾ തെറ്റായ ജീവിതശൈലിയിലേക്കും, ആത്യന്തികമായി സർവ്വനാശത്തിലേക്കും നയിക്കും. അതുതന്നെയാണ് വ്യാജപ്രവാചകർ വരുത്തിവയ്ക്കുന്ന ദുരന്തം.

## 5. ചുരുക്കത്തിൽ

അന്തിക്രിസ്തു, കള്ളക്രിസ്തുമാർ, അരാജകത്വത്തിന്റെ മനുഷ്യൻ, വ്യാജപ്രവാചകൻ, വ്യാജപ്രവാചകന്മാർ എന്നീ വിഷയങ്ങളാണ് ഇവിടെ പഠനവിഷയമാക്കിയത്. യുഗാന്തത്തിൽ വരാനിരിക്കുന്ന ക്രിസ്തു എന്നാണ് അന്തിക്രിസ്തു എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്നു തോന്നാമെങ്കിലും മൂലഭാഷയുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുമ്പോൾ ഇതിനെ ക്രിസ്തുവിന് എതിരായി നില്ക്കുന്ന പ്രതിയോഗി എന്നോ ക്രിസ്തുവിന്റെ തന്നെ സ്ഥാനം അപഹരിക്കുന്ന വ്യാജൻ ക്രിസ്തു എന്നോ മനസ്സിലാക്കണം എന്നു വ്യക്തമാകുന്നു. ഇത് ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടതും ഇനിയും പ്രത്യക്ഷപ്പെടാനിരിക്കുന്നതുമായ ചില ഒറ്റപ്പെട്ട വ്യക്തികളെ സൂചിപ്പിക്കാം; എന്നാൽ അതിലുപരി വീണ്ടും വീണ്ടും പല രൂപങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെടുന്ന തിന്മയുടെ തന്നെ അവതാരങ്ങളെയാണ് അന്തിക്രിസ്തു എന്ന പദം സൂചിപ്പിക്കുന്നത്.

അന്തിക്രിസ്തു എന്ന പ്രതീകത്തിലൂടെ ബൈബിളിന്റെ പല ഭാഗങ്ങളിൽ പരാമർശവിഷയമാകുന്ന തിന്മയുടെ ശക്തിയിൽ പ്രത്യക്ഷമാക്കുന്ന സവിശേഷതകൾ ഇപ്രകാരം സംഗ്രഹിക്കാം. 1. താൻ ദൈവമാണെന്ന് അവകാശപ്പെടുകയും തന്നെ ആരാധിക്കാൻ നിർബ്ബന്ധിക്കുകയും ചെയ്യും (2 തെസ 2, 3-4) 2. ദൈവത്തിനെതിരേ ദൂഷണം പറയും (വെളി 13, 6). 3. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച് ശക്തി പ്രകടമാക്കും (വെളി 13, 13). 4. മരണത്തിൽന്നുയിർത്തു വരുന്നതായി കാണപ്പെടും (വെളി 13, 12). 5. വലിയ അധികാരം പ്രയോഗിക്കും (വെളി 13, 5-7). 6. ലോകസാമ്പത്തിക ക്രമത്തെ മുഴുവൻ നിയന്ത്രിക്കും (വെളി 13, 16-17). 7. ദൈവത്തിന്റെ ആലയം അശുദ്ധമാക്കും (മത്താ 24, 15-21). 8. ദൈവജനത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കും (ദാനി 9, 27;11,40-41). 9. ക്രിസ്തുവിശ്വാസികൾക്കെതിരേ ലോകസേനകളെ അണിനിരത്തും (വെളി 19, 19). 10. അവസാനം അഗ്നിത്തടാകത്തിലേക്ക് എറിയപ്പെടും (വെളി 19, 20; 20,10).

ഈ അർത്ഥത്തിൽ വ്യാജക്രിസ്തുമാരും വ്യാജ പ്രവാചകന്മാരും എല്ലാം സമാനമായ ആശയത്തിന്റെ ആവിഷ്കാരങ്ങളാകുന്നു. അരാജകത്വത്തിന്റെ മനുഷ്യൻ, നിയമനിഷേധി, വിനാശ

ത്തിന്റെ പുത്രൻ എന്നൊക്കെ വിശേഷിപ്പിക്കുന്നതും അന്തിക്രിസ്തു എന്ന പേരിൽ അന്യത്ര പരാമർശവിഷയമായ ശക്തി തന്നെയാണെന്നു കരുതാം. പറുദീസായിൽ തുടങ്ങിയ തിന്മയുടെ പ്രലോഭനം ചരിത്രത്തിലൂടെ തുടരുന്നതിന്റെ വിവിധ രൂപങ്ങൾക്ക് ഊന്നൽ നല്കുന്നതാവും വിവിധ നാമങ്ങൾ. അതിനാൽ ലോകാവസാനത്തിൽ വരാനിരിക്കുന്ന ഒരു ഭീകരസത്വം എന്നതിനേക്കാൾ മനുഷ്യനെ ദൈവത്തിൽനിന്നും സഹോദരനിൽനിന്നും അകറ്റി, നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ മൂർത്തഭാവങ്ങളായി ഇവയെ കാണണം. അതിനാൽത്തന്നെ ആനുകാലിക ജീവിതത്തിൽ വലിയ പ്രാധാന്യമുള്ള ഒരു വിഷയമാണിത്. ഇതുവരെ കണ്ടതിന്റെ വെളിച്ചത്തിൽ ഈ പ്രമേയത്തിന് ഇന്നത്തെ ലോകത്തിലുള്ള പ്രസക്തിയും പ്രാധാന്യവും ചുരുക്കമായി കാണുന്നതു നന്നായിരിക്കും.

## 6. അന്തിക്രിസ്തു ഇന്ന്

തിന്മയുടെ ശക്തി ഈ ലോകത്തിൽ എന്നും പ്രവർത്തനനിരതമായിരുന്നു. ഇന്ന് ആ പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യമാർന്നതും ശക്തവും ആയി അനുഭവപ്പെടുന്നുണ്ട്. ഈ ശക്തിയുടെ ചില ആനുകാലികരൂപങ്ങളിലേക്കാണ് അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

### a. ദൈവനിഷേധം, മതവിദ്വേഷം

സകല മതാചാരങ്ങളും വിലക്കുകയും ദൈവവിശ്വാസം തന്നെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും മതവിശ്വാസത്തിന്റെ പേരിൽ മനുഷ്യരെ പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുന്ന നിരീശ്വരപ്രസ്ഥാനങ്ങളാണ് തിന്മയുടെ മൂർത്തരൂപമായി ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. അത് ഹിറ്റ്ലറിന്റെ നാസിസമാകാം, സ്റ്റാലിൻ നടപ്പിലാക്കാൻ ശ്രമിച്ച നിരീശ്വര കമ്മ്യൂണിസമാകാം, ഇന്നും നിരീശ്വരത്വം വിശ്വാസപ്രമാണമായി സ്വീകരിച്ച്, സർവ്വശക്തിയും ഉപയോഗിച്ചു നടപ്പിലാക്കാൻ രാഷ്ട്രത്തിന്റെ സകല സംവിധാനങ്ങളും ഉപയോഗിക്കുന്ന ഭരണകൂടങ്ങളാകാം. ദൈവത്തിന്റെ സ്ഥാനത്ത് രാഷ്ട്രത്തെയും ഭരണകൂടത്തെയും പ്രതിഷ്ഠിക്കുന്നിടത്ത് അന്തിക്രിസ്തുവും വിനാശത്തിന്റെ പുത്രനും വീണ്ടും അവതരിക്കുന്നു.

**b. മതതീവ്രവാദങ്ങൾ:** ദൈവത്തിന്റെ പേരിൽ ജനങ്ങളെ

പരസ്പരം ഭിന്നിപ്പിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മതതീവ്രവാദങ്ങളിൽ സാത്താൻ വീണ്ടും ദൈവത്തിന്റെ കുപ്പായമണിഞ്ഞ് പ്രത്യക്ഷപ്പെടുന്നു. ഒരുകാലത്ത് നൂറുശതമാനവും ക്രിസ്തുവിശ്വാസികളായിരുന്ന രാജ്യങ്ങളെ തങ്ങളുടെ മതചിഹ്നമായ വാൾ ഉപയോഗിച്ച് മതംമാറ്റി സ്വന്തം മതത്തിന്റെ അംഗങ്ങളാക്കിയ ഇസ്ലാം മതതീവ്രവാദം ഇവിടെ പ്രസക്തമാകുന്നു. ഒരു ഭാഗത്തുനിന്ന് സമാധാനം എന്നു പറയുകയും മറുഭാഗത്തുനിന്ന് ഭീകരപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പിനു പിന്നിൽ സാത്താന്റെ ദുർമുഖം തെളിയുന്നു. ആദിമുതലേ നുണയനും നുണയുടെ പിതാവും കൊലപാതകിയുമായ പിശാചല്ലേ മതവിശ്വാസത്തിന്റെ പേരിൽ നിരപരാധരെ കൊന്നൊടുക്കാൻ പ്രേരിപ്പിക്കുന്നത് എന്നു ചോദിക്കണം.

മനുഷ്യർ തമ്മിൽ കലഹം സൃഷ്ടിക്കാനും നിരപരാധരെ വധിക്കാനും പ്രേരിപ്പിക്കുന്നത് യഥാർത്ഥ ദൈവമല്ല, നുണയനും കൊലപാതകിയുമായ സാത്താൻ തന്നെ ആണെന്നു ബൈബിളിന്റെ വെളിച്ചത്തിൽ നിസംശയം പറയാൻ കഴിയും. ഇത് ഏതെങ്കിലും ഒരു മതത്തിന്റെ പേരിൽ മാത്രമല്ല നടക്കുന്നത് എന്നതും ശ്രദ്ധേയമത്രേ. ലോകം മുഴുവൻ ചന്ദ്രക്കലയുടെ കീഴിലാക്കാൻ ശ്രമിക്കുന്ന ഇസ്ലാം തീവ്രവാദം ഒരുവശത്ത്. ഭാരതത്തെയും കഴിയുമെങ്കിൽ ലോകം മുഴുവനെയും കാവിയുടുപ്പിക്കാൻ തീവ്രയത്നം നടത്തുന്ന ഹിന്ദുവർഗ്ഗീയത മറുവശത്ത്. ഇപ്രകാരമുള്ള തീവ്രവാദങ്ങളും ഭീകരപ്രവൃത്തികളും ഒന്നും ദൈവത്തെ പ്രസാദിപ്പിക്കില്ല; ഇവയൊന്നും ദൈവപ്രചോദിതവുമല്ല. മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന സാത്താന്റെ പ്രേരണയാണെന്നതിൽ സംശയമില്ല.

**c. ജാതിവിവേചനം, പീഡനം:** ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്ന് ബൈബിൾ നല്കുന്ന ബാലപാഠം; എല്ലാ മനുഷ്യരും ദൈവത്തിന്റെ മുഖം വഹിക്കുന്ന മക്കൾ, തുല്യമഹത്വവും അവകാശവുമുള്ള സഹോദരങ്ങൾ. എന്നാൽ ഈ മനുഷ്യരെ തൊലിയുടെ നിറത്തിന്റെയും ചെയ്യുന്ന ജോലിയുടെയും മറ്റും പേരിൽ പല തട്ടുകളായി തിരിച്ചത് മനുഷ്യനാണ്; അതിനുപിന്നിൽ പ്രേരകമായി നിന്നതും ഇന്നും നില്ക്കുന്നതും തിന്മയുടെ ശക്തിതന്നെ. ജാതിവ്യവസ്ഥ ചിലരെ ഉന്നതരും ചിലരെ അധഃകൃതരുമാക്കുന്നു. ഉന്നതർ

ഭൂമിയും സകലസ്വത്തും അധികാരവും കൈയടക്കി മറ്റുള്ളവരെ അടിമകളാക്കുന്നത് ദൈവത്തിന്റേയല്ല, സാത്താന്റെ പദ്ധതി നടപ്പാക്കലാണ്.

ഇവിടെ ഹിന്ദുമതത്തിൽ നിലനിന്നതും ഇന്നു കൂടുതൽ കരുത്താർജിക്കുന്നതുമായ ജാതിവ്യവസ്ഥ മാത്രമല്ല, മിക്കവാറും എല്ലാ ജനതകളിലും നിലനിന്നതും ഇന്നും ഒരു പരിധിവരെ തുടരുന്നതുമായ വർഗ്ഗീയചിന്തയും ശ്രദ്ധേയമാകുന്നു. ആഫ്രിക്കയിൽ കടന്നുകയറി കറുത്ത വർഗ്ഗക്കാരെ ബലമായി പിടിച്ച് കടൽകടത്തി അടിമച്ചന്തകളിൽ ലേലം ചെയ്ത വെളുത്തവന്റെ സംസ്കാരത്തിനു പിന്നിലും ഇതേ ശക്തിയുടെ പ്രവർത്തനം കാണാം. "കറുത്ത ജീവനും വിലയുണ്ട്" എന്ന പ്രസ്ഥാനത്തിന് അടുത്ത നാളിൽ തുടക്കം കുറിച്ച ഭീകരമായ കൊലപാതകവും ഈ കൂട്ടത്തിൽപ്പെടും.

ലക്ഷക്കണക്കിന് മനുഷ്യരെ ക്രൂരമായി കൊന്നൊടുക്കുന്ന വംശഹത്യകൾക്കു പിന്നിലും തെളിയുന്നത് അരാജകത്വത്തിന്റെ മനുഷ്യനും അന്തിക്രിസ്തുവുമായ സാത്താന്റെ മുഖംതന്നെ. ജാതീയ ചിന്തയിൽനിന്ന് ആരുംതന്നെ പൂർണ്ണമായും മുക്തരല്ല എന്ന പ്രതീതി ജനിപ്പിക്കുന്നതല്ലേ ക്രിസ്താനികളുടെ ഇടയിൽപോലും പലേടത്തും ഇന്നും നിലനില്ക്കുന്ന വേർതിരിവുകൾ. മേൽജാതിക്കും കീഴ്ജാതിക്കും വേറെ വേറെ പള്ളികളും ശവപ്പറമ്പുകളും പോലും നിർമ്മിച്ചവരും അറിയാതെ ആരാധിക്കുന്നത് അന്തിക്രിസ്തുവിനെയല്ലേ എന്ന സംശയം ജനിക്കുന്നു.

**d. കയറുപൊട്ടിച്ച ലൈംഗികാസക്തി:** ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്, ബൈബിളിന്റെ കാഴ്ചപ്പാടിൽ മുഖ്യമായും രണ്ടു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. 1. കുഞ്ഞുങ്ങൾക്കു ജന്മം നല്കി, കുടുംബമായി വളരുക, വളർത്തുക (ഉൽ 1, 26-28). 2. പരസ്പരം ഇണയും തുണയുമായി, സമൂഹമായി ജീവിക്കുക (ഉൽപ 1, 18-24). ഇവിടെ ഇരുവരും തുല്യർ, തുല്യമഹത്വമുള്ളവർ, ഒരേ ലക്ഷ്യത്തിനുവേണ്ടി ജീവിക്കുന്നവർ. എന്നാൽ കാലക്രമത്തിൽ സന്താനോല്പാദനം, പരസ്പര സ്നേഹം, സമൂഹനിർമ്മിതി എന്ന ലക്ഷ്യങ്ങളെല്ലാം ഉപേക്ഷിച്ച് സ്വാർത്ഥസുഖം മാത്രം ലൈംഗികതയുടെ ലക്ഷ്യമാക്കാൻ പ്രേരിപ്പിക്കുന്നതും തിന്മയുടെ ശക്തിയല്ലേ എന്നു ചോദിക്കണം.

ലൈംഗികാഭിലാഷത്തെ ആസക്തിയാക്കി, സകല നിയമങ്ങളും നിബന്ധനകളും തകർത്ത്, സ്ത്രീകളെ വെറും ഉപഭോഗവസ്തുവാക്കി മാറ്റുന്നിടത്ത് ഇതേ ശക്തി പ്രത്യക്ഷപ്പെടുന്നു. ഈ പ്രവണത അനുദിനം ഭയാനകമാംവിധം വളരുന്നു എന്നതിനു തെളിവല്ലേ സ്ത്രീകൾക്കെതിരേ അരങ്ങേറുന്ന പൈശാചികാക്രമങ്ങൾ? കൂട്ടബലാത്സംഗങ്ങൾ, കത്തിക്കരിഞ്ഞ സ്ത്രീജഡങ്ങൾ, നിശ്ശബ്ദരാക്കപ്പെടുന്ന ബലഹീനർ?

**e. മാധ്യമങ്ങൾ:** ലൈംഗികാസക്തിയുടെ അഗ്നി ഊതിക്കത്തിക്കുന്ന മാധ്യമങ്ങളും ഈ പൈശാചികശക്തിയുടെ കരങ്ങളിൽ അമർന്നുപോകുന്നുവോ എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ആനുകാലികസംഭവങ്ങൾ. ചില മാധ്യമങ്ങൾ ലൈംഗികവിഷയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് അക്രമപ്രവണതയ്ക്ക് ഇന്ധനം പകരുന്നു. കൊച്ചുകുഞ്ഞുങ്ങളെപോലും ലൈംഗികമായി ഉപയോഗിക്കാൻ, അതുവഴി അവരെ കൊന്നുകളയാൻ പോലും മടിക്കാത്ത മനുഷ്യർ, അതും ജന്മം നല്കിയ മാതാപിതാക്കൾതന്നെ ആകുമ്പോഴോ? ഇവർ മനുഷ്യരോ മൃഗങ്ങളോ അതോ പിശാചിന്റെ അവതാരങ്ങളോ? ഇവർക്കു പ്രേരണയും പ്രചോദനവും നല്കുന്ന സമൂഹസമ്പർക്കമാധ്യമങ്ങളുടെ ചുക്കാൻ പിടിക്കുന്നതും അന്തിക്രിസ്തുവിന്റെ പുനരവതാരമാണെന്നു കരുതണം.

ലൈംഗികാതിക്രമങ്ങൾ ഇല്ലാതാകണമെങ്കിൽ നാടുനീളെ വേശ്യാലയങ്ങൾ ഉണ്ടാകണം എന്നതാണ് ഇക്കഴിഞ്ഞ ദിവസം സാമൂഹ്യമാധ്യമങ്ങളിൽ വന്ന ഒരു നിർദ്ദേശം. അതിരുകവിയുന്ന ആസക്തികൾക്കു നിയന്ത്രണം ഏർപ്പെടുത്തുന്നതിനുപകരം അരാജകത്വത്തിനു വഴിമരുന്നിടുന്നതും ഇതേ ശക്തിതന്നെ.

**f. തകരുന്ന വ്യക്തിബന്ധങ്ങൾ:** സമൂഹത്തിൽ മനുഷ്യജീവനു സുരക്ഷിതത്വവും ലക്ഷ്യബോധവും ആത്മനിയന്ത്രണവും നല്കാൻ പര്യാപ്തമായൊരു കുടുംബവ്യവസ്ഥിതി നമുക്കുണ്ടായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ കുടുംബബന്ധങ്ങൾ തകരുന്നു. *നരൻ നരനു നരകം* എന്ന തത്വചിന്ത പ്രാബല്യത്തിൽ വരുന്നു. ഓരോ വ്യക്തിയും ഓരോ ദ്വീപുപോലെ. അടുത്തുനില്ക്കുന്ന സഹോദരങ്ങളെ കാണാതെ, തിരിച്ചറിഞ്ഞ് അംഗീകരിക്കാതെ, അകലെ എവിടെയോ ഇണയെ തേടുന്ന മനുഷ്യർ. അവസാനം താൻ വഞ്ചിക്കപ്പെട്ടു എന്ന അവബോധത്തിൽ മന

സിന്റെ സമനില തകരുന്നവർ, ജീവനൊടുക്കുന്നവർ. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമായ ദൈവ രാജ്യത്തിനുപകരം അനീതിയും അശാന്തിയും നിരാശയും വിള യുന്ന സാത്താന്റെ സാമ്രാജ്യം വിസ്തൃതി ആർജിക്കുന്നു.

**g. വില ഇടിയുന്ന മനുഷ്യജീവൻ:** മനുഷ്യൻ ഏറ്റം വില പ്പെട്ടതായി കരുതുന്നതാണ് സ്വന്തം ജീവൻ. എന്തു വിലകൊ ടുത്തും മനുഷ്യൻ സ്വന്തം ജീവൻ സംരക്ഷിക്കാൻ ശ്രമിക്കും. എന്നാൽ തന്റേതുപോലെ തന്നെ വിലപ്പെട്ടതാണ് അപരന്റെയും ജീവൻ എന്ന കാര്യം മറന്നുപോകുന്നു. പോരാ, അപരന്റെ ജീവൻ തനിക്കു ഭീഷണിയാണെന്ന ചിന്തയും പെരുകുന്നു. രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങളും ആയുധസംഭരണവും യുദ്ധവും മാത്രമല്ല ഈ പ്രവണതയുടെ ഫലങ്ങൾ. ജനസംഖ്യാപെരുപ്പമാണ് ലോകം നേരിടുന്ന ഏറ്റം വലിയ ഭീഷണി എന്ന നുണ ആയിരം മാധ്യമ ങ്ങളിലൂടെ ആവർത്തിച്ച് സത്യമെന്ന പ്രതീതി വരുത്തിയതോടെ ഏതു വിധേനയും ജനസംഖ്യ നിയന്ത്രിക്കേണ്ടത് അടിയന്തിരാ വശ്യമാണെന്ന ഒരു മിഥ്യാബോധം ജനങ്ങളിൽ ജനിച്ചു. അതിന് ഏതു മാർഗ്ഗവും സ്വീകാര്യമെന്ന നിലവന്നു. സഹായകമായ നിയ മങ്ങൾ രാഷ്ട്രങ്ങൾ നിർമ്മിച്ചു നടപ്പിലാക്കി.

ദമ്പതികൾക്ക് ഒറ്റ ശിശു മാത്രം എന്ന നിയമം കർശനമായി നടപ്പിലാക്കിയ ചൈന മാത്രമല്ല ഇവിടെ കൊലപാതകിയായ സാത്താന്റെ കെണിയിൽ വീണത്. ഗർഭഛിദ്രം നിയമാനുസൃ തമാക്കിയ ഭരണകൂടങ്ങളിലെല്ലാം ഈ കൊലപാതകിയുടെ കൈ കടന്നുവന്നിട്ടില്ലേ എന്നു ചോദിക്കണം. ഞാൻ തിരഞ്ഞെടുക്ക പ്പെട്ടാൽ ഗർഭഛിദ്രത്തിനുള്ള അവകാശം ഗർഭിണികൾക്കു നല്കും എന്ന മുൻകൂർ പ്രഖ്യാപനം നടത്തിയിരിക്കുന്ന സ്ഥാ നാർത്ഥി ആരുടെ വക്താവാണെന്ന് അകലെയൊന്നും തിരയേ ണ്ടതില്ല. ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു എന്ന ഔദ്യോഗി കവിശ്വാസപ്രമാണമായി സ്വീകരിച്ചിരിക്കുന്ന ഒരു രാജ്യത്തിന്റെ സാരഥിയാവാൻ ശ്രമിക്കുന്ന ആളിന്റെ ഈ നയപ്രഖ്യാപനം നല്കുന്ന സൂചനകൾ കാണാതെ പോകരുത്.

ഗർഭഛിദ്രം വഴി പുറത്തെടുത്ത മനുഷ്യശിശുവിന്റെ ശരീര ഭാഗങ്ങൾ പൊരിച്ച് സ്വാദിഷ്ടഭോജനമായി വിരുന്നുശാലകളിൽ വിളമ്പാനും, അരച്ചുകുഴമ്പാക്കി സൗന്ദര്യവർദ്ധക വസ്തുക്കളാക്കി

കച്ചവടം ചെയ്യാനും മടിക്കാത്ത ഒരു സംസ്കാരം വളർന്നുവരുന്നിടത്തും നിഴൽപരത്തുന്നത് അന്തിക്രിസ്തു തന്നെ.

**h. മനുഷ്യക്കച്ചവടം:** *"നിങ്ങൾ നിവർന്നുനടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ അഴിച്ചു"* (ലേവ്യ 26, 13). നിലവിളി കേൾക്കുന്നവനാണ് ദൈവം; അടിമകൾക്കു വിടുതൽ നല്കുന്നവനാണ് മോശയ്ക്കു സ്വയം വെളിപ്പെടുത്തിയ ദൈവമായ യാഹ്‌വേ. എല്ലാവർക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നവനാണ് ഉടമ്പടിയുടെ ദൈവം. ഒരു പടികൂടി കടന്ന്, എല്ലാവരെയും ദൈവമക്കളും സ്വസഹോദരങ്ങളുമായി ദത്തെടുക്കുന്നവനാണ് ദൈവപുത്രനായ യേശുക്രിസ്തു. ഇതിന്റെയെല്ലാം നേർവിപരീതമാണ് പൈശാചികശക്തി. മനുഷ്യനെ അടിമത്തത്തിൽ തളച്ചിടുന്ന സാത്താന്റെ ഉപകരണങ്ങളായി മാറുന്നു മനുഷ്യനെ അടിമകളാക്കുന്നവർ.

ബലവാൻ ബലഹീനനെ അടിമയാക്കുന്ന സമ്പ്രദായം പുരാതനകാലം മുതലേ നിലനിന്നു. ഇന്ന് ഔദ്യോഗികമായി ഒരു രാജ്യവും അടിമക്കച്ചവടം അനുവദിക്കുന്നില്ലെങ്കിലും ഭയാനകമാംവിധം വളർന്നുവരുന്ന, വലിയ ലാഭമുണ്ടാക്കുന്ന, ഒരു വ്യാപാരമായി അതു മാറിയിരിക്കുന്നു. ഉന്നതമായ തൊഴിലും ഉയർന്ന ശമ്പളവും വാഗ്ദാനം ചെയ്ത് മനുഷ്യനെ വഞ്ചിച്ച് വിദേശത്തെത്തിച്ച് വില്ക്കുന്ന സംഘടനകൾ പെരുകുന്നു. വേശ്യാലയങ്ങളിലും തീവ്രവാദിക്യാമ്പുകളിലും അതികഠിനമായ തൊഴിൽ പാളയങ്ങളിലും എത്തിപ്പെടുന്നവരുടെ സംഖ്യ ആർക്കും അറിയില്ല. കടലിലും കരയിലും അപകടത്തിൽപ്പെടുമ്പോൾ മാത്രമേ പുറംലോകം ചിലതൊക്കെ ശ്രദ്ധിക്കുന്നുള്ളൂ.

**i. അവയവവ്യാപാരം**: ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ച ചികിത്സാരംഗത്ത് അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതോടൊപ്പം രോഗങ്ങളും പെരുകുന്നു. ആന്തരികാവയവങ്ങൾ നിഷ്ക്രിയമാകുമ്പോൾ അവയെ മാറ്റിവച്ച് സൗഖ്യം നല്കാൻ മാത്രം ചികിത്സാരംഗം വികസിച്ചു കഴിഞ്ഞു. ഇവിടെയാണ് തിന്മയുടെ ശക്തി പ്രത്യക്ഷപ്പെടുന്ന മറ്റൊരു രംഗം. മനുഷ്യന്റെ ആന്തരികാവയവങ്ങൾ മോഷ്ടിച്ച് കച്ചവടം ചെയ്യുന്ന പുതിയൊരു വ്യാപാരശൃംഖല തന്നെ ഉടലെടുത്തിരിക്കുന്നു. പല സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലും ഈ വ്യാപാരം

ശക്തമാകുന്നു എന്നു കേൾക്കുന്നു. മനുഷ്യൻ അറിഞ്ഞുകൊണ്ടുതന്നെ, അത്യാവശ്യ കാര്യങ്ങൾക്കു വേണ്ട പണം കണ്ടെത്താനായി സ്വന്തം അവയവങ്ങൾ വില്ക്കുന്നവരുണ്ട്; അറിയാതെ നഷ്ടപ്പെടുന്നവരുമുണ്ട്. പക്ഷേ എല്ലായിടത്തും പ്രവർത്തനനിരതമാകുന്നതു തിന്മയുടെ ശക്തിതന്നെ.

**j. മാമ്മോൻസേവ.** *"ദൈവത്തെയും മാമ്മോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല"* (മത്താ 6, 24). ദൈവത്തിനു ബദലായി, ആരാധന ആവശ്യപ്പെടുന്ന ഒരു ശക്തിയായി യേശുതന്നെയാണ് "മാമ്മോൻ" എന്ന വിഗ്രഹത്തെ വിശേഷിപ്പിച്ചത്. "ധനം" എന്ന് ലൂക്കാ (16, 13) വിശദീകരിക്കുന്നു. എക്കാലത്തെയുംകാൾ കൂടുതൽ ഇന്നു മാമ്മോൻ മനുഷ്യന്റെ മേൽ പിടിമുറുക്കിയിരിക്കുന്നതായി തോന്നും. ധനസമ്പാദനത്തിനായി ഏതു മാർഗ്ഗവും സ്വീകാര്യമായി കരുതപ്പെടുന്നു. ഈ ഭൂമിയും ഇതിലെ വിഭവങ്ങളും എല്ലാവർക്കും അവകാശപ്പെട്ടതാണെന്നു ബൈബിൾ പഠനം. എന്നാൽ അപരനെന്തു സംഭവിക്കുന്നു എന്നു പരിഗണിക്കാതെ സ്വന്തം സ്വത്തു വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ ചുരുക്കം പേർ വിജയിക്കുന്നു. *"ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം"* (1 തിമോ 6, 10) എന്ന അപ്പസ്തോലന്റെ പ്രബോധനം ഇവിടെ അന്വർത്ഥമാകുന്നു.

ധനാസക്തി മനുഷ്യനെ സഹോദരനിൽനിന്നും (ലൂക്കാ 16, 19-31) ദൈവത്തിൽനിന്നും (ലൂക്കാ 12, 16-21) അകറ്റുന്നു എന്ന് യേശുതന്നെ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. *"ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്"* (ലൂക്കാ 12, 15) എന്ന ഗുരുമൊഴി ശ്രദ്ധിക്കണം. എന്നാൽ യേശുവിന്റെ അനുയായികൾ എന്നു സ്വയം വിശേഷിപ്പിക്കുന്നവർ പോലും ധനമോഹത്തിന്റെ കെണിയിൽപെട്ടുപോകുന്ന സംഭവങ്ങൾ വിരളമല്ല. ദൈവത്തിനുവേണ്ടിയെന്ന ധാരണയിൽ ആഡംബരസൗധങ്ങളും ആഘോഷങ്ങളും പെരുകുമ്പോൾ മറുവശത്ത് "എനിക്കു വിശന്നു" എന്നു പറയുന്ന ക്രിസ്തു ശ്രദ്ധിക്കപ്പെടാതെ പോകുന്നെങ്കിൽ ഈ നിർമ്മാണപ്രവർത്തനങ്ങളും ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും എല്ലാം ആരെ പ്രീതിപ്പെടുത്താൻ, ആരുടെ പ്രേരണയ്ക്കു വഴങ്ങി എന്ന സംശയം ഉടലെ

ടുക്കുന്നു. മാലാഖയുടെ വേഷം ധരിച്ച് പിശാച് വിശുദ്ധസ്ഥല ങ്ങളിലും വിരാജിക്കുന്നുവോ? (2 കോറി 11, 14; എഫേ 6, 12).

**k. വ്യർത്ഥാഭിമാനം, ധൂർത്ത്:** ലോകപ്രസിദ്ധിയാർജ്ജിച്ച ഒരു കമ്പനിയുടെ പരസ്യമായിരുന്നു: "ഉടമയുടെ പ്രൗഢി, അയ ല്ക്കാരന് അസൂയ" (Owner's Pride, Neighbour's Jealousy). ഇന്ന് ലോകം ഭരിക്കുന്ന ഒരു മനോഭാവത്തിന്റെ പ്രകടനം ഈ പരസ്യ ത്തിൽ കാണാം. മറ്റുള്ളവരെ കാണിക്കാൻ, ഞാൻ നിങ്ങളേക്കാൾ വലിയവനാണെന്നു വിളിച്ചുപറയാൻ വേണ്ടി ചെയ്തുകൂട്ടുന്ന വിക്രിയകൾക്ക് അതിരില്ല. രാഷ്ട്രീയ മേഖലയിലും സാമൂഹ്യ സമ്പർക്കമേഖലയിലും, എന്തിനേറെ, മതമേഖലയിൽപ്പോലും കടന്നുകൂടിയിരിക്കുന്നു ഈ ധൂർത്തിന്റെ സംസ്കാരം.

കൊടിയ ദാരിദ്ര്യത്തിൽനിന്നു പട്ടിണിയിലേക്ക് ഭൂരിഭാഗം ജനങ്ങളും കൂപ്പുകുത്തുന്ന ഈ കോവിഡ് കാലത്ത്, ലോകത്തിലെ ഏറ്റം വലിയ ജനാധിപത്യം അവകാശപ്പെടുന്ന നമ്മുടെ നാട്ടിൽ 8400 കോടി രൂപ മുടക്കി പ്രധാനമന്ത്രിക്കു സഞ്ചരിക്കാൻവേണ്ടി ആഡംബരവിമാനം വാങ്ങാൻ പ്രേരിപ്പിച്ച ശക്തി ഏതെന്നു തിരി ച്ചറിയാൻ വലിയ ഗവേഷണമൊന്നും വേണ്ട. 5 ലക്ഷം രൂപ മുട ക്കിയാൽ സാമാന്യം നല്ല ചെറിയൊരു വീടു പണിയാം ഈ നാട്ടിൽ. പ്രധാനമന്ത്രിയുടെ പ്രൗഢി പ്രകടനത്തിനായി വാങ്ങിയ ഒരു വിമാനത്തിന്റെ തുകയുണ്ടെങ്കിൽ 168,000 വീടുകൾ നിർമ്മി ക്കാൻ കഴിയുമായിരുന്നു! ധൂർത്തിന്റെ ഏറ്റം പുതിയ ഒരുദാ ഹരണം മാത്രമാണിത്.

ഇതുപോലെ എത്രയെത്ര ധൂർത്തുകൾ! രാഷ്ട്രീയ നേതാ ക്കളും മതനേതാക്കളും തങ്ങളുടെ പ്രൗഢി പ്രകടനത്തിനായി നടത്തുന്നു. മനുഷ്യൻ പട്ടിണികിടന്ന് മരിക്കുകയും അന്തിയുറ ങ്ങാൻ ഇടമില്ലാതെ വലയുകയും ചികിത്സയ്ക്കു നിർവ്വാഹ മില്ലാതെ നരകിക്കുകയും ചെയ്യുമ്പോൾ ഇപ്രകാരമുള്ള ധൂർത്തു കൾക്കു പിന്നിലെ പ്രേരകശക്തിയുടെ പേരും വേറെങ്ങും തേടേ ണ്ടതില്ല.

**l. സാത്താൻ ആരാധന:** ഒളിഞ്ഞും തെളിഞ്ഞും, പലരൂപ ങ്ങളിലും ഭാവങ്ങളിലും മനുഷ്യസമൂഹത്തിന്മേൽ പിടിമുറുക്കുന്ന പൈശാചികശക്തിയുടെ ചില പ്രവർത്തനങ്ങളാണ് ഇതുവരെ കണ്ടത്. ഈ പട്ടിക ഇനിയും അന്തമില്ലാതെ തുടരാം. എന്നാൽ

യാതൊരു മറയും മുഖംമൂടിയുമില്ലാതെ സാത്താൻ തന്നെ രംഗത്തുവരുന്നതാണ് സാത്താൻ ആരാധന എന്ന പ്രതിഭാസത്തിൽ കാണുക. മാനവചരിത്രത്തിന്റെ ആഴങ്ങളിൽ വേരുറപ്പിച്ചതാണ് ഈ പ്രതിഭാസം. എന്നാൽ അടുത്തകാലത്ത് അതു വളരെ ശക്തമായി തിരിച്ചുവന്നിരിക്കുന്നു എന്നത് ദൈവവിശ്വാസികൾക്കു നടുക്കം ഉളവാക്കുന്നു.

പാശ്ചാത്യനാടുകളിലെ പ്രമുഖനഗരങ്ങളിൽ ആദ്യമാദ്യം രഹസ്യമായും പിന്നെപ്പിന്നെ പരസ്യമായും പ്രത്യക്ഷപ്പെടുന്ന ഈ ആരാധനാഭാസം നമ്മുടെ നാട്ടിലും വേരുപാകിക്കഴിഞ്ഞു എന്നത് തിന്മയുടെ സ്വാധീനം എത്രവേഗം ആധുനിക മനുഷ്യനെ വശീകരിക്കുന്നു എന്നതിനു തെളിവായി നില്ക്കുന്നു. 1960കളിൽ അമേരിക്കൻ ഐക്യനാടുകളിലാണ് സാത്താൻ ആരാധനയുടെ പുതിയ തുടക്കം. ഏറെ വൈകാതെ മറ്റുരാജ്യങ്ങളിലേക്കും അതു വ്യാപിച്ചു. കേരളത്തിലെ പല നഗരങ്ങളിലും ഇന്ന് സാത്താൻ ആരാധന നടക്കുന്നുണ്ട് എന്നതു പരസ്യമായ രഹസ്യമാണ്. ക്രിസ്ത്യാനികൾ എന്നു സ്വയം വിശേഷിപ്പിക്കുന്നവരുടെ ഇടയിലും സ്വത്തു സമ്പാദനത്തിനും മറ്റു കാര്യസാധ്യങ്ങൾക്കുമായി സാത്താൻ ആരാധകരുണ്ട് എന്ന് അടക്കം പറച്ചിലുകൾ വെറും നുണ പ്രചരണമാണെന്നു കരുതാനാവില്ല.

2016 ൽ റഷ്യയിൽ ആരംഭിച്ചു എന്നു കരുതപ്പെടുന്ന നീലതിമിംഗലം (Blue Wale) എന്ന മത്സരക്കളിയുടെ പിന്നിലും സാത്താന്റെ ദുർമുഖം പതിയിരിക്കുന്നു. അമ്പതുദിവസം നീണ്ടുനില്ക്കുന്ന ഈ മത്സരപരീക്ഷണം പങ്കെടുക്കുന്ന വ്യക്തിക്ക് ദിവസംതോറും ഒന്നിനൊന്നു കൂടുതൽ ക്ലേശകരമായ ദൗത്യങ്ങൾ നല്കുന്നു. ദിവസങ്ങൾ കഴിയുമ്പോൾ സ്വന്തം ശരീരത്തിൽ മുറിവേല്പിക്കാനും അവസാനം ആത്മഹത്യ ചെയ്യാനും വെല്ലുവിളിക്കുന്നു. ഇപ്രകാരമുള്ള വെല്ലുവിളികൾ സ്വീകരിച്ചു മരണമടയുന്നവർ നമ്മുടെ നാട്ടിലും ഉണ്ട് എന്നു സമകാലിക വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഒളിഞ്ഞിരിക്കുക, വ്യാജനാമങ്ങളിൽ പ്രത്യക്ഷപ്പെടുക, നന്മയുടെ പുറങ്കുപ്പായം അണിയുക എന്നതെല്ലാം തിന്മയുടെ തനിസ്വഭാവമാണല്ലോ.

## ഉപസംഹാരം

പലവിധത്തിൽ മനുഷ്യനെ വഴിതെറ്റിച്ച് നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ ശക്തി ഈ ലോകത്തിൽ വർത്തിക്കുന്നുണ്ട് എന്ന് മിക്കവാറും എല്ലാ മതങ്ങളും വിശ്വസിക്കുന്നുണ്ട്. ബൈബിൾ അതിനെ സാത്താൻ എന്നും പിശാച് എന്നും പൊതുവേ വിശേഷിപ്പിക്കുന്നു. പറുദീസായിൽവച്ച് ആദിമനുഷ്യനെ പ്രലോഭനത്തിൽ വീഴ്ത്തി ദൈവത്തിൽ നിന്നകറ്റിയ ആ ശക്തി ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടേ ഇരിക്കുന്നു; മനുഷ്യനെ അടിമയാക്കുന്നു; നിത്യനാശത്തിലേക്കു നയിക്കുന്നു.

യേശു തന്റെ ജീവിതവും പ്രബോധനവും പ്രവർത്തനങ്ങളും, സർവ്വോപരി തന്റെ മരണവും ഉത്ഥാനവും വഴി ഈ തിന്മയുടെ ശക്തിയെ പരാജയപ്പെടുത്തി, മനുഷ്യന് ദൈവപുത്രസ്ഥാനവും നിത്യജീവനും ലഭ്യമാക്കി. പരാജിതനെങ്കിലും തിന്മയുടെ ശക്തി ഇന്നും ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, വിവിധങ്ങളായ പ്രലോഭനങ്ങളിലൂടെ മനുഷ്യനെ നിത്യനാശത്തിലേക്കു നയിക്കാൻ ശ്രമിക്കുന്നു. അങ്ങനെ യേശുക്രിസ്തുവിന്റെ എതിരാളിയും കള്ളക്രിസ്തുവുമായി തിന്മയുടെ ശക്തി പ്രത്യക്ഷപ്പെടുന്നു.

അന്തിക്രിസ്തു, കള്ളക്രിസ്തുമാർ, അരാജകത്വത്തിന്റെ മനുഷ്യൻ, നിയമനിഷേധി, നാശത്തിന്റെ പുത്രൻ, വ്യാജപ്രവാചകൻ, വ്യാജപ്രവാചകന്മാർ എന്നിങ്ങനെ അനേകം പേരുകളിൽ പുതിയനിയമത്തിൽ പ്രത്യക്ഷപ്പെടുന്നത്, ആത്യന്തികമായി തിന്മയുടെ ഉറവിടമായ സാത്താൻ തന്നെയാണ്. യുഗാന്തത്തിൽ വലിയ ശക്തിയോടെ പ്രത്യക്ഷപ്പെട്ട് യഥാർത്ഥ ദൈവവിശ്വാസികളെ വഴിതെറ്റിക്കാനും നശിപ്പിക്കാനും ശ്രമിക്കും എന്നു വെളിപാടു പുസ്തകം പ്രതീകാത്മകഭാഷയിൽ ഈ തിന്മയുടെ ശക്തിയെക്കുറിച്ചു പറയുന്നുണ്ട്. സർപ്പം, കടലിൽനിന്നു കയറിവന്ന മൃഗം, ഭൂമിക്കടിയിൽനിന്നു വന്ന മൃഗം എന്നിങ്ങനെ ഒരു വ്യാജത്രിമൂർത്തിയായി വെളിപാടുഗ്രന്ഥകാരൻ ഈ തിന്മയുടെ ശക്തിയെ ചിത്രീകരിക്കുന്നു.

ചരിത്രത്തിൽ പല വ്യക്തികളും ചിന്താധാരകളും ഭരണകൂടങ്ങളും ഈ അന്തിക്രിസ്തുവിന്റെ അവതാരങ്ങളായി ചിത്രീകരിക്കപ്പെടുകയുണ്ടായി. മതവിശ്വാസികൾ തങ്ങളുടേതല്ലാത്ത മതങ്ങളിൽ വിശ്വസിക്കുന്നവരെ പിശാചിന്റെ പിണിയാളുകളും ആ

മതങ്ങളുടെ സ്ഥാപകരെ സാത്താന്റെ അവതാരങ്ങളുമായി ചിത്രീകരിക്കുന്ന പ്രവണതയും ചരിത്രത്തിൽ കാണാം. ക്രിസ്തീയ വിശ്വാസത്തിനെതിരായ പാഷണ്ഡതകൾ പ്രചരിപ്പിച്ചവരെ സാത്താന്റെ അനുയായികളും അവതാരങ്ങളും ആയി കാണുകയും അവരെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണത മധ്യശതകങ്ങളിൽ കത്തോലിക്കാസഭയിൽ പോലും പ്രത്യക്ഷപ്പെട്ടിരുന്നു. വിശ്വാസസംരക്ഷണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട "ഇൻക്വിസിഷൻ" സകല അതിരുകളും ലംഘിച്ച് മനുഷ്യരെ സാത്താന്റെ ഏജന്റുമാരായി മുദ്രകുത്തി ചുട്ടുകൊന്ന സംഭവങ്ങളും ചുരുക്കമായെങ്കിലും നടന്നിട്ടുണ്ട്.

പ്രോട്ടസ്റ്റന്റ് നവീകരണത്തിന്റെ നേതാക്കളെ സാത്താന്റെ ഉപകരണങ്ങളായി മുദ്രകുത്തിയിട്ടുണ്ട്. മറിച്ച് ചില മാർപ്പാപ്പാമാരെ സാത്താന്റെ പ്രതിനിധിയായി ചിത്രീകരിച്ച നവീകരണക്കാരുമുണ്ട്. എതിരാളിയെ താറടിക്കാനും ഉന്മൂലനം ചെയ്യാനും സഹായിക്കുന്ന ഒരു ഉപകരണമായി അന്തിക്രിസ്തു എന്ന ആശയം പലപ്പോഴും ഉപയോഗിക്കപ്പെട്ടിരുന്നു. എന്നാൽ ഈ തെറ്റിധാരണകളും ദുരുപയോഗങ്ങളും മുഖ്യപ്രമേയം ഇല്ലാതാക്കുന്നില്ല.

ലോകാവസാനത്തിൽ നന്മയും തിന്മയും തമ്മിൽ ആത്യന്തികമായ ഒരു ഏറ്റുമുട്ടലുണ്ടാകും. അവസാനം സാത്താനെയും അനുയായികളെയും ക്രിസ്തുതന്നെ കീഴടക്കി നിത്യാഗ്നിയിലേക്ക് എറിയും എന്ന് വെളിപാടുപുസ്തകം പ്രതീകങ്ങളുടെ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളി 20, 7-10). എന്നാൽ അന്തിക്രിസ്തുവിന്റെ പ്രസക്തി യുഗാന്തത്തിൽ മാത്രമായി ഒതുക്കാനാവില്ല.

മനുഷ്യന്റെ ബോധമണ്ഡലത്തിലാണ് തിന്മയുടെ ശക്തി മുഖ്യമായും പ്രവർത്തിക്കുന്നത്. നന്മയെ തിന്മയും തിന്മയെ നന്മയുമായി ചിത്രീകരിക്കുന്ന സകല പ്രതിഭാസങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ഈ ശക്തി പ്രകടമാകുന്നു. ഏതുപേരിൽ അറിയപ്പെട്ടാലും ആത്യന്തികമായി മനുഷ്യനെ ദൈവത്തിൽനിന്നും പരസ്പരവും അകറ്റുന്ന ശക്തിയാണത്. അതിന്റെ സ്വാധീനം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും തലങ്ങളിലും കടന്നുവരാം.

അപരനെ സഹോദരനായി കാണാതെ ശത്രുവായി കാണാൻ പ്രേരിപ്പിക്കുന്നിടത്ത്, അയല്ക്കാരൻ പട്ടിണി കിടക്കുമ്പോൾ വിരുന്നാഘോഷിക്കുന്നിടത്ത്, തല ചായ്ക്കാൻ ഇടമില്ലാതെ വഴിവക്കിലും കടത്തിണ്ണകളിലും മനുഷ്യൻ അന്തിയുറങ്ങുമ്പോൾ അവരെ കാണാതെ ദൈവത്തിന്റെ ബഹുമാനാർത്ഥം കൂറ്റൻ സൗധങ്ങൾ നിർമ്മിക്കുന്നിടത്ത്, എന്തിനേറെ, നേർച്ചപ്പെട്ടികളിൽപ്പോലും തിന്മയുടെ ശക്തി പതിയിരിക്കുന്നുണ്ടാവാം.

അന്തിക്രിസ്തുവിന്റെ വരവിനുവേണ്ടി ലോകാവസാനംവരെ കാത്തിരിക്കേണ്ടതില്ല. ഇതാ, ഇവിടെ, നമ്മുടെ ഇടയിൽത്തന്നെ അവനുണ്ട്, സജീവമായി. തിരിച്ചറിയാൻ കർത്താവുതന്നെ പ്രകാശം തരട്ടെ!

# 3

## കത്തോലിക്കർ വിഗ്രഹാരാധകരോ?

**ചോദ്യം**

കത്തോലിക്കർ ദൈവവചനവും, അതിനാൽത്തന്നെ പരിപാവനവും ജീവിതത്തിനു വഴികാട്ടിയുമായി കരുതുന്ന ബൈബിൾ നല്കുന്ന പത്തുപ്രമാണങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതാണ് ഏകദൈവാരാധനയും വിഗ്രഹാരാധനയ്ക്കെതിരേയുള്ള വിലക്കും. യാതൊന്നിന്റെയും പ്രതിമയുണ്ടാക്കരുത്, ആരാധിക്കരുത് എന്ന കല്പന കാറ്റിൽ പറത്തുന്നതല്ലേ കത്തോലിക്കരുടെ ജീവിതവും പ്രവൃത്തികളും? വിഗ്രഹാരാധനയെ ന്യായീകരിക്കാൻ വേണ്ടിയല്ലേ കത്തോലിക്കാസഭ ദൈവപ്രമാണങ്ങൾ തന്നെ തിരുത്തി, വിഗ്രഹങ്ങൾ ഉണ്ടാക്കരുത് എന്ന രണ്ടാംപ്രമാണം എടുത്തു കളഞ്ഞിരിക്കുന്നത്?

സാധാരണ വിശ്വാസികൾ മാത്രമല്ല, നേതൃത്വത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവർ വിഗ്രഹനിർമ്മാണവും വിഗ്രഹാരാധനയും പ്രോത്സാഹിപ്പിക്കുന്നു എന്നതിനു തെളിവല്ലേ, വീടുകളിലും വഴിക്കവലകളിലും, അതിലേറെ ദേവാലയങ്ങളിലും നിറയുന്ന വിശുദ്ധരുടെയും, ദൈവത്തിന്റേപോലും വിഗ്രഹങ്ങൾ? ഇപ്രകാരം വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ വ്യക്തമായ ഉദാഹരണമല്ലേ അടുത്ത കാലത്ത് മാർപ്പാപ്പ തന്നെ ആശിർവദിച്ചു പ്രതിഷ്ഠിച്ച പച്ചാമാമാ വിഗ്രഹം?

അകത്തോലിക്കാസഹോദരങ്ങളും ഇസ്ലാം മതവിശ്വാസം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരും കത്തോലിക്കാസഭയ്ക്കെതിരേ ഉന്നയിക്കുന്ന, വിഗ്രഹാരാധനയെ സംബന്ധിച്ച, ആരോപണങ്ങൾ ശക്തമാണ്. ഒന്നുകിൽ ഈ വിഗ്രഹനിർമ്മാണവും വിഗ്രഹാരാധനയും നിർത്തുക, അല്ലെങ്കിൽ എന്താണിതിനു കാരണം, ന്യായീകരണം, എന്നു വ്യക്തമാക്കുക. രണ്ടിലൊന്നു ചെയ്തേ മതിയാകൂ!

**ഉത്തരം:**

മുഖ്യമായും മൂന്ന് ആരോപണങ്ങളാണ് ഇവിടെ കത്തോലിക്കാസഭയ്ക്കെതിരേ ഉന്നയിക്കുന്നത്. 1. പത്തുപ്രമാണങ്ങളുടെ പട്ടികയിൽ മാറ്റംവരുത്തി. 2. കത്തോലിക്കാസഭ വിഗ്രഹനിർമ്മാണവും വിഗ്രഹാരാധനയും പ്രോത്സാഹിപ്പിക്കുന്നു. 3. മാർപ്പാപ്പ തന്നെ പച്ചാമാമ വിഗ്രഹം പ്രതിഷ്ഠിച്ച് വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുന്നു. ഈ ആരോപണങ്ങൾ അപഗ്രഥിച്ച് ഉത്തരം പറയാനാണ് തുടർന്ന് ശ്രമിക്കുന്നത്.

## 1. പ്രമാണപട്ടിക

പത്തുപ്രമാണങ്ങളുടെ പട്ടികയിൽനിന്ന് ഒരു പ്രമാണം വെട്ടിക്കളഞ്ഞു എന്നതാണ് ഏറ്റം പ്രധാനമായ ആരോപണം. ഈ ആരോപണം ഉന്നയിക്കുന്നവർ അറിയാത്തതോ, അതോ മനഃപൂർവ്വം മറച്ചുവയ്ക്കുന്നതോ ആയ ഒരു കാര്യമുണ്ട്. പത്തുപ്രമാണങ്ങൾ (വാക്കുകൾ എന്നാണ് ഹീബ്രുവിൽ) എന്നുപറയുന്നെങ്കിലും ഏതൊക്കെയാണ് അവ എന്നു ബൈബിളിൽ അക്കമിട്ടു തിരിച്ചിട്ടില്ല എന്നതാണ് ശ്രദ്ധിക്കേണ്ട ആദ്യകാര്യം. പ്രമാണങ്ങൾ മാത്രമല്ല, അധ്യായങ്ങളും വാക്യങ്ങളും ആയി തിരിക്കാതെ ബൈബിൾ പുസ്തകങ്ങൾ തുടർച്ചയായി എഴുതുകയായിരുന്നു ആദ്യകാലത്ത് ചെയ്തിരുന്നത്. 13-ാം നൂറ്റാണ്ടിൽ ബൈബിളിലെ പുസ്തകങ്ങൾ അധ്യായങ്ങളായും പതിനാറാം നൂറ്റാണ്ടിൽ അധ്യായങ്ങൾ വാക്യങ്ങളായും തിരിച്ചു. അതിനാൽ ഏതാണ് ഒന്നാം പ്രമാണം, ഏതാണ് രണ്ടും മൂന്നും തുടർന്നുമുള്ള പ്രമാണങ്ങൾ എന്ന് ബൈബിളിന്റെ വായനയിൽ നിന്നുമാത്രം തീരുമാനിക്കാനാവില്ല.

തന്നെയുമല്ല, ബൈബിളിൽത്തന്നെ പത്തുപ്രമാണങ്ങളുടെ രണ്ടു പട്ടിക ഉണ്ടെന്നതും (പുറ 20:1-17; നിയ 5:6-21) രണ്ടും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്നതും ശ്രദ്ധിക്കണം. പുറപ്പാടു പുസ്തകത്തിലെ പട്ടികയിൽ അവസാനത്തെ പ്രമാണമായി അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: *'നിന്റെ അയൽക്കാരന്റെ ഭവനമോ, ഭാര്യയെയോ... കഴുതയെയോ... മറ്റെന്തെങ്കിലുമോ നീ മോഹിക്കരുത്'* (പുറ 20:17). ഇവിടെ അയൽക്കാരന്റെ വീടിനും ഭാര്യയ്ക്കും കഴുതയ്ക്കും എല്ലാം തുല്യസ്ഥാനം നല്കുന്നതു പോലെ തോന്നും. എന്നാൽ നിയമാവർത്തനപുസ്തകത്തിൽ ഇതു രണ്ടായി തിരിച്ചിരിക്കുന്നു: *"നിന്റെ അയല്ക്കാരന്റെ ഭാര്യയെ*

*നീ മോഹിക്കരുത്. അവന്റെ ഭവനമോ ദാസനെയോ... കഴു തയെയോ മറ്റെന്തെങ്കിലുമോ നീ മോഹിക്കരുത്"* (നിയ 5:20-21). നിയമാവർത്തനപുസ്തകത്തിലെ ക്രമമാണ് കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്നത്. അവിടെ 'ഭാര്യയെ' ഒരു വ്യക്തിയായും ബാക്കിയെല്ലാം ക്രയവിക്രയം ചെയ്യാവുന്ന വസ്തുക്കളായും പരി ഗണിക്കപ്പെടുന്നു.

ഇനി ഒന്നാം പ്രമാണം പരിശോധിക്കാം. വേദപാഠക്ലാസ്സിൽ പ്രമാണങ്ങൾ പഠിപ്പിക്കുന്നത് ഓർമ്മിക്കാൻ എളുപ്പമായ രീതി യിലാണ്. വിശദാംശങ്ങൾ വിട്ടുകളഞ്ഞ് കേന്ദ്രവത്തായ ആശയ ത്തിൽ ശ്രദ്ധ ചെലുത്തുന്നു. ഒന്നാംപ്രമാണത്തിന് രണ്ടുഭാഗമുണ്ട്. 1. ദൈവത്തെ ആരാധിക്കണം. 2. ദൈവത്തെയല്ലാതെ മറ്റൊന്നി നെയും ആരാധിക്കരുത്. ഒന്നാംഭാഗം ആരാണ് ദൈവം എന്നു വിശദീകരിക്കുന്നു. ദാസ്യഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന നിന്റെ ദൈവമായ കർത്താവ്. രണ്ടാം ഭാഗ മാകട്ടെ ആരെ അല്ലെങ്കിൽ എന്തിനെ ആരാധിക്കരുത് എന്നു വിശദീകരിക്കുന്നു. അതിന്റെ ഭാഗമാണ് ഒന്നിന്റെയും പ്രതിമ ഉണ്ടാ ക്കരുത്, ആരാധിക്കരുത് എന്ന കല്പന. യഥാർത്ഥത്തിൽ ഇതു പുതിയൊരു കല്പനയല്ല, ഒന്നാം പ്രമാണത്തിന്റെതന്നെ വിശ ദീകരണവും പ്രായോഗികനിർദ്ദേശവുമാണ്.

പ്രതിമ ഉണ്ടാക്കരുത്, ആരാധിക്കരുത് എന്നു പറയുന്നതിന്റെ അർത്ഥം ആരാധിക്കാനായി പ്രതിമ ഉണ്ടാക്കരുത് എന്നാണെന്ന് ബൈബിളിലെ ഇതരഭാഗങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളിൽ നിന്നു വ്യക്തമാകും. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ജനം മോശയ്ക്കും ദൈവത്തിനും എതിരായി പിറുപിറുത്തു. ഒരിക്കൽ ശിക്ഷയായി ദൈവം പാമ്പുകളെ അയച്ചു. അനേകർ പാമ്പുകടി യേറ്റു മരിച്ചു. ഭയന്നു നിലവിളിച്ച ജനം പശ്ചാത്തപിച്ചു മാപ്പി രന്നു. ദൈവകല്പനയനുസരിച്ച് മോശ പിത്തളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തി. പാമ്പുകടിയേറ്റവർ ആ പിത്തളസർപ്പത്തെ വിശ്വാസത്തോടെ നോക്കിയാൽ രക്ഷപെടും എന്നു നിർദ്ദേശിച്ചു. അതുപോലെ സംഭവിച്ചു (സംഖ്യ 21:1-9).

പിത്തളസർപ്പം ഒരു പ്രതിമയാണ്. അതുണ്ടാക്കാൻ ദൈ വംതന്നെയാണു കല്പിച്ചത്. അതുപോലെതന്നെയാണ് ഉടമ്പ ടിയുടെ പേടകത്തിന്റെ ഇരുവശത്തുമായി ചിറകു വിരിച്ചു നില് ക്കുന്ന കെരൂബുകളുടെ പ്രതിമകൾ (പുറ 25:18-19). സോളമൻ

നിർമ്മിച്ചു പ്രതിഷ്ഠിച്ച ദൈവാലയത്തിൽ അനേകം പ്രതിമകളും ചിത്രീകരണങ്ങളുമുണ്ടായിരുന്നു. ജലസംഭരണിയെ താങ്ങുന്ന പന്ത്രണ്ടു കാളകൾ (1 രാജാ 7:25), പീഠങ്ങളുടെ പലകകളിൽ കൊത്തിവച്ച സിംഹം, കാള, കെരൂബ് എന്നിവയുടെ രൂപങ്ങൾ (1 രാജാ 7:28-29). ഇവയെല്ലാം ദൈവാലയത്തിൽതന്നെയായിരുന്നു സ്ഥാപിച്ചത്, അലങ്കാരങ്ങളായി. ഇതൊന്നും ആരാധനയ്ക്കുള്ളവ ആയിരുന്നില്ല. അതിനാൽത്തന്നെ വിഗ്രഹങ്ങളായി പരിഗണിക്കപ്പെട്ടുമില്ല.

എന്നാൽ പിന്നീട് ഇവയിൽ ചിലത് വിഗ്രഹങ്ങളായിത്തീർന്നു. ദൈവം നല്കിയ കല്പനയുടെയും സംരക്ഷണത്തിന്റെയും ഓർമ്മയ്ക്കായി മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ പിത്തളസർപ്പത്തിന്റെ പ്രതിമ ജനം കൂടെകൊണ്ടുനടന്നു. അവസാനം അതു ജറുസലെം ദൈവാലയത്തിൽ സ്ഥാനംപിടിച്ചു. ചിലരെല്ലാം അതിനെ ആരാധിക്കാൻ തുടങ്ങി. അപ്പോഴാണ് ഹെസെക്കിയാ രാജാവ് ശക്തമായൊരു നടപടി സ്വീകരിച്ചത്: *"മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നുവിളിക്കപ്പെടുന്ന, ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽ ധൂപാർച്ചന നടത്തിയതിനാൽ അവൻ അത് തകർത്തുകളഞ്ഞു"* (2 രാജാ 18:4).

ഇതിൽനിന്ന് ഒരു കാര്യം വ്യക്തം. പ്രതിമയോ സ്വരൂപമോ ഉണ്ടാക്കുന്നതിനെയല്ല ഒന്നാംപ്രമാണം വിലക്കുന്നത്, മറിച്ച് ആരാധിക്കാൻവേണ്ടി എന്തിന്റെയെങ്കിലും പ്രതിമ ഉണ്ടാക്കുന്നതിനെയും അതിനെ ആരാധിക്കുന്നതിനെയുമാണ്. അതിനാൽ കത്തോലിക്കാസഭ പ്രമാണം വെട്ടിക്കുറച്ചു, ദൈവകല്പനയിൽ മായംചേർത്തു എന്ന ആരോപണം നിലനില്ക്കുന്നില്ല. തന്നെയുമല്ല, വിഗ്രഹനിർമ്മാണവും ആരാധനയും സംബന്ധിച്ച വിലക്ക് ഒന്നാം പ്രമാണത്തിന്റെതന്നെ ഭാഗമായി കരുതുന്നതിനാൽ അന്യന്റെ ഭാര്യയെ മോഹിക്കരുത്, അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത് എന്ന് വ്യക്തികളെയും വസ്തുക്കളെയും വേർതിരിച്ചുകാട്ടി, വ്യക്തിമഹത്വത്തിന് ഊന്നൽ നല്കാനും സാധിക്കുന്നു. എന്നാൽ എന്താണ് ആരാധന? എന്താണ് വിഗ്രഹാരാധന? എന്നത് മനസ്സിലാക്കിയിരിക്കേണ്ടതാണ്.

## 2. ആരാധന

ധാർമ്മികജീവിതത്തിന്റെ അടിത്തറയായി പഴയനിയമവും പുതിയ നിയമവും ഒരുപോലെ എടുത്തുകാട്ടുന്നതാണ് പത്തു

പ്രമാണങ്ങൾ. അതിൽ ആദ്യത്തെ പ്രമാണം ദൈവത്തെ ആരാധിക്കണം, ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നു കല്പിക്കുന്നു. ആരാധിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത് എന്ന ചോദ്യത്തിന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വ്യക്തമായ ഉത്തരം നല്കുന്നുണ്ട്.

*"ദൈവത്തെ ആരാധിക്കുക എന്നത്, അവിടുത്തെ ദൈവമായി, സ്രഷ്ടാവും രക്ഷകനുമായി, അസ്തിത്വമുള്ള സകലതിന്റെയും കർത്താവും അധിനാഥനുമായി, അനന്തവും കരുണാർദ്രവുമായ സ്നേഹമായി അംഗീകരിക്കുകയാണ്... ദൈവത്തിൽ നിന്നല്ലാതെ അസ്തിത്വമില്ല; 'സൃഷ്ടിയുടെ ശൂന്യതയെ' ആദരവോടും പൂർണ്ണവിധേയത്വത്തോടുംകൂടെ അംഗീകരിക്കുക എന്നതാണ്"* (CCC 2096-97).

ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ, ഞാനും എനിക്കുള്ളതും അസ്തിത്വമുള്ള സകലതും നിന്റെ മാത്രം സൃഷ്ടിയാണ് എന്നു ബുദ്ധികൊണ്ട് അംഗീകരിക്കുക, ഹൃദയവും അധരവുംകൊണ്ട് ഏറ്റുപറയുക. നീയാണ് എന്റെ ഉറവിടവും ലക്ഷ്യവും. നിന്നിൽ മാത്രമാണ് എന്റെ പ്രത്യാശയും സന്തോഷവും. എന്നെയും എനിക്കുള്ള സകലതിനെയും പൂർണ്ണമായി നിനക്ക് അടിയറവയ്ക്കുന്നു. നിന്നിൽമാത്രമാണ് എനിക്ക് പൂർണ്ണമായ സംതൃപ്തി. ഇപ്രകാരമുള്ള മനോഭാവവും അതു പ്രകടമാക്കുന്ന പ്രവൃത്തികളുമാണ് ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ ആരാധന. ഇപ്രകാരമുള്ള ആരാധന ദൈവത്തിനു മാത്രമേ സമർപ്പിക്കാവൂ. ദൈവമല്ലാത്ത മറ്റാർക്കെങ്കിലും, എന്തിനെങ്കിലും ഈ ആരാധന അർപ്പിച്ചാൽ അതു വിഗ്രഹാരാധനയാകും; ആ ആരാധനയുടെ വിഷയം വിഗ്രഹവും.

## ആരാധന - വണക്കം - ആദരവ്

മേൽവിവരിച്ചതുപോലുള്ള നിഷ്കൃഷ്ടമായ അർത്ഥത്തിലല്ലാതെ, ആരാധന എന്ന പദം പലപ്പോഴും ഉപയോഗിക്കപ്പെടാറുണ്ട്. താരാരാധന, വീരാരാധന മുതലായവ ഉദാഹരണങ്ങൾ. ജനനേതാക്കളോടും കലാ-കായിക താരങ്ങളോടും മറ്റുമുള്ള ആദരവും ബഹുമാനവും താല്പര്യവും പ്രകടിപ്പിക്കുന്നതിനെയാവും താരാരാധന എന്ന പദംകൊണ്ട് വിവക്ഷിക്കുക. ഇതിനെ ഒന്നാം

പ്രമാണം വിലക്കുന്ന വിഗ്രഹാരാധനയായി സാധാരണഗതിയിൽ പരിഗണിക്കാനാവില്ല.

എന്നാൽ സ്വയം രാജാവും ദൈവവുമായി പ്രഖ്യാപിക്കുകയും ആരാധന ആവശ്യപ്പെടുകയും ചെയ്ത സിറിയൻ രാജാവ് അന്തിയോക്കസ് എപ്പിഫാനസും റോമൻ ചക്രവർത്തി ഡൊമിഷ്യനുംപോലുള്ള ചുരുക്കം ചില അപവാദങ്ങൾ ഉണ്ടെന്നത് നിഷേധിക്കാനാവില്ല. ദൈവവിശ്വാസവും വിശ്വാസപ്രകടനമായ ആരാധനാനുഷ്ഠാനങ്ങളും വിലക്കി, സർവ്വാധിപതിയായി സ്വയം പ്രതിഷ്ഠിക്കുന്ന രാഷ്ട്രീയാധികാരങ്ങളും ഈ വകുപ്പിൽപ്പെടും. അപ്പോൾ രാഷ്ട്രംതന്നെ ഒരു വിഗ്രഹമായി പരിണമിക്കും. ദൈവാരാധന നിഷേധിക്കുന്ന രാഷ്ട്രീയാധികാരം വിഗ്രഹാരാധന നിർബന്ധമാക്കുന്നു എന്നുപറയുന്നതിൽ തെറ്റുണ്ടാവില്ല. എന്നാൽ അതല്ല വിഗ്രഹാരാധന എന്നപദംകൊണ്ട് സാധാരണ അർത്ഥമാക്കുന്നത്.

വിശുദ്ധരോടുള്ള ഭക്തിയും വണക്കവും പലപ്പോഴും ആരാധനയായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്. ചിലപ്പോഴെങ്കിലും ഭക്തരുടെ വാക്കുകളും പ്രവൃത്തികളും ഈ തെറ്റിധാരണയ്ക്കു കാരണമാകാറുണ്ട് എന്നതും നിഷേധിക്കാനാവില്ല. എന്നാലും വണക്കവും ആരാധനയും രണ്ടായിത്തന്നെ കാണണം. ദൈവഹിതം പൂർണ്ണമായി സ്വജീവിതത്തിൽ നിറവേറ്റി, ദൈവത്തിനു പ്രീതികരമായ ജീവിതം നയിച്ചു എന്നും മരണാനന്തരം ദൈവം അവരെ സ്വർഗ്ഗീയ മഹത്വമണിയിച്ചു എന്നും കത്തോലിക്കാ സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ള വ്യക്തികളെയാണ് നാം വിശുദ്ധർ എന്നു വിളിക്കുക. ക്രിസ്തീയ ജീവിതത്തിന് ഉത്തമമാതൃകയായി എടുത്തുകാട്ടുകയാണ് അവരെ വിശുദ്ധർ എന്നു പ്രഖ്യാപിക്കുന്നതിന്റെ മുഖ്യലക്ഷ്യം. അതോടൊപ്പം ദൈവസന്നിധിയിൽ ദൈവജനത്തിനുവേണ്ടി അവർ മാധ്യസ്ഥ്യം വഹിക്കുന്നു; അവരുടെ മാധ്യസ്ഥ്യം ദൈവം സ്വീകരിക്കും എന്നും സഭ ഉദ്ബോധിപ്പിക്കുന്നുണ്ട്.

മനുഷ്യർക്കും ദൈവത്തിനുമിടയിൽ ഏകമധ്യസ്ഥൻ യേശുക്രിസ്തു മാത്രമാണ് (1 തിമോ 2:5) എന്ന പ്രബോധനത്തിനു വിരുദ്ധമല്ല വിശുദ്ധരുടെ മാധ്യസ്ഥ്യവും വിശുദ്ധരോടുള്ള മധ്യസ്ഥപ്രാർത്ഥനയും. എല്ലാ ആരാധനയും പ്രാർത്ഥനയും ദൈവത്തിനു സമർപ്പിക്കുന്നത് ഏകമധ്യസ്ഥനായ യേശുവിലൂടെതന്നെ

യാണ്. വിശുദ്ധർ ആരും അനുഗ്രഹം വർഷിക്കുന്നില്ല; അത്ഭുതം പ്രവർത്തിക്കുന്നുമില്ല. പിതാവായ ദൈവത്തിന്റെ മുമ്പിൽ പുത്രനായ യേശുക്രിസ്തുവിലൂടെ ഭക്തരുടെ പ്രാർത്ഥനകൾ തങ്ങളുടെ പ്രാർത്ഥനകളോടുചേർത്ത് സമർപ്പിക്കുക മാത്രമാണ് അവർ ചെയ്യുന്നത്.

യേശുവിന്റെ ജീവിതകാലത്തു തന്നെ ഇപ്രകാരമുള്ള മധ്യസ്ഥ പ്രാർത്ഥനകൾ നടന്നതും യേശു അത് സ്വീകരിച്ചതും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 1:30; 2:34; ലൂക്കാ 7:4; യോഹ 2,1–11;12:20–22). ഭൂമിയിൽ വേദനിക്കുന്ന മനുഷ്യരുടെ പ്രാർത്ഥന, സ്വർഗ്ഗത്തിൽ, ദൈവതിരുമുമ്പിൽ ദൈവദൂതന്മാരും വിശുദ്ധരും സമർപ്പിക്കുന്നു എന്ന് പ്രതീകങ്ങളുടെ ഭാഷയിൽ വെളിപാട് പുസ്തകവും രേഖപ്പെടുത്തിയിട്ടുണ്ട് (വെളി 6:9–11; 8:3–4). സോദോമിനുവേണ്ടി അബ്രാഹം മാധ്യസ്ഥ്യം വഹിക്കുന്നതും (ഉത്പ 18:22–32) തിന്മയോടു കൂട്ടുചേരാതെ, നീതിപ്രവർത്തിക്കുന്ന ഒരാളെങ്കിലും ഉണ്ടെങ്കിൽ ആ നഗരത്തോടു ക്ഷമിക്കും (ജറെ 5:1) എന്നു ജറെമിയായോടു പറയുന്നതും, ഇതുപോലെ മറ്റു പല സംഭവങ്ങളും മാധ്യസ്ഥ്യപ്രാർത്ഥന ദൈവം സ്വീകരിക്കും എന്നതിനു തെളിവായി നില്ക്കുന്നു. ആമോ 7:1–8 ഏറ്റം വ്യക്തമായ ഉദാഹരണം.

ആകയാൽ വിശുദ്ധരുടെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നതു തെറ്റല്ല; അതു ദൈവത്തെ തള്ളിപ്പറയുന്ന വിഗ്രഹാരാധനയുമല്ല എന്നു നിസ്സംശയം പറയാം. ആരാധനയും വണക്കവും രണ്ടാണ്. രണ്ടിനെയും കൂട്ടിക്കുഴയ്ക്കുന്നത് അറിവില്ലായ്മ എന്നേ പറയാൻ കഴിയൂ. എന്നാൽ ചിലപ്പോഴൊക്കെ ഈ അറിവില്ലായ്മ പ്രകടമാകാറുണ്ട് എന്നതു നിഷേധിക്കാനാവില്ല.

## 3. വിഗ്രഹാരാധനയും പ്രതിമവണക്കവും

ദൈവത്തിന്റെ സ്ഥാനത്ത് മറ്റെന്തിനെയെങ്കിലും പ്രതിഷ്ഠിച്ച് ആരാധിക്കുന്നത് വിഗ്രഹാരാധനയാകും; അപ്രകാരം പ്രതിഷ്ഠിക്കപ്പെടുന്നത്, അതു വ്യക്തിയോ, വസ്തുവോ, പ്രത്യയശാസ്ത്രമോ എന്തുമാകട്ടെ, വിഗ്രഹമാകും. അതിനാൽ വിഗ്രഹങ്ങളെയും പ്രതിമകളെയും വേർതിരിച്ചു കാണേണ്ടതുണ്ട്. വിഗ്രഹാരാധന അന്ധവിശ്വാസത്തിൽനിന്നാണുടലെടുക്കുന്നത്. അന്ധവിശ്വാസം ജീവിതത്തിന്റെ സകലമേഖലകളെയും ബാധിക്കാം.

അന്ധവിശ്വാസത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ പ്രബോധനം ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

*"അന്ധവിശ്വാസമെന്നത്, മതാവബോധത്തിന്റെയും അതു നിഷ്ക്കർഷിക്കുന്ന ആചാരങ്ങളുടെയും അപഭ്രംശമാണ്. യഥാർത്ഥ ദൈവത്തിനു നാം അർപ്പിക്കുന്ന ആരാധനയെപ്പോലും അതു ബാധിക്കാവുന്നതാണ്. ഉദാഹരണമായി, മറ്റുവിധത്തിൽ നിയമപരമോ അത്യാവശ്യമോ ആയ ചില ആചാരങ്ങൾക്ക് ഒരാൾ ഏതാണ്ട് ഒരുതരം മാന്ത്രികമായ പ്രാധാന്യം ആരോപിക്കുന്നു. പ്രാർത്ഥനയുടെയോ കൗദാശിക അടയാളങ്ങളുടെയോ ഫലദായകത്വം, അവ ആവശ്യപ്പെടുന്ന ആന്തരിക മനോഭാവങ്ങളെ അവഗണിച്ച്, കേവലം ബാഹ്യമായ അനുഷ്ഠാനത്തിൽ ആരോപിക്കുന്നത് അന്ധവിശ്വാസമാണ്"* (CCC 2111).

നമ്മുടെ നാട്ടിൽ, പ്രത്യേകിച്ചും ഭക്താനുഷ്ഠാനങ്ങളുടെ കാര്യത്തിൽ, ഇപ്രകാരമുള്ള അന്ധവിശ്വാസം കടന്നുകൂടുന്നില്ലേ എന്നു ന്യായമായും സംശയിക്കണം. മാതാവിന്റെ ഉത്തരീയം, ജപമാല, വിശുദ്ധരുടെ ചിത്രങ്ങൾ മുതലായ വസ്തുക്കൾ യാന്ത്രികമായ സംരക്ഷണം നല്കുമെന്ന ചിന്ത ശക്തിയാർജ്ജിച്ചുവരുന്നതുപോലെ തോന്നും. ഹൈന്ദവർ കൈത്തണ്ടയിൽ മന്ത്രച്ചരടു കെട്ടുന്നതിനു സമാനമായി ക്രൈസ്തവർ ജപമാല അണിയുന്നതും പ്രാർത്ഥനാസഹായിയെന്ന ധാരണയിൽ സന്ന്യസ്തരും പുരോഹിതരുമടക്കം മോതിരജപമാലകൾ അണിയുന്നതും ഇപ്രകാരമുള്ള അന്ധവിശ്വാസത്തിന്റെ പ്രകടനമല്ലേ എന്നു ചോദിക്കുന്നത് ദോഷൈകദൃക്കുകൾ മാത്രം ആകണമെന്നില്ല. ഒരു ലക്ഷം, ഒരുകോടി - കൊന്ത ചൊല്ലി കാഴ്ചവയ്ക്കാൻ ആഹ്വാനം ചെയ്യുമ്പോഴും പ്രാർത്ഥനയെ യാന്ത്രികമാക്കി മാറ്റുന്നില്ലേ എന്ന സംശയം ഉണരുന്നു. ജീവിത നവീകരണത്തിനു പ്രേരിപ്പിക്കാതെ, ബാഹ്യാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മതവും മതാചാരങ്ങളും കാര്യസാധ്യത്തിനുള്ള ഉപകരണങ്ങൾ മാത്രമായി തരംതാഴ്ത്തപ്പെടുന്നു എന്നത് കാണാതെപോകുന്നു.

വിഗ്രഹാരാധനയെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം ഇവിടെ സവിശേഷ ശ്രദ്ധയർഹിക്കുന്നു. *"വിഗ്രഹാരാധന അവിശ്വാസികളുടെ മിഥ്യയായ ആരാധനയെ മാത്രമല്ല സൂചിപ്പിക്കുന്നത്. അതു വിശ്വാസത്തിനെതിരായ ഒരു സ്ഥിരം*

*പ്രലോഭനമായും നിലനില്ക്കുന്നു. ദൈവമല്ലാത്തതിനെ ദൈവ മാക്കുന്നതാണ് വിഗ്രഹാരാധന. ദൈവത്തിന്റെ സ്ഥാനത്ത് ഒരു സൃഷ്ടിയെ - അതു ദേവന്മാരോ, സാത്താനോ (ഉദാ: സാത്താൻ സേവ) ശക്തിയോ, സുഖമോ, വംശമോ, പൂർവ്വികരോ, രാഷ്ട്രമോ, പണമോ അതുപോലുള്ള എന്തെങ്കിലുമോ ആകാം - ബഹുമാ നിക്കുകയോ ആരാധിക്കുകയോ ചെയ്യുമ്പോഴെല്ലാം മനുഷ്യൻ വിഗ്രഹാരാധന നടത്തുകയാണ്. യേശു പറയുന്നു: ദൈവത്തെയും മാമ്മോനെയും നിങ്ങൾക്കു സേവിക്കാനാവില്ല*" (മത്താ 6:24; CCC 2113).

## 4. പ്രതിമയും വിഗ്രഹവും

മനുഷ്യൻ നിർമ്മിക്കുന്ന പ്രതിമകൾ അതിൽത്തന്നെ വിഗ്ര ഹങ്ങളാകുന്നില്ല. എന്തു ലക്ഷ്യത്തോടെയാണ് പ്രതിമകൾ നിർമ്മി ക്കുന്നത്, പ്രതിമകൾ എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് അവ വിഗ്രഹങ്ങളാണോ അതോ വെറും പ്രതി മകൾ മാത്രമാണോ എന്നു നിശ്ചയിക്കുക. വ്യക്തികളെയും സംഭ വങ്ങളെയും വസ്തുക്കളെയും അനുസ്മരിക്കാനും ആദരിക്കാ നുമായി നിർമ്മിക്കുന്ന പ്രതിമകളെ വിഗ്രഹങ്ങളായി കാണാനാ വില്ല. ഉദാ: രാഷ്ട്രപിതാവിന്റെയോ വലിയ നേതാക്കളുടെയോ പ്രതിമകൾ നഗരമധ്യത്തിൽ സ്ഥാപിക്കുന്നതും അവയ്ക്കു പുഷ് പാർച്ചന നടത്തുന്നതും ആദരിക്കുന്നതും ഒന്നും വിഗ്രഹാരാധ നയായി പരിഗണിക്കാനാവില്ല. ഇതുതന്നെയാണ് ദൈവാലയ ങ്ങളിൽ സ്ഥാപിക്കുന്ന വിശുദ്ധരുടെ പ്രതിമകളുടെയും ലക്ഷ്യം. അവർ നല്കുന്ന മാതൃക പിന്തുടരാൻ പ്രേരിപ്പിക്കുക, അവരുടെ മാധ്യസ്ഥ്യം യാചിക്കുക - ഇതെല്ലാം വണക്കത്തിന്റെ അഥവാ ആദരവിന്റെ പരിധിയിൽപ്പെടുന്നു. അവയുടെ മുമ്പിൽ തിരിതെ ളിക്കുന്നതും ധൂപം അർപ്പിക്കുന്നതും ആരാധനയായി കാണേ ണ്ടതില്ല. മൃതശരീരവും ശവക്കുഴിയും വൈദികൻ ധൂപിക്കാറു ണ്ടല്ലോ. ഇതൊന്നും ആരാധനയായി ആരും പരിഗണിക്കാറില്ല.

ഈ പരിധികൾ അതിലംഘിച്ച് പ്രതിമാവണക്കം വിഗ്രാ ഹാരാധനയാകാൻ സാധ്യതയുണ്ട് എന്ന കാര്യവും മറക്കാതി രിക്കാം. ഇവിടെ പ്രതിമകളുടെ അത്ഭുതശക്തി വർണ്ണിച്ച് ജനങ്ങളെ ആകർഷിക്കുന്നവരും "അസാധ്യ കാര്യങ്ങൾ" സാധി ക്കാനായി മാധ്യസ്ഥ്യം തേടിവരുന്നവരും ഈ അപകടത്തിന്റെ പരിധിയിലാണെന്നതു ശ്രദ്ധിക്കണം. ഇവിടെയും പ്രതിമയല്ല,

പ്രതിമയ്ക്കു നൽകുന്ന അനർഹമായ സ്ഥാനവും പ്രാധാന്യവുമാണ് വിഗ്രഹാരാധനയ്ക്കു പ്രേരകമാകുന്നത്.

സകലപ്രതിമകളും തല്ലിത്തകർത്തു നീക്കം ചെയ്യാൻ ബൈസന്റയിൻ ചക്രവർത്തിമാർ 8-9 നൂറ്റാണ്ടുകളിൽ നടത്തിയ ശ്രമം പ്രതിമാഭഞ്ജനം (iconoclasm) എന്നപേരിൽ അറിയപ്പെടുന്നു. കത്തോലിക്കാസഭ ശപിച്ചു തള്ളിയ ഒരു പാഷണ്ഡതയാണിത്. അതിനാൽ പ്രതിമ ഉണ്ടാക്കരുതെന്നല്ല, പ്രതിമയെ വിഗ്രഹമാക്കരുത്, വിഗ്രഹാരാധനയരുത് എന്നാണ് ബൈബിളും കത്തോലിക്കാസഭയും പഠിപ്പിക്കുന്നത്.

## 5. മാമ്മോൻ എന്ന വിഗ്രഹം

പ്രതിമകൾ നിർമ്മിക്കാനും വണങ്ങാനും അനുവദിക്കുക മാത്രമല്ല, പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോഴും വിഗ്രഹാരാധന കർശനമായി വിലക്കുമ്പോഴും, അത്രതന്നെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ചില വിഗ്രഹങ്ങളും വിഗ്രഹാരാധനയുമുണ്ട്. അതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു മാമ്മോൻ എന്ന വിഗ്രഹം. ഭൗതികസമ്പത്തിനെ സൂചിപ്പിക്കുന്ന ഒരു അരമായ പദമാണ് മാമ്മോനാ. ഇതിൽ നിന്നാണ് ഗ്രീക്ക്-ലത്തീൻ-ഇംഗ്ലീഷ് ഭാഷകളിലെല്ലാം മാമ്മോൻ എന്ന പദത്തിന്റെ വരവ്. മലയാളത്തിലും ഇതുതന്നെ അവസ്ഥ. ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യൻ പ്രതിഷ്ഠിക്കുന്ന സകല ലൗകിക മോഹങ്ങളുടെയും പ്രതീകമാണത്. അതുകൊണ്ടുതന്നെയാണല്ലോ മനുഷ്യന്റെ ആരാധനയെ ആവശ്യപ്പെടുന്ന ദൈവത്തിന്റെ ബദൽശക്തിയായി യേശുതന്നെ മാമ്മോനെ അവതരിപ്പിക്കുന്നത്. *"ദൈവത്തെയും മാമ്മോനെയും ഒരുമിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല"* (ലൂക്കാ 16:13).

പണക്കൊതിയരായ ഫരിസേയർ ഇതിന്റെ പേരിൽ യേശുവിനെ പുച്ഛിച്ചു എന്നുപറയുമ്പോൾ (ലൂക്കാ 16:14) അർത്ഥശങ്കയ്ക്കിടയില്ല. പണം-അതാണ് മനുഷ്യന്റെ ആരാധനയാവശ്യപ്പെടുന്ന, മനുഷ്യനെ അടിമയാക്കുന്ന യഥാർത്ഥ വിഗ്രഹം.

ധനമോഹം വിഗ്രഹാരാധനയാണെന്നും (കൊളോ 3:5) *"ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം; ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നു വ്യതിലചിച്ചു പോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്"* (1 തിമോ 6:5-10) എന്നും അതിനാൽ

യഥാർത്ഥ വിഗ്രഹങ്ങളെ തിരിച്ചറിയണം എന്നും പൗലോസ് ഉദ്ബോധിപ്പിക്കുന്നു. അതിനു കഴിയാത്തതല്ലേ ഇന്നു സഭയിൽ ത്തന്നെ, വിശുദ്ധരെന്നു കരുതപ്പെടുന്നവരുടെ ഇടയിൽപ്പോലും സംഭവിക്കുന്ന വലിയ ഇടർച്ചകളുടെ ഒരു കാരണം എന്നു ചിന്തി ക്കാനും വഴിമാറാനും കാലം അതിക്രമിച്ചിരിക്കുന്നു.

## 6. മുസ്ലീമുകളും വിഗ്രഹാരാധനയും

വിഗ്രഹാരാധന പാടില്ല എന്ന് ക്രിസ്ത്യാനികളും മുസ്ലീങ്ങളും കർശനമായി നിർദ്ദേശിക്കുന്നുണ്ട്; ആരാധന ദൈവത്തിനു മാത്രമേ നല്കാവൂ എന്നും. എന്നാൽ കത്തോലിക്കർ വിഗ്രഹാ രാധകരാണെന്നും വിശുദ്ധരുടെ പ്രതിമകൾ ഉണ്ടാക്കി അവയെ ആരാധിക്കുന്നു എന്നും ആരോപണം ഉന്നയിക്കപ്പെടാറുണ്ട്. പക്ഷേ, കത്തോലിക്കരെ സംബന്ധിച്ച് ആരാധനയും വണക്കവും തമ്മിൽ കൃത്യമായ വ്യത്യാസമുണ്ട്. വിശ്വാസികളുടെ കൂട്ടായ്മ എന്ന വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ ഈ ഭൂമിയിൽ ജീവി ച്ചിരിക്കുന്നവരും ശുദ്ധീകരണസ്ഥലത്ത് ശുദ്ധീകരണപ്രക്രിയയിൽ കഴിയുന്നവരും സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നവരും ചേർന്ന് ഒരു കുടുംബമാകുന്നു; അഥവാ ഒറ്റ ശരീരംപോലെയാകുന്നു. കുടും ബാംഗങ്ങൾ പരസ്പരം സ്നേഹിക്കുകയും ആദരിക്കുകയും സ ഹായിക്കുകയും ചെയ്യുന്നതുപോലെയാണ് വിശുദ്ധരോടുള്ള വണക്കവും മധ്യസ്ഥപ്രാർത്ഥനയും കത്തോലിക്കർ കാണുന്നത്.

വിഗ്രഹാരാധന പാടില്ല എന്നു നിർബ്ബന്ധമായും പറയുന്ന മുസ്ലീമുകളുടെ ചില പ്രവർത്തനങ്ങൾ ഈ വിശ്വാസ പ്രഖ്യാപ നത്തിനു വിരുദ്ധമല്ലേ എന്ന സംശയം ഉണർത്തുന്നു. ഉദാഹര ണത്തിനു മക്കായിലേക്കുള്ള തീർത്ഥാടനവും കാബാ സന്ദർശ നവും. മുസ്ലീമുകൾ ഏറ്റം വിശുദ്ധമായി കരുതുന്ന കാബായുടെ കേന്ദ്രമായി നില്ക്കുന്നത് കറുത്ത ഒരു കല്ലാണ്. ദൈവത്തിന്റെ ഭവനമായി ഈ കല്ക്കഷ്ണം കരുതപ്പെടുന്നു. ഇസ്ലാമിക വിശ്വാസം അനുസരിച്ച്, ദൈവനാമത്തിൽ ഒരു പ്രാർത്ഥനാലയം പണിയാൻ അബ്രാഹം തീരുമാനിച്ചു. അതിന്റെ തറക്കല്ല് തന്റെ മക്കളിൽ ആരിടണം എന്ന തർക്കമുണ്ടായി. മൂത്തമകനായതി നാൽ അതു തന്റെ അവകാശമാണെന്ന് ഇസ്മായിൽ വാദിച്ചു. എന്നാൽ ദാസീപുത്രനല്ല, സാക്ഷാൽ ഭാര്യയിൽനിന്ന് ജനിച്ച വനും അതിനാൽത്തന്നെ വാഗ്ദാനത്തിന്റെ അവകാശിയുമായ താനാണ് തറക്കല്ലിടേണ്ടത് എന്ന് ഇസഹാക്കും വാദിച്ചു. തീരു

മാനമെടുക്കാൻ അബ്രാഹം ക്ലേശിച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്ന് ദൈവംതന്നെ ഒരു കല്ല് ഇട്ടുകൊടുത്തു. അത് തറക്കല്ലായി, തർക്കം തീർന്നു. അതാണ് കാബായുടെ പ്രാധാന്യത്തിന് മുഖ്യ കാരണം. അതോടൊപ്പം മറ്റൊരു കാരണംകൂടിയുണ്ട്.

സഹോദരൻ ഏസാവിനെ ഭയന്ന് ഒളിച്ചോടി, വഴിയിൽ തളർന്നുറങ്ങിയ യാക്കോബിന് സ്വപ്നത്തിൽ ദൈവദർശനമുണ്ടായി. ഉറക്കമുണർന്ന യാക്കോബ് തലയണയായി ഉപയോഗിച്ച കല്ലെടുത്ത് കുത്തിനിർത്തി, അതിൽ എണ്ണയൊഴിച്ചു അതിനെ ദൈവ ഭവനം എന്നർത്ഥമുള്ള ബെഥേൽ എന്നു വിളിച്ചു (ഉൽപ 28, 10-20). ഈ സംഭവത്തെ അനുസ്മരിപ്പിക്കുന്നതാണ് ദൈവഭവനമായി മുസ്ലീമുകൾ കരുതുന്ന കാബായുടെ കേന്ദ്രമായ കറുത്ത ശിലാസ്തംഭം. അതിനുചുറ്റും ഏഴുതവണ ഭക്തിയാദരവോടെ പ്രദക്ഷിണംവയ്ക്കുന്നതും അതിനൊരുക്കമായി മുടി വടിക്കുന്നതും പൂണൂൽ പോലെ ഒരു പട്ട ധരിക്കുന്നതും എല്ലാം ആരാധനയോ വണക്കമോ എന്ന് അതു ചെയ്യുന്നവർ തന്നെ തീരുമാനിക്കണം.

മക്കായുടെ കേന്ദ്രമായ കാബായെ നോക്കിയാണ് മുസ്ലീമുകൾ പ്രാർത്ഥിക്കുക. താൻ നില്ക്കുന്നത് ഈ ഭൂഗോളത്തിന്റെ ഏതു ഭാഗത്താണെങ്കിലും വടക്കുനോക്കി (GPS)യുടെ സഹായത്തോടെ മക്കായുടെ ദിക്ക് നിശ്ചയിച്ച് അങ്ങോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കുന്നത് വിശുദ്ധമായൊരു കടമയും ആചാരവുമായി പരിഗണിക്കപ്പെടുന്നു. അപ്പോൾ കാബായിലെ കല്ലിലാണോ ദൈവം വസിക്കുന്നത് എന്ന ചോദ്യം സ്വാഭാവികമായും ഉയരാം. 'ഈ മലയിലുമല്ല, ജറൂസലെമിലുമല്ല, യഥാർത്ഥ ആരാധകർ ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിലും സത്യത്തിലുമാണ്' (യോഹ 4, 20-24) എന്ന് സമറിയാക്കാരിക്ക് യേശു നൽകിയ മറുപടി സ്ഥലകാലങ്ങൾക്ക് അതീതമായ ദൈവികസാന്നിധ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ദൈവം മക്കയിലോ, ജറൂസലെമിലോ, റോമിലോ മാത്രമല്ല, എല്ലായിടത്തും സന്നിഹിതനാണ്. അതിനാൽ എങ്ങോട്ടുനോക്കി പ്രാർത്ഥിക്കുന്നു എന്നതുതന്നെ അപ്രസക്തമാകുന്നു.

മോസ്കുകളുടെ മുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ചന്ദ്രക്കലയും നക്ഷത്രവും കാലങ്ങളെ, പ്രത്യേകിച്ചും, തിരുനാളുകളുടെ ദിവസവും സമയവും, നിശ്ചയിക്കാനുള്ള ഒരു അടയാളം

മാത്രമാണോ, അതോ പൂർവ്വികരിൽ നിന്നു തലമുറ തലമുറയായി കൈമാറി കിട്ടിയ ഒരു വിഗ്രഹമാണോ എന്ന ചോദ്യത്തിനും ഉത്തരം കണ്ടെത്തേണ്ടതുണ്ട്. മിക്കവാറും എല്ലാ പുരാതന മതങ്ങളും ചന്ദ്രന്റെ വൃദ്ധി-ക്ഷയങ്ങളെ ആസ്പദമാക്കിയാണ് തിരുനാളുകൾ നിശ്ചയിച്ചിരുന്നത്. യഹൂദരും ക്രൈസ്തവരും തിരുനാളുകൾ, പ്രത്യേകിച്ചും ഏറ്റം പ്രധാനപ്പെട്ട പെസഹാത്തിരുനാൾ, ഇന്നും നിശ്ചയിക്കുന്നത് ചന്ദ്രന്റെ ഗതിയെ ആധാരമാക്കിയാണ്. എന്നാൽ ഇതു മാത്രമാണോ മുസ്ലീമുകൾ ചന്ദ്രക്കലയ്ക്കു കൊടുക്കുന്ന അതുല്യ പ്രാധാന്യത്തിന് ആധാരം?

ക്രിസ്ത്യാനികൾ കുരിശിനു കൊടുക്കുന്നത്ര, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ പ്രാധാന്യം മുസ്ലീംചിന്തയിലും ജീവിതത്തിലും ചന്ദ്രക്കലയ്ക്കുണ്ട് എന്നു വിളിച്ചു പറയുന്നതല്ലേ ഈ രൂപങ്ങൾ? രാജ്യങ്ങളുടെ ദേശീയ പതാകകളിൽപ്പോലും സ്ഥാനം പിടിച്ചിരിക്കുന്ന ചന്ദ്രക്കല മുസ്ലീം വിശ്വാസത്തിന്റെ പ്രതീകമാണെന്നതിൽ സംശയമില്ല. “റെഡ്ക്രോസ്” എന്ന പേരിൽ അറിയപ്പെടുന്ന അന്താരാഷ്ട്ര സംഘടനയുടെ സ്ഥാനത്ത് അടുത്ത കാലത്ത് രൂപംകൊണ്ട റെഡ് ക്രസന്റ് എന്നപേരും അടയാളവും ഇതുതന്നെ അല്ലേ സൂചിപ്പിക്കുന്നത്?

മുഹമ്മദ് പുതിയ മതം ആരംഭിക്കുമ്പോൾ അതിനുമുമ്പ് വിവിധ ഗോത്രങ്ങൾ ആരാധിച്ചിരുന്ന ദേവതകളെയും അവരുടെ പ്രതിമകളും നശിപ്പിച്ചെങ്കിലും തന്റെതന്നെ ഗോത്രദേവതയായിരുന്ന, അള്ളാത്താ എന്നപേരിൽ അറിയപ്പെട്ടിരുന്ന, ചന്ദ്രദേവതയെ മാത്രം നിലനിർത്തിയെന്നും അതിന്റെ പരിഷ്കരിച്ച രൂപമാണ് ഇന്ന് ദൈവം എന്നു കരുതി ആരാധിക്കുന്ന അള്ളാ എന്നുമുള്ള ആരോപണത്തിനു പിൻബലം നല്കുന്നതല്ലേ ഈ ചന്ദ്രക്കല എന്ന ചോദ്യത്തിനും ഉത്തരം കിട്ടേണ്ടതുണ്ട്.

## വിഗ്രഹാരധന വിലക്കുന്നവർക്ക് തിരുശേഷിപ്പുകളോ?

പ്രതിമകൾ പാടില്ല, ഛായാചിത്രംപോലും പാടില്ല എന്നു മുസ്ലീമുകൾ പറയുന്നതിന്റെ അടിസ്ഥാനകാരണം വിഗ്രഹാരാധന വിലക്കുകയാണ് എന്നതിൽ സംശയമില്ല. എന്നാൽ വിശുദ്ധഗ്രന്ഥം എന്ന് അവർ ആദരവോടെ കരുതുന്ന ഖുർആനും അള്ളാഹുവിന്റെ പ്രവാചകനായി കരുതി ആദരിക്കുന്ന മുഹമ്മദിനും കൊടുക്കുന്ന പ്രാധാന്യം ആദരവിന്റെ അതിരുകൾ കടന്ന്

ആരാധനയായി മാറുന്നില്ലേ എന്ന സംശയം ഉണർത്തുന്നതാണ് പല മുസ്ലീം രാജ്യങ്ങളിലും നിലനില്ക്കുന്നതും അതിക്രൂരമാം വിധം നടപ്പിലാക്കുന്നതുമായ മതനിന്ദാക്കുറ്റം. തങ്ങൾ പരിശുദ്ധമായി കരുതുന്ന ഖുർആൻ അനാദരവോടെ കൈകാര്യം ചെയ്തു, അങ്ങനെ മതനിന്ദാക്കുറ്റം ചെയ്തു എന്നാരോപിച്ച് നിരപരാധികളെ തടവിലാക്കുകയും പീഠിപ്പിക്കുകയും വധിക്കുകയും ചെയ്യുന്ന സംഭവങ്ങൾ പെരുകുന്നു. ആരെയെങ്കിലും, പ്രത്യേകിച്ച് ഇതര മതസ്ഥരെ നിഗ്രഹിക്കാൻ ഉപയോഗിക്കുന്ന ഒരു തന്ത്രമായി തീർന്നിരിക്കുന്നു മതനിന്ദാക്കുറ്റം.

ഏതോ ഒരു ഹാസ്യകലാകാരൻ മുഹമ്മദിന്റെ ഒരു കാർട്ടൂൺ വരച്ചതിന്റെ പേരിൽ ബാംഗ്ലൂരു പട്ടണത്തിൽ കലാപം അഴിച്ചുവിട്ട്, പലരുടെയും മരണത്തിനിടയാക്കിയത് ഇക്കഴിഞ്ഞ ദിവസമാണ്. പല മുസ്ലീം രാജ്യങ്ങളിലും എത്രയോ നിരപരാധർ മതനിന്ദാക്കുറ്റത്തിന്റെ പേരിൽ വധിക്കപ്പെടുന്നു? ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ ജർമ്മനിയിലെ ഒരു യൂനിവേഴ്സിറ്റിയിൽ നടത്തിയ ഒരു പ്രഭാഷണത്തിൽ മുഹമ്മദിനും ഇസ്ലാം മതത്തിനും എതിരായ പരാമർശമുണ്ടായി എന്നാരോപിച്ച് പല രാജ്യങ്ങളിലും അരങ്ങേറിയ കലാപനാടകങ്ങൾ കഴിഞ്ഞിട്ട് കാലം ഏറെ ആയില്ല.

എന്തേ വിശുദ്ധരെന്നു പരിഗണിക്കപ്പെടുന്ന പലരുടെയും ശവക്കല്ലറകൾക്ക് ഇത്ര പ്രാധാന്യം നല്കപ്പെടുന്നു? അവരുടെ കുഴിമാടങ്ങളും വിഗ്രഹങ്ങളായി മാറുകയാണോ? മഖാം (Makhamah) എന്നാണ് അറബിയിൽ ശവക്കല്ലറ അറിയപ്പെടുന്നത്. അതിനെ ദർഘ (Dhargha) എന്നും വിളിക്കാറുണ്ട്. 'മഖാം ഉറൂസ്' ഏറെ പ്രചാരമുള്ള ആഘോഷമാണല്ലോ. ശവകുടീരത്തിൽ നടക്കുന്ന ഈ ആണ്ടുനേർച്ച വിശുദ്ധരായി ജീവിച്ചവരെ ആദരിക്കുന്നതിന്റെ ഭാഗമാണെന്ന് അംഗീകരിക്കുമ്പോഴും ചില കല്ലറകൾക്കു കൊടുക്കുന്ന പ്രാധാന്യം, ഉദാഹരണത്തിന് ആജ്മീറിലെ 'ദർഘ', വെറും ആദരവിന്റെ അതിരു കടന്ന് ആരാധനയായി മാറുന്നില്ലേ എന്ന സംശയം ഉണ്ടാകാം. മരിച്ചവർ ശവകുടീരത്തിൽത്തന്നെ ഉണ്ടെന്ന വിശ്വാസമാണോ ഇതിലൂടെ പ്രകടമാകുന്നത് എന്നും അന്വേഷിക്കേണ്ടതുണ്ട്. മരണാനന്തരജീവിതത്തെക്കുറിച്ച് ബൈബിളും ഖുർആനും പറയുന്ന കാര്യങ്ങൾ പ്രത്യേകം പഠനവിഷയമാക്കുന്നതാണ്.

ഇതുപോലെത്തന്നെയാണ് വിശുദ്ധ വസ്തുക്കൾ എന്നു കരു

തപ്പെടുന്നവയോടുള്ള ആരാധനസമാനമായ സമീപനം. കാശ്മീരിലെ ഒരു മോസ്കിൽ സൂക്ഷിച്ചിരുന്ന മുഹമ്മദിന്റെ ഒരു രോമം കളവുപോയി എന്നാരോപിച്ചു നടന്ന കലാപങ്ങൾ മറക്കാൻ കാലമായിട്ടില്ല.

ഈ പശ്ചാത്തലത്തിൽ എന്താണ് വിഗ്രഹവും വിഗ്രഹാരാധനയും, എന്താണ് പ്രതിമയും വണക്കവും എന്നു വേർതിരിച്ചറിയണം. ആർക്കെങ്കിലും എതിരേ വിഗ്രഹാരാധനക്കുറ്റവും മതനിന്ദാക്കുറ്റവും ആരോപിച്ച് കൊലവിളി മുഴക്കുന്നതിനുമുമ്പേ ഈ വീണ്ടുവിചാരം ആവശ്യമാണ്. യഥാർത്ഥ വിഗ്രഹങ്ങളെ തിരിച്ചറിയണം, തള്ളിപ്പറയണം. അതേസമയം വ്യക്തികളോടും സ്ഥലങ്ങളോടും വസ്തുക്കളോടുമുള്ള ആദരവും വണക്കവും അതിരുകടക്കാതെ സൂക്ഷിക്കുകയും വേണം. അതിനുള്ള വിവേകവും ആർജ്ജവവും സന്മനസും സർവ്വശക്തനും ദയാപരനും സ്നേഹരൂപനുമായ ത്രിയേകദൈവം പ്രദാനം ചെയ്യട്ടെ.

## 7. പച്ചാമാമായും സാംസ്കാരിക സംവാദവും

ആരംഭത്തിൽ സൂചിപ്പിച്ച പച്ചാമാമായിലേക്കുവരാം. 2019 ഒക്ടോബർ 6-27 തിയതികളിൽ റോമിൽവച്ച്, ആമസോൺ പ്രദേശങ്ങളിലെ ജനതകളെക്കുറിച്ചു നടന്ന ഒരു സിനഡുമായി ബന്ധപ്പെട്ടു പൊന്തിവന്ന വിവാദത്തിനു വഴിമരുന്നിട്ട ഒരു ചെറിയ പ്രതിമയാണ് പച്ചാമാമ. ഒരു ഗർഭിണിയുടെ നഗ്നരൂപം പ്രദർശിപ്പിക്കുന്നതാണ് പ്രതിമ. വത്തിക്കാനിൽ നടന്ന ഒരു പ്രാർത്ഥനാസമ്മേളനത്തിൽ ഫ്രാൻസിസ് പാപ്പാ ഇപ്രകാരം ഒരു പ്രതിമ ആശിർവദിച്ചത് വലിയ പ്രതിഷേധങ്ങൾക്കു കാരണമായി.

വത്തിക്കാന്റെ സമീപത്തുള്ള സാന്താമരിയ ഇൻ ത്രാൻസ്പൊന്തീനാ എന്ന ചെറിയ ദൈവാലയത്തിൽ ഇപ്രകാരമുള്ള അഞ്ചുപ്രതിമകൾ പ്രദർശനത്തിനുവച്ചിരുന്നു. ഈ പ്രതിമകൾ അർദ്ധരാത്രിയിൽ ആരോ മോഷ്ടിച്ച് ടൈബർ നദിയിൽ എറിഞ്ഞത് പ്രതിഷേധത്തിന്റെ ഉച്ചകോടിയായി. ഇറ്റാലിയൻ പൊലീസ് പിറ്റേന്ന് പ്രതിമകളെല്ലാം നദിയിൽനിന്നു മുങ്ങിത്തപ്പി തിരിച്ചെടുത്തു. ഒരു ജനതയുടെ വിശ്വാസത്തോട് ഏതോ കുബുദ്ധികൾ കാട്ടിയ ഈ അവിവേകത്തിനും അവഹേളനത്തിനും പാപ്പാ മാപ്പിരന്നത് കൂടുതൽ വിവാദത്തിനു കാരണമായി. പാപ്പായുടെ പല നീക്കങ്ങളെയും വിമർശിക്കുകയും തള്ളിപ്പറയുകയും പാപ്പായെത്തന്നെ വിഗ്രഹാരാധകനും സഭാവിരോ

ധിയും സാത്താന്റെ അവതാരവും അന്തിക്രിസ്തുവും ഒക്കെയായി അവഹേളിക്കുകയും ചെയ്യുന്നവർക്ക് തല്ലാൻ ഒരു വടിയുംകൂടി കൈയിൽ കിട്ടിയതുപോലെയായി. അതിനാൽ വിഗ്രഹാരാധന യെക്കുറിച്ചുള്ള വിചിന്തനം ഈ ഒരു സംഭവത്തിന്റെ ചെറിയൊരു വിശകലനത്തോടെ സമാപിപ്പിക്കുന്നതു യുക്തമെന്നു കരുതുന്നു.

ബൊളീവിയ, ബ്രസീൽ, കൊളംബിയാ, ഇക്വഡോർ, ഗ്വിനിയാ, ഫ്രഞ്ച് ഗ്വിനിയാ, പെറു, വെനെസ്വേല, സുരിനാം എന്നിങ്ങനെ ലത്തീൻ അമേരിക്കയിലെ ഒമ്പതുരാജ്യങ്ങളിൽപ്പെട്ട, മുഖ്യമായും ഗോത്രവർഗ്ഗക്കാരെ ലക്ഷ്യംവച്ചുനടത്തിയ ഒരു ചർച്ചാസമ്മേളനമായിരുന്നു ആമസോൺ സിനഡ്. ആമസോൺ നദീതടത്തിലെ അതിവിശാലമായ വനപ്രദേശങ്ങളിൽ അധിവ സിക്കുന്ന ഏകദേശം മുപ്പതുലക്ഷം ഗോത്രവർഗ്ഗക്കാർ – നാനൂ റിലധികം ഗോത്രങ്ങൾ, ഇരുന്നൂറ്റിനാല്പതു ഭാഷകൾ, ഏറിയ പങ്കും വനവാസികൾ, വനംകൊണ്ട് ഉപജീവനം കഴിക്കുന്നവർ. അവരുടെ ജീവിതം വഴിമുട്ടിക്കുന്ന ആധുനികസംസ്കാരത്തിന്റെ കടന്നുകയറ്റത്തിൽ അവർ നേരിടുന്ന പ്രതിസന്ധികളെ പരിഗ ണിക്കാനും അതിലുപരി, ക്രിയാത്മകവും ഉപകാരപ്രദവുമായ ഒരു സംവാദത്തിനും വേണ്ടിയാണ് ഫ്രാൻസിസ് പാപ്പാ മുൻകൈ എടുത്ത് റോമിൽ സിനഡു വിളിച്ചുകൂട്ടിയത്.

ആ ജനതകളെല്ലാം പാവനമായി കരുതുന്ന ഒരു പ്രതീക മാണ് 'പച്ചാമാമാ' എന്ന് അവർ വിളിക്കുന്ന ഗർഭിണിയായ സ്ത്രീ യുടെ, മരത്തിൽ കൊത്തിയ പ്രതിമ. എല്ലാവർക്കും ജീവനും ജീവസന്ധാരണത്തിന് ആവശ്യമായവയും നല്കി സംരക്ഷിക്കു ന്ന അമ്മ ഭൂമി എന്നാണത്രേ പച്ചാമാമാ എന്ന വാക്കിന്റെ അർത്ഥം. എന്നാൽ പച്ചാമാമാ പച്ച മലയാളത്തിൽ എടുത്താൽ പച്ചയായ അമ്മ എന്നുതന്നെയാവുമല്ലോ അർത്ഥം? 'ഹരിതമാമാ' എന്ന് വിവർത്തനം ചെയ്യാം. 'മാമാ', 'മാമ്മ' എന്നൊക്കെ കുട്ടികൾ അമ്മയെ വിളിക്കാറില്ലേ? അതുപോലെ, ശിശുതുല്യമായ, നിഷ് കളങ്കമായ സ്നേഹവും ആദരവും പ്രകടമാക്കുന്ന ഒരു പേരും പ്രതീകവുമായിട്ടാണ് ആമസോൺ ആദിവാസികൾ 'പച്ചാമാ മാ'യെ കാണുന്നത്. എല്ലാം നല്കുന്ന അമ്മയുടെ പ്രതീകമായി ഗർഭിണിയെ കാണുന്നു. അതു ദൈവമല്ല; പ്രകൃതിയാണ്; എല്ലാ ജീവജാലങ്ങളുടെയും മാതാവ്.

ഈ അർത്ഥത്തിൽ, തങ്ങൾക്കു മനസ്സിലാകുന്ന വിധത്തിൽ,

പുരാതനകാലം മുതലേ, അവർ നിർമ്മിച്ചു വണങ്ങിപ്പോന്ന രൂപമാണ് പച്ചാമാമ. ഇഷ്ടാനുസൃതം ചൂഷണം ചെയ്യാനും കച്ചവടം ചെയ്യാനും നശിപ്പിക്കാനും ഉള്ള ഒരു വസ്തുവായി ഭൂമിയെ കരുതുന്ന, ആധുനിക പശ്ചാത്യസംസ്കാരം ഈ ഭൂമിക്കുതന്നെ വരുത്തിവച്ചിരിക്കുന്ന ഭീകരമായ നാശനഷ്ടങ്ങളെക്കുറിച്ച് നിരന്തരം വിലപിക്കുന്നതിൽനിന്നു ഫ്രാൻസിസ് പാപ്പ പിൻമാറുന്നില്ല. *ലൗദാത്തോസി* എന്ന ചാക്രിക ലേഖനത്തിൽ മാത്രമല്ല, പാപ്പായുടെ എല്ലാ പ്രബോധനങ്ങളിലും പ്രഭാഷണങ്ങളിലും ഭൂമിക്കുവേണ്ടിയുള്ള നിലവിളി മുഴങ്ങുന്നുണ്ട്. ഈ പശ്ചാത്തലത്തിൽവേണം പച്ചാമാമാ പ്രതിമയ്ക്കു പാപ്പാ നല്കിയ പ്രാധാന്യം മനസ്സിലാക്കാൻ.

ഇതിനെ ദൈവമോ ദൈവമാതാവോ മാതൃദൈവമോ ഒന്നുമായല്ല ഫ്രാൻസിസ് പാപ്പ പരിഗണിച്ചത്. മറിച്ച് ഭൂമിയുടെ, മനുഷ്യന്റെ ലാഭേച്ഛയാൽ സമൂലനാശം നേരിടുന്ന അമ്മ ഭൂമിയുടെ പ്രതീകമാണത് - ഏറ്റം ആനുകാലികവും ശ്രദ്ധേയവും ആയ പ്രതീകം. അതിനെ ആശീർവദിച്ചത് എങ്ങനെ വിഗ്രഹാരാധനയാകും? ഇതരമതസ്ഥരുടെ ഒരു വിഗ്രഹം പാപ്പ ആശീർവദിച്ചു, ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു, അങ്ങനെ ദൈവാലയത്തെ അശുദ്ധമാക്കി, ദൈവദോഷം ചെയ്തു, കത്തോലിക്കാസഭയെ വിഗ്രഹാരാധനയിലേക്കു നയിച്ചു എന്നൊക്കെ ആക്രോശിക്കുന്നവർ, നാം അതിവിശുദ്ധമായി കരുതി പരമ്പരാഗതമായി വണങ്ങുന്ന ചില പ്രതീകങ്ങളും ചെയ്യുന്ന ചില അനുഷ്ഠാനങ്ങളും ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

## 8. ഇതരമതാചാരങ്ങൾ ബൈബിളിൽ

ക്രൈസ്തവർക്കെല്ലാം സുപരിചിതമാണ് കുഞ്ഞാടിന്റെ പ്രതീകം; പ്രത്യേകിച്ചും പെസഹാക്കുഞ്ഞാടിന്റെ. യേശുവിനെ ചൂണ്ടിക്കാട്ടി സ്നാപകൻ വിളിച്ചുപറഞ്ഞതാണ്: *"ഇതാ ദൈവത്തിന്റെ കുഞ്ഞാട്"* (യോഹ 1:36). വെളിപാടുപുസ്തകത്തിൽ കുഞ്ഞാട് സുപ്രധാനമായൊരു പ്രതീകമാണ്. എന്നാൽ പെസഹാക്കുഞ്ഞാട് എന്ന ആശയം തന്നെ വരുന്നത് പുരാതനകാലത്തെ ഇടയസംസ്കാരത്തിൽനിന്നാണെന്ന കാര്യം അധികമാർക്കും അറിയില്ല.

കൊയ്ത്തുകഴിയുമ്പോൾ മരുഭൂമിയിൽ നിന്നു വിളഭൂമിയിലേക്ക് ഇടയന്മാർ ആടുകളുമായി കടന്നുവരും. ഒരു കടന്നുപോ

കൽ – പെസഹാ. ആടുകൾ പ്രസവിക്കുന്ന കാലമാണത്. ആട്ടിൻ കുഞ്ഞുങ്ങളെ ദുർഭൂതം വിഴുങ്ങാതിരിക്കാൻവേണ്ടി ഒരാട്ടിൻകുട്ടിയെ കൊന്ന് കൂടാരത്തിനുമുമ്പിൽ കോലിൽ നാട്ടിനിർത്തും, ദുർഭൂതത്തിന് ഭക്ഷണമായി. അതായിരുന്നു ആരംഭത്തിൽ പെസഹാകുഞ്ഞാട്. പിന്നീടത് ഈജിപ്തിൽനിന്നുള്ള കടന്നുപോകലുമായി ബന്ധിപ്പിച്ച് ബൈബിളിൽ സ്ഥലംപിടിച്ചു. അവിടെനിന്ന് പാപത്തിൽനിന്നും മരണത്തിൽനിന്നും മനുഷ്യനെ മോചിപ്പിച്ച് ദൈവികജീവനിലേക്ക് നയിക്കുന്ന യേശുവിന്റെതന്നെ പ്രതീകമായി. ഈ പ്രതീകത്തിൽ ആരും വിഗ്രഹാരാധന കാണുന്നില്ല; ഒരപാകതയും ആരോപിക്കുന്നുമില്ല.

ഇതുപോലെ എത്രയെത്ര ഉദാഹരണങ്ങൾ! പറുദീസായിലെ ജീവന്റെ വൃക്ഷത്തിനു കാവൽ നിർത്തിയതായി പറയുന്ന കെരൂബുകളെക്കുറിച്ചുള്ള ആശയം ബാബിലോണിലെ പട്ടണകവാടങ്ങളിലും കൊട്ടാരവാതില്ക്കലും കാവലായി നിർത്തിയിരുന്ന ഭീമാകാരമായ പ്രതിമകളിൽനിന്നും കടമെടുത്തതാണെന്ന് എത്ര പേർക്കറിയാം! മനുഷ്യന്റെ മുഖവും സിംഹത്തിന്റെ ഉടലും കാളയുടെ കാലും കഴുകന്റെ ചിറകുമുള്ള വിചിത്ര ജീവികൾ – അവരാണ് കാവല്ക്കാർ – മനുഷ്യഭാവനയിൽ വിരിഞ്ഞ ചിത്രം. അതിനെ സ്വീകരിച്ച് പുതിയ അർത്ഥം നല്കി ബൈബിളിൽ ഉപയോഗിച്ചപ്പോൾ അവർ കാവല്ക്കാർ മാത്രമല്ല, ദൈവത്തിന്റെ രഥം വഹിക്കുന്ന മാലാഖമാരുമായി (എസെ 1:4–14). സെറാഫുകളെക്കുറിച്ചും ഏതാണ്ടിതുപോലുള്ള അനുരൂപണചരിത്രമുണ്ട്. ഷറാപ്പു (Sharapu) എന്നപേരിൽ അഗ്നിദേവതകളായി ബാബിലോണിയർ കരുതിയിരുന്ന അമാനുഷികജീവികളുടെ ചിത്രം, ബലിപീഠത്തിനടിയിൽനിന്നു കൊടിൽകൊണ്ട് തീക്കട്ട എടുക്കുന്ന, ദൈവത്തെ പരിശുദ്ധൻ എന്നു നിരന്തരം പ്രകീർത്തിക്കുന്ന മാലാഖമാരുടെ ചിത്രത്തിനു (ഏശ 6:17) പിന്നിൽ തെളിയുന്നുണ്ട്.

ഇതിനും പുറമെ, ഭൂമിയെത്തന്നെ അമ്മയായി മനുഷ്യന്റെ പ്രവർത്തനങ്ങളാൽ ദ്രോഹിക്കപ്പെടുകയും വേദനിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായി ചിത്രീകരിക്കുന്നതിൽ ബൈബിൾ ഗ്രന്ഥകാരന്മാർ ഒരപാകതയും കണ്ടില്ല എന്നതും ശ്രദ്ധേയം. കായേനെ ശാസിക്കുന്ന ദൈവത്തിന്റെ വാക്കുകൾ, *"നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ്പിളർന്ന ഭൂമിയിൽ നീ*

*ശപിക്കപ്പെട്ടവനായിരിക്കും"* (ഉത്പ 4:11) ഭൂമിയെ സ്വന്തം മകന്റെ രക്തം കുടിക്കാൻ നിർബന്ധിക്കപ്പെടുന്ന അമ്മയായി ചിത്രീകരിക്കുന്നു. ഇവിടെയാണ് 'പച്ചാമാമ'യുടെ തുടക്കം എന്നുപറഞ്ഞാൽ നിഷേധിക്കാനാകുമോ?

മനുഷ്യന്റെ അതിരുകടന്ന ധനാസക്തിമൂലം ഭൂമിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു എന്നു ശാസ്ത്രകാരന്മാർ ആധികാരികമായി തെളിയിച്ചുകഴിഞ്ഞു. ഇതുപോലൊരു യാഥാർത്ഥ്യമല്ലേ 2600 വർഷങ്ങൾക്കുമുമ്പ് ഏശയ്യാ പ്രവാചകൻ ഒരു പ്രതീകത്തിലൂടെ അവതരിപ്പിച്ചത്: *"ഭൂമി ഉന്മത്തനെപ്പോലെ ആടി ഉലയുന്നു... അതു താങ്ങുന്ന അകൃത്യം അത്ര ഭാരമേറിയതാണ്"* (ഏശ 24:20). ഭൂമിയെ വിഷംകുടിച്ച് ഉന്മത്തനായ മദ്യപനായും ജറുസലെമിനെ വിലപിക്കുന്ന മാതാവായും (വിലാപങ്ങളുടെ പുസ്തകം മുഴുവൻ) ചിത്രീകരിക്കുമ്പോൾ ഇതൊന്നും വിഗ്രഹമോ വിഗ്രഹാരാധനയോ ആയി ബൈബിൾ ഗ്രന്ഥകാരന്മാർ കാണുന്നില്ല.

വിജാതിയർ ഉപയോഗിച്ചിരുന്ന പല പ്രതീകങ്ങളും ഇസ്രായേൽക്കാരും പിന്നീട് ക്രിസ്ത്യാനികളും സ്വീകരിക്കുകയും അവയ്ക്കു പുതിയ അർത്ഥവും വ്യാഖ്യാനങ്ങളും നല്കുകയും ചെയ്തതിന്റെ ഉദാഹരണങ്ങൾ നിരവധിയുണ്ട്. അജയ്യസൂര്യന്റെ ജന്മദിനമായി ആദ്യം പേർഷ്യക്കാരും പിന്നീട് റോമാക്കാരും ആചരിച്ചിരുന്ന ഡിസംബർ 25 ക്രിസ്ത്യാനികൾ യേശുവിന്റെ ജന്മദിനമായി ആഘോഷിക്കുന്നു. യൂറോപ്പിൽ മാത്രമല്ല, നമ്മുടെ നാട്ടിലും ഇന്നു പൊതുവേ കാണപ്പെടുന്ന ക്രിസ്മസ്ട്രീയുടെ പിന്നിലും വിജാതീയാചാരങ്ങളുടെ സ്വാധീനം ഉണ്ട്. പറുദീസായിലെ രണ്ടുമരങ്ങൾ, ജീവന്റെ വൃക്ഷവും നന്മതിന്മയുടെ അറിവിന്റെ വൃക്ഷവും ബൈബിളിലേക്കു കടന്നുവന്നതും വിജാതീയരുടെ ഇടയിൽനിന്നാണ്. എന്തിനേറെ, സൃഷ്ടിയുടെ ആദ്യവിവരണത്തിലും ഇതുപോലുള്ള സ്വാധീനം ദൃശ്യമാണ്. തിയാമത്ത് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രളയജലത്തെ മർദുക്ക് ദേവൻ രണ്ടായി വെട്ടിപ്പിളർന്ന്, മുകൾഭാഗംകൊണ്ട് ആകാശവും കീഴ്ഭാഗംകൊണ്ട് ഭൂമിയും സൃഷ്ടിച്ചു എന്ന് ബാബിലോണിയൻ ഇതിഹാസമായ 'എനുമാ എലിഷ്' നല്കുന്ന വിവരണത്തിന്റെ സ്വാധീനം ജലമധ്യത്തിൽ വിതാനമുണ്ടാകട്ടെ എന്ന കല്പനയിലും തുടർന്നുള്ള വിഭജനത്തിലും ദൃശ്യമാണ് (ഉത്പ 1:6-10).

എന്നാൽ, വിജാതീയർ ഉപയോഗിച്ചിരുന്ന പ്രതീകങ്ങൾക്ക്

പുതിയ അർത്ഥവും മാനങ്ങളും നല്കിയാണ് ബൈബിളിൽ സ്വീകരിച്ചത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വിജാതീയർ ദൈവങ്ങളായി കരുതിയിരുന്ന പലതും സൃഷ്ടികൾ മാത്രമാണെന്നും അവയ്ക്കെല്ലാം ഉപരിയാണ് സ്രഷ്ടാവും സർവ്വശക്തനുമായ ഏകദൈവം എന്നുമുള്ള വിശ്വാസമാണ് ബൈബിൾ പ്രകടിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ അമ്മ ഭൂമിയുടെ പ്രതീകമായി പച്ചാമാമയുടെ പ്രതിമയെ കരുതുന്നതിൽ ഒരപാകതയും കാണാനില്ല. അതിനാൽത്തന്നെ അതു വിഗ്രഹമായിത്തീരുന്നുമില്ല.

ആഥൻസിലെ അരെയോപ്പഗസിൽവച്ച് വി. പൗലോസ് നടത്തിയ പ്രസ്താവന ഇവിടെ ഒരു വഴികാട്ടിയാവുന്നു. *"നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതനെക്കുറിച്ചുതന്നെയാണ് ഞാൻ നിങ്ങളോട് പ്രസംഗിക്കുന്നത്"* (അപ്പ 17:23). മറ്റു ജനതകളെല്ലാം അന്ധവിശ്വാസികളും വിഗ്രഹാരാധകരുമാണെന്നും അവർ ആരാധിക്കുന്നതൊന്നും ദൈവമല്ല, വിഗ്രഹവും പിശാചുമാണെന്നും കണ്ണടച്ചു തള്ളിപ്പറയുമ്പോൾ ശ്രദ്ധിക്കണം, എല്ലാവരെയും നയിക്കുന്നത് ഒരേയൊരു ദൈവമാണ്; സ്രഷ്ടാവും പരിപാലകനുമായ ദൈവം. ആ ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ വൈവിധ്യമുണ്ടാകാം; അന്ധവിശ്വാസങ്ങൾ കടന്നുകൂടിയിട്ടുണ്ടാകാം; അവ്യക്തതകൾ അവശേഷിക്കുന്നുണ്ടാവാം. അവ ഏതൊക്കെ എന്ന് വിവേചിച്ച് അറിയാനും സത്യവും സ്വീകാര്യവുമായവ ഏതെന്നു കണ്ടെത്താനും, ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്തവയെ ത്യജിക്കാനും മറ്റുള്ളവയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ശുദ്ധീകരിച്ചെടുക്കാനുമല്ലേ ക്രൈസ്തവർ ശ്രമിക്കേണ്ടത്?

അക്രൈസ്തവ മതങ്ങളോട് സഭയുടെ നിലപാടിനെ സംബന്ധിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രഖ്യാപനത്തിൽ (Nonstra Aetate - NA) ഇതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. *"ഈ മതങ്ങളിൽ സത്യവും വിശുദ്ധവുമായവയൊന്നും കത്തോലിക്കാസഭ നിഷേധിക്കുന്നില്ല. ആത്മാർത്ഥമായ ബഹുമാനത്തോടെ ആ പ്രവർത്തനരീതികളെയും ജീവിതശൈലികളെയും പരിഗണിക്കുന്നു. സഭ മുറുകെ പിടിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നവയിൽനിന്ന് പല കാര്യങ്ങളിലും അവ വ്യത്യസ്തമാണെങ്കിലും, പലപ്പോഴും എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ നിത്യസത്യത്തിന്റെ രശ്മി*

*അവ സംവഹിക്കുന്നുണ്ട്. അതുകൊണ്ട് മറ്റു മതാനുയായികളോട് വിവേകത്തോടും സ്നേഹത്തോടുംകൂടെയുള്ള സംവാദവും സഹ കരണവും വഴി വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും സാക്ഷ്യംവഹിച്ചുകൊണ്ട് അവരിൽ കാണുന്ന ആധ്യാത്മിക, ധാർമ്മിക നന്മകളെയും സാമൂഹിക, സാംസ്കാരിക മൂല്യങ്ങ ളെയും അംഗീകരിക്കുകയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യണമെന്ന് സഭ സ്വസന്താനങ്ങളെ ഉപദേശിക്കുന്നു"* (NA 2).

വത്തിക്കാൻ സൂഹനദോസിന്റെ ഈ നിർദ്ദേശങ്ങൾ അര നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇനിയും പ്രാവർത്തികമാക്കാൻ സാധി ച്ചിട്ടില്ല എന്നു മാത്രമല്ല, അതിനു കടകവിരുദ്ധമായ നിലപാടാണ് പലപ്പോഴും സഭയുടെ ഔദ്യോഗിക തലങ്ങളിൽപ്പോലും ഇന്നും നിലനില്ക്കുന്നത്. ഇതിന്റെ വ്യക്തമായ തെളിവല്ലേ ഗോത്രവർ ഗ്ഗക്കാരെ ഒന്നിച്ച് വിഗ്രഹാരാധകരായി മുദ്രകുത്തുകയും അവ രുടെ മതാത്മക വികാരങ്ങളെ മുറിപ്പെടുത്തുകയും കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനെത്തന്നെ വിഗ്രഹാരാധകനെന്ന് അധി ക്ഷേപിക്കുകയും ചെയ്യുന്ന പച്ചാമാമാനാടകം? ഒരു വീണ്ടുവി ചാരത്തിനു സമയം അതിക്രമിച്ചിരിക്കുന്നു. അന്യമതസ്തരും അവ രുടെ സംസ്കാരങ്ങളുമായി വിശ്വാസാധിഷ്ഠിതവും ക്രിയാത്മ കവുമായ സംവാദത്തിന് ഇനിയും വൈകിക്കൂടാ എന്ന് ഈ സംഭവം ഓർമ്മപ്പെടുത്തുന്നു.

## ഉപസംഹാരം

എന്താണ് വിഗ്രഹം, എന്താണ് വിഗ്രഹാരാധന, എന്താണ് ഒന്നാം പ്രമാണവും അതിന്റെ അർത്ഥവും എന്നൊക്കെ വ്യക്ത മായ അവബോധം ജനത്തിനു നല്കണം; അതിനു കടപ്പെട്ടവർ തന്നെ, മുൻവിധികൾ ഉപേക്ഷിച്ച്, വിശുദ്ധ ബൈബിളിന്റെയും സഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. യഥാർത്ഥ വിഗ്രഹ ങ്ങളെ തിരിച്ചറിയണം. അതേസമയം പ്രതീകങ്ങളെ യാഥാർത്ഥ്യ ങ്ങളായി തെറ്റിദ്ധരിക്കുന്നതിൽനിന്ന് ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുമാ റുകയും വേണം. അജപാലനപരമായ വിവേകം (Pastoral Prudence) ഇവിടെ അത്യാവശ്യമായിരിക്കുന്നു.

അടിമകൾക്കു വിടുതൽ നല്കുന്ന കർത്താവായ ദൈവം ഒരുവൻമാത്രം; അവനെ മാത്രമേ ആരാധിക്കാവൂ. മറ്റാരെയെ ങ്കിലും എന്തിനെയെങ്കിലും ആരാധിച്ചാൽ അടിമത്തമായിരിക്കും

ഫലം. യഥാർത്ഥ ദൈവം സ്വാതന്ത്ര്യം നല്കുന്നവനാണ്; ദൈവമക്കളുടെ സ്വാതന്ത്ര്യം. *"സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്ന് മാത്രം"*. (ഗലാ 5,13) ആ സ്വാതന്ത്ര്യത്തിലേക്കാണ് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ മനുഷ്യർ ഒന്നിന്റെയും ആരുടെയും അടിമകളാകാതിരിക്കണം- അതാണ് ഒന്നാം പ്രമാണത്തിന്റെ ലക്ഷ്യം; വിഗ്രഹാരാധന വിലക്കുന്നതിന്റെ കാരണവും.

# 4

## മരണാനന്തരം എന്ത്?

### ചോദ്യം

മനുഷ്യനെ സംബന്ധിച്ച് ഏറ്റം സുനിശ്ചിതവും അനിഷേധ്യവുമായ ഒരു സത്യമാണ് മരണം. ഈ ലോകത്തിൽ ജീവിക്കുന്നവരെല്ലാം ഒരിക്കൽ മരിക്കും എന്നതിൽ ആർക്കും സംശയമില്ല. അതുപോലെ തന്നെ സാർവ്വത്രികമായൊരു സത്യമാണ് മരണം എപ്പോൾ സംഭവിക്കും എന്നതിനെക്കുറിച്ചുള്ള അജ്ഞത. എന്നു മരിക്കും എന്ന് ആർക്കും കൃത്യമായി പറയാനാവില്ല. എന്നാൽ മരണത്തിനുശേഷം എന്തു സംഭവിക്കും എന്ന ചോദ്യത്തിന് ലഭിക്കുന്ന ഉത്തരങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ഓരോരുത്തരുടെയും വിശ്വാസത്തിന്റെയും ബോധ്യങ്ങളുടെയും, സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ഉത്തരങ്ങൾ പലവിധത്തിലുള്ളതായിരിക്കും.

ദൈവത്തെയും, അതിനാൽത്തന്നെ സൃഷ്ടികർമ്മത്തെയും അംഗീകരിക്കാത്തവർക്ക് മരണം എല്ലാറ്റിന്റെയും അവസാനമാണ്. ജീവൻ പിരിഞ്ഞ ശരീരം ശവമായിത്തീരുന്നു, മണ്ണിൽ അഴിയുന്നു, ഒന്നും അവശേഷിക്കാതെ. മനുഷ്യന് സ്രഷ്ടാവില്ലെങ്കിൽ ആത്യന്തികമായി ലക്ഷ്യവുമില്ല. സസ്യങ്ങളും മൃഗങ്ങളുംപോലെ മനുഷ്യനും ചാകുന്നു, ചീയുന്നു, മണ്ണിനു വളമായിത്തീരുന്നു. അതോടെ എല്ലാം അവസാനിക്കുന്നു. എന്നാൽ ഈ ചിന്തകൊണ്ട് തൃപ്തിപ്പെടാത്ത കോടാനുകോടി മനുഷ്യരുണ്ട്.

അതിപുരാതനകാലം മുതലേ മനുഷ്യർ മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു. ദൃശ്യമായ സകലതിനും സ്രഷ്ടാവായി ദൈവമുണ്ടെന്നും സ്രഷ്ടാവായ ദൈവത്തിന് തന്റെ സൃഷ്ടിയായ മനുഷ്യനെക്കുറിച്ച് മരണത്തിനപ്പുറത്തേക്കു നീളുന്ന ഒരു പദ്ധതിയുണ്ടെന്നും മിക്കവാറും എല്ലാ മതങ്ങളും വിശ്വസിക്കുന്നു; പഠിപ്പിക്കുന്നു. എന്നാൽ ഈ മരണാനന്തരജീവിതം എപ്രകാര

മുള്ളതായിരിക്കും എന്നതിനെക്കുറിച്ച് വ്യത്യസ്ത വിശ്വാസങ്ങൾ നിലവിൽ വന്നു.

ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം പൂർണ്ണമായി നിർവ്വഹിച്ച്, അവസാനം ദൈവത്തിൽ ലയിച്ച് ഒന്നാകുന്നതുവരെ, അഥവാ തന്റെ യഥാർത്ഥ സ്വത്വത്തെയും സത്തയെയും കുറിച്ച് പൂർണ്ണാവബോധം ഉണ്ടാകുന്നതുവരെ ഈ ഭൂമിയിൽ, മനുഷ്യൻ പല ജന്മങ്ങളിലൂടെ കടന്നുപോകും. അതിനാൽ മരണം നിരന്തരമായ യാത്രയുടെ ഒരു ഘട്ടം മാത്രമാണ് എന്നു കരുതുന്ന ഭാരതീയ ചിന്തയുണ്ട്. ഈ ലോകത്തിൽ ആഗ്രഹിച്ചതും, ലഭിച്ചതും കിട്ടാതെ പോയതുമായ സകലവിധ ഭൗതിക സുഖങ്ങളും അതിന്റെ നൂറിരട്ടിയായി കിട്ടുന്ന അവസ്ഥയാണ് മരണാനന്തരം ലഭിക്കുന്ന സ്വർഗ്ഗം എന്നു മുസ്ലീമുകൾ, ഖുർആനെ ആധാരമാക്കി വിശ്വസിക്കുന്നു.

എന്നാൽ എന്താണ് മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ചുള്ള ക്രൈസ്തവന്റെ വിശ്വാസം? ഈ വിശ്വാസം ഇതര മതസ്ഥരുടെ വിശ്വാസവുമായി യോജിച്ചുപോകുമോ? അതോ തികച്ചും വ്യത്യസ്തമാണോ? മരിച്ചവരിൽ ആരും തിരിച്ചു വന്നിട്ടില്ല. അതിനാൽത്തന്നെ മരണാനന്തരജീവിതത്തെക്കുറിച്ചുള്ള ചിന്തകളും പ്രബോധനങ്ങളും, കത്തോലിക്കാസഭയുടേതടക്കം, വെറും ഊഹാപോഹങ്ങളും ദിവാസ്വപ്നങ്ങളും മാത്രമല്ലേ? മരണംകൊണ്ട് എല്ലാം അവസാനിക്കുന്നു എന്നു കരുതുന്നതല്ലേ അനുഭവത്തിനും യുക്തിക്കും നിരക്കുന്നത്?

**ഉത്തരം:**

ആദ്യത്തെ രണ്ടു പ്രസ്താവനകൾ, മരണത്തിന്റെ സുനിശ്ചിതത്വവും മരണസമയത്തിന്റെ അനിശ്ചിതത്വവും, തികച്ചും ശരിയാണ്; അതുപോലെതന്നെ മരണാനന്തര ജീവിതത്തെക്കുറിച്ചു പലതരത്തിലുള്ള കാഴ്ചപ്പാടുകൾ നിലനില്ക്കുന്നു എന്നതും സത്യമായി അംഗീകരിച്ചേ മതിയാവൂ. എന്നാൽ "മരിച്ചവർ ആരും മടങ്ങിവന്നിട്ടില്ല" എന്ന പ്രസ്താവന മുഖവിലയ്ക്ക് എടുക്കാനാവില്ല. കാരണം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനശിലയും മൂലക്കല്ലുമാണ് യേശുവിന്റെ പുനരുത്ഥാനം. *"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം... ക്രിസ്തു ഉയിർപ്പിക്കപ്പെട്ടി*

*ട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്"* (1 കോറി 15, 14-17) എന്ന വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഇതിനു തെളിവായി നില്ക്കുന്നു.

മരണത്തേയും മരണാനന്തര ജീവിതത്തെയും സംബന്ധിച്ച് കത്തോലിക്കാ സഭയ്ക്ക് വളരെ വ്യക്തമായ ബോധ്യങ്ങളുണ്ട്; സഭ ഈ ബോധ്യങ്ങൾ ആധികാരികമായി പഠിപ്പിക്കുന്നുമുണ്ട്. ബൈബിളിലൂടെ നല്കപ്പെടുന്ന ദൈവിക വെളിപാടിൽ അടിയുറച്ചതാണ് സഭയുടെ പ്രബോധനങ്ങൾ. ആ പ്രബോധനങ്ങൾ ചുരുക്കമായി അവതരിപ്പിക്കാനാണ് ഇവിടെ ആദ്യമേ ശ്രമിക്കുന്നത്. സഭാപ്രബോധനം വ്യക്തമാക്കിയതിനു ശേഷം, ഇതരമതങ്ങളിൽ, പ്രത്യേകിച്ചും ഇസ്ലാം മതത്തിൽ നിലനില്ക്കുന്ന മരണാനന്തര ജീവിതസങ്കല്പങ്ങളും കത്തോലിക്കാവിശ്വാസവുമായി അവയ്ക്കുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടാൻ ശ്രമിക്കുന്നതാണ്.

ഈ വിഷയത്തെക്കുറിച്ച് ബൈബിളിന്റെ പ്രബോധനങ്ങൾക്കു പുറമേ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റം പ്രധാനപ്പെട്ട ഔദ്യോഗികരേഖയായ ജനതകളുടെ പ്രകാശം (Lumen Gentium LG) അധ്യായം 7, ഖണ്ഡികകൾ 48-51; കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 596-681; 988-1060 എന്നിവയും കാണുക. "ആത്മാക്കളുടെ ലോകം" എന്ന പുസ്തകത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അതിനാൽ ഏറ്റം പ്രസക്തമായ കാര്യങ്ങൾ മാത്രം ചുരുക്കമായി അവതരിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

മരണാനന്തരജീവിതത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം മരണം, തനതു വിധി, സ്വർഗ്ഗം, നരകം, ശുദ്ധീകരണം, ശരീരങ്ങളുടെ ഉയിർപ്പ്, അന്തിമവിധി, യുഗാന്തം എന്നീ എട്ടു ഭാഗങ്ങളായി തിരിച്ചാണ് തുടർന്നു പഠനവിഷയമാക്കുന്നത്.

### 1. മരണം

*"നീ പൊടിയാണ്. പൊടിയിലേക്കു തന്നെ നീ മടങ്ങും"* (ഉൽപ 3, 19). മനുഷ്യന്റെ മരണത്തെക്കുറിച്ച് ബൈബിൾ നല്കുന്ന ആദ്യത്തെ അറിവും വിശദീകരണവുമാണിത്. മണ്ണിൽ നിന്നുമെനഞ്ഞെടുത്ത രൂപത്തിൽ ദൈവം തന്റെ ശ്വാസം നിശ്വസിച്ച

പ്പോഴാണ് മനുഷ്യൻ ജീവനുള്ളവനായത് എന്നു പ്രതീകങ്ങളുടെ സഹായത്തോടെ ബൈബിൾ പഠിപ്പിക്കുന്നു (ഉൽപ 2, 7). ദൈവത്തിന്റെ ശ്വാസത്താൽ ത്രസിക്കുന്ന കളിമൺ കൂടാരം, അതാണ് മനുഷ്യൻ. ഒരേ സമയം ഭൗതികനും ആത്മീയനും; മർത്യനും അമർത്യനും. ദൈവവുമായുള്ള ബന്ധമാണ് ജീവശ്വാസമായി ഇവിടെ അവതരിപ്പിക്കുന്നത്. ആ ബന്ധം വിഛേദിച്ചാൽ മനുഷ്യൻ വീണ്ടും മണ്ണായിത്തീരും. അതാണ് കല്പനയുടെ ലംഘനത്തിലൂടെ സംഭവിച്ചതെന്ന്, വീണ്ടും കഥാരൂപത്തിൽ ഉൽപ 3, 1-19 വിവരിക്കുന്നു.

മരണം മനുഷ്യന്റെ സ്വാഭാവികമായ അന്ത്യമാണിന്ന്. ആത്മാവ് ശരീരത്തിൽനിന്നു വേർപിരിയുമ്പോൾ മരണം സംഭവിക്കുന്നു. മരണത്തെക്കുറിച്ച് CCC 1005 - 1018 വിശദമായി പ്രതിപാദിക്കുന്നുണ്ട്. പാപത്തിന്റെ ഫലമാണ് മരണം എന്ന് ബൈബിളും സഭയുടെ പ്രബോധനാധികാരവും പഠിപ്പിക്കുന്നു. *"മനുഷ്യന്റെ പ്രകൃതി മരണാത്മകമാണെങ്കിലും അവൻ മരിക്കരുതെന്നായിരുന്നു ദൈവനിയോഗം. അങ്ങനെ മരണം സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതികൾക്കു വിപരീതമായിരുന്നു. അതു പാപത്തിന്റെ ഫലമായി ലോകത്തിൽ പ്രവേശിക്കുകയും ചെയ്തു. പാപം ചെയ്യാതിരുന്നെങ്കിൽ ശാരീരികമരണം മനുഷ്യനെ സ്പർശിക്കുമായിരുന്നില്ല. അത് ഇനിയും കീഴടക്കപ്പെടേണ്ട അവസാനത്തെ ശത്രുവാണ്"* (CCC 1008).

*"ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു, തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു. പിശാചിന്റെ അസൂയ നിമിത്തം മരണം ലോകത്തിൽ പ്രവേശിച്ചു. അവന്റെ പക്ഷക്കാർ അതനുഭവിക്കുന്നു"* (ജ്ഞാനം 2, 23-24). മരണത്തെക്കുറിച്ചു നല്കുന്ന ഈ വിശദീകരണം ശാരീരിക മരണത്തെയാണോ ഉദ്ദേശിക്കുന്നത് അതോ ദൈവത്തിൽ നിന്നകറ്റപ്പെടുന്ന ആത്മീയ മരണത്തെയാണോ എന്നു സംശയിക്കണം. രണ്ടാമത്തേതാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. അല്ലെങ്കിൽ മരിക്കുന്നവരെല്ലാം പിശാചിന്റെ പക്ഷക്കാരാണെന്നു വരും.

*"ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു"* (റോമാ 6, 12). പൗലോസ് നല്കുന്ന ഈ വിശദീകരണവും ശാരീരികമായ മരണ

ത്തിലുപരി ദൈവിക ജീവൻ നഷ്ടപ്പെടുന്ന ആത്മീയ മരണത്തെയാണ് സൂചിപ്പിക്കുക. ഉത്ഭവപാപത്തെക്കുറിച്ചുള്ള സഭയുടെ ആധികാരിക പ്രബോധനത്തിന്റെ അടിസ്ഥാനമായി നില്ക്കുന്ന ഒരു ബൈബിൾ വാക്യമാണിത്.

പാപിയും നീതിമാനും എന്ന വ്യത്യാസം കൂടാതെ എല്ലാ മനുഷ്യരും കടന്നുപോകേണ്ട മരണം ഒരു അവസാനമല്ല, മറ്റൊന്നിന്റെ, നിത്യമായ ജീവിതത്തിന്റെ തുടക്കമാണ് എന്നും ബൈബിൾ അടിസ്ഥാനമാക്കി സഭ പഠിപ്പിക്കുന്നു. ഭയപ്പെടേണ്ട ഒരത്യാഹിതമല്ല, സന്തോഷത്തോടെ സ്വീകരിക്കേണ്ട ഒരു സമ്മാനമാണ് ക്രിസ്തു വിശ്വാസിക്ക് മരണം. പിതാവിന്റെ ഹിതത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ട് കുരിശിൽ മരിച്ച യേശു, തന്റെ മരണത്തിലൂടെ മനുഷ്യർക്കെല്ലാം പാപത്തിന്റെ ശാപത്തിൽനിന്നു മോചനവും നിത്യജീവനും ലഭ്യമാക്കി. *"യേശുവിന്റെ അനുസരണം മരണത്തിന്റെ ശാപത്തെ ഒരു അനുഗ്രഹമായി രൂപാന്തരപ്പെടുത്തി"* (CCC 1009). അതിനാലാണ് *"എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്"* (ഫിലി. 1, 21) എന്ന് പൗലോസ് അപ്പസ്തോലനു പറയാൻ കഴിഞ്ഞത്.

ഈ ലോകത്തിലെ, ശരീരത്തിലുള്ള ജീവിതം പരിമിതമാണെന്നും ദൈവം നിശ്ചയിച്ചിരിക്കുന്ന സമയമാകുമ്പോൾ ഈ ഭവനംവിട്ട് നിത്യജീവിതത്തിലേക്കു പ്രവേശിക്കാനുള്ളവരാണ് എല്ലാ മനുഷ്യരും എന്നും മരണമെന്ന യാഥാർത്ഥ്യം നമ്മെ ഓർമ്മിപ്പിക്കുന്നു. മരണം എപ്പോൾ വരും എന്നറിയാത്തതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കണം എന്നും നമ്മെ പഠിപ്പിക്കുന്നു. *"മനുഷ്യനെ അവന്റെ മരണത്തിൽ ദൈവം തന്നിലേക്കു വിളിക്കുന്നു"* (CCC 1011). "മരിച്ചുപോയി" എന്നാണല്ലോ നാം പറയുക. അറിയാതെയാണെങ്കിലും മരണം ഒരു യാത്രയാണെന്ന് ആ പദത്തിലൂടെ നാം ഏറ്റുപറയുന്നു.

എനിക്ക് വ്യക്തിപരമായി ഉണ്ടായ ഒരനുഭവത്തിലൂടെ ഇതിനെ സാക്ഷ്യപ്പെടുത്താൻ കഴിയും. ജൂൺ 20, 2000, വൈകുന്നേരം 3.30 നാണതു സംഭവിച്ചത്. സ്ഥലം തൃശൂർ ഹാർട്ട് ഹോസ്പിറ്റലിലെ ഒരു മുറി. മസ്തിഷ്ക ശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുന്ന സമയമായിരുന്നു. എന്റെ സഹോദരി ഡോക്ടർ സിസ്റ്ററും ഒരു സഹോദരപുത്രനും അടുത്തുണ്ട്. ശീതികരിച്ച മുറിയിലാണു കിടക്കുന്നതെങ്കിലും ശരീരം പെട്ടെന്നു വിയർക്കാൻ

തുടങ്ങി. അതോടൊപ്പം കൈകാലുകളുടെ വിരൽത്തുമ്പുകളി ലൂടെ കഠിനമായ തണുപ്പ് അരിച്ചുകയറുന്നു. ഒരേസമയം ചൂടും തണുപ്പും. ബോധം നഷ്ടപ്പെടാൻ പോകുന്നതുപോലൊരനുഭവം. പെങ്ങളോടു കാര്യം പറഞ്ഞു. എന്റെ തലതുളച്ച് രക്തക്കട്ട എടു ത്തു മാറ്റിയ ഡോ. ജോർജ്ജ് കോവൂർ ഉടൻ സ്ഥലത്തെത്തി. കൺപോളകൾ തുറന്നു നോക്കി. “കൈവിട്ടുപോയി എന്നു തോ ന്നുന്നു” എന്നു പറയുന്നതു ഞാൻ കേട്ടു. പിന്നെ എന്താണ് ചുറ്റിലും സംഭവിച്ചതെന്നറിയില്ല.

ഞാൻ വേറൊരു ലോകത്തായി. പരിസരമെല്ലാം മറന്നു. മുന്നിൽ ഒരു പ്രകാശം, പ്രകാശമധ്യത്തിൽ അവ്യക്തമായൊരു ആൾരൂപം, കരുണയോടെ, സ്നേഹത്തോടെ, അമ്മ കുഞ്ഞിനെ എന്നതുപോലെ വാത്സല്യത്തോടെ എന്നെ നോക്കുന്നു. ഒപ്പം ശാന്തവും വ്യക്തവുമായൊരു ശബ്ദം: “You are Welcome Home”. ഇംഗ്ലീഷിലാണതു കേട്ടത്. പുറമേനിന്നു കേട്ടതായി തോന്നിയെ ങ്കിലും ഉള്ളിൽ എവിടെയോ മുഴങ്ങിയ ഒരു ശബ്ദം. “വീട്ടിലേക്കു സ്വാഗതം”. ആ ഒരനുഭവം എത്രസമയം ദീർഘിച്ചെന്നറിയില്ല. ഏതാണ്ട് മൂന്നരമണിക്കൂർ കഴിഞ്ഞാണ് ഞാൻ കണ്ണുതുറന്നത്. അതിനിടയിൽ ഞാൻ മരിക്കുന്നു എന്ന വാർത്ത ഡിവൈനി ലേക്കും തലശ്ശേരി രൂപതാകേന്ദ്രത്തിലേക്കും അറിയിച്ചിരുന്നു. ആരൊക്കെയോ എനിക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു.

ഇരുപതു വർഷം കഴിഞ്ഞിട്ടും ഇന്നലെ സംഭവിച്ചതു പോലെ, മനസിൽ പച്ച കെടാതെ നില്ക്കുന്നു, കാതുകളിൽ മുഴ ങ്ങുന്നു, “വീട്ടിലേക്കു സ്വാഗതം”. എന്നെ സംബന്ധിച്ച് അതാണു മരണം. എനിക്കു മാത്രമല്ല ദൈവം തന്നെ സ്നേഹിക്കുന്നു എന്നു വിശ്വസിക്കുന്നവർക്കെല്ലാം മരണം വീട്ടിലേക്കു പോകലാണ്. യേശു പോയതുപോലെ: *“ഈ ലോകം വിട്ട് പിതാവിന്റെ സന്നി ധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാ തിരു നാളിനുമുമ്പ് യേശു അറിഞ്ഞു”* (യോഹ 13, 1).

പിതൃസന്നിധിയിലേക്കു പോയ യേശു എന്നെയും കൂട്ടി ക്കൊണ്ടുപോകാൻ വരുന്ന നിമിഷമാണ് എന്റെ മരണം (യോഹ 14, 1-3). അതിനാൽ ഭയത്തോടെ വീക്ഷിക്കേണ്ട ഒരു അപക ടമല്ല, മറിച്ച് എന്നെ സ്നേഹിക്കുന്ന, എന്റെ ജീവന്റെ ഉറവിടവും ലക്ഷ്യവും നിത്യാനന്ദത്തിന്റെ നികേതവുമായ പിതാവിന്റെ സന്നി ധിയിലേക്കു തുറക്കുന്ന കവാടമാണു മരണം. അതുകൊണ്ടാണ്

“എനിക്കങ്ങയെ കാണണം. അതിനായി ഞാൻ മരിക്കാൻ ആഗ്ര ഹിക്കുന്നു” എന്നു ആവിലായിലെ അമ്മ ത്രേസ്യയും, “ഞാൻ മരിക്കുകയല്ല, ജീവനിലേക്കു പ്രവേശിക്കുകയാണ്” എന്നു ലിസ്യൂ വിലെ കൊച്ചുത്രേസ്യായും പറഞ്ഞത് (CCC 1011).

അതേസമയം, *“മരണം മനുഷ്യന്റെ ഭൗതിക തീർത്ഥാടന ത്തിന്റെ അവസാനമാണ്. ദൈവിക പദ്ധതിക്കനുസൃതമായി തന്റെ ഭൗമിക ജീവിതം നയിക്കാനും തന്റെ പരമമായ ഭാഗധേയത്തെ നിശ്ചയിക്കാനുമായി ദൈവം നല്കുന്ന കൃപാവരത്തിന്റെയും കാരുണ്യത്തിന്റെയും സമയത്തിന്റെ അവസാനമാണു മരണം... മരണത്തിനുശേഷം പുനർജന്മമില്ല”* (CCC 1013). മരണത്തോടെ തീരുമാനമെടുക്കാനുള്ള മനുഷ്യന്റെ കഴിവും അവസരവും അവ സാനിക്കുന്നു. അതിനാൽ മരണശേഷം മാനസാന്തരം സാധ്യമല്ല. പൂർണ്ണമായ ഉത്തരവാദിത്വബോധത്തോടെ, അതേസമയം പ്രത്യാ ശയോടെ ഈ ഭൂമിയിൽ ജീവിക്കാൻ മരണം നമ്മെ പ്രേരിപ്പി ക്കുന്നു; പ്രേരിപ്പിക്കണം.

## 2. തനതുവിധി

*“മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്നെഴുതപ്പെട്ടിരിക്കുന്നു”* (ഹെബ്രാ 9, 27). ആത്മാവ് ശരീര ത്തിൽ നിന്നു വേർപിരിയുന്നതാണ് ശാരീരികമരണം. ആ നിമി ഷത്തിൽത്തന്നെ ദൈവികന്യായാസനത്തിനു മുമ്പിൽ അവൻ നിർത്തപ്പെടുന്നു. തുടർന്നുള്ള ജീവിതം എപ്രകാരമായിരിക്കും എന്ന് ഭൂമിയിൽ കഴിച്ച ജീവിതത്തിന്റെ അടിസ്ഥാനത്തിൽ നിശ്ച യിക്കപ്പെടുന്നു. ഇതിനെ തനതു വിധി എന്നാണ് വിളിക്കുക. ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന പൊതുവിധിയിൽ നിന്നും വേർതിരിച്ചു കാണാനാണ് “തനതു വിധി” എന്ന വിശേ ഷണം. അന്തിമവിധിയെക്കുറിച്ചാണ് ബൈബിളിൽ പൊതുവേ പറയുന്നതെങ്കിലും ഇപ്രകാരം ഒരു തനതു വിധിയെക്കുറിച്ചുള്ള സൂചനകളും ബൈബിളിൽ, പ്രത്യേകിച്ചും പുതിയനിയമത്തിൽ കാണാം.

ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (ലൂക്കാ 16, 19-31) ഇപ്രകാരം ഒരു വിധിയെക്കുറിച്ചു സൂചനയുണ്ട്. *“ഇന്നു നീ എന്നോടുകൂടി പറുദീസായിലായിരിക്കും”* (ലൂക്കാ 23, 43) എന്നു മനസ്തപിച്ച കള്ളനോട് യേശു പറയുന്നതും മരണത്തോടെ ഒരു വ്യക്തിയുടെ മേൽ വിധി പ്രസ്താവിക്കപ്പെടും എന്ന സൂചന

നല്കുന്നു. *"ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ സാധ്യമായ സമയം എന്ന നിലയിലുള്ള മനുഷ്യ ജീവിതത്തിന് മരണം അന്ത്യം കുറിക്കുന്നു"* (CCC 1021).

ദൈവത്തിനുവേണ്ടിയോ ദൈവത്തിനെതിരായോ തീരുമാനമെടുക്കാൻ അന്തിമ നിമിഷം വരെ മനുഷ്യന് സാധ്യതയുണ്ട്. ഏതു തീരുമാനത്തോടെ മരിക്കുന്നുവോ അതായിരിക്കും അന്തിമതീരുമാനം. അതുതന്നെ ആയിരിക്കും വിധിയുടെ മാനദണ്ഡം. ഒരർത്ഥത്തിൽ മനുഷ്യൻ തന്നെയാണ് തന്റെ ജീവിതവും തീരുമാനവും കൊണ്ട് തന്റെ മേൽത്തന്നെ വിധി പ്രസ്താവിക്കുന്നത് എന്നു പറയാം. മനുഷ്യൻ സ്വതന്ത്രമായി പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടെ എടുക്കുന്ന തീരുമാനത്തെ ദൈവം അംഗീകരിക്കുന്നു; ഇനി മാറ്റം സാധ്യമല്ലാത്ത വിധത്തിൽ സ്ഥിരീകരിക്കുന്നു. അതാണ് തനതു വിധി. *"ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽത്തന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ തന്റെ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു"* (CCC 1022).

മരണനിമിഷത്തിലെ തീരുമാനം അന്തിമമാണ്. അതിനു മാറ്റമില്ല. എന്നാൽ ഇതുവരെ ജീവിച്ചതിൽനിന്നു തികച്ചും വ്യത്യസ്തമായൊരു തീരുമാനം അന്തിമനിമിഷത്തിൽ എടുക്കുക പ്രയാസമായിരിക്കും. "മരം എങ്ങോട്ടു ചാഞ്ഞിരിക്കുന്നുവോ അങ്ങോട്ടുവീഴും" എന്ന പഴഞ്ചൊല്ല് ഇവിടെ യാഥാർത്ഥ്യമാകുന്നു. അതിനാൽ മാനസാന്തരം അന്തിമനിമിഷത്തിലേക്കു മാറ്റിവയ്ക്കുന്നത് അപകടകരമായിരിക്കും. എപ്പോഴാണ് മരണം സംഭവിക്കുക എന്ന് ആർക്കും അറിയില്ല. മരണത്തിനുമുമ്പ് മാനസാന്തരത്തിനു സമയം കിട്ടിയെന്നു വരില്ല. അതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കണം.

അനേകം ഉപമകളിലൂടെ യേശു ഇക്കാര്യം ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നുണ്ട്. *"പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും യജമാനൻ വരുകയും അവനെ ശിക്ഷിച്ച്, അവന്റെ പങ്ക് അവിശ്വാസികളോടു കൂടെ ആക്കുകയും ചെയ്യും"* (ലൂക്കാ 12, 46) എന്ന താക്കീത് ഉദാഹരണമാണ്. *"ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം, ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം"* (2 കോറി 6, 2) എന്ന അപ്പസ്തോലന്റെ ആഹ്വാനം സ്വീകരിക്കണം. തനതു വിധിയിലൂടെ സംഭവിക്കുന്നതെന്തെന്ന് സഭയുടെ ആധി

കാരികമായ പ്രബോധനം വ്യക്തമാക്കുന്നു. *"ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം"* (CCC 2012). അതായത്, ശുദ്ധീകരണം, സ്വർഗ്ഗം, അല്ലെങ്കിൽ നരകം. ഈ മൂന്നിലേക്കുമാണ് അടുത്തതായി നാം ശ്രദ്ധ തിരിക്കുന്നത്.

## 3. സ്വർഗ്ഗം

ദൈവഹിതത്തിനു യോജിച്ച വിധം ജീവിച്ചു മരണമടയുന്ന വ്യക്തികൾ, മരണത്തിന്റെ നിമിഷത്തിൽത്തന്നെ നടക്കുന്ന തനതു വിധിക്കുശേഷം എന്നേക്കുമായി ദൈവത്തോടടുത്തിരിക്കുന്നു; ദൈവത്തിന്റെ കൂടെ ആയിരിക്കുന്നു; ദൈവിക ജീവനിൽ പങ്കുചേർന്ന്, ദൈവത്തെ മുഖാഭിമുഖം കണ്ട്, നിത്യമായ ആനന്ദത്തിൽ കഴിയുന്നു. ഈ അവസ്ഥയെ ആണ് സ്വർഗ്ഗം എന്നു വിശേഷിപ്പിക്കുന്നത്. സഭയുടെ ആധികാരിക പ്രബോധനം വ്യക്തമാണ്. *"ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുകയും പൂർണ്ണമായി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നവർ ക്രിസ്തുവിനോടുകൂടെ എന്നേക്കും ജീവിക്കുന്നു. അവർ എന്നേക്കും ദൈവത്തെപ്പോലെയാണ്, എന്തെന്നാൽ അവിടുന്ന് ആയിരിക്കുന്നതുപോലെ അവർ അവിടുത്തെ മുഖാഭിമുഖം കാണുന്നു"* (CCC 1023).

### ക്രമേണ ലഭ്യമാകുന്ന വ്യക്തത

മരണാനന്തര ജീവിതത്തെക്കുറിച്ച് ബൈബിളിൽത്തന്നെ വ്യക്തത ലഭിക്കുന്നതു സാവധാനമാണ്. ആദ്യമൊക്കെ മരണത്തെ ജീവിതത്തിന്റെ അവസാനമായിട്ടാണ് പരിഗണിച്ചിരുന്നത്. മരിക്കുന്നു, അതോടെ എല്ലാം അവസാനിക്കുന്നു. മനുഷ്യനും മൃഗത്തിനും ഒരേ അന്ത്യം. മണ്ണായ മനുഷ്യൻ മണ്ണിലേക്കു മടങ്ങുന്നു, ഇതാണ് തുടക്കം (ഉൽപ 3, 19). യേശുവിന്റെ കാലത്തുപോലും ഈ ചിന്താഗതി നിലവിലിരുന്നു. പുനരുത്ഥാനത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കാത്തവരായിരുന്നു സദ്ദുക്കായർ. പ്രധാന പുരോഹിതനടക്കം പുരോഹിത പ്രമുഖരെല്ലാം സദ്ദുക്കായരായിരുന്നു. അവരാണ് യേശുവിനെ അപഹാസ്യനായി ചിത്രീകരിക്കാൻ ഏഴു സഹോദരങ്ങളുടെ ഭാര്യയായിരുന്ന ഒരുവളുടെ കഥയുമായി സമീപിച്ചത് (മർക്കോ 12, 18-23). ജോബിന്റെ

പുസ്തകം ചർച്ച ചെയ്യുന്നതും ഈ വിഷയമാണ്. മരണത്തോടെ എല്ലാം അവസാനിക്കുന്നെങ്കിൽ നീതിമാന്റെ സഹനത്തിനർത്ഥ മെന്ത്?

സഭാ പ്രസംഗകൻ ഈ വിഷയം കൂടുതൽ ശക്തമായി ചർച്ച ചെയ്യുന്നുണ്ട്. *"മനുഷ്യരുടെയും മൃഗങ്ങളുടെയും ഗതി ഒന്നു തന്നെ. ഒന്നു ചാകുന്നതുപോലെ മറ്റേതും ചാകുന്നു. എല്ലാറ്റിനും ഒരേ ശ്വാസമാണുള്ളത്"* (സഭാ 3, 19). ഈ കാഴ്ചപ്പാടിൽ ദൈവിക നീതിയെ മനസിലാക്കാൻ കഴിയുന്നില്ല. നീതിമാനും ദുഷ്ടനും, ധനികനും ദരിദ്രനും എല്ലാം ഒരേ അന്ത്യമാണെങ്കിൽ പിന്നെ എവിടെയാണ് ദൈവത്തിന്റെ നീതി?

മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്നു പറയു മ്പോഴും അവസാനിക്കാത്ത എന്തോ ഒന്ന് അവശേഷിക്കുന്നു; അഥവാ പാതാളത്തിൽ നിത്യമായി വിശ്രമിക്കുന്നു എന്ന ഒരു കാഴ്ചപ്പാട് സാവധാനം കടന്നുവന്നു. *"മരിച്ചവർ ഒന്നും അറിയു ന്നില്ല"* (സഭാ 9, 5); *"പാതാളത്തിൽ പതിക്കുന്നവൻ മടങ്ങിവരു ന്നില്ല"* (ജോബ് 7, 9).

നിത്യനിദ്ര, നിത്യവിശ്രമം - അത് വെറും ശൂന്യതയല്ല. എന്നാൽ എന്താണ് ആ അവസ്ഥയെന്നു വ്യക്തതയുണ്ടാകുന്നത് സാവകാശമാണ്.

പൂർവ്വികരുടെ ശവക്കല്ലറകൾക്ക് ഇസ്രായേൽക്കാർ വലിയ പ്രാധാന്യം കൊടുത്തിരുന്നു. കാരണം അവിടെയാണ് തലമുറ കൾ ഉറങ്ങുന്നത്. പുതിയ തലമുറകളിലൂടെ തങ്ങളുടെ ജീവിതം തുടരുന്നെന്നും മരിച്ചുകഴിയുമ്പോൾ പൂർവ്വികരോടുചേർന്ന്, അവ രോടൊത്തു വിശ്രമിക്കുന്നു എന്നും കരുതപ്പെട്ടിരുന്നു. അതു കൊണ്ടാണ് സാറായെ സംസ്കരിക്കാൻ വലിയ വില കൊടുത്ത് ഒരു ശവപ്പറമ്പ് വാങ്ങിയതും (ഉൽപ 23, 17-20) പിന്നീട് അബ്രാ ഹവും (ഉൽപ 25, 7-10) മക്കളും (ഉൽപ 35, 27-29; 50, 13-14) അവിടെ സംസ്കരിക്കപ്പെട്ടതും. അതുകൊണ്ടുതന്നെയാണ് തന്റെ ഭൂമി വിൽക്കാൻ നാബോത്ത് വിസമ്മതിച്ചത് (1 രാജാ 21, 1-4).

മരിച്ചവർ നിത്യമായ ഉറക്കത്തിലാണെന്നു പറയുമ്പോഴും ഈ ഭൂമിയിലെ ജീവിതം മരണത്തിലും മരണാനന്തരവും അവരെ സ്വാധീനിക്കും എന്ന ഒരു ചിന്തയും സാവധാനം കടന്നുവരുന്നതു കാണാം. നീതിമാന്റെ സഹനത്തിന് ഉത്തരം തേടുന്ന ജോബിന്റെ പുസ്തകത്തിൽത്തന്നെ ചെറിയ സൂചനയുണ്ട്. *"എന്റെ വാക്കു*

*കൾ എഴുതപ്പെട്ടിരുന്നെങ്കിൽ!...... അവ എന്നേക്കുമായി പാറയിൽ ആലേഖനം ചെയ്തിരുന്നെങ്കിൽ! എനിക്കു ന്യായം നടത്തിത രുന്നവൻ ജീവിക്കുന്നെന്നും അവസാനം അവിടുന്ന് എനിക്കു വേണ്ടി നിലകൊള്ളുമെന്നും ഞാൻ അറിയുന്നു. എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ നിന്നു ഞാൻ ദൈവത്തെ കാണും. മറ്റാരെയുമല്ല, അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ കാണും"* (ജോബ് 19, 23-27).

ഇതു മരണാനന്തരം സംഭവിക്കുന്ന പുനരുത്ഥാനത്തെക്കു റിച്ചാണോ അതോ ഈ ലോകത്തിൽവച്ചുതന്നെ ലഭിക്കാൻ പോകുന്ന രോഗമുക്തിയെക്കുറിച്ചാണോ എന്ന കാര്യത്തിൽ തർക്കമുണ്ട്. പുസ്തകം അവസാനിക്കുമ്പോൾ ജോബിനു വീണ്ടും സൗഖ്യവും സമ്പത്തും എല്ലാം തിരിച്ചു കിട്ടുന്നതായി പറയുന്ന തിനാൽ സംശയം നിലനിൽക്കുന്നു. എന്നാലും മരണംകൊണ്ട് എല്ലാം അവസാനിക്കില്ലെന്നും മരണാനന്തരം ദൈവികനീതി നടപ്പിലാകും എന്ന പ്രതീക്ഷയും ഇവിടെ കാണാം.

ഏതാണ്ട് സമാനമായൊരു ചിന്താഗതി സഭാപ്രസംഗകനിലും കാണാം. മരണം കൊണ്ട് എല്ലാം അവസാനിക്കുന്നു, അതിനാൽ ജീവിതം കഴിയുന്നത്ര ആസ്വദിക്കാൻ ഉപദേശിക്കുന്ന ഗ്രന്ഥകാ രൻ ഒരു താക്കീതു നൽകുന്നതു പ്രത്യേകം ശ്രദ്ധിക്കണം. *"യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക; യൗവ്വനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ... നല്ലതോ ചീത്തയോ ആയ ഏതു നിഗൂഢ പ്രവൃത്തിയും ദൈവം നീതി പീഠത്തിനു മുമ്പിൽ കൊണ്ടുവരും"* (സഭാ 11, 9; 12, 14). മരണ ത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും ആ ജീവിതം ഭൂമിയിൽ എപ്ര കാരം ജീവിച്ചു എന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്നുമുള്ള സൂചനയാണിവിടെയും ലഭിക്കുക. ശരീരങ്ങളുടെ പുനരുത്ഥാന ത്തെക്കുറിച്ച് ഏശയ്യായുടെ പുസ്തകത്തിലും സൂചനയുണ്ട് (ഏശ 26, 19).

ബി.സി. രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും മരണാനന്തര ജീവി തത്തെക്കുറിച്ച് കൂടുതൽ വ്യക്തതയുണ്ടായി. മക്കബായരുടെ പുസ്തകത്തിലാണ് ഇത് ഏറ്റം വ്യക്തമാവുക. സ്വയം ദൈവ മായി പ്രഖ്യാപിച്ച അന്തിയോക്കസ് നാലാമൻ ഇസ്രായേൽക്കാർ ക്കെതിരേ നടത്തിയ മതപീഡനത്തിന്റെ അവസരത്തിൽ, ദൈവ കല്പന ലംഘിക്കുന്നതിനേക്കാൾ മരണം വരിക്കാൻ മക്കളെ

പ്രേരിപ്പിക്കുന്ന ഒരമ്മയുടെ വാക്കുകളിലാണ് ഈ വിശ്വാസം ഏറ്റം പ്രകടമാവുക: *“തന്റെ നിയമത്തെ പ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കുന്നതിനാൽ കരുണാപൂർവ്വം നിങ്ങൾക്ക് ജീവനും ശ്വാസവും വീണ്ടും നല്കും”* (2 മക്ക 7, 23).

ഏതാണ്ട് അതേ കാലത്തുതന്നെ രചിക്കപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിലും മരണാനന്തരജീവിതത്തെക്കുറിച്ച് വ്യക്തമായ വെളിപ്പെടുത്തലുകൾ കാണാം. ‘*‘ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും. ചിലർ നിത്യജീവനായും, ചിലർ നിത്യ ലജ്ജയ്ക്കും നിന്ദയ്ക്കുമായും”* (ദാനി 12, 2). ബി.സി. ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട “ജ്ഞാനം” എന്ന ഗ്രന്ഥത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് വളരെ വ്യക്തമായ അറിവുകൾ നല്കുന്നുണ്ട്. മരിച്ചവർ ഉയിർക്കും. ഭൂമിയിലെ തങ്ങളുടെ ചെയ്തികൾക്കനുസൃതം അവർക്കു സമ്മാനമോ ശിക്ഷയോ ലഭിക്കും. *“നീതിമാന്മാർ എന്നേക്കും ജീവിക്കും. അവരുടെ പ്രതിഫലം കർത്താവിന്റെ പക്കലുണ്ട്. അത്യുന്നതൻ അവരെ പരിപാലിക്കുന്നു. അതുകൊണ്ട് മഹത്തരവും സുന്ദരവുമായ കിരീടം അവർക്കു കർത്താവിൽ നിന്നു ലഭിക്കും”* (ജ്ഞാനം 5, 15-16).

മരണാനന്തര ജീവിതത്തെക്കുറിച്ച് ഏറ്റം വ്യക്തമായ വെളിപ്പെടുത്തലുകൾ ലഭിക്കുന്നത് മനുഷ്യനായി അവതരിച്ച ദൈവപുത്രനിൽനിന്നാണ്. യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയും വാക്കുകളും വഴി നല്കപ്പെടുന്ന പ്രബോധനം സ്വർഗ്ഗത്തെക്കുറിച്ച് അറിവു നല്കുന്നു. ഈ പ്രബോധനത്തെ അടിസ്ഥാനമാക്കി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വളരെ ചുരുക്കവും അതേസമയം വ്യക്തവുമായി എന്താണ് സ്വർഗ്ഗം, സ്വർഗ്ഗീയ ജീവിതം എന്നു പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധ ത്രിത്വത്തോടും സകല വിശുദ്ധരോടും ഒന്നിച്ച് എന്നേക്കുമുള്ള ജീവിതമാണ് സ്വർഗ്ഗം. മനുഷ്യന്റെ ഏറ്റം അഗാധമായ എല്ലാ ആഗ്രഹങ്ങളുടെയും *“പരമാന്തവും നിറവേറലുമാണ് സ്വർഗ്ഗം. പരമവും സുനിശ്ചിതവുമായ സന്തോഷത്തിന്റെ അവസ്ഥയാണത്”* (CCC 1024). അല്പം കൂടി ചുരുക്കി ഒരു നിർവ്വചനം എന്ന വിധത്തിൽ സഭ പഠിപ്പിക്കുന്നു: *“സ്വർഗ്ഗത്തിൽ ആയിരിക്കുക എന്നത് ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നതാണ്”* (CCC 1025).

## സ്വർഗ്ഗം പ്രതീകങ്ങളിലൂടെ

ദൈവത്തോടൊന്നാവുക, ക്രിസ്തുവിലായിരിക്കുക എന്നതാണ് സ്വർഗ്ഗം എന്നു നിർവ്വചിക്കുമ്പോഴും മനുഷ്യർക്ക് തങ്ങളുടെ വ്യക്തിത്വം നഷ്ടമാകുന്നില്ല. "ഞാൻ" എന്ന അവബോധം നിലനിർത്തുന്നതാണ് ഈ ഐക്യം. ഇപ്രകാരം ദൈവത്തോടു ഗാഢബന്ധം പുലർത്തുന്ന എല്ലാ വ്യക്തികളും ചേരുന്നതാണ് സ്വർഗ്ഗം. അത് ഒറ്റയാന്മാരുടെ ഗുഹകളല്ല, ദൈവജനത്തിന്റെ ഭവനമാണ്. *"പൂർണ്ണമായി ദൈവത്തിലേക്ക് ഒന്നുചേർന്നവരുടെ അനുഗൃഹീത സമൂഹമാണ് സ്വർഗ്ഗം"* (CCC 1026).

പഞ്ചേന്ദ്രിയങ്ങൾക്ക് അതീതവും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവുമായ ഈ യാഥാർത്ഥ്യത്തെ അനേകം ഉപമകളിലൂടെയും സാദൃശ്യങ്ങളിലൂടെയും യേശു വിശദീകരിക്കുകയുണ്ടായി. *"ജീവൻ, പ്രകാശം, സമാധാനം, വിവാഹാഘോഷം, ദൈവരാജ്യത്തിലെ വീഞ്ഞ്, പിതാവിന്റെ ഭവനം, സ്വർഗ്ഗീയ ജറുസലെം, പറുദീസാ"* (CCC 1027) എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ സ്വർഗ്ഗത്തെക്കുറിച്ച് ഒരു ഏകദേശരൂപം ലഭിക്കാൻ സഹായിക്കും. എന്നാൽ ഇതൊന്നും അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടത് എന്ന കാര്യം മറക്കരുത്. അല്ലെങ്കിൽ സ്വർഗ്ഗരാജ്യം എന്നാൽ തീനും കുടിയും ഇണചേരലും ആയി പരിഗണിക്കപ്പെട്ടെന്നു വരാം. വിവാഹവും വിരുന്നും വീഞ്ഞും എല്ലാം സന്തോഷത്തിന്റെ അടയാളങ്ങളാണ്. എന്നാൽ ഇവയുടെ ഭൗതികമായൊരു വ്യാഖ്യാനത്തിന് യേശു തന്നെ തടയിടുന്നുണ്ട്. സ്വർഗ്ഗത്തിൽ വിവാഹമില്ല; സ്ത്രീ പുരുഷ വ്യത്യാസവുമില്ല. മറിച്ച് *"അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും"* (മർക്കോ 12, 25).

സ്വർഗ്ഗത്തെക്കുറിച്ച് വ്യക്തമായ സൂചനകൾ നല്കുന്നതാണ് മലയിലെ പ്രസംഗത്തിന്റെ ആമുഖമായി യേശു അവതരിപ്പിക്കുന്ന സുവിശേഷഭാഗ്യങ്ങൾ. ദൈവരാജ്യം, ആശ്വാസം, സംതൃപ്തി, അവകാശം, ദൈവദർശനം, വലിയ പ്രതിഫലം (മത്താ 5, 3-12) എന്നിങ്ങനെ മനുഷ്യനു മനസിലാകുന്ന അനുദിന ജീവിതത്തിന്റെ ഭാഷയിൽ യേശു സ്വർഗ്ഗരാജ്യത്തെക്കുറിച്ചു വിവരിക്കുന്നു. പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ ശോഭിക്കും (മത്താ 13, 43). യേശുവിന്റെ രാജത്വത്തിൽ പങ്കുചേർന്ന്, രാജകുമാരന്മാരെപ്പോലെ സിംഹാസനങ്ങളിൽ ഇരിക്കും (മത്താ 19, 28). വിവാഹ വിരുന്നിൽ പങ്കുകാരാകും (മത്താ 22, 1-12). മണിയറത്തോഴരെ

പ്പോലെ സന്തോഷഭരിതരാകും (മത്താ 25, 1-10). ലോകസ്ഥാപനം മുതൽ സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തും (മത്താ 25, 34).

സ്വർഗ്ഗത്തിലായിരിക്കുക എന്നാൽ യേശു ക്രിസ്തുവിന്റെ സ്വന്തം എന്നു പരസ്യമായി പ്രഖ്യാപിക്കപ്പെടുകയാണ് (ലൂക്കാ 12, 8). അതു നിത്യകൂടാരങ്ങളിൽ എന്നേക്കും വസിക്കാനായി സ്വീകരിക്കപ്പെടലാണ് (ലൂക്കാ 16, 18). അബ്രാഹത്തിന്റെ മടിയിൽ ആശ്വസിപ്പിക്കപ്പെടുകയാണ്, ആനന്ദിക്കുകയാണ് (ലൂക്ക 16, 22-23). ദൈവിക ജീവനിൽ പങ്കുചേരുകയാണ്, മരണത്തിൽ നിന്നു നിത്യജീവനിലേക്കു പ്രവേശിക്കുകയാണ് (യോഹ 5, 24). പിതാവിന്റെ ഭവനത്തിലായിരിക്കുകയാണ് (യോഹ 14, 3). ദൈവത്തോടൊന്നിച്ചായിരിക്കുക (യോഹ 17, 21); ദൈവമഹത്വം ദർശിക്കുക (യോഹ 17, 24) എന്നിങ്ങനെ എത്ര ഉദാഹരണങ്ങൾ ഉപയോഗിച്ചാലും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്തതാണ് സ്വർഗ്ഗവും സൗഭാഗ്യവും.

*"ദൈവംതന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല"* എന്ന് ഏറ്റു പറയുന്ന പൗലോസ് തുടർന്ന് പഠിപ്പിക്കുന്നുണ്ട്, ദൈവാത്മാവ് വെളിപ്പെടുത്തിത്തന്നാൽ മാത്രമേ സ്വർഗ്ഗഭാഗ്യമെന്തെന്ന് മനുഷ്യന് മനസിലാക്കാൻ കഴിയൂ എന്ന് (1 കോറി 3, 9-10). ഈ സ്വർഗ്ഗഭാഗ്യത്തെക്കുറിച്ച് ഉൾക്കാഴ്ച കിട്ടിയതിനാലാണ് ഈ ലോകവും അതിലെ നേട്ടങ്ങളും സുഖങ്ങളും എല്ലാം വെറും എച്ചിൽ പോലെ കരുതാനും മരിക്കാൻ തന്നെയും അപ്പസ്തോലൻ തയ്യാറാകുന്നത്. ക്രിസ്തുവിനെ അറിയുക, അവനോടു കൂടെ ആയിരിക്കുക, ആത്മാവിന്റെ അന്തർദാഹം ശമിപ്പിക്കുന്ന ഈ ദർശനത്തിനു വേണ്ടി എന്തുവിലയും കൊടുക്കാൻ, ഏതു ത്യാഗവും ഏറ്റെടുക്കാൻ അപ്പസ്തോലൻ ഒരുക്കമാണ് (ഫിലി 3, 7-11).

*"പതിനാലുവർഷം മുമ്പ് മൂന്നാം സ്വർഗ്ഗംവരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ ക്രിസ്തുവിൽ എനിക്കറിയാം... അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ കാര്യങ്ങൾ അവൻ കേട്ടു"* (2 കോറി 12, 2-5) എന്ന് പൗലോസ് തന്റെ സ്വർഗ്ഗീയാനുഭൂതിയെ വിവരിക്കുന്നതിൽനിന്ന് സ്വർഗ്ഗത്തിനു പല തട്ടുകളുണ്ട് എന്ന ഒരു നിഗമനത്തിൽ എത്തുന്നവരുണ്ട്. "ഏനോക്കിന്റെ പുസ്തകം"

എന്നറിയപ്പെടുന്ന ഒരു അപ്രാമാണിക ഗ്രന്ഥത്തിൽ സ്വർഗ്ഗത്തിന്റെ പത്തു തട്ടുകളെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. എന്നാൽ ഇതും പ്രതീകാത്മകമായൊരു വിവരണം എന്നല്ലാതെ യഥാർത്ഥത്തിൽ പത്തു നിലകളുള്ള ഭീമാകാരമായൊരു മാളികയാണ് സ്വർഗ്ഗം എന്നു കരുതാനാവില്ല. ഏഴ് അധോലോകങ്ങളും ഏഴു സ്വർഗ്ഗീയ ലോകങ്ങളും ഉൾപ്പെടുന്ന പതിനാലു ലോകങ്ങളെക്കുറിച്ചു ഭാരതീയ പുരാണങ്ങളിലെ വിവരണങ്ങളും ഇപ്രകാരമുള്ള പ്രതീകാത്മക വിവരണങ്ങളായേ കരുതാൻ കഴിയൂ.

*"നാം ഇപ്പോൾത്തന്നെ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാം അറിയുന്നു. അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുന്നായിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും"* (1 യോഹ 3, 2). ദൈവത്തെപ്പോലെ ആകുക; ദൈവത്തെ കാണുക. ഇതിനെയാണ് സൗഭാഗ്യദർശനം (Beatific Vision) എന്നു വിശേഷിപ്പിക്കുന്നത് (CCC 1028).

സ്വർഗ്ഗത്തെക്കുറിച്ച് ഏറ്റം അധികം പ്രതിപാദിക്കുന്നതു വെളിപാടു പുസ്തകത്തിലാണ്. പ്രതീകങ്ങളുടെ സഹായത്തോടെ യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്ന ഒരു സാഹിത്യരൂപമാണ് വെളിപാട് (apocalyptic). അവിടെ പറയുന്നതെല്ലാം അക്ഷരാർത്ഥത്തിലല്ല, പ്രതീകങ്ങളായി കാണണം. 4-ാം അധ്യായത്തിൽ തുടങ്ങുന്ന സ്വർഗ്ഗദർശനവും സ്വർഗ്ഗത്തിന്റേതായ വിവരണങ്ങളും 22-ാം അധ്യായം വരെ തുടരുന്നതു കാണാം.

അനിർവ്വചനീയമാം വിധം അതിമനോഹരമാണ് സ്വർഗ്ഗം. സിംഹാസനസ്ഥനായിരിക്കുന്ന ദൈവപിതാവ്. പിതാവിനോടൊപ്പം സിംഹാസനസ്ഥനാകുന്ന, കുഞ്ഞാടെന്നു വിളിക്കപ്പെടുന്ന പുത്രൻ. സിംഹാസനത്തിനു ചുറ്റും പ്രകാശമായി നില്ക്കുന്ന ഏഴു തീപ്പന്തങ്ങൾ പോലെ പരിശുദ്ധാത്മാവ്. നിരന്തരം കീർത്തനങ്ങളാലപിക്കുന്ന അസംഖ്യം ദൂതന്മാർ. സിംഹാസനങ്ങളിൽ ഇരിക്കുന്ന കിരീടധാരികളായ, ദൈവജനത്തിന്റെ പ്രതീകങ്ങളായ ശ്രേഷ്ഠന്മാർ, വെള്ള വസ്ത്രധാരികളായ അസംഖ്യം വിശുദ്ധർ. അവരുടെ അവസ്ഥയെക്കുറിച്ച് നല്കുന്ന വിവരണം സ്വർഗ്ഗത്തെക്കുറിച്ച് ഒരു ഏകദേശ രൂപം നല്കും. *"ഇവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നിൽക്കുകയും, അവിടുത്തെ ആല*

*യത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യും. സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നൽകും. ഇനി ഒരിക്കലും അവർക്കു വിശക്കുകയോ ദാഹിക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെ മേൽ പതിക്കുകയില്ല. എന്തെന്നാൽ സിംഹാസനമദ്ധ്യത്തിലിരിക്കുന്ന കുഞ്ഞാട് അവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുകയും ചെയ്യും. ദൈവം അവരുടെ കണ്ണിൽ നിന്നു കണ്ണീരെല്ലാം തുടച്ചു നീക്കും"* (വെളി 7, 15-17).

ഈ വിവരണങ്ങളെല്ലാം പ്രതീകാത്മകമാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കണ്ടും കേട്ടും പരിചയമില്ലാത്ത കാര്യങ്ങൾ പരിചിതമായ ഉദാഹരണങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും വിവരിക്കുകയാണ് വി. ഗ്രന്ഥകാരൻ ചെയ്യുന്നത്. സ്വർഗ്ഗത്തെക്കുറിച്ചു പറയാൻ ഉപയോഗിക്കുന്ന സുപ്രധാനമായൊരു പ്രതീകമാണ് പറുദീസാ. തന്നോടൊപ്പം ക്രൂശിതനായ കുറ്റവാളിക്ക് നൽകുന്ന വാഗ്ദാനത്തിൽ യേശുതന്നെ ഈ പ്രതീകം ഉപയോഗിക്കുന്നുണ്ട്. *"സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും"* (ലൂക്കാ 23,43). മൂന്നു വാക്കുകൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ഇന്ന്. 2. എന്നോടുകൂടെ. 3. പറുദീസായിൽ.

1. ഇന്ന്. മരണത്തോടെ മനുഷ്യൻ സ്ഥലകാലപരിമിതികൾ മറികടക്കുന്നു. മരണ നിമിഷം തന്നെയാണ് ഇന്ന്. അതു നിത്യമായിരിക്കും. 2. എന്നോടു കൂടെ. വാസ്തവത്തിൽ എന്താണ് സ്വർഗ്ഗം എന്നു വ്യക്തമാക്കുന്നതാണ് ഈ വാഗ്ദാനം. യേശുവിനോടുകൂടെ ആയിരിക്കുക. 3. പറുദീസാ. ഉദ്യാനം എന്നാണ് വാക്കിന്റെ അർത്ഥം. രാജാക്കൻമാരുടെ ഉദ്യാനത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന ഒരു പേർഷ്യൻ പദത്തിന്റെ അനുകരണമാണ് പാരാദെയ്സോസ്. (paradeisos) എന്നു ഗ്രീക്കിലും പരദീസും (paradisum) എന്നു ലത്തീനിലും പറയുന്ന വാക്ക്. അതാണ് ഇംഗ്ലീഷിൽ പാരാഡൈസ് (paradise) എന്നും മലയാളത്തിൽ പറുദീസാ എന്നും പറയുന്നത്.

ഉൽപത്തി 2-ാം അധ്യായത്തിൽ പറുദീസായുടെ വിവരണമുണ്ട്. ധാരാളം ജലം നിറഞ്ഞൊഴുകുന്ന നദികൾ, ഫലവൃക്ഷങ്ങൾ, സർവ്വോപരി ദൈവത്തോടൊന്നിച്ചുള്ള വാസം - ഇതാണ് പറുദീസായുടെ വിവരണത്തിൽ മുന്നിട്ടു നിൽക്കുന്നത്.

മരുഭൂമിയിൽ വസിക്കുന്നവർക്കു ജലം നിറഞ്ഞൊഴുകുന്ന നദികളും ഫലസമൃദ്ധമായ വൃക്ഷങ്ങളും വലിയ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ഉറവിടമാകുന്നു. ഈ ഭൗതിക ചിത്രത്തെ കൂടുതൽ അർത്ഥവത്താക്കുന്നതാണ് ദൈവത്തോടൊന്നിച്ചുള്ള വാസം. ആദിപാപം മൂലം നഷ്ടപ്പെട്ട ഈ പറുദീസാ വീണ്ടും നൽകുന്നതിന്റെ സൂചനയാണ് യേശു കള്ളനു നൽകുന്ന വാഗ്ദാനം. പറുദീസായെ കുറിച്ച് വെളിപാടു പുസ്തകത്തിൽ വീണ്ടും പരാമർശമുണ്ട്. അവിടെയുള്ള ജീവന്റെ വൃക്ഷം (വെളി 2, 7; 22,2), യേശുവിന്റെയും ജീവജലത്തിന്റെ നദി (22,1) പരിശുദ്ധാത്മാവിന്റെയും പ്രതീകങ്ങളാണ്. എന്നാൽ ചിലർ പറുദീസാ, നദി, വൃക്ഷം എന്നീ പ്രതീകങ്ങളെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാറുണ്ട്. അതാണ് ഖുർആനിൽ സംഭവിച്ചിരിക്കുന്നത്. അതു പിന്നീടു ചർച്ച ചെയ്യുന്നതാണ്.

*"അനുഗ്രഹീതർ സ്വർഗ്ഗത്തിലെ മഹത്വത്തിൽ മറ്റു മനുഷ്യരെയും സർവ്വസൃഷ്ടികളെയും സംബന്ധിച്ചുള്ള ദൈവഹിതം നിറവേറ്റുന്ന കൃത്യം സസന്തോഷം തുടർന്നുകൊണ്ടിരിക്കുന്നു. അവർ ക്രിസ്തുവിനോടുകൂടെ ഭരിക്കുന്നു. അവിടുത്തോടുകൂടെ എന്നേക്കും അവർ ഭരിക്കും"* (CCC 1029).

സ്വർഗ്ഗം എന്നത് ദൈവം എന്ന പദത്തിന്റെ പര്യായം എന്നതുപോലെ ബൈബിളിൽ ഉപയോഗിക്കുന്നതും ശ്രദ്ധിക്കണം. മറ്റു സുവിശേഷങ്ങൾ *'ദൈവരാജ്യം'* എന്നു പറയുന്ന യാഥാർത്ഥ്യത്തെ മത്തായി *'സ്വർഗ്ഗരാജ്യം'* എന്നാണ് വിശേഷിപ്പിക്കുക. ദൈവത്തോടുള്ള അതീവഭക്തിയും ആദരവുംമൂലം 'യാഹ്‌വേ' എന്ന പേര് അവർ ഉച്ചരിക്കില്ല; ദൈവം എന്ന പദം പോലും ഉപയോഗിക്കാൻ മടിക്കും. പകരം സ്വർഗ്ഗസ്ഥൻ, ശക്തി, മഹത്വം എന്നൊക്കെ ആയിരിക്കും പറയുക. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ സ്വർഗ്ഗം എന്നു പറഞ്ഞാൽ ദൈവം തന്നെയാണ്; സ്വർഗ്ഗത്തിൽ ആയിരിക്കുക എന്നാൽ ദൈവത്തിൽ ആയിരിക്കുന്നതുതന്നെയാണ്. യുഗാന്തത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ ഇക്കാര്യം വിശദമായി കാണാം.

## 4. ശുദ്ധീകരണസ്ഥലം

ഏറെ തെറ്റിധാരണകൾക്കും വിവാദങ്ങൾക്കും വിഷയമാകുന്ന ഒന്നാണ് ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനം. പ്രൊട്ടസ്റ്റന്റ് സഭകൾ പൊതുവേ

ശുദ്ധീകരണസ്ഥലത്തെ അംഗീകരിക്കുന്നില്ല. ബൈബിളിൽ അതിനു യാതൊരു അടിസ്ഥാനവുമില്ല എന്നതാണ് എടുത്തുകാണിക്കുന്ന കാരണം. ദൈവത്തോട് ഐക്യത്തിൽ, എന്നാൽ സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താതെ, മരിക്കുന്ന വിശ്വാസികൾക്കു സ്വർഗ്ഗഭാഗ്യം ലഭ്യമാകുന്നതിനുമുമ്പ് ഒരു ശുദ്ധീകരണത്തിനുള്ള അവസരം ദൈവം നല്കുന്നു എന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

*"ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും, നിത്യരക്ഷയുടെ ഉറപ്പു നേടിയവരാണ്. എന്നാൽ സ്വർഗ്ഗീയാനന്ദത്തിലേക്കു പ്രവേശിക്കാൻ ആവശ്യമായ ശുദ്ധി നേടുന്നതിനുവേണ്ടി അവർ മരണാനന്തര ശുദ്ധീകരണത്തിനു വിധേയരാകുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമശുദ്ധീകരണത്തെ സഭ ശുദ്ധീകരണ സ്ഥലം എന്നു വിളിക്കുന്നു"* (CCC 1030-31). സഭയുടെ പരമ്പരാഗതമായ ഈ പ്രബോധനത്തിന്റെ ചരിത്രത്തിൽ ഫ്ളോറൻസിലെയും (AD 1431-45) ത്രെന്തിലെയും (AD 1545-63) സൂനഹദോസുകളുടെ പ്രബോധനങ്ങളിലേക്കും CCC ശ്രദ്ധക്ഷണിക്കുന്നുണ്ട്.

മരിച്ചവരുടെ ശുദ്ധീകരണവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. തീരുമാനം എടുക്കാനുള്ള കഴിവും അവസരവും മരണത്തോടെ അവസാനിക്കുന്നതിനാൽ തങ്ങളുടെ തന്നെ ശുദ്ധീകരണത്തിനുവേണ്ടി സ്വന്തമായി ഒന്നും ചെയ്യാൻ അവർക്കു കഴിയുന്നില്ല. എന്നാൽ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കും സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നവർക്കും അവരെ സഹായിക്കാൻ സാധിക്കും എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ബൈബിളിൽ അടിയുറച്ചതാണ് ഈ പ്രബോധനം.

യുദ്ധത്തിൽ മരിച്ച ഇസ്രായേൽക്കാരുടെ പാപമോചനത്തിനായി യൂദാസ് മക്കബേയൂസും സംഘവും പ്രാർത്ഥിക്കുന്നതും അവർക്കുവേണ്ടി ബലിയർപ്പിക്കാൻ ജെറുസലെമിലേക്ക് പണം അയച്ചുകൊടുക്കുന്നതും ഈ വിശ്വാസത്തിനു തെളിവായി ബൈബിൾ തന്നെ എടുത്തുപറയുന്നു. പുനരുത്ഥാനത്തിലും, മരണശേഷവും ലഘുവായ പാപങ്ങൾക്ക് ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനവഴി മോചനം ലഭിക്കുമെന്നതിലും വിശ്വസിച്ചുകൊണ്ട്

യൂദാസ് മക്കബേയൂസ് ചെയ്ത ഈ പ്രവൃത്തിയെ വി. ഗ്രന്ഥം പ്രശംസിക്കുന്നു: *"അതിനാൽ മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന്, അവൻ അവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു"* (2 മക്ക 12, 45).

മരണശേഷം ലഭിക്കുന്ന ലഘുവായ ശിക്ഷയെക്കുറിച്ച് പുതിയനിയമത്തിലും പരാമർശമുണ്ട്. *"മനുഷ്യർ പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടി വരും"* (മത്താ 12, 36). മരണാനന്തരം നിത്യമല്ലാത്ത ഒരു ശിക്ഷയെ സൂചിപ്പിക്കുന്നതാണ് ഈ ഗുരുവചനം. സഹോദരനുമായി രമ്യതപ്പെടാതെ മരിക്കുന്നവരെക്കുറിച്ചു നല്കുന്ന താക്കീതിലും കാലികമായൊരു ശിക്ഷയെക്കുറിച്ചുള്ള സൂചന കാണാം. *"അറിയാതെയാണ് ഒരുവൻ ശിക്ഷാർഹമായ തെറ്റു ചെയ്തതെങ്കിൽ ലഘുവായേ പ്രഹരിക്കപ്പെടുകയുള്ളൂ"* (ലൂക്കാ 12, 48). *"അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുവോളം നീ അവിടെനിന്നു പുറത്തുവരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു"* (മത്താ 5, 26) എന്ന ഗുരുമൊഴിയും അവസാനമുള്ള, കാലികമായ, ഒരു ശിക്ഷയെ ആണല്ലോ സൂചിപ്പിക്കുന്നത്. *"അഗ്നിയിലൂടെ എന്ന വണ്ണം അവർ രക്ഷ പ്രാപിക്കും"* (1 കോറി 3, 15) എന്ന് പൗലോസ് പറയുന്നതും കാലികമായൊരു ശിക്ഷയെ സൂചിപ്പിക്കുന്നു.

കത്തോലിക്കാസഭ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നിർദ്ദേശിക്കുന്നുണ്ട്, പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. എന്നാൽ അതോടൊപ്പം വ്യക്തമായ നിർദ്ദേശങ്ങളും നല്കുന്നുണ്ട്. പരമ്പരാഗതമായി കത്തോലിക്കാസഭയിൽ നിലനില്ക്കുന്ന ഒരാചാരമാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും അവയുമായി ബന്ധപ്പെടുത്തി നല്കുന്ന ദണ്ഡവിമോചനങ്ങളും. ഉപവാസവും പ്രാർത്ഥനയും പരിഹാരപ്രവൃത്തികളും ഒരു ദിവസം അനുഷ്ഠിച്ചാൽ ലഭിക്കുന്ന മോചനത്തിനു തുല്യമായൊരു മോചനമാണ് ഒരു ദിവസത്തെ ദണ്ഡവിമോചനംകൊണ്ട് അർത്ഥമാക്കുന്നത്. കാലികമായ ശിക്ഷകളിൽ നിന്നു ലഭിക്കുന്ന പൂർണ്ണമായ മോചനത്തിന് പൂർണ്ണദണ്ഡവിമോചനം എന്നു പറയുന്നു.

നല്ല ലക്ഷ്യത്തോടെ തുടങ്ങിയതാണെങ്കിലും കാലക്രമത്തിൽ ദുരുപയോഗങ്ങൾ നിലവിൽവന്നു. ഒരു കച്ചവട മനോഭാവം രൂപപ്പെട്ടു. അതിനാൽ ദണ്ഡവിമോചനത്തെക്കുറിച്ച് വളരെ

വ്യക്തമായ നിർദ്ദേശങ്ങൾ സഭ നല്കുന്നുണ്ട്. അതിൽ ഏറ്റം പ്രധാനപ്പെട്ടതാണ്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് 1967 ൽ പോൾ VI മാർപ്പാപ്പ പുറപ്പെടുവിച്ച "ദണ്ഡവിമോചനത്തെ സംബന്ധിച്ച പ്രബോധനം" (Indulgentiarum Doctrina) എന്ന ഔദ്യോഗിക രേഖ. അതിലൂടെ, ദിവസം, മാസം, വർഷം എന്നിങ്ങനെയുള്ള ഭാഗികമായ എല്ലാ ദണ്ഡവിമോചനങ്ങളും റദ്ദാക്കി. പൂർണ്ണ ദണ്ഡവിമോചനങ്ങളുടെ കാര്യത്തിലും വ്യക്തമായ നിർദ്ദേശങ്ങൾ നല്കി. ജീവിത നവീകരണത്തിനു സഹായിക്കുന്നതും "വിശുദ്ധരുടെ ഐക്യം" എന്ന സഭയുടെ കൂട്ടായ്മയുടെ പ്രാധാന്യം എടുത്തു കാണിക്കുന്നതുമാണ് ഈ പ്രബോധനരേഖ. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരും വിജയം വരിച്ച് സ്വർഗ്ഗത്തിൽ വസിക്കുന്നവരും ശുദ്ധീകരിക്കപ്പെടുന്നവരും എന്ന മൂന്നു വിഭാഗം വിശ്വാസികളും തമ്മിലുള്ള ഗാഢമായ ബന്ധത്തെയാണ് ഈ കൂട്ടായ്മ സൂചിപ്പിക്കുന്നത്. അതേസമയം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങളും ഈ രേഖ നല്കുന്നുണ്ട്.

*"ആരംഭകാലം മുതൽ സഭ മരിച്ചവരുടെ അനുസ്മരണത്തെ ആദരിക്കുകയും അവർക്കുവേണ്ടി പരിഹാരപ്രാർത്ഥനകൾ, സർവ്വോപരി ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. അവർ ശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ സൗഭാഗ്യ ദർശനം പ്രാപിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. മരിച്ചവർക്കുവേണ്ടിയുള്ള ധർമ്മദാനം, ദണ്ഡവിമോചനകർമ്മങ്ങൾ, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു"* (CCC 1032). ഇതാണ് മരണാനന്തര ശുദ്ധീകരണത്തെപ്പറ്റിയുള്ള കത്തോലിക്കാസഭയുടെ ഔദ്യോഗികനിലപാട്.

### 5. നരകം

*"ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്ന്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു. നിങ്ങൾ ആഹാരം തന്നില്ല... ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും"* (മത്താ 25, 41-49). നിത്യജീവന്റെ ഉറവിടമായ ദൈവത്തിൽ നിന്ന് എന്നേക്കുമായി വിഛേദിക്കപ്പെടുക, ദൈവഹിതത്തിനു മനഃപൂർവ്വം പുറം തിരിഞ്ഞ പൈശാചി

കശക്തികളോടൊപ്പം നിത്യമായ പീഡനത്തിനിരയാവുക. ഇതാണ് നരകം എന്നതുകൊണ്ട് കത്തോലിക്കാസഭ അർത്ഥമാക്കുന്നത്.

*"മനസ്തപിച്ച്, ദൈവത്തിന്റെ കരുണാർദ്രസ്നേഹം സ്വീകരിക്കാതെ മാരകപാപത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം നമ്മുടെ സ്വതന്ത്രമായ തീരുമാനപ്രകാരം എന്നേക്കുമായി ദൈവത്തിൽനിന്നു വേർപെട്ടു നില്ക്കുക എന്നതാണ്. ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗത്തിൽനിന്നു സുനിശ്ചിതമായി നമ്മെത്തന്നെ വേർപെടുത്തി നിർത്തുന്ന അവസ്ഥയെ "നരകം" എന്നു വിളിക്കുന്നു"* (CCC 1033).

സ്വർഗ്ഗത്തെക്കുറിച്ചെന്നതുപോലെ നരകത്തെക്കുറിച്ചും അനേകം പ്രതീകങ്ങളിലൂടെ യേശുനാഥൻ തന്നെ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. ദൈവത്തിൽനിന്ന് അകറ്റപ്പെടുക എന്നതാണ് ഏറ്റം അടിസ്ഥാനപരമായ കാഴ്ചപ്പാട്. അഗ്നികുണ്ഡം, ശമിക്കാത്ത അഗ്നി, അതികഠിനമായ വേദന മൂലം ഉണ്ടാകുന്ന നിലവിളിയുടെയും പല്ലുകടിയുടെയും സ്ഥലം എന്നിങ്ങനെ ഉപമകളിലൂടെ നരകത്തെ വിവരിക്കുന്നതായി കാണാം.

*"സഹോദരനെ... വിഡ്ഢി എന്നു വിളിക്കുന്നവൻ നരകാഗ്നിക്ക് ഇരയായിത്തീരും"* (മത്താ 5, 22); *"നരകാഗ്നിയിലേക്ക് എറിയപ്പെടും"* (മത്താ 5, 29-30); *"എല്ലാ പാപഹേതുക്കളെയും തിന്മ പ്രവർത്തിക്കുന്നവരെയും ഒരുമിച്ചുകൂട്ടി അഗ്നികുണ്ഡത്തിലേക്ക് എറിയുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയുമായിരിക്കും"* (മത്താ 13, 42, 49-50) *"ഇരുകൈകളും ഉള്ളവനായി നരകത്തിലെ കെടാത്ത അഗ്നിയിൽ നിപതിക്കുന്നതിനേക്കാൾ നല്ലത് അംഗഹീനനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്"* (മർക്കോ 9, 44). പുറത്തുള്ള അന്ധകാരം, അഗ്നികുണ്ഡം പീഡനങ്ങളുടെ സ്ഥലം എന്നൊക്കെയാണ് നരകത്തെ വിശേഷിപ്പിക്കുന്നത്.

ഇതിൽ "നരകം" എന്ന പദം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ''ഗേഹെന്നാ'' എന്ന ഗ്രീക്കുവാക്കാണ് ''നരകം'' എന്നു വിവർത്തനം ചെയ്യുന്നത്. ഈ ഗ്രീക്കുവാക്കുതന്നെ "ഗേ ബെൻ ഹിന്നോം" എന്ന ഹീബ്രുവാക്കിൽ നിന്നു രൂപപ്പെടുത്തിയതാണെന്നു കരുതപ്പെടുന്നു. "ഹിന്നോമിന്റെ മകന്റെ താഴ്വര" എന്നാണർത്ഥം. ഈ വാക്കിന്റെ പശ്ചാത്തലം മനസിലാക്കുന്നത് നരക

ത്തെക്കുറിച്ചുള്ള സങ്കല്പം ഗ്രഹിക്കാൻ സഹായിക്കും. ജറുസലെമിൽ സിയോൻ മലയുടെയും ഒലിവുമലയുടെയും ഇടയിലുള്ള ഒരു താഴ്‌വരയാണിത്. രാജഭരണത്തിന്റെ അവസാനത്തോടെ ഈ താഴ്‌വരയുടെ ഒരു ഭാഗത്ത് ബലിപീഠം നിർമ്മിച്ച് യുദ്ധദേവനായ കെമോഷിനെയും കാനാൻകാരുടെ ദൈവമായി കരുതപ്പെട്ടിരുന്ന ബാലിനെയും പ്രസാദിപ്പിക്കുവാൻ നരബലിയർപ്പിച്ചിരുന്നു. ഇതിനെതിരേ ജറെമിയാ പ്രവാചകൻ അതിശക്തമായി പ്രതികരിക്കുന്നുണ്ട്. *"തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ഹോമിക്കാൻ ബെൻഹിന്നോം താഴ്‌വരയിൽ അവർ തോഫെത്തെന്ന യാഗപീഠം നിർമ്മിച്ചു"* (ജറെ 7, 31). ജോസിയാ രാജാവിന്റെ മതനവീകരണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ഇതു പരാമർശവിഷയമാകുന്നുണ്ട്. *"പുത്രീപുത്രന്മാരെ മോളെക്കിനു ബലിയർപ്പിക്കാതിരിക്കാൻ അവൻ ബെൻഹിന്നോം താഴ്‌വരയിലുള്ള തോഫെത്ത് മലിനമാക്കി"* (2 രാജാ 23, 10). വിഗ്രഹാരാധനയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ട ബലിപീഠത്തെയാണ് തോഫെത്ത് എന്ന പദം സൂചിപ്പിക്കുന്നത്.

കാലക്രമത്തിൽ നഗരത്തിലെ ചപ്പുചവറുകൾ വാരി എറിയുന്ന ഒരു സ്ഥലമായി മാറി ബെൻ ഹിന്നോം താഴ്‌വര. അവിടെ ഉപയോഗശൂന്യമായ സാധനങ്ങൾ കൂട്ടിയിട്ടു കത്തിക്കും. അതിനാൽ അവിടെ എപ്പോഴും തീയുണ്ടായിരിക്കും. എന്നാൽ കത്താതെ കിടക്കുന്ന കുതിർന്ന വസ്തുക്കളിൽ പുഴുക്കൾ ഇഴഞ്ഞു നടക്കും. ഇതാണ് ഗേഹെന്നായുടെ ചിത്രം. ഇതിനെയാണ് നിത്യനാശത്തിന്റെ പ്രതീകമായി ഗേഹെന്നാ എന്നു വിളിക്കുന്നത്. ഇവിടെ നിന്നാണ് "കെടാത്ത തീയും ചാകാത്ത പുഴുവും" എന്ന കാഴ്ചപ്പാട് നിലവിൽ വന്നത്.

നിത്യശിക്ഷയുടെ സ്ഥലം എന്ന അർത്ഥത്തിൽ വെളിപാടു പുസ്തകത്തിൽ നരകത്തെക്കുറിച്ചു പറയാൻ *"ഗന്ധകം എരിയുന്ന അഗ്നിത്തടാകം"* എന്ന പ്രതീകമാണ് ഉപയോഗിക്കുന്നത് (വെളി 19, 20). ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെടും. ജീവന്റെ പുസ്തകത്തിൽ പേരില്ലാത്തവർ നിത്യ ശിക്ഷയുടെ ഇടമായ ഗന്ധകാഗ്നിത്തടാകത്തിലേക്ക് എറിയപ്പെടും. ഇതാണ് രണ്ടാമത്തെ മരണം; അഥവാ നിത്യശിക്ഷ എന്ന് വെളിപാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (വെളി 20, 12-15; 21, 8). ഗന്ധകം, അഗ്നി, പുഴുക്കൾ എന്നിവ

യെല്ലാം അക്ഷരാർത്ഥത്തിലല്ല, അതികഠിനമായ വേദന ഉളവാക്കുന്ന ശിക്ഷയുടെ പ്രതീകങ്ങളായി വേണം കാണാൻ.

അഗ്നി അതിൽത്തന്നെ ശിക്ഷയുടെയും പീഡനത്തിന്റെയും ഉപകരണമായി മാത്രം കാണാനാവില്ല. കാരണം ദൈവം വസിക്കുന്നതും അഗ്നിയിലാണെന്ന സൂചന നല്കുന്ന ബൈബിൾ ഭാഗങ്ങളുണ്ട്. ഉദാ. എരിയുന്ന മുൾപ്പടർപ്പിലാണ് ദൈവം മോശയ്ക്കു പ്രത്യക്ഷപ്പെട്ടത് (പുറ 3, 2). അബ്രാഹവുമായി ഉടമ്പടി ഉറപ്പിക്കുമ്പോൾ *"പുകയുന്ന ഒരു തീച്ചൂള കാണാറായി. ജ്വലിക്കുന്ന ഒരു തീനാളം പിളർന്നിട്ടിരുന്ന കഷണങ്ങളുടെ നടുവിലൂടെ കടന്നുപോയി"* (ഉൽപ 15, 17-18). രണ്ടും ദൈവികസാന്നിധ്യത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്. *"നമ്മിലാർക്കു ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം വസിക്കാനാവും? നിത്യജ്വാലയിൽ നമ്മിൽ ആർക്കു ജീവിക്കാൻ കഴിയും?"* (ഏശ 33, 14) എന്ന ചോദ്യങ്ങളും അഗ്നിയെ ദൈവിക സാന്നിധ്യത്തിന്റെ പ്രതീകമായി ചിത്രീകരിക്കുന്നു. ആകാശത്തുനിന്ന് അഗ്നിയിറങ്ങി ബലി സ്വീകരിക്കുന്നത് ശിക്ഷയുടെയല്ല, ദൈവം അംഗീകരിക്കുന്നതിന്റെ അടയാളമാണ് (1 രാജാ 18, 38-39). പന്തക്കുസ്താ ദിവസം ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചതും അഗ്നിനാളങ്ങളായിട്ടാണ് (അപ്പ 2, 3).

അതേസമയം ദൈവം അയയ്ക്കുന്ന വലിയ ശിക്ഷയുടെ അടയാളമായും ബൈബിളിൽ അഗ്നി അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. സോദോം ഗൊമോറയുടെ നാശം ഉദാഹരണം (ഉൽ 19, 24). അതിനാൽ നരകത്തെക്കുറിച്ചുള്ള വിവരണത്തിൽ കാണുന്ന അഗ്നിയെ ശിക്ഷയുടെ പ്രതീകമായി കാണണം. ഒരുപക്ഷേ ശരീരം ഏറ്റം വലിയ വേദന അനുഭവിക്കുന്നതു ജീവനോടെ അഗ്നിയിൽ ദഹിപ്പിക്കുമ്പോഴായിരിക്കും. അതിനാലാവാം അഗ്നിത്തടാകത്തിന്റെ പ്രതീകം ഉപയോഗിക്കുന്നത്. എന്നാൽ പ്രതീകങ്ങൾക്കപ്പുറം, നരകത്തിന്റെ യഥാർത്ഥരൂപവും അർത്ഥവും സഭ വ്യക്തമാക്കുന്നുണ്ട്. *"മാരകപാപത്തിന്റെ അവസ്ഥയിൽ മരിക്കുന്നവരുടെ ആത്മാക്കൾ മരിച്ചാൽ ഉടനെ നരകത്തിൽ പതിക്കുന്നു. അവിടെ അവർ "നിത്യാഗ്നി"യായ നരകപീഡനങ്ങൾ അനുഭവിക്കും. നരകത്തിലെ പ്രധാന ശിക്ഷ ദൈവത്തിൽനിന്നുള്ള എന്നേക്കുമായ വേർപാടാണ്"* (CCC 1035).

നരകത്തെക്കുറിച്ചുള്ള പ്രബോധനങ്ങളും വിവരണങ്ങളും

താക്കീതുകളും എല്ലാം മനുഷ്യനെ തിന്മയിൽ നിന്നകന്ന്, ദൈവഹിതമനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുന്നു. *"തന്റെ നിത്യമായ ഭാഗധേയം മുന്നിൽ കണ്ടുകൊണ്ട് സ്വാതന്ത്ര്യം ഉപയോഗിക്കാൻ മനുഷ്യന്റെ ഉത്തരവാദിത്വത്തിലേക്കുള്ള ആഹ്വാനമാണ് നരകത്തെ സംബന്ധിക്കുന്ന വിശുദ്ധ ഗ്രന്ഥപ്രസ്താവനകളും സഭാപ്രബോധനങ്ങളും"* (CCC 1036).

ദൈവം ആരെയും നരകത്തിൽ പോകാനായി മുൻകൂർ നിശ്ചയിച്ചിട്ടില്ല. നന്മയും തിന്മയും, ജീവനും മരണവും മുന്നിൽ വച്ചിട്ട്, തിരഞ്ഞെടുക്കാൻ ദൈവം മനുഷ്യന് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു (നിയ 30, 19-20). ജീവൻ തിരഞ്ഞെടുക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ മറിച്ചാണ് മനുഷ്യൻ തീരുമാനിക്കുന്നതെങ്കിൽ ദൈവം അതു തടയുന്നില്ല. *"ആരും നശിക്കാതിരിക്കാനും എല്ലാവരും പശ്ചാത്താപത്തിലേക്കു വരാനും ആഗ്രഹിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തിനായി സഭ കുർബാനയിലും തന്റെ വിശ്വാസികളുടെ അനുദിന പ്രാർത്ഥനകളിലും അപേക്ഷിക്കുന്നുണ്ട്"* (CCC 1037). ആ പ്രാർത്ഥന കേൾക്കാൻ തക്കവിധം ഓരോരുത്തരും ജീവിക്കണം, അതിനായി ദൈവകൃപയിൽ വിശ്വസിക്കണം, ആശ്രയിക്കണം.

## 6. ശരീരങ്ങളുടെ ഉയിർപ്പ്

*"ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ. എന്തെന്നാൽ കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും"* (യോഹ 5, 28-29).

മരണാനന്തരം എന്തു സംഭവിക്കുന്നു എന്ന ചോദ്യത്തിന് യേശു തന്നെ നല്കുന്ന വ്യക്തമായൊരു ഉത്തരമാണിത്. മരണനിമിഷത്തിൽത്തന്നെ ഓരോ വ്യക്തിയുടെയും ഭാവിനിർണ്ണയിക്കുന്ന വിധിയുണ്ടാകും. എന്നാൽ മനുഷ്യജീവനു പൂർണ്ണത കൈവരുന്നത് ശരീരങ്ങളുടെ ഉയിർപ്പിലൂടെയാണ്. മണ്ണിൽ വിലയം പ്രാപിച്ച ശരീരം വീണ്ടും ജീവൻ പ്രാപിക്കും. ആത്മാവും ശരീരവും വീണ്ടും യോജിക്കും; അപ്പോൾ മനുഷ്യൻ വീണ്ടും പൂർണ്ണത കൈവരിക്കും.

"ശരീരങ്ങളുടെ ഉയിർപ്പിലും ഞാൻ വിശ്വസിക്കുന്നു" എന്നത്

കത്തോലിക്കർ ഏറ്റു പറയുന്ന വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വെളിപ്പെടുത്തൽ സാവകാശമാണ് ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത് എന്നു നാം കണ്ടുകഴിഞ്ഞു. ജോബ് 19, 23-27; ഏശ 26, 18; എസെ 37, 1-14; 2 മക്ക 7, 9; മുതലായവ ഉദാഹരണങ്ങൾ. യേശുവിന്റെ കാലത്ത് സദ്ദുക്കായർ ശരീരങ്ങളുടെ ഉയിർപ്പിൽ വിശ്വസിച്ചിരുന്നില്ല; ഫരിസേയർ വിശ്വസിച്ചിരുന്നു. എന്നാൽ യേശു വളരെ വ്യക്തമായി ശരീരങ്ങളുടെ പുനരുത്ഥാനത്തെക്കുറിച്ചു പഠിപ്പിച്ചിട്ടുണ്ട്.

*"മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. മറിച്ച്, അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും"* (മർക്കോ 12, 25) എന്ന ഗുരുമൊഴി ഉയിർപ്പിനെയും ഉയിർത്തെഴുന്നേറ്റ മനുഷ്യന്റെ സ്വഭാവത്തെയും കുറിച്ച് വ്യക്തത നല്കുന്നുണ്ട്. സ്ത്രീപുരുഷ വ്യത്യാസം ഇഹലോക ജീവിതത്തിലേ ഉള്ളൂ. പരസ്പരം സ്നേഹിച്ച്, കുഞ്ഞുങ്ങൾക്കു ജന്മം നല്കി, കുടുംബമായി വളരുന്നതിനുവേണ്ടിയാണ് ഈ വ്യത്യാസം (ഉൽപ 1, 26-28; 2, 18.23-24). എന്നാൽ മരണാനന്തരം ഇപ്രകാരം ഒരു ബന്ധമില്ല.

യേശുവിന്റെ പ്രബോധനം മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചു വ്യക്തത നല്കുന്നു. എന്നാൽ യേശുവിന്റെ തന്നെ പുനരുത്ഥാനമാണ് മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും എന്നതിന്റെ അടിസ്ഥാനവും അച്ചാരവും. ലാസറിന്റെ ശവകുടീരത്തിൽവച്ച് മാർത്തയുടെ വിശ്വാസത്തെ പൂർണ്ണതയിലേക്കു നയിക്കുന്ന ഒരു പ്രഖ്യാപനത്തിൽ ഈ സത്യം വ്യക്തമാക്കുന്നു. *"മാർത്ത പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം. യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല"* (യോഹ 11, 24-26).

യേശുവാണ് ജീവന്റെ ഉറവിടം. അവനിൽ വിശ്വസിച്ചു ജീവിക്കുന്നവൻ ശാരീരികമായി മരിച്ചാലും ആത്മാവു മരിക്കില്ല, നിത്യമായി ജീവിക്കും എന്നതാണ് ഗുരുവചനത്തിന്റെ അവസാനം സൂചിപ്പിക്കുന്നത്. അതേസമയം മരിച്ചവർ അന്ത്യദിനത്തിൽ ഉയിർത്തെഴുന്നേല്ക്കും എന്ന മാർത്തയുടെ വിശ്വാസത്തെ അംഗീക

രിച്ചുകൊണ്ടുതന്നെ യേശു സ്വയം ജീവനും പുനരുത്ഥാനവുമായി വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തലിന്റെ സ്ഥിരീകരണമാണ് മരിച്ചു നാലു ദിവസമായ ലാസറിനെ കല്ലറയിൽനിന്ന് ജീവനിലേക്കു വിളിച്ചു വരുത്തുന്നത്.

എന്താണ് ഉയിർത്തെഴുന്നേൽക്കൽ എന്ന് കത്തോലിക്ക സഭ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. *"മരണത്തിൽ, ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപാടിൽ മനുഷ്യശരീരം ജീർണ്ണിക്കുന്നു. ആത്മാവ് ദൈവത്തെ കണ്ടുമുട്ടാനായി യാത്രയാവുന്നു. അതേസമയം മഹത്വീകൃത ശരീരവുമായുള്ള പുനരൈക്യത്തിനായി കാത്തിരിക്കുകയും ചെയ്യുന്നു. ദൈവം തന്റെ സർവ്വാതീത ശക്തികൊണ്ട്, യേശുവിന്റെ ഉത്ഥാനത്തിന്റെ ശക്തിയിലൂടെ, നമ്മുടെ ശരീരങ്ങളെ നമ്മുടെ ആത്മാക്കളോടു വീണ്ടും ചേർത്തുകൊണ്ട് നമ്മുടെ ശരീരങ്ങൾക്ക് അനശ്വരമായ ജീവിതം ആത്യന്തികമായി പ്രദാനം ചെയ്യും"* (CCC 997).

ആരാണ് ഉയിർത്തെഴുന്നേല്ക്കുക എന്ന ചോദ്യത്തിനു കത്തോലിക്കാസഭ നല്കുന്ന ഉത്തരവും വ്യക്തമാണ്. *"മരിച്ചവരെല്ലാം ഉയിർത്തെഴുന്നേല്ക്കും. നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിലേക്കും തിന്മ പ്രവർത്തിച്ചവർ വിധിയുടെ ഉയിർപ്പിലേക്കും"* (CCC 998). ഈ ഉത്ഥാനം ലോകാവസാനത്തോടെ ആയിരിക്കും; യേശുവിന്റെ തന്നെ പുനരുത്ഥാനമാണ് മരിച്ചവരുടെ ഉയിർപ്പിന്റെ അടിസ്ഥാനവും ഉറപ്പും എന്ന് സഭയുടെ പ്രബോധനം തുടർന്നു വിശദീകരിക്കുന്നുണ്ട്.

യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് പൗലോസിന്റെ ലേഖനങ്ങളിൽ വ്യക്തമായ പ്രബോധനങ്ങൾ കാണാം. മരിച്ചവർക്ക് എന്തു സംഭവിക്കും എന്ന് അറിയാതെ ആകുലപ്പെട്ടിരുന്ന തെസലോണിക്കായിലെ സഭയ്ക്കാണ് പൗലോസ് തന്റെ ആദ്യലേഖനം എഴുതിയത്. മരിച്ചവരെ ഓർത്തു നിരാശപ്പെടരുത്. യേശു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റതുപോലെ യേശുവിൽ മരിച്ചവരെ ദൈവം ഉയിർപ്പിക്കും. *"അധികാരപൂർണ്ണമായ ആജ്ഞാവചനം കേൾക്കുകയും പ്രധാനദൂതന്റെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹള ധ്വനി മുഴങ്ങുകയും ചെയ്യുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുകയും ക്രിസ്തുവിൽ മരണമടഞ്ഞവർ ഉയിർത്തെഴുന്നേല്ക്കു*

*കയും ചെയ്യും"* (1 തെസ 4, 16). അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും. ഇതായിരിക്കണം പരസ്പരം ആശ്വസിപ്പിക്കാൻ സഹായകമാകുന്ന സത്യം.

മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് ബൈബിളിലെ ഏറ്റം ദീർഘവും വ്യക്തവുമായ പ്രബോധനം 1 കോറി 15-ാം അധ്യായത്തിൽ കാണാം. യേശുവിന്റെ ഉയിർപ്പാണ് നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരം. യേശു ഉയിർത്തതുപോലെ നാമും രൂപാന്തരീകരിക്കപ്പെട്ട ശരീരത്തോടെ ആയിരിക്കും ഉയിർപ്പിക്കപ്പെടുക. അവസാന നിമിഷം എല്ലാവരും രൂപാന്തരീകൃതരാകും. *"മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും"* (1 കോറി 15, 52).

ഉത്ഥാനം ചെയ്ത ശരീരത്തെ വിശദീകരിക്കാൻ മൂന്നു വിശേഷണങ്ങളാണ് സഭ പൊതുവേ ഉപയോഗിക്കുന്നത്. 1. അക്ഷയം. 2. ലഘുത്വം. 3. ദീപ്തി. യാതൊരു കുറവുകളും ആ ശരീരത്തിനുണ്ടാവുകയില്ല. വിശപ്പും ദാഹവുമില്ല; രോഗവും വേദനയുമില്ല. ഒരിക്കലും ക്ഷയിച്ചുപോകില്ല. ഇതാണ് അക്ഷയം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സ്ഥലകാല പരിമിതികൾക്കതീതമായിരിക്കും ഉത്ഥിതമായ ശരീരം എന്ന് ലഘുത്വം എന്ന വിശേഷണം വിശദീകരിക്കുന്നു. അതു പ്രകാശമാനമായിരിക്കും; ദൈവികമഹത്വത്തിൽ പങ്കുചേരും, അതാണ് ദീപ്തി. രൂപാന്തരീകരണവേളയിൽ യേശുവിൽ സംഭവിച്ചതുപോലെ: *"അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. വസ്ത്രം പ്രകാശംപോലെ ധവളമായി"* (മത്താ 17, 2). യേശുക്രിസ്തു *''നമ്മുടെ ദുർബ്ബലശരീരത്തെ തന്റെ മഹത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുത്തും"* (ഫിലി 3, 21) എന്ന അപ്പസ്തോല പ്രബോധനവും ഇതു തന്നെയാണ് പഠിപ്പിക്കുന്നത്.

ശരീരങ്ങളുടെ പുനരുത്ഥാനം ലോകാവസാനത്തിലായിരിക്കും സംഭവിക്കുക എന്നു പറയുമ്പോഴും പ്രതീകാത്മവും ഒരു മുൻകൂർ അച്ചാരവുമെന്ന രീതിയിൽ, ഓരോ വ്യക്തിയും യേശുവിനെ രക്ഷകനായി ഏറ്റുപറഞ്ഞ് ദൈവിക ജീവനിൽ പങ്കുചേരുന്ന നിമിഷം തന്നെ ഉയിർപ്പും സംഭവിക്കുന്നു എന്ന് ദൈവവചനത്തിൽ ഊന്നിനിന്നുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നുണ്ട്. *"മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം*

*വരുന്നു; അല്ല, വന്നു കഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും"* (യോഹ 5, 26). പുനരുത്ഥാനത്തിന്റെ മുന്നോടിയും അച്ചാരവുമാണ് ഈ ജീവൻ പ്രാപിക്കൽ.

യേശുവിനെ രക്ഷകനായി സ്വീകരിച്ച എഫേസോസിലെ വിശ്വാസികൾക്കുള്ള ലേഖനത്തിൽ പൗലോസ് ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു. *"കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു. യേശുക്രിസ്തുവിനോടുകൂടെ അവിടുന്ന് നമ്മെ ഉയിർപ്പിച്ച് സ്വർഗ്ഗത്തിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തിരിക്കുന്നു"* (എഫേ 2, 5-6). കൊളോസിയർക്കെഴുതിയ ലേഖനത്തിൽ ഈ സത്യം കൂടുതൽ വ്യക്തമായി ആവർത്തിക്കുന്നുണ്ട്: *"നിങ്ങൾ മൃതരായിരിക്കുന്നു. നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്യുന്നു. നമ്മുടെ ജീവനായ ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ അവനോടുകൂടെ നിങ്ങളും മഹത്വത്തിൽ പ്രത്യക്ഷപ്പെടും"* (കൊളോ 3, 3-4).

യേശുവിനെ രക്ഷകനായി ഏറ്റുപറയുന്ന വ്യക്തികൾ മാമ്മോദീസാ എന്ന കൂദാശയിലൂടെയാണ് നിത്യജീവനിലേക്കു ജനിക്കുക. ജലത്തിൽ പൂർണ്ണമായി മുങ്ങുന്നത് പാപകരമായ പഴയ ജീവിതത്തോടു മരിക്കുന്നതിന്റെ പ്രതീകമായിരുന്നു; ജലത്തിൽ നിന്നു പൊങ്ങിവരുന്നത് പുതിയ ജീവനിലേക്കു ജനിക്കുന്നതിന്റെയും. ഇത് ആത്യന്തികമായി സംഭവിക്കാനിരിക്കുന്ന മരണത്തിൽ നിന്നുള്ള ഉയിർപ്പിന്റെ പ്രതീകവും അച്ചാരവുമാണ്.

*"അവസാന ദിവസം ക്രിസ്തു നമ്മെ ഉയിർപ്പിക്കും എന്നതു സത്യമെങ്കിൽ, ഒരുവിധത്തിൽ, നാം ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്തുകഴിഞ്ഞു എന്നതും സത്യമാണ്. എന്തെന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തീയജീവിതം ഭൂമിയിൽ ഇപ്പോൾത്തന്നെ, ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണ്"* (CCC 1002). ഈ വിശ്വാസം കാത്തുസൂക്ഷിക്കുക, നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ വാസസ്ഥലവും യേശുവിന്റെ തന്നെ ശരീരത്തിലെ അവയവങ്ങളുമാണെന്ന ബോധ്യത്തിൽ വിശുദ്ധിയോടെ ജീവിക്കുക, നമ്മുടെയും മറ്റുള്ളവരുടെയും ശരീരങ്ങളെ ആദരവോടെ വീക്ഷിക്കുക, പരിപാലിക്കുക എന്ന ഒരു ദൗത്യവും പുനരുത്ഥാനത്തെക്കുറിച്ചുള്ള ബോധ്യം നമുക്കു നല്കുന്നു എന്നു മറക്കാതിരിക്കാം.

## 7. അന്ത്യവിധി

*"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ഠനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും"* (മത്താ 25, 31-32).

മരണാനന്തരം എന്ത് എന്ന ചോദ്യത്തിനുള്ള അവസാനത്തെ ഉത്തരം ചെന്നു നില്ക്കുന്നത് അന്തിമവിധിയിലാണ്. അതോടെ ചരിത്രം അതിന്റെ പൂർണ്ണതയിൽ എത്തുന്നു. അടുത്ത പടി നിത്യതയാണ്. അതിനുമുമ്പായി നന്മയും തിന്മയും തമ്മിലുള്ള സമ്പൂർണ്ണമായൊരു വേർതിരിവു നടക്കുന്നു. ഈ ഭൂമിയിൽ ജീവിച്ചുമരിച്ച സകല മനുഷ്യരും, ജാതിമത, വർണ്ണ വർഗ്ഗ ലിംഗഭേദമില്ലാതെ, വിധിയാളനായ ക്രിസ്തുവിന്റെ മുമ്പിൽ അന്തിമവിധിക്കായി ഒരുമിച്ചു കൂട്ടപ്പെടും. ശരീരങ്ങളുടെ ഉയിർപ്പിനു പിന്നാലെ സംഭവിക്കുന്നതാണ് ഈ അന്ത്യവിധി എന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു.

മത്തായി എഴുതിയ സുവിശേഷത്തിലാണ് അന്ത്യവിധിയെക്കുറിച്ച് ഏറ്റം വ്യക്തവും വിശദവുമായ പ്രബോധനം കാണുന്നത്. ഇത് ഒരു ഉപമപോലെയാണ് അവതരിപ്പിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കണം. മഹത്വീകൃതനായ യേശുവാണ് മനുഷ്യപുത്രൻ. കോലാടും ചെമ്മരിയാടും ഉദാഹരണങ്ങൾ മാത്രമാണ്. അതുപോലെ തന്നെ ഇടത്തും വലത്തും നിർത്തുന്നതും ഉപമയുടെ ഭാഷയിൽ കാണണം. സിംഹാസനത്തിൽ ഇരിക്കുന്നതും വിധി പറയുന്നതും എല്ലാം പ്രതീകാർത്ഥത്തിൽത്തന്നെ മനസിലാക്കണം. അദൃശ്യവും അഗ്രാഹ്യവുമായ ദൈവിക യാഥാർത്ഥ്യങ്ങളെ മനുഷ്യനു മനസിലാക്കാൻ കഴിയുന്ന ഭൗതികയാഥാർത്ഥ്യങ്ങളുമായി താരതമ്യം ചെയ്തു പഠിപ്പിക്കാനാണ് ഉപമ ഉപയോഗിക്കുന്നത്.

ഓരോ വ്യക്തിയുടെയും മരണനിമിഷത്തിൽത്തന്നെ സംഭവിക്കുന്ന തനതുവിധിയിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഈ പൊതുവിധി. എന്നാൽ തനതു വിധിയിൽ സംഭവിച്ച വിധി പ്രസ്താവം ഇവിടെ തിരുത്തുന്നില്ല, സ്ഥിരീകരിക്കുക മാത്രമാണു ചെയ്യുക. അതിനാൽ മരണസമയത്തുതന്നെ നിശ്ചയിക്കപ്പെട്ട

അവസ്ഥയിൽനിന്ന് പൊതുവിധിയിൽ മാറ്റമുണ്ടാകുന്നില്ല. മറിച്ച് എല്ലാ മനുഷ്യരെയും സംബന്ധിച്ച ദൈവത്തിന്റെ വിധി പരസ്യ മായി പ്രഖ്യാപിക്കപ്പെടുന്നു. *"അപ്പോൾ അവിടുന്ന് തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ചരിത്രം മുഴുവന്റെയും മേൽ അന്തിമവിധി പ്രസ്താവിക്കും. മുഴുവൻ സൃഷ്ടിയുടെയും മുഴു വൻ രക്ഷാപദ്ധതിയുടെയും പരമമായ അർത്ഥം നാം അറിയു കയും അവിടുത്തെ പരിപാലനം ഓരോ വസ്തുവിനെയും അതിന്റെ പരമാന്തത്തിലേക്കു നയിച്ച വിസ്മയനീയങ്ങളായ മാർഗ്ഗ ങ്ങൾ നാം മനസിലാക്കുകയും ചെയ്യും"* (CCC 1040).

അന്തിമവിധിയുടെ മാനദണ്ഡമായി ഒരേ ഒരു കാര്യം മാത്ര മാണ് യേശുവിന്റെ തന്നെ വാക്കുകളായി സുവിശേഷകൻ എടു ത്തുകാട്ടുന്നത്, ക്രിയാത്മകമായ സഹോദരസ്നേഹം. *"എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു... തന്നില്ല"* (മത്താ 25, 31-46). ഇവിടെ മതാത്മകമായ കർമ്മങ്ങളൊന്നും പരിഗണനാവിഷയ മാകുന്നില്ല. ആവശ്യം അനുഭവിക്കുന്ന വ്യക്തികളിൽ യേശുവിനെ, ദൈവത്തെ, കണ്ട് സഹായിച്ചോ ഇല്ലയോ എന്നതു മാത്രമാണ് ചോദ്യവിഷയം. വാസ്തവത്തിൽ, യേശു നല്കിയ പുതിയ കല് പന തന്നെയാണ് ഈ ചോദ്യത്തിനു പിന്നിൽ നില്ക്കുന്നത്: *"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ"* (യോഹ 13, 34). സ്വയം മറക്കുന്ന, മരണംവരെ ഉൾക്കൊള്ളുന്ന സ്നേഹം.

സ്വർഗ്ഗത്തിലേക്കുള്ള വഴി സഹോദരനിലൂടെയാണ് കടന്നു പോകുന്നത് എന്നു യേശു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. നിത്യ ജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം എന്ന ചോദ്യവു മായി സമീപിച്ച നിയമജ്ഞന് നല്ല സമറിയാക്കാരന്റെ ഉപമയി ലൂടെ (ലൂക്കാ 10, 25-37) നല്കുന്ന ഉത്തരത്തിൽ ഇതു വ്യക്തമാ കുന്നു. നീയും പോയി അതുപോലെ ചെയ്യുക. മുറിവേറ്റ്, ചോര യൊലിച്ച് വഴിയിൽ കിടക്കുന്നത്, ഏതു ജാതിയിലോ, മതത്തിലോ, പാർട്ടിയിലോ പെട്ടവനായാലും, തന്റെ സഹോദര നാണെന്നു മനസിലാക്കി, കരുണ തോന്നി, സഹായിക്കാൻ തയ്യാ റാകുന്നവർക്കു മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയൂ എന്ന പ്രബോധനം സംശയത്തിനു പഴുതിടുന്നില്ല. *"മാനവസേവ മാധവസേവ"* എന്ന ഭാരതത്തിലെ പൂർവ്വികരുടെ ചൊല്ല് അന്വർ ത്ഥമാക്കുന്നതാണ് യേശു നല്കുന്ന പ്രബോധനം.

ഈ മാനദണ്ഡം അനുസരിച്ച് ജീവിക്കാൻ അന്തിമവിധിയെക്കുറിച്ചുള്ള യേശുവിന്റെ തന്നെ വാക്കുകൾ ഏവർക്കും പ്രചോദനം നല്കണം, ഒപ്പം താക്കീതും. മതാത്മകമായ ഭക്തകൃത്യങ്ങൾ വേണ്ടാ എന്നല്ല, അവയെല്ലാം അടുത്തു നില്ക്കുന്നതു സഹോദരനാണെന്നു തിരിച്ചറിയാൻ സഹായിക്കണം. നേരേ മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ *"നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ നിങ്ങൾ എന്നിൽ നിന്നകന്നു പോകുവിൻ"* (മത്താ 7, 23) എന്ന കഠിനമായ ശിക്ഷാവിധി കേൾക്കേണ്ടിവരും.

മതത്തിന്റെ പേരിൽ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും അരങ്ങേറുന്ന അക്രമങ്ങളും ക്രൂരമായ കൊലപാതകങ്ങളും ഈ ഗുരുമൊഴിയുടെ വെളിച്ചത്തിൽ വിലയിരുത്തണം. ഏതു ദൈവത്തെ പ്രീതിപ്പെടുത്താനാണ് നിരപരാധരും നസ്സഹായരുമായ മനുഷ്യരെ പീഡിപ്പിക്കുന്നതും വധിക്കുന്നതും എന്ന് ആത്മാർത്ഥമായി അന്വേഷിച്ചേ മതിയാകൂ! നിരപരാധരെ വധിക്കാൻ ആവശ്യപ്പെടുന്നത് ദൈവമല്ല; അപ്രകാരം ചെയ്യുന്നവർ ദൈവത്തെ അല്ല ആരാധിക്കുന്നത്, മറിച്ച് തുടക്കംമുതലേ കൊലപാതകിയും നുണയനും നുണയുടെ പിതാവുമായ പിശാചിനെ ആണ് (യോഹ 8, 44) എന്ന സത്യം തിരിച്ചറിയണം. മാലാഖയുടെ വേഷമിട്ടാടുന്ന സാത്താനെക്കുറിച്ച് വി. പൗലോസ് നല്കുന്ന മുന്നറിയിപ്പ് (2 കോറി 11, 14) ശ്രദ്ധിച്ചിരുന്നെങ്കിൽ മതത്തിന്റെ പേരിലുള്ള ഈ അക്രമങ്ങൾ ഒഴിവാകുമായിരുന്നു.

അന്തിമവിധി ഒരു വാഗ്ദാനമാണ്; ഒപ്പം ഒരു താക്കീതും. ഇന്നു രഹസ്യമായി ചെയ്യുന്നതെല്ലാം, ഓരോ വ്യക്തിയുടെയും നിഗൂഢമായ ആഗ്രഹങ്ങളും പദ്ധതികളും ചിന്തകളും പോലും ലോകസമക്ഷം പരസ്യമാക്കപ്പെടുന്ന നിമിഷം. ഓരോ വ്യക്തിക്കും ദൈവം നല്കുന്ന പ്രതിഫലം, അതു ശിക്ഷയോ രക്ഷയോ ആകട്ടെ, കാര്യകാരണസഹിതം എല്ലാവരും അറിയും. അതിനാൽ ഒരുങ്ങിയിരിക്കണം. ഇതു വലിയ പ്രത്യാശയുടെ സന്ദേശമാണ്; അതേസമയം ഗൗരവതരമായ മുന്നറിയിപ്പിന്റെയും. അന്തിമവിധിയോടെ ചരിത്രം അവസാനിക്കുന്നു. *"ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും"* (മത്താ 25, 46). ഇനി അങ്ങോട്ട് ചരിത്രമില്ല; നിത്യത മാത്രം. അതിനെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത്.

## 8. യുഗാന്തം

*"ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി... ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും... ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി"* (വെളി 21, 1-4).

മനുഷ്യനെയും സൃഷ്ടപ്രപഞ്ചം മുഴുവനെയും കുറിച്ച് സ്രഷ്ടാവായ ദൈവത്തിനൊരു പദ്ധതിയുണ്ട്. അതു സമൂലനാശത്തിനല്ല, നിത്യമായ ജീവനുവേണ്ടിയുള്ള പദ്ധതിയാണ് എന്നു ബൈബിളും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനവും പഠിപ്പിക്കുന്നു. ലോകാവസാനമെന്നും യുഗാന്തമെന്നും പൊതുവേ പറയുന്ന യാഥാർത്ഥ്യത്തെ സൃഷ്ടിയുടെ മുഴുവൻ നവീകരണം, അഥവാ ഒരു നവസൃഷ്ടി ആയിട്ടാണ് ബൈബിൾ കാണുന്നത്. ഇതിനെ പുതിയ ആകാശവും പുതിയ ഭൂമിയും, അഥവാ പുതിയ സൃഷ്ടി, സകലതിന്റെയും നവീകരണം എന്നുവിളിക്കുന്നു. സഭ ആധുനിക ലോകത്തിൽ (Gaudium et Spes GS) എന്ന രണ്ടാം വത്തിക്കാൻ രേഖ 39-ാം ഖണ്ഡികയും CCC 1046-60 ഉം ഇതിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്.

റോമാക്കാർക്കെഴുതിയ ലേഖനത്തിൽ സൃഷ്ടപ്രപഞ്ചത്തിന്റെ നവീകരണത്തെക്കുറിച്ചു വി. പൗലോസ് വ്യക്തമായി പഠിപ്പിക്കുന്നു: *"സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിതമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്നു നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു"* (റോമാ 8, 21-23).

നിത്യനാശത്തിലേക്കോ ശൂന്യതയിലേക്കോ ഇല്ലായ്മയിലേക്കോ അല്ല സകലസൃഷ്ടികളും നീങ്ങുന്നത്, മറിച്ച് ഒരു സമ്പൂർണ്ണമായ രൂപാന്തരീകരണത്തിലേക്കാണ്. ലോകാവസാനം എന്നു പറയുമ്പോൾ എല്ലാം അവസാനിക്കുന്നു എന്ന പ്രതീതിയാണുണ്ടാവുക. എന്നാൽ യുഗാന്തം എന്ന ആശയം ഒന്നിന്റെ അവ

സാനത്തെ സൂചിപ്പിക്കുന്നതോടൊപ്പം മറ്റൊന്നിന്റെ തുടക്കത്തെയും സൂചിപ്പിക്കുന്നു; അഥവാ ഒരു പുതുയുഗപ്പിറവി. യഹൂദരുടെ, പ്രത്യേകിച്ചും വെളിപാട് സാഹിത്യത്തിന്റെ (apocalyptic literature) കാഴ്ചപ്പാടിൽ നാം ജീവിക്കുന്ന ഈ യുഗം (*ഓലാം ഹസ്സെ*) പൂർണ്ണമായും ദുഷിച്ചുപോയി. ദൈവം ഈ യുഗത്തിന് അറുതിവരുത്തി, തിന്മയുടെ ലാഞ്ചനപോലുമില്ലാത്ത ഒരു പുതിയ യുഗം (*ഓലാം ഹബ്ബാ*) സൃഷ്ടിക്കും. ഈ യുഗത്തിൽ ദൈവത്തോടു വിശ്വസ്തത പുലർത്തിയവരെല്ലാം പുതുയുഗത്തിൽ നിത്യസന്തോഷവാന്മാരായി, ദൈവത്തോടൊന്നിച്ചു കഴിയും.

യേശുവിന്റെ കാലത്ത് ഈ പ്രതീക്ഷ വളരെ ശക്തമായിരുന്നു. എന്നാൽ അത് എപ്പോഴാണ് സംഭവിക്കുക എന്നതിനെക്കുറിച്ച് തർക്കമുണ്ടായിരുന്നു. ലോകാവസാനത്തെക്കുറിച്ച് യേശുവിന്റെ തന്നെ പ്രബോധനം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 24, 29–31; മർക്കോ 13, 24–28; ലൂക്കാ 21, 25–28). പ്രപഞ്ചത്തിന്റെ സമൂല നവീകരണം പ്രതീകങ്ങളിലൂടെയാണ് ബൈബിൾ വിവരിക്കുന്നത്. *"ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞുചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും... നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും അവിടുത്തെ വാഗ്ദാനപ്രകാരം നാം കാത്തിരിക്കുന്നു"* (2 പത്രോ 3, 10–13).

പുതിയ ആകാശം, പുതിയ ഭൂമി, സമൂല നവീകരണം, ഇതാണ് ദൈവം നല്കുന്ന വാഗ്ദാനം. ഏശയ്യാ പ്രവാചകനിലൂടെയാണ് ഇപ്രകാരം ഒരു വാഗ്ദാനം ആദ്യമായി നല്കപ്പെട്ടത്: *"ഇതാ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു"* (ഏശ 65, 17). രക്ഷാചരിത്രത്തെ അനേകം പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്ന, ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടു പുസ്തകത്തിന്റെ അവസാനത്തെ രണ്ടധ്യായങ്ങൾ ഈ പുതുയുഗത്തിന്റെ വിശദമായൊരു ചിത്രം അവതരിപ്പിക്കുന്നുണ്ട്. *"സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു: ഇതാ ഞാൻ സകലവും നവീകരിക്കുന്നു"* (വെളി 21, 5). ഈ സമൂല, സമഗ്ര നവീകരണം ദൈവത്തിന്റെ പ്രവൃത്തിയാണ്.

ഈ പുതിയ സൃഷ്ടിയെ വിശുദ്ധ നഗരിയായ പുതിയ ജറുസലെം എന്നും ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെന്നും വെളിപാടുഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നു. അത്

സ്വർഗ്ഗത്തിൽ നിന്ന് താഴേക്ക് ഇറങ്ങിവരുന്നതായാണ് ചിത്രീക രിച്ചിരിക്കുന്നത് (വെളി 21, 2). ഇതുവരെ സ്വർഗ്ഗം മുകളിലാണെന്നും ദൈവസന്നിധിയിലേക്ക് ആരോഹണം ചെയ്യുക എന്നും പറഞ്ഞി രുന്നതിനുപകരം ഇപ്പോൾ സ്വർഗ്ഗം ഭൂമിയിലേക്കു വരുന്നതായി പറയുന്നു. ദൈവിക സാന്നിധ്യത്തിൽ സൃഷ്ടപ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെടുന്നു. ദൈവം എല്ലാറ്റിലും, എല്ലായിടത്തും തന്റെ സാന്നിധ്യം അനുഭവവേദ്യമാക്കുന്നു.

സ്വർഗ്ഗീയ ജറുസലെമിനെക്കുറിച്ചുള്ള പ്രതീകാത്മകമായ വിവരണത്തിൽ (വെളി 21, 9 – 27) തികച്ചും പുതുതായൊരു വെളിപ്പെടുത്തലുണ്ട്. *"നഗരത്തിൽ ഞാൻ ദൈവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദൈവാലയം."* ദൈവം തന്നെ ആല യമായി മാറുന്നു; ദൈവം തന്നെയാണ് സ്വർഗ്ഗം. സ്വർഗ്ഗത്തിലാ യിരിക്കുക എന്നാൽ ദൈവത്തിലായിരിക്കുക എന്നാണർത്ഥം. *"കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ റ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുക"* (എഫേ 1, 10) എന്നും *"... എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുക"* (കൊളോ 1, 20) എന്നും പൗലോസ് ഈ യുഗാന്തത്തെ വിശേഷിപ്പിക്കുന്നു. *"അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും"* (1 തെസ 4, 17).

*"സമയത്തിന്റെ പരിസമാപ്തിയിൽ ദൈവരാജ്യം അതിന്റെ പൂർണ്ണത പ്രാപിക്കും. അപ്പോൾ നീതിമാന്മാർ ശരീരത്തിലും ആത്മാവിലും മഹത്വീകൃതരായി ക്രിസ്തുവിനോടുകൂടെ എന്നേക്കും ഭരിക്കും. ഭൗതിക പ്രപഞ്ചം തന്നെ രൂപാന്തരീകൃത മാകും. അപ്പോൾ നിത്യജീവിതത്തിൽ ദൈവം എല്ലാവർക്കും എല്ലാമാകും"* (CCC 1060). ഇപ്രകാരമൊരു ഭാവിയാണ് ബൈ ബിളും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനവും നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്. നിരാശയിൽ ആണ്ടുപോ കാതെ, ആസക്തികൾക്ക് അടിമപ്പെടാതെ, ദൈവപ്രമാണങ്ങൾ അനുസരിച്ച്, യേശു സ്നേഹിച്ചതുപോലെ ദൈവത്തെയും പര സ്പരവും സ്നേഹിച്ച്, പ്രത്യാശയോടെ, വിശ്വസ്തതയോടെ ജീവിക്കാൻ യുഗാന്തചിന്ത പ്രേരകമാകണം.

ലോകം അവസാനിക്കുകയല്ല, നവീകരിക്കപ്പെടുകയാണ്. നാം ഇപ്പോൾ ചെയ്യുന്ന ഒരു നല്ല പ്രവൃത്തിയും നഷ്ടമാകില്ല.

യുഗാന്തം എപ്പോൾ സംഭവിക്കും എന്ന് ദൈവത്തിനല്ലാതെ ആർക്കും അറിയില്ല. ആകയാൽ *"ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കുവിൻ, ജാഗരൂകരായിരിക്കുവിൻ"* (മർക്കോ 13, 32-37). മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രബോധനത്തിന്റെ അവസാനം പൗലോസ് നല്കുന്ന ഉപദേശം ഈ വിചിന്തനങ്ങൾക്ക് ഉപസംഹാരമായി എടുക്കാം. *"ആകയാൽ എന്റെ വത്സല സഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരും ആയിരിക്കുവിൻ"* (1 കോറി 15, 58).

## 9. സ്വർഗ്ഗം ഇസ്ലാമിക കാഴ്ചപ്പാടിൽ

മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ചുള്ള ഇസ്ലാമിക കാഴ്ചപ്പാടിന് നാം ഇതുവരെ കണ്ട കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുമായി ചില സാമ്യങ്ങളുണ്ട്. എന്നാൽ വ്യത്യാസങ്ങളാണ് ഭൂരിഭാഗവും. മരണം ഒരിക്കൽ മാത്രം സംഭവിക്കുന്നു. പുനർജന്മമില്ല. മരണാനന്തരം മാനസാന്തരമോ ജീവിതത്തിൽ എന്തെങ്കിലും മാറ്റമോ സാധ്യമല്ല. മരണത്തോടെ ഓരോ വ്യക്തിയുടെയും മേലുള്ള ദൈവത്തിന്റെ വിധി പ്രസ്താവിക്കപ്പെടുന്നു. ദുഷ്ടന്മാർക്കു തീനരകവും നീതിമാന്മാർക്കു സ്വർഗ്ഗഭാഗ്യവും ലഭിക്കുന്നു.

ഈ ലോകത്തിന് അവസാനമുണ്ടാകും. അപ്പോൾ മരിച്ചവരെല്ലാം ഉയിർപ്പിക്കപ്പെടും. ദൈവം അവരുടെ മേൽ വിധി പ്രസ്താവിക്കും. പിന്നീടുള്ളത് ഒരിക്കലും അവസാനിക്കാത്ത നിത്യഭാഗ്യമോ നിത്യശിക്ഷയോ ആയിരിക്കും. നിത്യഭാഗ്യം അനുഭവിക്കുന്ന സ്ഥലത്തെ "*ജാന്നാ*" (Jannah) എന്നും നിത്യശിക്ഷയുടെ സ്ഥലത്തെ *ജഹന്നാം* (Jahannam) എന്നും വിളിക്കുന്നു. ജാന്നായെ പറുദീസായെന്നും ജഹന്നാമിനെ നരകം എന്നും വിളിക്കുന്നുണ്ട്. ഖുർആനിലെ "ജഹന്നാം" എന്ന പദത്തിന് ബൈബിളിലെ "ഗേഹെന്ന" എന്ന പദവുമായുള്ള ബന്ധം വ്യക്തമാണ്. പദം മാത്രമല്ല, വിവരണത്തിലും ഏറെ സാമ്യമുണ്ട്, അഗ്നികുണ്ഠമാണത്. അതുപോലെതന്നെ പറുദീസായെക്കുറിച്ചുള്ള വിവരണങ്ങളിലും ചില സാമ്യങ്ങൾ കാണാനാവും. ഏറ്റം അധികം വ്യത്യാസങ്ങൾ കാണുന്നത് സ്വർഗ്ഗത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലായതിനാൽ അതു മാത്രമേ ഇവിടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നുള്ളൂ.

## ജാന്നാ - പറുദീസാ

സ്വർഗ്ഗത്തെ സൂചിപ്പിക്കാൻ ഖുർആൻ ഉപയോഗിക്കുന്ന ജാന്നാ എന്ന പേരുതന്നെയാണ് ആദ്യമേ ശ്രദ്ധയിൽ പെടുന്നത്. "ആരാമം", "ഉദ്യാനം" എന്നൊക്കെ *"ജാന്നാ"* എന്ന അറബിനാമം വിവർത്തനം ചെയ്യാറുണ്ട്. *ഗാർഡൻ* എന്ന് ഇംഗ്ലീഷിലും. ഈ പേരിനും വിവരിക്കുന്ന യാഥാർത്ഥ്യത്തിനും ബൈബിളിലെ പറുദീസായുമായുള്ള ബന്ധം യാദൃശ്ചികമാകാൻ സാധ്യതയില്ല. ഹെബ്രായഭാഷയിൽ "ഗൻ" (gan) എന്നാണു ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ച പറുദീസായെ വിശേഷിപ്പിക്കുന്നത്. ഉദ്യാനം, തോട്ടം, ആരാമം എന്നൊക്കെയാണ് പേരിനർത്ഥം. gan - Jannah ഈ പേരുകൾ തമ്മിലുള്ള സാമ്യം നിഷേധിക്കാനാവില്ല. പേരിനു പിന്നിലെ യാഥാർത്ഥ്യത്തിലേക്കു കടക്കുമ്പോൾ സാമ്യങ്ങൾ കൂടുതൽ വ്യക്തമാകുന്നു.

ബൈബിളിൽ വിവരിക്കുന്ന പറുദീസായിൽ *"കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടുന്ന് മണ്ണിൽനിന്നു പുറപ്പെടുവിച്ചു"* (ഉൽ 2, 9). പറുദീസായിൽ ഉത്ഭവിക്കുന്ന ഒരു നദി നാലു കൈവഴികളായിപ്പിരിഞ്ഞ് നിറഞ്ഞൊഴുകി പറുദീസായെ ഫലപുഷ്ടമാക്കുന്നു (ഉൽ 2, 10-14). നിറഞ്ഞൊഴുകുന്ന നാലു പുഴകൾ, സമൃദ്ധമായി വളരുന്ന ഫലവൃക്ഷങ്ങൾ. ഇതുതന്നെയാണ് അനേകം തവണ ഖുർആൻ വിവരിക്കുന്ന ജാന്നായുടെ, അഥവാ സ്വർഗ്ഗമാകുന്ന പറുദീസായുടെ ചിത്രം. ഒരു ഉദാഹരണം മാത്രം ഉദ്ധരിക്കട്ടെ: *"താഴ്ഭാഗത്തിലൂടെ ആറുകൾ ഒഴുകുന്ന ഉദ്യാനങ്ങൾ അവർക്കുള്ളതാകുന്നു. ആ ഉദ്യാനത്തിലെ ഫലങ്ങൾക്ക് ഈ ലോകത്തിലെ ഫലങ്ങളോട് സാരൂപ്യമുണ്ടായിരിക്കും"* (ഖുർ 2, 25). ഈ ഉദ്യാനത്തെ *"ഏദേൻ തോട്ടം"* (Gardens of Eden) എന്നു ഖുർആൻ വിശേഷിപ്പിക്കുമ്പോൾ (ഖുർ 9, 72) രണ്ടും തമ്മിലുള്ള ബന്ധം മാത്രമല്ല, ബൈബിളിലെ ഏദേൻ തോട്ടമല്ലേ ഖുർആനിലെ "ജാന്നാ", "ഏദേൻ" എന്ന ഉദ്യാനത്തിന്റെ ഉറവിടം എന്ന ചോദ്യവും പ്രസക്തമാകുന്നു. മലയാളം വിവർത്തനത്തിൽ "ഏദേൻ" എന്ന പേര് വിട്ടുകളഞ്ഞിരിക്കുന്നു എന്നതും ശ്രദ്ധേയം.

## നിറഞ്ഞൊഴുകുന്ന നദികൾ

പുഴകളെക്കുറിച്ച് ഖുർആൻ നല്കുന്ന വിവരണത്തിലും ഏദേൻ തോട്ടത്തിന്റെ സ്വാധീനമുണ്ട്. എന്നാൽ ഏദെനിലെ നാലു കൈവഴികളിലും നിറഞ്ഞൊഴുകി ഭൂമിയെ ഫലപുഷ്ടമാക്കിയത് ശുദ്ധജലമാണെങ്കിൽ, ഇസ്ലാം വിശ്വാസത്തിലെ ആരാമത്തിൽ പുഴയിലൂടെ ഒഴുകുന്നതു വെള്ളം മാത്രമല്ല. ഒരു പുഴയിൽ വെള്ളം, മറ്റൊന്നിൽ പാല്, മൂന്നാമത്തെ പുഴയിൽ തേൻ, നാലാമത്തെ പുഴയിൽ വീഞ്ഞ് (ഖുർ 47, 15). വാഗ്ദത്തഭൂമിയെക്കുറിച്ച് ബൈബിൾ നല്കുന്ന വിവരണത്തിൽ തേനും പാലും ഒഴുകുന്ന ദേശം (പുറ 3, 8-17) എന്നു വിശേഷിപ്പിക്കുന്നത് ഇവിടെ ശ്രദ്ധേയമാകുന്നു. ദേശത്തിന്റെ ഫലപുഷ്ടിയെ സൂചിപ്പിക്കാൻ ഉപയോഗിച്ച ഒരു പ്രതീകം ഇവിടെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതുപോലെ തോന്നും. നാലാമത്തെ പുഴയിൽ ഒഴുകുന്ന മദ്യം എത്ര കുടിച്ചാലും ലഹരി പിടിക്കില്ല (ഖുർ 37, 43-47).

## ഹൂറികൾ

പറുദീസായെക്കുറിച്ച് ഖുർആൻ നല്കുന്ന വിവരണത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്ന ഒന്നാണ് *"ഹൂറി"*കൾ. നീതിനിഷ്ഠരായി ജീവിച്ചു മരിച്ചവർക്ക് ഭൂമിയിൽ തങ്ങൾക്കുണ്ടായിരുന്ന ഭാര്യമാർക്കു പുറമേ അതീവ സുന്ദരികളായ ഹൂറിമാരെയും ഇണയായി ലഭിക്കും; (ഖുർ 52, 20; 78, 33) യുവതികൾ, അവർ എപ്പോഴും കന്യകകളായിരിക്കും. ഒരാൾക്ക് എത്ര ഹൂറിമാർ എന്നതിൽ തർക്കമുണ്ട്. രണ്ട് എന്ന് ചിലർ. 72 എന്നു മറ്റു ചിലർ. വിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്ത രക്തസാക്ഷികൾക്കു മാത്രമാണ് 72 ഹൂറിമാർ എന്നു മറ്റു ചിലർ. ഈ സ്ത്രീകളെക്കുറിച്ചുള്ള വിവരണത്തിനു പിന്നിലും ബൈബിളിലെ പറുദീസായുടെ വിവരണത്തിന്റെ സ്വാധീനം ദൃശ്യമാണ്. *"മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, അവനു ചേർന്ന ഒരിണയെ ഞാൻ നല്കും"* (ഉൽപ 2, 18) എന്നുപറഞ്ഞ് പുരുഷന്റെ വാരിയെല്ലിൽ നിന്നു സുന്ദരിയായ സ്ത്രീയെ സൃഷ്ടിച്ച് ആദാമിന്റെ സഖിയായി നല്കിയതിന്റെ ഒരു വഴി പിഴച്ച പരാവർത്തനമല്ലേ ഹൂറികളെക്കുറിച്ചുള്ള വിവരണം എന്നും അന്വേഷിക്കേണ്ടതുണ്ട്.

## ആഗ്രഹങ്ങളുടെ പൂർത്തീകരണം

സ്വർഗ്ഗത്തെക്കുറിച്ച് ഖുർആൻ നല്കുന്ന വിവരണം ഈ ഭൂമിയിൽ മനുഷ്യൻ ആഗ്രഹിച്ചതും, ലഭിക്കാതെ പോയതും, അല്ലെങ്കിൽ ചെറിയ അളവിൽ മാത്രം ലഭിച്ചതുമായ സകല സുഖഭോഗങ്ങളുടെയും, അളവും അതിരുമില്ലാത്ത ആസ്വാദനമാണെന്നു തോന്നും. മൃദുല തല്പങ്ങളിൽ ചാരിക്കിടന്ന് ഇഷ്ടഭോജ്യങ്ങൾ ഭക്ഷിക്കുക; ഒരിക്കലും മതിവരാതെ കുടിക്കുക. ഭൂമിയിൽ നിഷിദ്ധമായിരുന്ന മദ്യം ആവോളം പാനംചെയ്യുക, വിശ്വസുന്ദരികളും നിത്യകന്യകകളുമായ ഹൂറിമാരോടൊത്ത് ലൈംഗിക വൃത്തിയിൽ ഏർപ്പെടുക; പരിചാരകരായ യുവത്തിടമ്പുകൾ എപ്പോഴും അടുത്തുണ്ടായിരിക്കുക. ഇതെല്ലാമാണ് പറുദീസായിലെ സന്തോഷങ്ങളായി ചിത്രീകരിക്കപ്പെടുന്നത്. പേർഷ്യയിലെ രാജകീയോദ്യാനങ്ങളുമായി പറുദീസായ്ക്കുള്ള ബന്ധം പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ അതീവ സമ്പന്നരായ പ്രഭുക്കന്മാരുടെ കൊട്ടാരങ്ങളും അവയിൽ ലഭ്യമായിരുന്ന സുഖഭോഗങ്ങളുമല്ലേ “ജാന്നാ”യെക്കുറിച്ചുള്ള വിവരണങ്ങളിൽ പ്രതിഫലിക്കുന്നത് എന്നും അന്വേഷിക്കേണ്ടതുണ്ട്.

## ചില ചോദ്യങ്ങൾ

ഇവയെല്ലാം ഭൗതികവും ശാരീരികവുമായി, അക്ഷരാർത്ഥത്തിൽ അല്ല, എല്ലാം പ്രതീകാർത്ഥത്തിൽ വ്യാഖ്യാനിക്കണം എന്നു കരുതുന്ന മുസ്ലീം പണ്ഡിതന്മാരുമുണ്ട്. ഏതായാലും ഈ ഭൂമിയിലെ ജീവിതത്തിന്റെ ശാശ്വതമായൊരു തുടർച്ചപോലെ തോന്നും ഈ വിവരണങ്ങളെല്ലാം. അതോടൊപ്പം ശ്രദ്ധേയമായ മറ്റു ചിലതു കൂടിയുണ്ട്. ആരാണ് ഈ പരിചാരകരായ ബാലന്മാർ? സ്വർഗ്ഗത്തിലും വേലക്കാരോ? ആരാണ് ഈ ഹൂറികൾ? മനുഷ്യന്റെ ലൈംഗികതൃഷ്ണയെ ശമിപ്പിക്കാനായി ദൈവം തന്നെ സൃഷ്ടിച്ചു നല്കിയവർ - എന്താണവരുടെ അവസ്ഥ? പുരുഷന്റെ അദമ്യമായ ലൈംഗികാസക്തിക്ക് ഇരയായിത്തീരുന്ന ഹതഭാഗ്യരോ? എന്താണ് സ്വർഗ്ഗത്തിൽ ലൈംഗികതയുടെ പ്രസക്തി? അവിടെ സന്താനോല്പാദനമില്ല. അപ്പോൾ ഇണ ചേരുന്നതിൽനിന്നു പ്രതീക്ഷിക്കുന്ന സുഖാനുഭൂതി മാത്രമോ? ഭൂമിയിലെ നൂറു പുരഷന്മാരുടെ ലൈംഗികശേഷി സ്വർഗ്ഗത്തിലെത്തുന്ന ഓരോ പുരുഷനുമുണ്ടായിരിക്കും എന്ന പണ്ഡിതമതം

ഊന്നൽ നല്കുന്ന വികാരമെന്തെന്ന് വ്യക്തം. എത്ര ഭക്ഷിച്ചാലും മടുപ്പുതോന്നില്ല; എത്ര കുടിച്ചാലും ബോധം നഷ്ടപ്പെടില്ല.

## ഒന്നല്ല

ഇപ്രകാരമുള്ള വിവരണങ്ങളുടെ പശ്ചാത്തലത്തിൽ ബൈബിളും ഖുർആനും, ക്രിസ്ത്യാനിയും മുസൽമാനും വിശ്വസിക്കുന്നതും പ്രതീക്ഷിക്കുന്നതും ഒരേ സ്വർഗ്ഗമാണെന്നു പറയാനാവില്ല. കണ്ണു കണ്ടിട്ടില്ല, കാതു കേട്ടിട്ടില്ല, മനുഷ്യമനസു ഗ്രഹിച്ചിട്ടുമില്ല എന്നു ബൈബിൾ പഠിപ്പിക്കുന്ന നിത്യസമ്മാനമാണ് സ്വർഗ്ഗം. എന്നാൽ ഉയർന്ന പീഠങ്ങളിൽ പട്ടുവിരിച്ച മൃദുല തല്പങ്ങളിൽ, സുന്ദരികളായ ഹൂറിമാരുടെ കൂടെ ചാരിക്കിടന്ന് രുചികരമായ എല്ലാ വിഭവങ്ങളും ഭക്ഷിക്കുകയും നിറഞ്ഞു കവിയുന്ന ചഷകങ്ങളിൽനിന്നു പാനം ചെയ്യുകയും അവസാനിക്കാത്ത ലൈംഗികകേളികളിൽ ഏർപ്പെടുകയും ചെയ്യാൻ ദൈവം തന്നെ അവസരമൊരുക്കുന്ന ജാന്നാ (ഉദാ: ഖുർ 2, 25; 52, 19–24; 69, 24) ഭൗതിക ജീവിതത്തിന്റെ തുടർച്ചയാണെന്ന പ്രതീതി ജനിപ്പിക്കുന്നു.

## ഏഴുനിലകൾ

പറുദീസായുടെ വിവരണത്തിൽ ഭൂമിക്കും ആകാശത്തിനും മുകളിൽ ഏഴുനിലകളെക്കുറിച്ച് മുസ്ലീം പ്രബോധനങ്ങൾ കാണാം (ഖുർ 2, 29; 78, 12). ഏറ്റംമുകളിലത്തെ നിലയിലാണ് അള്ളാഹുവിന്റെ വാസം. താഴെയുള്ള ഓരോ നിലകളിലും മാലാഖമാർ കാവൽനില്ക്കുന്നു, വിശുദ്ധരായി ജീവിച്ചവരെ അവരുടെ യോഗ്യതകൾക്കനുസരിച്ച് ഓരോ നിലയിലെ അഥവാ തട്ടുകളിലെ പറുദീസായിലേക്കു സ്വീകരിച്ചു നയിക്കാൻ (ഖുർ 3, 23–24). ഈ വിവരണത്തിനു പിന്നിൽ യഹൂദരും കത്തോലിക്കാസഭയും അപ്രാമാണികം എന്നു വിശേഷിപ്പിക്കുന്ന "ഏനോക്കിന്റെ പുസ്തകം" പോലുള്ള പുരാതനഗ്രന്ഥങ്ങളുടെ സ്വാധീനം കാണാം.

ഏനോക്കിന്റെ പുസ്തകത്തിലെ ഏഴ്, അഥവാ പത്ത്, സ്വർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്നു കടമെടുത്തതല്ലേ ഈ വിവരണങ്ങൾ എന്നന്വേഷിക്കണം. ദൈവദൂതൻ ഏനോക്കിനെ ഓരോ സ്വർഗ്ഗത്തിലൂടെയും നയിച്ചതുപോലെ മുഹമ്മദിനെ ദൈവദൂതൻ ഏഴു പറുദീസാകളും കടന്ന് ഏറ്റം മുകളിലത്തെ എട്ടാം

പറുദീസായിൽ വസിക്കുന്ന അള്ളാഹുവിന്റെ സവിധംവരെ കൊണ്ടുപോയി എന്നു പറയുമ്പോൾ ഈ ബന്ധം നിഷേധിക്കാൻ എളുപ്പമല്ല. ബൈബിളിലും അപ്രാമാണിക ഗ്രന്ഥങ്ങളിലും കാണുന്ന വിവിധ വിവരണങ്ങൾ ഇഷ്ടം പോലെ സ്വീകരിച്ചും സ്വാംശീകരിച്ചും രൂപപ്പെടുത്തിയതല്ലേ ഖുർആനിലെ വിവരണങ്ങൾ എന്ന ചോദ്യത്തിന് പറുദീസായുടെ വിവരണം കൂടുതൽ ശക്തി പകരുന്നു.

## ചുരുക്കത്തിൽ

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ക്രൈസ്തവരുടെയും മുസ്ലീമുകളുടെയും വിശ്വാസങ്ങൾ തമ്മിൽ സാമ്യങ്ങളുണ്ട്, അതിലേറെ വ്യത്യാസങ്ങളും. ഒരിക്കൽ മാത്രം മരണം, മരിച്ചവരുടെ പുനരുത്ഥാനം, വിധി, നിത്യശിക്ഷയും നിത്യഭാഗ്യവും, ദൈവത്തെ കാണാൻ കഴിയുന്ന അവസ്ഥ എന്നിവയിലെല്ലാം ഈ സാമ്യങ്ങൾ ദൃശ്യമാണ്. എന്നാൽ നിത്യഭാഗ്യത്തിന്റെ സ്ഥലമായ സ്വർഗ്ഗത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ സമന്വയിപ്പിക്കാനാവാത്ത ആഴമേറിയ വ്യത്യാസങ്ങളുണ്ട്. ബൈബിളിലെ "പറുദീസാ" അഥവാ "ഏദേൻ തോട്ടം" എന്ന ആശയം ഭൗതിക മാത്രമായൊരു കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നതായി തോന്നും, ഇസ്ലാമിക വിശ്വാസത്തിലെ ജാന്നാ എന്നറിയപ്പെടുന്ന സ്വർഗ്ഗത്തെക്കുറിച്ചുള്ള വിവരണങ്ങൾ.

ഒരുപക്ഷേ, ചില മുസ്ലീം പണ്ഡിതർ അഭിപ്രായപ്പെടുന്നതുപോലെ ഇതെല്ലാം പ്രതീകാർത്ഥത്തിൽ വ്യാഖ്യാനിക്കുകയാണെങ്കിൽ കൂടുതൽ സാമ്യങ്ങൾ കാണാനാവും. എന്നാലും സ്ത്രീപുരുഷ വ്യത്യാസം, സ്ത്രീകൾക്കു നല്കുന്ന തുച്ഛമായ പരിഗണന, ആസക്തികളുടെ പൂർത്തീകരണങ്ങൾക്കു നല്കുന്ന പ്രാധാന്യം തുടങ്ങി അനേകം വ്യത്യാസങ്ങൾ നിലനില്ക്കും. അതിനാൽ ക്രിസ്ത്യാനികളുടെയും മുസ്ലീമുകളുടെയും വിശ്വാസങ്ങൾ തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല എന്ന നിലപാട് സ്വീകാര്യമല്ല.

## ഉപസംഹാരം

മരണാനന്തരം മനുഷ്യർക്ക് എന്തു സംഭവിക്കുന്നു, ഈ സൃഷ്ട പ്രപഞ്ചത്തിന് എന്തു സംഭവിക്കും, ചരിത്രത്തിന് ഒരു ലക്ഷ്യമുണ്ടോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് കത്തോലിക്കാസഭ

വ്യക്തമായ ഉത്തരങ്ങൾ നല്കുന്നുണ്ട്. എല്ലാ മനുഷ്യരും മരിക്കും. മരണം പാപത്തിന്റെ ഫലമായി കടന്നുവന്നതാണ്. എന്നാൽ യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം, മഹത്വീകരണം എന്നിവ ഉൾക്കൊള്ളുന്ന പെസഹാ സംഭവത്തിലൂടെ മനുഷ്യന് മരണത്തെ മറികടന്ന് നിത്യജീവൻ ലഭ്യമായി. യേശുവിൽ വിശ്വസിച്ച്, യേശു നല്കിയ സ്നേഹത്തിന്റെ പുതിയ കല്പനയനുസരിച്ചു ജീവിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുക.

മരണനിമിഷത്തിൽത്തന്നെ ഓരോ വ്യക്തിയുടെയും ഭാവി നിർണ്ണയിക്കുന്ന തനതു വിധി സംഭവിക്കുന്നു. ആ വിധിക്കു പിന്നീടു മാറ്റമില്ല. ഒന്നുകിൽ നിത്യശിക്ഷയായ നരകം; അല്ലെങ്കിൽ നിത്യ ഭാഗ്യമായ സ്വർഗ്ഗം. ദൈവത്തിൽനിന്ന് എന്നേക്കുമായി അകറ്റപ്പെടുന്നതിനെയാണ് നരകം എന്നു വിളിക്കുന്നത്. എന്നേക്കും ദൈവത്തോടൊത്ത് സന്തോഷമായി കഴിയുന്നതിനെ സ്വർഗ്ഗം എന്നു വിളിക്കുന്നു. സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താതെ മരിക്കുന്നവരെ പൂർണ്ണതയിലേക്കു നയിക്കുന്ന പ്രക്രിയയെ ശുദ്ധീകരണ സ്ഥലം എന്നു വിശേഷിപ്പിക്കുന്നു.

ഈ സൃഷ്ടപ്രപഞ്ചത്തിന് ഒരു അവസാനമുണ്ടാകും. അതിനെ ലോകാവസാനമെന്നും യുഗാന്തം എന്നും വിളിക്കാറുണ്ട്. പ്രപഞ്ചംതന്നെ പൂർണ്ണമായി നവീകരിക്കപ്പെടും. അതിനെ *പുതിയ ആകാശവും പുതിയ ഭൂമിയും* എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. അതു സംഭവിക്കുമ്പോൾ മരിച്ചവരെല്ലാം ഉയിർപ്പിക്കപ്പെടും, അന്തിമവിധിക്കായി വിധിയാളനായ ക്രിസ്തുനാഥന്റെ മുമ്പിൽ നിർത്തപ്പെടും. അന്തിമവിധി തനതു വിധിയുടെ സ്ഥിരീകരണവും പരസ്യമായ പ്രഖ്യാപനവുമായിരിക്കും. ആ വിധിപ്രസ്താവത്തോടെ ചരിത്രം അവസാനിക്കുന്നു, അഥവാ അതിന്റെ പൂർണ്ണതയിൽ എത്തുന്നു. ദൈവ-മനുഷ്യബന്ധത്തിൽ കാതലായ മാറ്റം സംഭവിക്കുന്നു. മനുഷ്യൻ ദൈവത്തിൽ വസിക്കുന്നു; ദൈവിക ജീവനിൽ പങ്കുചേരുന്നു.

സ്വർഗ്ഗത്തെ *പറുദീസാ* എന്നും ബൈബിൾ വിശേഷിപ്പിക്കുന്നുണ്ട്. അവിടെ എല്ലാ മനുഷ്യരും തുല്യർ. സ്ത്രീ-പുരുഷ വ്യത്യാസമില്ല; മുതിർന്നവരും ബാലരുമില്ല. വിവാഹമില്ല; കുടുംബജീവിതവുമില്ല. തീനും കുടിയുമില്ല. അവിടെ ആർക്കും വിശപ്പും ദാഹവുമില്ല. വേദനയും നിലവിളിയും, മരണവും വേർപാടുമില്ല. ദൈവം തന്നെ എല്ലാവർക്കും ഭവനമാകുന്നു; ദൈവിക ജീവൻ

ഓരോ വ്യക്തിയിലും ത്രസിക്കുന്നു. അതേസമയം ഒരാളുടെയും വ്യക്തിത്വം നഷ്ടപ്പെടുന്നില്ല. ദൈവത്തോടൊന്നാവുമ്പോഴും "ഞാൻ-നീ" ബന്ധം നിലനില്ക്കുന്നു. അനേകം പ്രതീകങ്ങളിലൂടെ വിവരിക്കുന്നുണ്ടെങ്കിലും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായി നിലനില്ക്കുന്നു സ്വർഗ്ഗഭാഗ്യം. ആ ഭാഗ്യത്തിന്റെ അച്ചാരവും മുന്നാസ്വാദനവുമാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം; അതോടൊപ്പം ഇന്ന് ഓരോ വ്യക്തിയിലും സമൂഹത്തിലും പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും. ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്കു കാതോർക്കാം; അവിടെ നിന്നു പ്രത്യാശയും ശക്തിയും സ്വീകരിക്കാം, "പ്രത്യാശയിലാണ് രക്ഷ" (റോമാ 8, 24).